

മാവിലാട്ട് മഹമൂദ്

ഒരു ഇതിഹാസത്തിന്റെ പുനർവായന

MAVILATT MAHAMOOD

മാവിലാട്ട് മഹമൂദ്



1948-1974

മാവിലാട്ട് മഹമൂദ്
ഒരു ഇതിഹാസത്തിന്റെ പുനർവായന

Compiled and Edited by
Puthur Musthafa
Mukthar Mavilatt

Malayalam Language
Mavilatt Mahamood
Oru Ithihaasathinte Punarvaayana
(Biography/Memories/Articles)

Published in January 2019
by Mukthar Mavilatt
for Mavilatt Mahamood Foundation
Panoor, Kannur -670 692
E-mail: mmavilatt@gmail.com

Compiled and Edited by:
Puthur Musthafa and Mukthar Mavilatt

Cover Design by:
Rethu Sajna, Amour Designs

Image Editing by:
Tiyez Indran

Typeset by:
Touchstone Publishing, Ernakulam

Printed in India at:
Geethanjali Offset Prints, Calicut

© All rights reserved. No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, electronic, mechanical, photocopying, recording, or otherwise, without the prior permission of the publisher.
The copyright for the excerpts used from the Digital Archives of Kerala Legislative Assembly belongs to Kerala Legislative Assembly, Thiruvananthapuram.

Price : ₹150.00

മുഖവുര

എന്ത് കൊണ്ട് 'ഇതിഹാസം'?

കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ഐതിഹാസികമായ ചില രക്തസാക്ഷിത്വങ്ങൾ നാടിന്റെ വർത്തമാനവും ഭാവിയും സാമൂഹികപശ്ചാത്തലവും തിരുത്തിക്കുറിച്ചതായി കാണാം. അമരൻമാരായ അത്തരം വീരപുരുഷൻമാർ രക്തവും ജീവനും നല്കിയാണ് പല വിമോചനപോരാട്ടങ്ങളും വിജയിപ്പിച്ചെടുത്തത്. പാനൂരിന്റെ രാഷ്ട്രീയ സാമൂഹിക വിമോചനപോരാട്ടചരിത്രത്തിൽ സുവർണലിപികളാൽ ആലേഖനം ചെയ്യപ്പെട്ട നാമമാണ് ശഹീദ് മാവിലാട്ട് മഹമൂദിന്റേത്. ഇന്ത്യൻ ന്യൂനപക്ഷത്തിന്റെ ആദർശബന്ധിത സംഘശക്തിയുടെ-മുസ്‌ലിം ലീഗിന്റെ -ചരിത്രതാളുകളിൽ ഒരിക്കലും മങ്ങാതെ കിടക്കുന്ന ഒരു അധ്യായമാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവർത്തനവും ധീരരക്തസാക്ഷിത്വവും. ഏതൊരു പ്രദേശത്തിന്റെ വിമോചനത്തിന് വേണ്ടിയാണോ അദ്ദേഹം സ്വന്തം ജീവൻ ബലിയർപ്പിച്ചത് അതേ നാടിന്റെ വിരിമാറിൽ തന്നെയാണ് അദ്ദേഹത്തിന്റെ ഓർമയ്ക്കായി പണിതീർത്ത സ്മാരകം. പക്ഷെ, രക്തസാക്ഷികളുടെ ഓർമകൾ നിലനിൽക്കേണ്ടത് സ്മാരകസൗധങ്ങളിലൂടെ മാത്രമല്ല, പ്രത്യേകിച്ച് അക്ഷരങ്ങളെ അത്രയധികം സ്നേഹിച്ചിരുന്ന മാവിലാട്ട് മഹമൂദിന്റെ. അദ്ദേഹത്തിന്റെ ഓർമകൾ നിറം മങ്ങാതെ കാത്തുസൂക്ഷിക്കാനുള്ള ഒരു എളിയ ഉദ്യമം മാത്രമാണിത്. ഇതിഹാസം അച്ചടിമഷി പുരണ്ട് ഇറങ്ങേണ്ടത് പുതുതലമുറയ്ക്ക് പാനൂരിന്റെ ഭൂതകാലങ്ങളിൽ ഹരിതരാഷ്ട്രീയം അനുഭവിച്ച ത്യാഗങ്ങളും പരീക്ഷണങ്ങളും അറിയേണ്ടത് ആവശ്യമാണെന്നുള്ള ഉത്തമ ബോധ്യത്തോടെയാണ് ഈ പുസ്തകം പുറത്തിറക്കാനുള്ള ശ്രമം തുടങ്ങുന്നത്. അള്ളാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ ഉദ്ദേശിച്ചതിലും നന്നായി, വളരെയധികം കാര്യങ്ങൾ ഉൾക്കൊള്ളിച്ച്, ഈ പുസ്തകം പുറത്തിറക്കാൻ കഴിഞ്ഞു

എന്ന് കരുതുന്നു, തീരുമാനിക്കേണ്ടത് ഈ പുസ്തകം വായിക്കാൻ വേണ്ടി കൈയിൽ എടുത്ത താങ്കളാണ്.

ഈ പുസ്തകം നാല് ഭാഗങ്ങളായിട്ടാണ് അവതരിപ്പിക്കുന്നത്. ആദ്യ ഭാഗം പുത്തൂർ മുസ്തഫ എഴുതിയ ജനാബ് മാവിലാട്ട് മഹമൂദിന്റെ ഒരു ലഘു ജീവിതചരിത്രമാണ്. മഹമൂദിന്റെ ജീവിത ചരിത്രമെന്ന തിലുപരി, അന്ന് നിലനിന്നിരുന്ന രാഷ്ട്രീയ സാഹചര്യങ്ങളെകൂടി ഈ ലേഖനം വസ്തുനിഷ്ഠമായി വിലയിരുത്തുന്നു. അടുത്ത ഭാഗം 1978-ൽ പ്രസിദ്ധീകരിച്ച 'ഇതിഹാസം - മാവിലാട്ട് മഹമൂദ് സ്മാരക ഗ്രന്ഥം' എന്ന പുസ്തകത്തിൽ നിന്നും തിരഞ്ഞെടുത്ത ലേഖനങ്ങളും കവിതകളുമാണ്. ശ്രീ. ഇ.കെ. നായനാർ, ശ്രീ. എൻ.എ.എം., ശ്രീ. കെ.വി. സൂപ്പി മാസ്റ്റർ, ശ്രീ. സെയ്ദ് മുഹമ്മദ് നിസാമി, ശ്രീ എം. പി. വീരേന്ദ്ര കുമാർ, ശ്രീ. ഐ.വി. ദാസ് തുടങ്ങിയ പ്രഗത്ഭരുടെ ലേഖനങ്ങൾ ഉൾകൊള്ളുന്ന 'ഇതിഹാസം-മാവിലാട്ട് മഹമൂദ് സ്മാരക ഗ്രന്ഥം' ഒരർത്ഥത്തിൽ നോക്കിയാൽ അന്നത്തെ പാനൂരിന്റെ സമാന്തരചരിത്രരേഖ തന്നെയാണ്. മാവിലാട്ട് മഹമൂദ് 'എം. മാവിലാട്ട്' എന്ന തൂലികാനാമത്തിൽ എഴുതിയ ലേഖനങ്ങളാണ് അടുത്ത ഭാഗം. ഭൂരിഭാഗം ലേഖനങ്ങളും അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഒരു പ്രധാന വാരികയായിരുന്ന 'സുന്നി ടൈംസി' ലാണ് വെളിച്ചം കണ്ടത്. അക്ഷരങ്ങളുടെ ലോകത്ത് എത്രത്തോളം കൈവഴക്കം അദ്ദേഹത്തിനുണ്ടായിരുന്നു എന്ന് മനസ്സിലാക്കാൻ 19-ാം വയസ്സ് മുതൽ 26-ാം വയസ്സിൽ മരണപ്പെടുന്നതിന് ഏതാനും ദിവസങ്ങൾ മുൻപ് വരെ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ ധാരാളം. 'അനുബന്ധം' എന്ന അവസാനത്തെ വിഭാഗത്തിൽ 'ഇതിഹാസം' എന്ന പുസ്തകത്തിലല്ലാതെ പലയിട ങ്ങളിലായി മാവിലാട്ട് മഹമൂദിനെക്കുറിച്ച് പ്രസിദ്ധീകരിച്ച ലേഖനങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. മാവിലാട്ട് മഹമൂദിന്റെ കൊലപാതകത്തെക്കുറിച്ച് ഇപ്പോഴത്തെ(2019)മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ശ്രീ. എ.വി. അബ്ദുൾ റഹ്മാൻ സാഹിബ് മുതലായവർ 1974-ൽ കേരളനിയമസഭയിൽ ഉന്നയിച്ച ചില പ്രധാന ചോദ്യങ്ങളും അതിന്റെ മറുപടികളും കൂടെ ഈ ഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ചേർത്ത് http://www.mavilattmahamood.com/ എന്ന പേരിൽ ഒരു വെബ് സൈറ്റ് കൂടി പുറത്തിറക്കുന്നുണ്ട്.

ഇതിൽപ്പെടുത്തിയിട്ടുള്ള 1978 ലെ ഇതിഹാസത്തിലെ ലേഖനങ്ങൾ അന്നത്തെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങളിൽ എഴുതിയതാണ്. ദേശീയ സംസ്ഥാനരംഗങ്ങളിലെ മാറിയ വർത്തമാനകാല സാഹചര്യത്തിൽ പ്രസക്തമല്ലാത്തവ സ്വാഭാവികമായും ഉണ്ടായേക്കാം. സദയം ക്ഷമിക്കുമല്ലോ.

നന്ദി

ഒരു പുസ്തകവും തനിയെ പ്രസിദ്ധീകരിക്കപ്പെടുന്നില്ല, പ്രത്യേകിച്ച് ഇത് പോലത്തെ ഒരു ഗ്രന്ഥം. 1978 ൽ പ്രസിദ്ധീകരിച്ച 'ഇതിഹാസം-മാവിലാട്ട് മഹമൂദ് സ്മാരക ഗ്രന്ഥം' ആണ് ഈ ഗ്രന്ഥത്തിന്റെ അടിത്തറ. അത് കൊണ്ട് തന്നെ 'ഇതിഹാസം-മാവിലാട്ട് മഹമൂദ് സ്മാരക ഗ്രന്ഥം' എന്ന പുസ്തകത്തിന്റെ പത്രാധിപ സമിതിക്ക്, ചരിത്രം രേഖപ്പെടുത്താൻ അവർ കാണിച്ച ശുഷ്കാന്തിക്ക്, ആദ്യമേ നന്ദി പറയട്ടെ. ആ പത്രാധിപ സമിതിയിലെ പലരും, അതോടൊപ്പം 'ഇതിഹാസം-മാവിലാട്ട് മഹമൂദ് സ്മാരക ഗ്രന്ഥം' എന്ന പുസ്തകത്തിൽ എഴുതിയവരിൽ പലരും ഇന്ന് നമ്മോടൊപ്പമില്ല, അവരുടെ ഓർമകൾക്ക് മുന്നിലാണ് ഈ പുസ്തകം ഞങ്ങൾ സമർപ്പിക്കുന്നത്.

മലപ്പുറം ജില്ലയിൽ താനൂരിലെ ഒരു പഴക്കം ചെന്ന അറബിക് കോളേജ് ആണ് ഇസ്‌ലാഹുൽ ഉലൂം. വർഷങ്ങൾ പഴക്കമുള്ള മാസികകളും വാരികകളും നശിച്ചു പോകാതെ ഈ കോളേജിന്റെ ലൈബ്രറിയിൽ സൂക്ഷിച്ചുവെച്ചത് കൊണ്ട് മാത്രമാണ് ജനാബ് മാവിലാട്ട് മഹമൂദിന്റെ ലേഖനങ്ങൾ കണ്ടെടുക്കാൻ കഴിഞ്ഞത്. കോളേജ് പ്രിൻസിപ്പാൾ സി. എ. അബ്ദുസമദ് ഫൈസിയും ലൈബ്രേറിയൻ സിദ്ദീഖ് ഫൈസിയും ചെയ്തുതന്ന സഹായങ്ങൾ മറക്കാൻ കഴിയാത്തതാണ്. പ്രതിഫലേച്ഛ കൂടാതെയുള്ള അവരുടെ സേവനത്തിന് അല്ലാഹു ഉചിതമായ പ്രതിഫലം നൽകി അവരെ അനുഗ്രഹിക്കട്ടെ. ഒരു ദിവസം മുഴുവൻ അവരുടെ ലൈബ്രറിയിൽ ചിലവഴിച്ച് ലേഖനങ്ങൾ പരതിയെടുക്കാനും ഈ പുസ്തകത്തിന്റെ കവർ ചിത്രം ഉണ്ടാക്കിയെടുക്കാനും പ്രതിഫലം കാംക്ഷിക്കാതെ സഹായിച്ച ശ്രീജു കുമാർ എന്ന മാന്യ സുഹൃത്തിനും നന്ദി അറിയിക്കുന്നു.

ഈ പുസ്തകം ഈ രീതിയിൽ പുറത്തിറങ്ങാൻ സഹായിച്ച വേറെയും പലരുമുണ്ട്. എല്ലാവരുടെയും പേര് എടുത്തു പറയാൻ സ്ഥല പരിമിതിയുണ്ട്. പൗലോ കൊയ്‌ലോയുടെ വാക്കുകൾ കടമെടുത്തു പറഞ്ഞാൽ 'തീവ്രമായി ആഗ്രഹിക്കുന്ന കാര്യത്തിനായി ഇറങ്ങി പുറപ്പെട്ടപ്പോൾ ഞങ്ങളോടൊപ്പം, അല്ല ഞങ്ങളുടെ മുന്നിൽ നിന്ന്, ആ സ്വപ്നം സാക്ഷാത്ക്കരിക്കാൻ സഹായിച്ചവരാണ് നിങ്ങൾ'. ഈ പുസ്തകം നിങ്ങളുടേത് കൂടിയാണ്.

പത്രാധിപ സമിതി
ശഹീദ് മാവിലാട്ട് മഹമൂദ്
ഒരു ഇതിഹാസത്തിന്റെ പുനർവായന

അകത്ത്

ജീവചരിത്രം

മാവിലാട്ട് മഹമൂദ് ഒരു ഇതിഹാസ പുരുഷന്റെ കഥ ... 11
(പുത്തൂർ മുസ്തഫ)

ഇതിഹാസം 1978

ഒരു സഹപ്രവർത്തകന്റെ ദുഃഖസ്മരണ ... 34
(കെ.വി. സൂപ്പി)

ഓർമകളിൽ ജീവിക്കുന്ന മഹമൂദ് ... 40
(എൻ.കെ.സി. ഉമ്മർ)

അനശ്വരനായ ഒരു രക്തസാക്ഷി ... 47
(മാണിക്കോത്ത് യൂസുഫ്)

പാനൂർ മുസ്‌ലിം യങ്ങ്മെൻസ് അസോസിയേഷൻ ... 49
(കെ.എം. കുഞ്ഞമ്മദ്)

സഹപ്രവർത്തകരെ ആവേശം ... 53
കൊള്ളിച്ച ധീരയോദ്ധാവ്
(കൊയപ്പള്ളി യൂസുഫ്)

ആ രക്തസാക്ഷിയുടെ ധീരമായ വാക്കുകൾ ... 57
(സെയ്തു മുഹമ്മദ് നിസാമി, ബേപ്പൂർ)

പെരിങ്ങളത്തെ മുസ്‌ലിം ലീഗ് ... 62
(എൻ.എ.എം പെരിങ്ങത്തൂർ)

ജനാധിപത്യം സംരക്ഷിക്കാൻ അണി ചേരുക ... 68
(ഇ.കെ. നായനാർ)

എന്റെ ഓർമയിൽ മിന്നുന്ന ഒരു രക്തനക്ഷത്രം ... 70
(എം.പി. വീരേന്ദ്രകുമാർ)

ചില ചിതറിയ ചിന്തകൾ ; പാനൂരിന്റെ കദനകഥ ... 72
(ഐ.വി. ദാസ്)

പാനൂരിൽ ആകാശം തെളിയുന്നു ... 76
(വി.കെ.അച്യുതൻ)

മരിക്കാൻ ഇഷ്ടപ്പെടുന്നവർ ... 79
(ചമ്പാടൻ അബ്ദുള്ള)

ജീവിക്കുന്ന ഓർമകൾ ... 83
(കെ.പി.കുഞ്ഞിമൂസ)

മോചനം കാത്ത് ... 88
(കെ.എം. അഹമദ്)
ആദർശത്തിനു വേണ്ടി രക്തം ചിന്തിയ ധർമഭടൻ ... 90
(ഇസ്ഹാക് അലി കല്ലിക്കണ്ടി)
കാൽചങ്ങലകൾ തകർക്കുക ... 92
(സി.എച്ച്. കുഞ്ഞമ്മദ്, കടവത്തൂർ)
കർബലയിൽ മരിച്ചതാർ ? ഇമാം ഹുസൈനോ യസീദോ? ... 96
(എൻ.കെ. അഹമദ് മൗലവി)
ശഹീദ് ... 99
(ടി.പി കുട്ടിയമ്മു)
കുറെ ചോദ്യങ്ങൾ ഇങ്ങിനെ പിണഞ്ഞു നിൽക്കുന്നു ... 103
(പി.ടി. അബ്ദുറഹിമാൻ)
ചുണയറ്റവർ അടിപ്പെടും ... 104
(പി.കെ. മുഹമ്മദ്)
അഗ്നിനക്ഷത്രം ... 108
(സുകുമാർ കക്കാട്)

മാവിലാട്ട് മഹമൂദിന്റെ ലേഖനങ്ങൾ

പരാക്രമശാലിയായ ഉമർഫാറൂഖ് (റ) ... 111
നിറവേറിയ പ്രാർത്ഥന ... 118
മദ്യവും മനുഷ്യനും ... 121
സാഹിത്യ സമാജങ്ങൾ ... 127
സൽസന്താനങ്ങളെ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത ... 131
പുരോഗതി എങ്ങനെ കൈവരുത്താം ... 137
റംസാൻ അവസാനിച്ചാലും ... 142
മുസ്ലിംകൾ ആരെയാണ് പിൻപറ്റേണ്ടത്? ... 147

അനുബന്ധം

വീരമൃത്യു വരിച്ച മാവിലാട്ട് മഹമൂദ് ... 155
(എൻ.എ.എം പെരിങ്ങത്തൂർ)
മർഹൂം മാവിലാട്ട് മഹമൂദ് : ഒരനുസ്മരണം ... 158
(എൻ.കെ.സി. ഉമ്മർ)
രക്തസാക്ഷിയുടെ മാതാവ് ... 160
(മുനീർ നിബാസ്)
നിയമസഭാ രേഖകൾ ... 162

മാവിലാട്ട് മഹമൂദ്
ഒരു ഇതിഹാസപുരുഷന്റെ കഥ
(1948–1974)

മാവിലാട്ട് മഹമൂദ്
ഒരു ഇതിഹാസപുരുഷന്റെ കഥ

പുത്തൂർ മുസ്തഫ

കോൺഗ്രസ്സും മുസ്‌ലിം ലീഗും

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസിനോടൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിക്കുകയും പോരാടുകയും ചെയ്ത പ്രസ്ഥാനമാണ് മുസ്‌ലിം ലീഗ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് 1885 ൽ സ്ഥാപിതമായി, 1906 ൽ മുസ്‌ലിം ലീഗും സ്ഥാപിതമായി. അഭിപ്രായവ്യത്യാസങ്ങൾ ധാരാളമുണ്ടായിരുന്നു എങ്കിലും പലപ്പോഴും സഹകരിച്ച് പ്രവർത്തിക്കാനും, രണ്ട് സംഘടനയിലും ഒരേ സമയം അംഗമായി പ്രവർത്തിക്കാൻ പോലും സാധിച്ച ഒരു കാലമുണ്ടായിരുന്നു. രണ്ടിന്റെയും സമ്മേളനങ്ങൾ ഒരേ വേദിയിൽ നടന്ന സന്ദർഭങ്ങളും ഉണ്ടായിരുന്നു. 1919 ലെ അമൃതസർ സമ്മേളനം അത്തരത്തിൽ രണ്ടു സംഘടനകളും ഒരേ വേദിയിൽ നടത്തിയതായിരുന്നു. 1916 ഡിസംബറിൽ ലക്നൗവിൽ വെച്ച് രണ്ട് സംഘടനകളുടെയും പ്രതിനിധികൾ ഒപ്പുവെച്ച 'ലക്നൗ ഉടമ്പടി' പ്രസിദ്ധമാണല്ലോ. മെച്ചപ്പെട്ട സൗഹൃദപൂർണ്ണമായ അന്തരീക്ഷത്തിൽ നടന്ന അമൃതസർ സമ്മേളനത്തിൽ മൗലാനാ മുഹമ്മദലി നടത്തിയ ചരിത്രപ്രസിദ്ധമായ ഒരു പ്രഖ്യാപനമുണ്ട്. 'ഞാൻ ജയിലിൽ നിന്ന് വന്നത് മടക്കടിക്കറ്റുമായാണ്'.[1] അവരുടെയൊക്കെ സ്വാതന്ത്ര്യബോധത്തിന്റെ ബഹിർസ്ഫുരണമായിരുന്നു ആ പ്രഖ്യാപനം.

ഖിലാഫത്ത് പ്രസ്ഥാനം

ദേശീയാടിസ്ഥാനത്തിൽ പിന്നീട് വലിയ മാറ്റങ്ങൾ വന്നു. ഗാന്ധിയുടെ വരവോടെ ദേശീയ പ്രസ്ഥാനത്തിന്റെ കേന്ദ്രബിന്ദു അദ്ദേഹമായി.

ദേശീയ പ്രസ്ഥാനവുമായി സാധാരണ ജനങ്ങളെ ബന്ധപ്പെടുത്താനും മത വിശ്വാസവും മതനിഷ്ഠയുമുള്ള ഇന്ത്യൻ ജനതയെ അതിലേക്ക് ആകർഷിക്കാനും ഗാന്ധിജി ഹൈന്ദവ-ഇസ്‌ലാമിക ചിഹ്നങ്ങൾ ഉപയോഗപ്പെടുത്തി. തികച്ചും സോദ്ദേശപരമായ ഈ നീക്കത്തിന്റെ ഭാഗമായി ഭഗവദ് ഗീത വായിക്കാനും പ്രാർത്ഥനായജ്ഞങ്ങൾ നടത്താനുമൊക്കെ അദ്ദേഹം നിർദേശിച്ചു. രാമരാജ്യമാണ് തന്റെ സങ്കൽപത്തിലെ ഇന്ത്യ എന്ന് അദ്ദേഹം പറഞ്ഞത് അങ്ങിനെയാണ്. ഒന്നാം ലോകമഹായുദ്ധത്തിന് ശേഷമാണല്ലോ തങ്ങൾക്കെതിരെ നിലകൊണ്ട തുർക്കിക്കെതിരായ നീക്കം ബ്രിട്ടീഷ് സഖ്യം പൂർവാധികം ശക്തമാക്കിയത്. അതിന്റെ ഫലമായി തുർക്കിയിലെ ഓട്ടോമൻ സുൽത്താന് പലതും നഷ്ടമായി. ലോക മുസ്‌ലിംകളുടെ ഖലീഫ എന്ന പേരെങ്കിലും നേരത്തെ ഓട്ടോമൻ സുൽത്താന് ഉണ്ടായിരുന്നു. പുണ്യഭൂമികളായ മക്കയും മദീനയും അവരുടെ നിയന്ത്രണത്തിലായിരുന്നു. അതെല്ലാം പോയി. ഖിലാഫത്തും അവസാനിച്ചു. വ്രണിതഹൃദയരായ മുസ്‌ലിംകൾക്ക് സഹിക്കാൻ കഴിയാത്ത ബ്രിട്ടീഷ് വിരോധം ഇത് കൊണ്ട് ഇന്ത്യയിലുമുണ്ടായി. മൗലാനാ മുഹമ്മദലിയുടെയും സുഹൃത്തുക്കളുടെയും നേതൃത്വത്തിൽ ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ചത് അങ്ങനെയാണ്. മുഹമ്മദലി ജിന്നക്ക് ഇതിൽ വിയോജിപ്പായിരുന്നെങ്കിലും ഗാന്ധിജി ഉൾപ്പടെയുള്ളവർ ഖിലാഫത്ത് പ്രസ്ഥാനത്തെ ശക്തമായി പിന്തുണച്ചു.

മലബാറിലെ മുസ്‌ലിം ലീഗ്

ബ്രിട്ടീഷ് അധികാരത്തിന്റെ കീഴിലായിരുന്ന മലബാറിൽ ഖിലാഫത്ത് സമരത്തിന് ഇന്ത്യൻ നാഷനൽ കോൺഗ്രസ് നേതാക്കൾ നേതൃത്വം നൽകി. പക്ഷെ മലബാർ കലാപം എന്നറിയപ്പെട്ട ഖിലാഫത്ത് സമരത്തിൽ മലബാറിലെ മുസ്‌ലിംകൾ വഞ്ചിക്കപ്പെട്ടതായിട്ടാണ് മുസ്‌ലിംകൾക്ക് അനുഭവപ്പെട്ടത്. ഒരുതരം അനാഥത്വം മുസ്‌ലിം സമുദായം അനുഭവിച്ചു.[2] അതികഠിനമായ ഈ അന്ധകാര ശൂന്യതയിലാണ് മലബാറിൽ മുസ്‌ലിം ലീഗ് പിറവി കൊള്ളുന്നത്. ആരും സഹായിക്കാനില്ലാതെ ഒറ്റപ്പെട്ടുപോയ മുസ്‌ലിം സമുദായം തികച്ചും നിരാശയിലായ കാലം. പല സ്ഥലങ്ങളിലും പ്രാദേശികമായി സംഘടിച്ചുവെങ്കിലും മുസ്‌ലിം ലീഗ് മലബാർ ജില്ലാ ഘടകം ഔപചാരികമായി നിലവിൽ വരുന്നത് 1937 ലാണ്.[3]

മലബാറിന്റെ പല ഭാഗങ്ങളിലും 1930 മുതൽ പ്രാദേശികമായി സംഘടിച്ച കൂട്ടത്തിൽ തലശ്ശേരി, പെരിങ്ങത്തൂർ, പാനൂർ, കടവത്തൂർ

പ്രദേശങ്ങളും ഉൾപ്പെട്ടിരുന്നു. മുസ്‌ലിം ലീഗിന്റെ സ്ഥാപക നേതാക്കളിൽ പ്രമുഖനായ കെ.എം. സീതി സാഹിബ് ഈ സമയത്ത് ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന വളരെ തിരക്കുള്ള അഭിഭാഷകനായിരുന്നു. 1931 ൽ തലശ്ശേരിയിൽ നടന്ന ഒരു മതം മാറ്റവുമായി ബന്ധപ്പെട്ട കേസ് വാദിക്കാൻ വേണ്ടി തലശ്ശേരിക്കാർ സീതി സാഹിബിനെ ക്ഷണിച്ചു കൊണ്ടു വന്നു. അമ്മുക്കുട്ടി ആമിനക്കുട്ടിയായി മാറിയതായിരുന്നു സംഭവം. കേസ് ഏറ്റെടുത്ത സീതി സാഹിബ് 1932 ൽ പ്രാക്ടീസ് തന്നെ തലശ്ശേരിക്ക് മാറ്റി, തലശ്ശേരിക്കാരനായി.

1934 നവം: 10 ന് നടന്ന സെൻട്രൽ അസംബ്ലി തെരഞ്ഞെടുപ്പ് മുസ്‌ലിം ലീഗിന് മുസ്‌ലിം ജനസാമാന്യത്തിന്റെ വിശ്വാസം നേടിക്കൊടുത്ത സംഭവമായിരുന്നു. മുസ്‌ലിം ലീഗ് നേതാവും വാണിജ്യ പ്രമുഖനുമായ അബ്ദുസ്സത്താർ സേട്ടു സാഹിബും കോൺഗ്രസ് നേതാവും 'സാഹിബ്' എന്ന പേരിൽ അറിയപ്പെട്ട മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും തമ്മിലായിരുന്നു മൽസരം. മുസ്‌ലിം ലീഗിനെ അടുത്തറിയാൻ മുസ്‌ലിം ബഹുജനങ്ങൾക്ക് കിട്ടിയ അവസരമായിരുന്നു ഇത്.[4] തീ പാറുന്ന പോരാട്ടമായിരുന്നു ആ തെരഞ്ഞെടുപ്പിൽ നടന്നത്. തെരഞ്ഞെടുപ്പിനോട് അനുബന്ധമായി ധാരാളം യോഗങ്ങൾ നടന്നു. അബ്ദുറഹിമാൻ സാഹിബ് ദേശീയ മുസ്‌ലിംകളുടെ നേതാവായി അറിയപ്പെടുന്ന, കോൺഗ്രസിന്റെ വീരപുത്രനെന്ന് വിശേഷിപ്പിക്കപ്പെടുന്ന നേതാവാണ്. മുസ്‌ലിം ലീഗിനെ പിന്തുണക്കുന്നവർ ഒരു വശത്തും സാഹിബിനെ പിന്തുണക്കുന്നവർ മറുവശത്തുമായി അണിനിരന്നു. സാഹിബിന്റെ തെരഞ്ഞെടുപ്പ് പരിപാടികളിൽ പാനൂരിലും ചൊക്ളിയിലുമൊക്കെ സംഘർഷമുണ്ടായി.[5] പാനൂർ പ്രദേശത്താണെങ്കിൽ ദേശീയവാദി മുസ്‌ലിംകളായി വണ്ണത്താം വീട്ടിൽ അബ്ദുള്ള, സി.ടി. അബ്ദുള്ള, എം. എൽ. സി. കുഞ്ഞിമൂസ്സ എന്ന കെ.എം. കുഞ്ഞിമൂസ, മരുതോളി അഹമ്മദ് തുടങ്ങി പലരുമുണ്ട്. എന്നാൽ സത്താർ സേട്ടു സാഹിബിന്റെ വിജയം മുസ്‌ലിം ലീഗിന് വലിയ ആത്മവിശ്വാസം നൽകി. സ്വാഭാവികമായും ഇത് ഭാവി രാഷ്ട്രീയത്തിന്റെ ഗതി നിർണ്ണയിക്കുന്ന സൂചനയായി വിലയിരുത്തപ്പെട്ടു.[6] ഇതിന് പ്രത്യേക കാരണമുണ്ട്. ഉത്തരേന്ത്യയിലൊക്കെ മുസ്‌ലിം ഭരണാധികാരികൾ നൂറ്റാണ്ടുകൾ ഭരണം നടത്തിയിട്ടുണ്ട്. അറയ്ക്കൽ സ്വരൂപത്തിന്റെ ഭരണമൊഴിച്ചാൽ തിരുവിതാം കൂറിലോ കൊച്ചിയിലോ മലബാറിലോ യാതൊരു അധികാര കേന്ദ്രവും മുസ്‌ലിംകൾക്ക് ഇല്ലായിരുന്നുവല്ലോ. ചരിത്രകാരനായ കെ.എം. പണിക്കർ ചൂണ്ടിക്കാട്ടുന്നത് കാണുക: 'കേരള മുസ്‌ലിംകൾക്ക് ഉത്തരേന്ത്യൻ മുസ്‌ലിംകൾക്ക്

ലഭിച്ചത് പോലെ അധികാരത്തിന്റെയോ ആധിപത്യത്തിന്റെയോ പാരമ്പര്യ മുണ്ടായിരുന്നില്ല'.[7]

മുസ്‌ലിം ലീഗ് പാനൂരിൽ

പാനൂർ മേഖലയിൽ മുസ്‌ലിം ലീഗിന് അടിത്തറ പാകുന്നതിൽ, അതോടൊപ്പം സമുദായ നവോത്ഥാനം കൂടി ലക്ഷ്യമാക്കി പ്രവർത്തിച്ച ഇ.കെ. മൗലവി എന്ന ഇല്ലത്ത് കണ്ടി കുഞ്ഞമ്മദ് കുട്ടി മൗലവി (1891–1974), ടി.കെ. മൗലവി എന്ന തോണിക്കടവൻ വീട്ടിൽ കുഞ്ഞമ്മദ് കുട്ടി മൗലവി (1892–1942) എന്നിവരുടെയൊക്കെ പ്രവർത്തനം വലിയ മാറ്റങ്ങളു ണ്ടാക്കി. മൊയാരത്ത് ശങ്കരന്റെ (1889–1948) നേതൃത്വത്തിൽ കോൺഗ്രസ് പ്രവർത്തനവും മുന്നോട്ട് നീങ്ങുന്നുണ്ടായിരുന്നു.[8]

കെ.എം. സീതി സാഹിബ് (1898–1961) തലശ്ശേരിയിൽ എത്തിയത് മുതൽ (1932) അദ്ദേഹത്തിന്റെ സാന്നിധ്യം പാനൂരിലും പരിസരങ്ങളിലും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആത്മാർത്ഥത നിറഞ്ഞു തുളുമ്പിയ പ്രവർത്തനം അതിരില്ലാത്ത ഉത്തേജനവും ഊർജ്ജവും നൽകി 'അല യൊഴിയാത്ത ആഴിപോലെ' മുസ്‌ലിംകളെ പ്രചോദിപ്പിച്ചു.[9]

അറയ്ക്കൽ രാജവംശത്തിന്റെയും മൈസൂർ സുൽത്താന്മാരായ ഹൈദരലിയുടെയും ടിപ്പു സുൽത്താന്റെയും പരിലാളന ഏറ്റുവാങ്ങിയവ രായിരുന്നു ഈ പ്രദേശത്തെ മുസ്‌ലിംകൾ. ടിപ്പു സുൽത്താൻ ഇവിടം വിട്ടു പോകുമ്പോൾ 'ബാവാച്ചി ഓർ' എന്നൊരാളെ പ്രതിനിധിയായി പാനൂർ ദേശത്ത് ചുമതലപ്പെടുത്തിയിരുന്നു എന്നത് പ്രസിദ്ധമാണ്.[10] ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ അധികാര മൽസരം രൂക്ഷമായ സമയത്ത് മാഹിദേശത്ത് ആധിപത്യമുറപ്പിച്ച ഫ്രഞ്ചുകാർ പെരിങ്ങ ത്തൂരിലെ മുസ്‌ലിംകളുമായി ഉണ്ടാക്കിയ സന്ധിയും ചരിത്രത്തിന്റെ ഭാഗമാണ്.[11]

നിഷ്ക്രിയതയുടെ കാലം

എന്നാൽ സ്വാതന്ത്ര്യ പ്രസ്ഥാനത്തിലൊക്കെ സജീവമായി പ്രവർ ത്തിച്ച പലരും പിന്നീട് നിഷ്ക്രിയരായി. വിഭജനം സൃഷ്ടിച്ച പ്രശ്നങ്ങളാ യിരുന്നു പ്രധാന കാരണം. ഇന്ത്യാ വിഭജനത്തിന് വേണ്ടി വാദിക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തവർ പലരും ഉൾവലിയാൻ നിർബ്ബന്ധി തരായി. കുറേ പേർക്ക് ജാള്യതയും അപമാനബോധവും തോന്നുക സ്വാഭാ വികമാണല്ലോ. 1948 സെപ്റ്റംബർ 13 മുതൽ 18 വരെ നടന്ന 'ഹൈദരാബാദ്

ആക്ഷൻ' പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കി. പാണക്കാട് പൂക്കോയ തങ്ങൾ അടക്കം മുസ്‌ലിം ലീഗിന്റെ ഉന്നത നേതാക്കൾ പലരും അറസ്റ്റിലായി. പാനൂർ പ്രദേശത്തും പലരെയും പോലീസ് പിടികൂടി. ഇതിനൊക്കെ ഒത്താശ ചെയ്യാൻ പി.ആർ. കുറുപ്പടക്കമുള്ളവർ ഉണ്ടായിരുന്നു.

വിഭജനം സൃഷ്ടിച്ച മുറിപ്പാടും സ്വാതന്ത്ര്യവും ഒരേ സമയം സമ്മിശ്രവികാരങ്ങളുടെ സങ്കീർണ്ണമായ സംഗമം തീർക്കുമ്പോൾ പ്രഹരമായി വന്ന ഹൈദരാബാദ് ആക്ഷൻ പാനൂർ ദേശത്ത് മുസ്‌ലിം ലീഗിനെ ഏതാണ്ട് നിശ്ചലമാക്കി. മുസ്‌ലിം ലീഗിൽ സജീവമായി പ്രവർത്തിച്ച പലരും രാഷ്ട്രീയരംഗത്ത് നിന്ന് മാറി മതസംഘടനകളിലും മറ്റുമായി പ്രവർത്തനം മാറ്റി. 1952 വരെ തുടർന്ന ഈ നിശ്ചലാവസ്ഥ മാറുന്നത് വി.ആർ. കൃഷ്ണയ്യർ മദ്രാസ് നിയമസഭയിലേക്ക് മൽസരിക്കുന്ന തെരഞ്ഞെടുപ്പ് വന്നപ്പോഴാണ്. കൃഷ്ണയ്യർക്ക് മുസ്‌ലിം ലീഗ് പിന്തുണ പ്രഖ്യാപിച്ചു. ഈ സമയത്തൊക്കെ ആദ്യം ഇന്ത്യൻ നാഷണൽ കോൺഗ്രസിലും പിന്നീട് പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയിലും എത്തിയ പി.ആർ. കുറുപ്പ് (1915 –2001) ഈ ശൂന്യതയെ പലതരത്തിൽ മുതലെടുക്കുകയുണ്ടായി. മുസ്‌ലിം പ്രമാണിമാരെയും രാഷ്ട്രീയരംഗത്ത് പ്രവർത്തിച്ചവരെയുമൊക്കെ പ്രലോഭിപ്പിച്ചും ഭീഷണിപ്പെടുത്തിയും അത് വിജയിക്കാത്തപ്പോൾ പ്രീണിപ്പിച്ചും കൂടെ നിർത്താനായിരുന്നു ശ്രമം. ഹൈദരാബാദ് ആക്ഷൻ കാലത്ത് തന്നെ പോലീസിനെ ഉപയോഗപ്പെടുത്തി ഈ കളി തുടങ്ങിയതാണ്.

മലബാർ ജില്ലാ കലക്ടറായിരുന്ന വില്യം ലോഗൻ (1841–1914) എഴുതിയ മലബാർ മാന്വൽ നമ്മുടെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന പ്രധാന കൃതിയാണ്. പാനൂർ പ്രദേശത്തെ മുസ്‌ലിം ജനതക്ക് (മാപ്പിളമാർക്ക്) ശക്തമായ സ്വാധീനവും മേധാവിത്വവുമുള്ള, ധാരാളം മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്ന സ്ഥലമായാണ് (Populous Moplah village) ലോഗൻ പരിചയപ്പെടുത്തുന്നത്.[12] മുസ്‌ലിം പ്രാമാണികതയുടെ ശക്തിദുർഗമായിരുന്നു പാനൂർ എന്ന് വിവാദനായകനായ പി.ആർ. കുറുപ്പിന്റെ കഥയെഴുതിയ പള്ളിക്കര വി.പി. മുഹമ്മദും 'ഒരു വിവാദ പുരുഷന്റെ കഥ' എന്ന തന്റെ പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട്.[13]

കുറുപ്പിന്റെ ചവിട്ടുപടി

ശ്രീ: കുറുപ്പ് ആത്മകഥയിൽ പറയുന്നത് പോലെ കുടുംബവഴക്ക് പതിവുള്ള കുടുംബത്തിൽ പിറന്നത് കൊണ്ടാവാം, വഴക്കും വക്കാണവും അദ്ദേഹത്തിന് ചിരപരിചിതമായിരുന്നു.[14] അച്ഛൻ അമ്മയെ തല്ലുന്നത്

കണ്ടാണ് താൻ വളർന്നതെന്നും അച്ഛന്റെ രണ്ടാം വിവാഹത്തോടെ മർദ്ദനം കൂടി എന്നും കുറുപ്പ് രേഖപ്പെടുത്തുന്നുണ്ട്. അച്ഛനും അമ്മാവനും തമ്മിലുള്ള കുടിപ്പകയെക്കുറിച്ചും പറയുന്നുണ്ട്.[15] ആഴ്ചയിൽ ഒന്നും രണ്ടും തവണ അച്ഛനിൽ നിന്ന് അമ്മക്ക് ചൂടുള്ള അടി കിട്ടാറുണ്ടെന്ന് പള്ളിക്കര വി.പി. മുഹമ്മദും എഴുതുന്നു.[16]

തന്റെ രാഷ്ട്രീയ ആവശ്യങ്ങൾക്ക് വേണ്ടി എന്തും ചെയ്യുന്ന മനോഭാവക്കാരനായിരുന്നു കുറുപ്പ്. വർഗീയതയെ എങ്ങിനെ ഫലപ്രദമായി ഉപയോഗപ്പെടുത്താം എന്ന് അദ്ദേഹം ചിന്തിച്ചു-ഹിന്ദുക്കൾ മാത്രമുള്ള ഒരു സന്നദ്ധസേന ഉണ്ടാക്കിക്കൊണ്ടാണ് ഇതിന് തുടക്കം കുറിച്ചത്. ഇക്കാര്യം കുറുപ്പ് ആത്മകഥയിൽ വ്യക്തമാക്കുന്നുണ്ട്.[17]

ഫ്യൂഡൽ-നാടുവാഴി വിരുദ്ധ സമരത്തിന്റെ വെളുത്ത നിറം ഈ സമരത്തിന് നൽകുകയായിരുന്നു. കെ.കെ.വി. അടിയോടിയും മറ്റ് ചിലരും ഇതിൽ പെട്ട് പോയിരുന്നു. 1934ൽ മുട്ടനൂരിൽ ബോർഡ് സ്കൂൾ അധ്യാപകനായി ചേരാൻ മുസ്ലിം പ്രമാണിയായ എ.പി. കുഞ്ഞിക്കലന്തനോട് 50 രൂപ വാങ്ങി പോയ കുറുപ്പ് (അക്കാലത്തെ 50 രൂപക്ക് ഉള്ള മൂല്യം ആലോചിക്കുമല്ലോ) മുസ്ലിം പ്രമാണിത്വത്തിന്റെ ശവക്കുഴി തോണ്ടി എന്ന് പള്ളിക്കര വി.പി. മുഹമ്മദ് വിവാദപുരുഷന്റെ കഥയിൽ പറയുമ്പോൾ കുറുപ്പിന്റെ കൃതഘ്നതയുടെ ആഴം എത്ര വലുതാണെന്ന് ആലോചിക്കാവുന്നതാണ്. കുറുപ്പിന്റെ മുസ്ലിം വിരുദ്ധ നിലപാട് കാരണം ചിലരൊക്കെ അദ്ദേഹത്തെ വിട്ടു പോയി. സി.ടി. അബ്ദുള്ളയെപ്പോലുള്ളവർ അക്കൂട്ടത്തിൽ പെടുന്നു എന്ന് കുറുപ്പ് ആത്മകഥയിൽ പറയുന്നുണ്ട്. കുറുപ്പിന് ചെണ്ടയാട് സ്കൂളിലേക്ക് മാറ്റം കിട്ടിയപ്പോൾ കുഞ്ഞിക്കലന്തൻ ഒരു സൈക്കിൾ വാങ്ങിക്കൊടുത്തു എന്നും അതേ കുഞ്ഞിക്കലന്തനെ മറ്റൊരു പ്രശ്നത്തിന്റെ പേരിൽ വലിച്ചിട്ട് അടിപ്പിച്ചത് കുറുപ്പായിരുന്നു എന്നതുമാണ് വൈപരീത്യം. ഇതാണ് മുസ്ലിം പ്രമാണിത്വത്തിന്റെ ശവക്കുഴി തോണ്ടൽ!

അടിസ്ഥാനപരമായി കുറുപ്പ് വർഗീയവാദി ആയിരുന്നില്ല. പക്ഷെ തന്റെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ അസ്ഥിവാരം അദ്ദേഹം പടുത്തുയർത്തിയത് മുസ്ലിംവിരുദ്ധ അടിത്തറയിൽ ആയിരുന്നു. രണ്ടാമത്തേത് കമ്മ്യൂണിസ്റ്റ് വിരുദ്ധതയായിരുന്നു. ഇതിന്റെ ബാക്കിപത്രം ഇന്നും പാനൂർ പ്രദേശത്തുണ്ട്. പദവിയും പത്രാസും വന്നപ്പോൾ താൻ തുടക്കത്തിൽ നന്നായി ഉപയോഗപ്പെടുത്തിയ വർഗീയത എന്ന ഉപാധി അദ്ദേഹം ഉപേക്ഷിച്ചെങ്കിലും, മുസ്ലിം-കമ്യൂണിസ്റ്റ് വിരുദ്ധ മനോഭാവം മാറ്റിയെങ്കിലും അദ്ദേഹത്തിന്റെ അണികൾ അത് ഉപേക്ഷിച്ചില്ല. 1971 ഡിസം: 28 മുതൽ

1972 ജനുവരി 2 വരെ നടന്ന തലശ്ശേരി കലാപത്തിൽ പി.ആർ. കുറുപ്പിന്റെ അണികൾ പങ്കാളികളായിരുന്നു. ഇക്കാര്യം കുറുപ്പ് ആത്മകഥയിൽ പരാമർശിക്കുന്നുണ്ട്. പാനൂർ കൂറ്റേരിയിൽ കുറുപ്പിന്റെ സഹായിയായ ബാലൻ അമ്പലത്തിനും പള്ളിക്കും ഒരേ സമയം തീകൊടുത്ത് വർഗീയ കലാപം സൃഷ്ടിക്കാൻ ശ്രമിച്ചതും കുറുപ്പ് തന്നെ ബാലനെ തല്ലിയതും ഈ സാഹചര്യത്തിലാണ്.[18] കുറുപ്പിന്റെ ശക്തികേന്ദ്രങ്ങളായ പാലത്തായി, കുന്നോത്ത്പറമ്പ് എന്നിവിടങ്ങളിലും പള്ളികൾക്ക് നേരെ അക്രമമുണ്ടായി.

നയവൈകല്യത്തിന്റെ ബാക്കിപത്രം

പാനൂരും പരിസരവും മുമ്പ് അറിയപ്പെട്ടത് ഇരുവൈനാട് എന്നാണല്ലോ. ആറ് നമ്പ്യാർ കുടുംബങ്ങളായിരുന്നു ഇവിടുത്തെ കാര്യങ്ങൾ നിയന്ത്രിച്ചിരുന്നത്. സവർണ്ണ യജമാനൻമാരായ അവർക്കെതിരെ ചെറുവിരൽ അനക്കാതെ മാപ്പിള പ്രമാണിത്വത്തിന് നേരെ കുറുപ്പ് സമരം ചെയ്തതിന്റെ അടിസ്ഥാനം ദുർബലമായ കാരണങ്ങൾ കൊണ്ട് മാത്രമേ ന്യായീകരിക്കാൻ കഴിയുമായിരുന്നുള്ളൂ എന്നതാണ് വസ്തുത. സോഷ്യലിസ്റ്റ് അണി കളിൽ കുറുപ്പ് കുത്തിവെച്ച രണ്ട് വിരോധങ്ങളും പിന്നീട് സംഘപരിവാരത്തിന് ഗുണമായതായി കെ.എം. സൂപ്പി തന്റെ ആത്മ കഥയായ 'നേർക്കു നേരെ ഒരു ജീവിതം' എന്ന കൃതിയിൽ പറയുന്നുണ്ട്.[19] ഇതേ വസ്തുത പത്രപ്രവർത്തകനായ കെ. ബാലകൃഷ്ണൻ തന്റെ 'പഴശ്ശിയും കടത്ത നാടും' എന്ന പുസ്തകത്തിൽ വിശദമായി വിവരിക്കുന്നുണ്ട്.[20] ഫലത്തിൽ പാനൂർ രാഷ്ട്രീയത്തിൽ സംഘപരിവാരം നേടിയ ശക്തി യഥാർത്ഥത്തിൽ കുറുപ്പിന്റെ നയവൈകല്യത്തിന്റെ ബാക്കിപത്രമാണ്.

അരങ്ങ് വാഴുന്ന അക്രമം

സ്വാതന്ത്ര്യത്തിന് മുമ്പ് ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ പ്രവർത്തിച്ചിരുന്ന ശ്രീ പി.ആർ. കുറുപ്പ് പാനൂരിലെ പ്രാദേശിക നേതൃത്വവുമായി സഹകരിച്ചിരുന്നില്ല. പാനൂരിലെ കോൺഗ്രസ് നേതാക്കൾ തമ്പുരാക്കന്മാരാണ് എന്നാണ് കുറുപ്പ് അതിന് തന്റെ ആത്മകഥയിൽ ന്യായീകരണമായി പറഞ്ഞത്. കെ.ടി. പത്മനാഭൻ നമ്പ്യാരെപ്പോലുള്ളവരായിരുന്നു അന്നത്തെ നേതാക്കൾ. കൊളവല്ലൂരിലും പന്ന്യന്നൂരിലും ഒക്കെ നടന്ന പ്രസിദ്ധമായ കോൺഗ്രസ് സമ്മേളനങ്ങളിലൊന്നും കുറുപ്പിന് ഒരു പങ്കും ഉണ്ടായിരുന്നില്ല. മൊയാരത്ത് ശങ്കരന്റെ (1889-1948) കൂടെയോ സർദാർ

ചന്ത്രോത്ത് കുഞ്ഞിരാമൻ നമ്പ്യാരുടെ (1900–1964) കൂടെയോ കുറുപ്പ് ഇല്ല. എ.കെ.ജി. നടത്തിയ ചരിത്രപ്രസിദ്ധമായ പട്ടിണിജാഥയുടെ പരിസരത്തും അദ്ദേഹം ഇല്ല. 1952ൽ കൃഷ്ണയ്യർ വിജയിച്ച മദ്രാസ് അസംബ്ലി തെര ഞ്ഞെടുപ്പിന് ശേഷം പിന്നീട് കേരളപ്പിറവി കഴിഞ്ഞ് 1957 ലാണ് നിയമ സഭാ തെരഞ്ഞെടുപ്പ് നടന്നത്. അന്ന് ഉണ്ടായിരുന്ന 126 മണ്ഡലങ്ങളിലേക്കാ യിരുന്നു തെരഞ്ഞെടുപ്പ്. പി. എസ്. പി. ടിക്കറ്റിൽ പി.ആർ. കുറുപ്പും കോ ൺഗ്രസ് സ്ഥാനാർത്ഥിയായി എം.പി. മൊയ്തു ഹാജിയും കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥി (CPI) യായി പി.കെ. മാധവനും മൽസരിച്ചു. മുസ്‌ലിം സമു ദായക്കാരനായ എം.പി. മൊയ്തു ഹാജി കോൺഗ്രസ് സ്ഥാനാർത്ഥിയായി മൽസരിച്ചിട്ടും മുസ്‌ലിം ലീഗ് പി.ആർ. കുറുപ്പിനെ പിന്തുണച്ചു. പി.എസ്.പി. മുസ്‌ലിം ലീഗ് സഖ്യമാണ് അന്നുണ്ടായിരുന്നത്. തെരഞ്ഞെടുപ്പിൽ നല്ല ഭൂരിപക്ഷത്തോടെ കുറുപ്പ് വിജയിച്ചു. അതിൽ മുസ്‌ലിം ലീഗ് നല്ല പങ്കും വഹിച്ചു. തന്നെ സഹായിച്ച മുസ്‌ലിം ലീഗിനെ ഇല്ലാതാക്കലായിരുന്നു കുറുപ്പിന്റെ പിന്നീടുള്ള അജണ്ട. 1962 ൽ കോൺഗ്രസ്–പി. എസ്. പി. സഖ്യത്തിൽ നിന്ന് മാറി നിന്ന് കൊണ്ട് പാർലിമെന്റ് തെരഞ്ഞെടുപ്പിൽ എസ്.കെ. പൊറ്റക്കാടിനെ മുസ്‌ലിം ലീഗ് പിന്തുണച്ചു. വലിയ രാഷ്ട്രീയ കോലാഹലങ്ങൾക്ക് ഇടയാക്കിയ സംഭവമായിരുന്നു ഇത്. എസ്.കെ. പൊറ്റക്കാട് വിജയിച്ചപ്പോൾ പലർക്കും അരിശം മുസ്‌ലിം ലീഗിനോടായി രുന്നു. പരേതനായ എൻ.എ. മമ്മു ഹാജി രേഖപ്പെടുത്തുന്നത് കാണുക:– 'കുത്തക രാഷ്ട്രീയക്കാർ തകർന്നപ്പോൾ അരിശം മുസ്‌ലിംകളോടായിരു ന്നു. പൂക്കോം ജുമാഅത്ത് പള്ളിക്ക് നേരെയും പൊയിലൂർ പള്ളിക്ക് നേരെയും കല്ലേറുണ്ടായി'.[21]

ഈ കല്ലേറ് ഒരു സൂചനയായിരുന്നു. തന്റെ തിട്ടൂരത്തിന് അനുസ രിച്ച് നിന്നില്ലെങ്കിൽ അനുഭവിക്കും എന്ന മുന്നറിയിപ്പ്. എതിർശബ്ദങ്ങൾ അനുവദിക്കാത്ത തരത്തിലുള്ള രാഷ്ട്രീയ സംസ്കാരം പാനൂർ മേഖലയിൽ ഉദയം കൊള്ളുകയായിരുന്നു. പക്ഷെ, ചരിത്രത്തിൽ കാണാൻ കഴിയുന്ന പാഠം അത്തരം ശക്തികൾ ഉദയം ചെയ്തപ്പോഴെല്ലാം അതിനെ അതിജയി ക്കാൻ പൗരാവകാശത്തിന്റെ, അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ വക്താക്കൾ രക്തവും മജ്ജയും വിയർപ്പും നൽകിയിട്ടുണ്ട് എന്നതാണ്.

ഇതിനിടയിൽ തെരഞ്ഞെടുപ്പുകൾ പലതും നടക്കുന്നുണ്ട്. മുസ്‌ലിം ലീഗ് പ്രവർത്തകന്മാരെ പ്രലോഭിപ്പിച്ചും പ്രീണിപ്പിച്ചും ഭീഷണി പ്പെടുത്തിയും തന്റെ കൂടെ നിർത്താൻ പി.ആർ. കുറുപ്പ് നിരന്തരം ശ്രമിച്ചു. സജീവമായി മുസ്‌ലിം ലീഗ് പ്രവർത്തന രംഗത്തുണ്ടായിരുന്ന പലരേയും

കുറുപ്പ് കൈക്കലാക്കി. കെ.വി. സൂപ്പിയും പൊട്ടൻ കണ്ടി കുഞ്ഞമ്മദും കലന്തൻ മാഷുമൊക്കെ കുറുപ്പിന്റെ ആളുകളായി മാറിക്കഴിഞ്ഞിരുന്നു. സമുദായത്തിലെ പല പ്രമാണിമാരെയും പല കാരണങ്ങളാൽ കുറുപ്പ് വലയിലാക്കി.

മാവിലാട്ട് മഹമൂദ്

ഈ രാഷ്ട്രീയ കാലാവസ്ഥയിലാണ് മാവിലാട്ട് മഹമൂദ് പൊതുരംഗത്തേക്ക് കടന്നു വരുന്നത്.

ജനനം

1948 ജനുവരി 12 ന് ചാലിൽ കോയിറ്റിക്കണ്ടി ഹസന്റെയും (സി.കെ. ഹസ്സൻ സാഹിബ്) മാവിലാട്ട് കൊളങ്ങരപ്പറമ്പത്ത് പള്ളിക്കണ്ടി അയിശുവിന്റെയും മകനായി ജനിച്ച അദ്ദേഹം ചെറിയ പ്രായത്തിൽ തന്നെ പൊതുരംഗത്ത് സജീവമായിരുന്നു.

ബാല്യം

വീടിന് സമീപം തന്നെയുള്ള തിരുവാൽ സ്കൂളിൽ മതപഠനവും ഭൗതിക വിദ്യാഭ്യാസവും നേടി. അവിടുത്തെ പഠനത്തിന് ശേഷം പാനൂർ സ്കൂളിൽ ചേർന്നു. ബാസൽ ഇവാഞ്ചലിക്കൽ മിഷൻ (ബി.ഇ.എം.) സ്ഥാപിച്ചതായിരുന്നു സ്കൂൾ. പിന്നീട് നാട്ടുകാർ പിരിവെടുത്ത് അവരിൽ നിന്ന് സ്കൂൾ വാങ്ങുകയായിരുന്നു. കെ.ടി. പത്മനാഭൻ നമ്പ്യാർ പ്രസിഡന്റും ബി.ഇ.എം. യു.പി. സ്കൂൾ അധ്യാപകൻ സി. എച്ച്. ദാമോദരൻ നമ്പ്യാർ സെക്രട്ടറിയുമായ കമ്മിറ്റിയാണ് കാര്യങ്ങൾ നടത്തിയത്. പിന്നീട് ദാമോദരൻ നമ്പ്യാരെ തന്ത്രപൂർവം പുകച്ച് പുറത്ത് ചാടിച്ചു. കെ.കെ.വി. അടിയോടിയെ മുന്നിൽ നിർത്തിയായിരുന്നു ഈ ദുരന്ത നാടകം. നാടകാന്ത്യം സ്കൂൾ ഒരു വ്യക്തിയുടെ കൈയിലായി. എത്ര സമർത്ഥമായാണ് ഇതിന്റെ കരുക്കൾ പി.ആർ. കുറുപ്പ് നടത്തിയത് എന്ന കാര്യം പരേതരായ ദാമോദരൻ നമ്പ്യാരും കെ.പി. മമ്മു മാസ്റ്ററും പലരോടും പങ്ക് വെച്ചിട്ടുണ്ട്.

ഇതിഹാസ പുരുഷന്റെ പ്രവർത്തനങ്ങൾ

സമ്പന്നതയുടെ മടിത്തട്ടിൽ ജനിച്ച മാവിലാട്ട് മഹമൂദ് ബാല്യ-കൗമാരങ്ങളിൽ തന്നെ കർശനമായ മതനിഷ്ഠകൾ വെച്ചു പുലർത്തിയിരുന്നു. യുവത്വത്തിൽ തന്നെ അദ്ദേഹം പൊതുരംഗത്ത് വരുന്നതിന് ഇത് നിമിത്തമായിരിക്കാം. പ്രധാനമായും നാലഞ്ച് മേഖലകളിൽ അദ്ദേഹം

സജീവമായി ഇടപെട്ടു.

1. സാധാരണക്കാരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുക എന്ന ഏറ്റവും പുണ്യകരമായ പ്രവർത്തി. അക്കാലത്ത് ദരിദ്രമായ പശ്ചാത്തല മുള്ള കുടുംബങ്ങളിലെ അടുക്കളകളിൽ തീ പുകഞ്ഞത് ഇത്തരം പ്രവർ ത്തനങ്ങളിലൂടെയായിരുന്നു. വിശേഷിച്ചും വിശുദ്ധ റമളാൻ മാസത്തിലൊ ക്കെ അദ്ദേഹവും സഹപ്രവർത്തകരും ചെയ്ത ഈ പുണ്യ പ്രവർത്തി ഇന്നും പാനൂരിൽ അഭംഗുരം തുടരുന്നുണ്ട്. പാനൂരിലെ പഴയ മുസ്‌ലിം യംഗ്മെൻസ് അസോസിയേഷനും ഇന്നത്തെ മുസ്‌ലിം വെൽഫയർ അസോസിയേഷനുമൊക്കെ ഇതിന്റെ ഭാഗമാണ്. വിളവെടുപ്പിന്റെ സമയ ത്തെങ്ങാനും അഗതികൾ വന്നാൽ അവർക്ക് ഒരു വിഹിതം കൊടുക്കേണ്ടി വരുമെന്ന് കരുതി അഗതികൾ എത്തുന്നതിന് മുമ്പായി, നന്നേ പുലർച്ച വിളവെടുപ്പ് നടത്താൻ തീരുമാനിച്ച രണ്ട് തോട്ടക്കാരുടെ കഥ വിശുദ്ധ ഖുർആൻ 'സൂറത്തുൽ ഖലമി'ലൂടെ പറഞ്ഞു തരുന്നുണ്ടല്ലോ. ആ തോട്ട ക്കാർ അഗതികളെ അവഗണിച്ചത് കാരണം അവർക്ക് സംഭവിച്ച ദൈവിക ശിക്ഷ പ്രസ്തുത സൂറത്തിന്റെ 17 മുതൽ 33 വരെയുള്ള സൂക്തങ്ങളിൽ വായിക്കാൻ കഴിയും (വി.ഖുർആൻ 68:17-33). ഇബ്നുഅബ്ബാസ് (റ) റിപ്പോ ർട്ട് ചെയ്യുന്ന ഒരു ഹദീസിൽ ഇഅ്തികാഫ് ഇരിക്കുന്ന വേളയിൽ ഒരു സ ഹോദരന്റെ വിഷമം തീർക്കാൻ പോവേണ്ടി വന്നാൽ ഇഅ്തികാഫിനേ ക്കാൾ ഒട്ടും പ്രതിഫലം കുറയില്ല എന്ന് നബി തിരുമേനി (സ) പറഞ്ഞ തായി കാണാം.

2. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുമായും അതിന്റെ ഭാഗമായ സുന്നി യുവജന സംഘവുമായും ബന്ധപ്പെട്ടുള്ള പ്രവർത്തനം. മതപണ്ഡി തന്മാരുമായും പ്രഭാഷകരുമായും മികച്ച ബന്ധവും സൗഹൃദവും പുലർ ത്തുകയും അത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്തു. പ്രമുഖ പ്രഭാഷകൻ പരേതനായ സെയ്തുമുഹമ്മദ് നിസാമിയെ അടക്കം പങ്കെടുപ്പിച്ച് കൊണ്ട് കൈവേലിക്കൽ അല്ലാമാ ഇഖ്ബാൽ നഗറിൽ വെച്ച് 1971 ൽ നടന്ന മതപ്രസംഗ പരിപാടിയെക്കുറിച്ച് മർഹൂം നിസാമി തന്റെ ഇതിഹാസത്തിലെ ലേഖനത്തിൽ അനുസ് മരിക്കുന്നുണ്ട്.

3. പള്ളിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. 1971 ഡിസംബറിൽ ചിരപുരാ തനമായ പാനൂർ ജുമുഅത്ത് പള്ളിയുടെ പുനർനിർമാണത്തിന് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. 1972 സപ്തംബറിൽ പള്ളി പൊളിച്ച് കുറ്റിയടി ക്കാനും നമസ്കാരം തൽക്കാലം കുഞ്ഞി പള്ളിയിൽ നടത്താനും ധാരണ യായി. എന്നാൽ റോഡിന് അപ്പുറമുള്ള പടിഞ്ഞാറെ മൈതാനിയിൽ,

ഇപ്പോൾ നജാത്തുൽ ഇസ്‌ലാം നഴ്സറി സ്കൂൾ നിൽക്കുന്ന സ്ഥലത്ത് പുതിയ പള്ളി നിർമിക്കുകയാണ് നല്ലതെന്ന വാദം ചിലർ ഉയർത്തിക്കൊണ്ടുവന്നു. സമുദായത്തെ സംബന്ധിച്ച് വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന വാദമായിരുന്നു ഇത്. ഈ വാദത്തെ തോൽപിക്കാൻ വല്ലോത്ത് കുഞ്ഞിമൂസ മുസല്യാരും കെ.പി. മമ്മു മാസ്റ്റർ, കെ.പി. മൂസ്സു, മാവിലാട്ട് മഹമൂദ്, കെ.വി. സൂപ്പി എന്നിവരോടൊപ്പം മാണിക്കോത്ത് യൂസുഫും എൻ.കെ.സി. ഉമ്മറും അടക്കം പലരും മുന്നോട്ട് വന്നു.

4. രാഷ്ട്രീയ പ്രവർത്തനം. 1961 കാലം മുതൽ മുസ്‌ലിം ലീഗ് പ്രവർത്തനം വീണ്ടും സജീവമായെങ്കിലും കെ.വി. സൂപ്പി മാസ്റ്റർ 'ഇതിഹാസ'ത്തിൽ എഴുതിയത് പോലെ ഒരു 'ഓഫീസ് പാർട്ടി' മാത്രമായി മുന്നോട്ട് പോവുകയായിരുന്നു. ഇടക്കാലത്ത് മുസ്‌ലിം ലീഗ് വിട്ട് കുറുപ്പിന്റെ കൂടെ ചേർന്ന കെ.വി. സൂപ്പി മാസ്റ്റർ 1972ൽ കൈവേലിക്കലെ മൊയാൽ ഹൗസിൽ ചേർന്ന യോഗത്തിൽ വീണ്ടും മുസ്‌ലിം ലീഗിലേക്ക് വന്നു. അതോടെ രംഗം വീണ്ടും സജീവമായി. മർഹൂം പുത്തൻവീട്ടിൽ കുഞ്ഞബ്ദുള്ള മൗലവിയും മൊയാൽ കെ.പി. മമ്മു ഹാജിയുമായിരുന്നു ഇതിന് വഴിതെളിയിച്ചത്. 1970 മുതൽ മുസ്‌ലിം ലീഗ് പ്രവർത്തന രംഗത്ത് വളരെ സജീവമായി നില കൊണ്ട മാവിലാട്ട് മഹമൂദിന്റെ ഡയറിയിൽ ഇതൊക്കെ രേഖപ്പെട്ടു കിടക്കുന്നുണ്ട്. 1970 ജനുവരി 1 ന് എഴുതിയ കുറിപ്പിൽ ആയിരം കൊല്ലം ആടായി ജീവിക്കുന്നതിലുപരി ഒരു കൊല്ലം സിംഹമായി ജീവിക്കുന്നതാണ് അഭിലഷണീയം എന്ന് കാണാം. മാടമ്പി രാഷ്ട്രീയക്കാരുടെ ഭീഷണിയുടെ പ്രതികരണമായിരുന്നു ഈ എഴുത്ത് എന്ന് നിസ്സംശയം പറയാം.

5. സാഹിത്യ മേഖലകളിലെ പ്രവർത്തനം. എഴുത്തുകാരനാകണം എന്ന ആഗ്രഹം ഉള്ളിൽ കത്തി നിന്നത് കൊണ്ട് കൂടിയാവാം മാവിലാട്ട് മഹമൂദ് നല്ല വായനക്കാരനായിരുന്നു. വായിച്ചവയിൽ നിന്ന് കുറിപ്പുകളും ഉദ്ധരണികളും എഴുതി സൂക്ഷിക്കുന്ന ശീലവും ഉണ്ടായിരുന്നു. തലശ്ശേരിയിലെ ഫാത്തിമ ബുക്ക്സ്റ്റാൾ ഉടമ പി.വി.സി. ഉമറുമായി മികച്ച സൗഹൃദ ബന്ധമുണ്ടായിരുന്നു. രണ്ട് പേരും ചേർന്ന് പുറത്തിറക്കിയ 'സലാമത്' മാസികയുടെ സബ് എഡിറ്റർ സ്ഥാനം അദ്ദേഹം ഏറ്റെടുത്തതായി ഡയറിക്കുറിപ്പിൽ നിന്ന് വ്യക്തമാവുന്നു. അന്നുള്ള മതരംഗത്തെ പ്രധാന വാരികയായ 'സുന്നീ ടൈംസി' ൽ 1967 മുതൽ ധാരാളം ലേഖനങ്ങൾ 'എം. മാവിലാട്ട്' എന്ന തൂലികാനാമത്തിൽ അദ്ദേഹം എഴുതി. മഹാൻമാരുടെ വചനങ്ങൾ എഴുതി വെക്കുക പ്രധാന ശീലമായിരുന്നു എന്നതിന് ഡയറിക്കുറിപ്പുകൾ തെളിവാണ്. ഭാര്യവീടായ കൈവേലിക്കൽ 'മുബാറക്

മൻസിലിൽ' ഒരു ഹോം ലൈബ്രറിയും സ്ഥാപിച്ചിരുന്നു. അവിടെ വിശിഷ്ട വ്യക്തികളെ സ്വീകരിച്ച് ചർച്ചകൾ നടത്താനും ആശയസംവാദങ്ങളിൽ ഏർപ്പെടാനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.

വിവാഹം

യുവാവായിരിക്കെ തന്നെ അദ്ദേഹത്തിന്റെ വിവാഹം നടന്നിരുന്നു. ബോംബെയിൽ വ്യാപാരിയായിരുന്ന മർഹൂം എം. അബു ഹാജി -മൊയാൽ കുഞ്ഞിപ്പാത്തു ദമ്പതികളുടെ മൂത്തമകൾ മറിയു ആയിരുന്നു ഭാര്യ. മറിയുവിന്റെ മാതൃസഹോദരൻമാരായ പൂക്ക എന്ന് വിളിക്കപ്പെടുന്ന മർഹൂം കെ.പി. മമ്മു ഹാജിയും അനുജൻ മൂസ്സുവും അക്രമരാഷ്ട്രീയത്തിനെതിരായ പോരാട്ടത്തിൽ പങ്കെടുത്തവരായിരുന്നു. മമ്മുഹാജി കെ.പി.എം. കൂറ്റേരി എന്ന പേരിൽ കവിതകൾ എഴുതി പ്രസിദ്ധീകരിച്ച സാഹിത്യ രസികൻ കൂടിയായിരുന്നു.

എം. എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ്

1970കളോടെ ഭൂമിയെ ആസ്പദമാക്കി, ഭൂമിയിൽ നിന്നുള്ള വിളകളെ ആസ്പദമാക്കിയുള്ള സാമ്പത്തിക വ്യവസ്ഥ ക്രമേണ മാറുകയായിരുന്നു. പുതിയ സാഹചര്യത്തെ അതിജീവിക്കാൻ മേച്ചിൽപുറങ്ങൾ തേടേണ്ടതുണ്ടായിരുന്നു. എഴുത്തുകാരനാകാൻ ആഗ്രഹിച്ചിരുന്ന മാവിലാട്ട് മഹമൂദ് ഇതിനിടയിലാണ് പാനൂർ-കൂത്ത്പറമ്പ് റോഡിൽ ഗ്രൗണ്ടിന് അടുത്ത് "എം. എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ്" എന്ന പേരിൽ ടൈപ്പ് റൈറ്റിംഗ് സെന്റർ ആരംഭിക്കുന്നത്. ഗംഗാധരൻ മാസ്റ്ററായിരുന്നു പ്രധാന സഹായി. 1970 ഫെബ്രുവരി 2, 3 തീയതികളിലെ മാവിലാട്ട് മഹമൂദിന്റെ ഡയറിക്കുറിപ്പുകളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവശ്യാർത്ഥം നടത്തിയ യാത്രകളും ടൈപ്പ് റൈറ്റിംഗ് മെഷീൻ റിപ്പയർ സംബന്ധിച്ച കാര്യവുമൊക്കെ വിശദമായി രേഖപ്പെടുത്തിക്കാണുന്നുണ്ട്.

അടിച്ചമർത്തപ്പെടുന്ന രാഷ്ട്രീയ സ്വാതന്ത്ര്യം

മാവിലാട്ട് മഹമൂദിന്റെ പിതാവ് സി.കെ. ഹസൻ സാഹിബ് മറ്റ് പ്രമാണികളെപ്പോലെ കുറുപ്പുമായി സൗഹൃദത്തിലായിരുന്നു. കുറുപ്പിന്റെ കൂടെ ചേർന്ന പ്രമാണികളെയെല്ലാം കുറുപ്പ് സാമ്പത്തികമായി ചൂഷണം ചെയ്തിരുന്നു. തെക്കയിൽ പാലോർത്ത് കണ്ടി സൂപ്പി ഹാജിയെയും മകൻ ടി.പി. മൊയ്തീൻ കുട്ടി ഹാജിയെയും ദീർഘകാലം ചൂഷണം ചെയ്തിട്ട്

ആ കുടുംബത്തിനോട് നന്ദി ചെയ്യാൻ പോലും തയ്യാറായിരുന്നില്ല. ഇത് ഒറ്റപ്പെട്ട സംഭവമല്ല, പൊതുസ്വഭാവമായിരുന്നു.

ഇതര രാഷ്ട്രീയ പാർട്ടിക്കാർക്ക് പാനൂരിലും പരിസരത്തും പ്രവർത്തിക്കാൻ പാടില്ല എന്ന നിലപാടായിരുന്നു പി.ആർ. കുറുപ്പിന്റേത്. മറ്റ് പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമായ രാഷ്ട്രീയ സ്ഥിതി അത് കൊണ്ട് പാനൂരിൽ ഉണ്ടായി. പന്ന്യന്നൂർ ഭാസി എഴുതിയ ഒരു നോവൽ 'അശാന്തിക്കപ്പുറം' ഇത് ചർച്ച ചെയ്യുന്നുണ്ട്. ബലം പ്രയോഗിച്ച് പ്രതിയോഗികളെ അടിച്ചമർത്തിയ പാർട്ടി തലവനാണ് പി.ആർ. കുറുപ്പ് എന്ന് പരേതനായ വി.ആർ. കൃഷ്ണയ്യർ അനുസ്മരിക്കുന്നുണ്ട്.[22]

കുറുപ്പ് എന്ന് പറയാൻ പാടില്ല, കുറുപ്പാള് എന്ന് പറയണം. അതായിരുന്നു നടപ്പ്. കുറുപ്പ് എന്ന് യാദൃശ്ചികമായി പറഞ്ഞു പോയവർക്ക് പൊരിഞ്ഞ അടി കിട്ടിയ കാര്യം കെ. ബാലകൃഷ്ണൻ തന്റെ പുസ്തകത്തിൽ രസകരമായി അവതരിപ്പിക്കുന്നുണ്ട്.[23]

ആക്ഷൻ കമ്മിറ്റി

കല്ലിക്കണ്ടിയിൽ കമ്മ്യൂണിസ്റ്റ് പ്രവർത്തകൻ വി.എം കൃഷ്ണനെ കൊലപ്പെടുത്തിക്കൊണ്ട് ആരംഭിച്ച 'കൊലക്കളി' ഒരു ഭാഗത്ത്, മുസ്‌ലിം ലീഗ് നേതാക്കളായ വി.കെ അബ്ദുള്ള മൗലവിയെപ്പോലുള്ളവരെ കള്ള ക്കേസിൽ പ്രതികളാക്കുന്ന വൈദഗ്ധ്യം മറ്റൊരു ഭാഗത്ത്, കടവത്തൂരിലെ ലീഗ് പ്രവർത്തകൻ പുതിയേടത്ത് അമ്മദിനെ കൊലപ്പെടുത്തി പ്രതിയെ 'മനോരോഗം' ചാർത്തിക്കൊടുത്ത് രക്ഷപ്പെടുത്തിയ നീചകർമം വേറൊരു ഭാഗത്ത്, തൃപ്രങ്ങോട്ടൂരിലെ എടോത്ത് കണ്ടിയിലും നൂറിയൻ ഹാജിയുടെ വീട്ടിലും നടന്ന അതിക്രമങ്ങൾ, പുത്തൂരിൽ കളരിട്ടു കണ്ടി മൂസ ഹാജിയുടെ വീട് എറിഞ്ഞു തകർത്തത്, രാഷ്ട്രീയ എതിരാളികളുടെ വാഴയും തെങ്ങിൻതൈയും ഉൾപ്പടെ കൃഷി നശിപ്പിക്കുകയും കടകൾ കൊള്ളയടിക്കുകയും ചെയ്യുന്ന വൃത്തികേട് ഇതൊക്കെ പി.ആർ. കുറുപ്പ് പോറ്റി വളർത്തിയ ഗുണ്ടാ പടയുടെ ചെയ്തികളിലെ ഒരു ചെറിയ അധ്യായമായി പറയാം. ഇതൊക്കെ ദൈനം ദിനം ആവർത്തിച്ചപ്പോഴാണ് പാനൂരിൽ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന് വേണ്ടി ആക്ഷൻ കമ്മിറ്റിയും പൗരമുന്നണിയും പോലെയുള്ള ജനകീയ പോരാട്ടങ്ങൾ ആരംഭിച്ചത്. മാതൃഭൂമി പോലുള്ള പത്രങ്ങളിൽ ചമ്പൽകാടിലെ നീതിയാണ് പാനൂരിൽ എന്ന് പറയിപ്പിക്കാനും ഐ.വി. ദാസിനെപ്പോലുള്ളവർ 'ജന്റിൽമേൻ റൗഡി' എന്ന് വിളിക്കാനും കാരണമായത് ഇത്തരം സംഭവങ്ങളാണ്. സി.കെ.പി. ചെറിയ

മമ്മുക്കേയിയുടെ പിന്തുണയോടെ എം.എ.കെ. നമ്പ്യാർ, ഐ.വി. ദാസ്, എൻ.എ. മമ്മു ഹാജി എന്നിവരുടെ നേതൃത്വത്തിൽ ആക്ഷൻ കമ്മിറ്റി രൂപീകരിച്ചത് അങ്ങനെയാണ്. ശക്തമായ പ്രതിരോധത്തിന്റെ അനന്തര ഫലമെന്നോണം ആക്ഷൻ കമ്മിറ്റി ഓഫീസ് അക്രമിക്കുകയും ഓഫീസ് സെക്രട്ടറി പി.കെ. ഉമർഖാനെ അടിച്ച് അവശനാക്കുകയും ചെയ്തു. പക്ഷെ, ജനകീയ പ്രതിരോധം കൂടുതൽ ശക്തമാവുകയും അടിക്ക് അടി തന്നെ എന്ന ആക്ഷൻ കമ്മിറ്റി നീക്കം വിജയിക്കുകയും ചെയ്തു. സമാധാനത്തിന് പി.ആർ. കുറുപ്പിന് തന്നെ മുൻകൈ എടുക്കേണ്ടി വന്നു. അങ്ങനെയാണ് കെ. കേളപ്പൻ, ഇക്കണ്ട വാര്യർ, രാധാകൃഷ്ണ മേനോൻ, ബാഫഖി തങ്ങൾ, ടി.സി. നാരായണൻ നമ്പ്യാർ, പാമ്പൻ മാധവൻ മുതലായവർ ഇവിടെ എത്തി കൂറ്റേരിയിലെ 'പാനോളി'ക്കാരുടെ തറവാട്ടിൽ സമാധാന ചർച്ച നടത്തുന്നത്. പൗരമുന്നണിയുടെ പേരിൽ സ്ഥാപിച്ച ബോർഡ് കുറുപ്പിന്റെ സിൽബന്തികൾ 'ക്ഷൗരമുന്നണി' എന്നാക്കിയ അശ്ലീലവും പാനൂരിൽ അരങ്ങേറി. എത്രമാത്രം സംസ്കാര രഹിതമായിരുന്നു പാനൂരിലെ രാഷ്ട്രീയത്തിൽ ഇക്കൂട്ടരുടെ ഇടപെടൽ എന്നത് ആർക്കും കണ്ടെത്താൻ ഇത് മതിയല്ലോ?

വർഗീയ പ്രചാരണങ്ങൾ

പാർട്ടികൾ പലതും മാറി മറിഞ്ഞ് പി.ആർ. കുറുപ്പ് 1973 ഏപ്രിൽ 15ന് കോൺഗ്രസിൽ മടങ്ങിയെത്തി, പണ്ട് തുടങ്ങിയേടത്ത് തിരിച്ചെത്തി. സാധാരണ പോലെ അണികൾ മുഴുവൻ കൂടെ പോയില്ല, കാരണം ദിവസങ്ങൾക്ക് മുമ്പ് വരെ തന്റെ അണികളിൽ കോൺഗ്രസ് വിരോധമാണ് അദ്ദേഹം കുത്തിവെച്ചത്. മുസ്ലിം ലീഗിലും കമ്മ്യൂണിസ്റ്റ് പാർട്ടിയിലും ഒഴിച്ച് എല്ലാ പാർട്ടികളിലും കുറുപ്പ് ഇതിനിടയിലും പിന്നീടുമായി കയറിയിറങ്ങിയിരുന്നു. ആക്ഷൻ കമ്മിറ്റിക്ക് ശേഷവും വലിയ മാറ്റമില്ലാതെ കാര്യങ്ങൾ തുടർന്നു. വർഗീയ പ്രചാരണം കൊടുമ്പിരിക്കൊണ്ടു. വിളക്കോട്ടൂരിലെ കുഞ്ഞിക്കുട്ടി എന്നയാളെ വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്ത വിഷം പുരട്ടിയ കഠാര കൊണ്ട് മുസ്ലിംകൾ കൊലപ്പെടുത്തി എന്നായിരുന്നു ഒരു പ്രചാരണം. ഒരു സമസ്യയായി ആ കൊലപാതകം നില നിന്നു. മുസ്ലിംകൾക്കോ മുസ്ലിം ലീഗിനോ അതിൽ ഒരു ബന്ധവും ഉണ്ടായിരുന്നില്ല. (ഇതിന്റെ തനിയാവർത്തനം സമീപകാലത്ത് നിസാർ എന്ന ഡ്രൈവറുടെ കൊലയിലും വിളക്കോട്ടൂരിൽ ഉണ്ടായി. ഇവിടെ പ്രചരണം കുറുപ്പിന്റെ പാർട്ടി വിട്ട് സംഘപരിവാരത്തിൽ ചേർന്നവരാണ്

നടത്തിയത് എന്ന വ്യത്യാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് ഒരു കൊട്ടേഷൻ കൊലയായിരുന്നു എന്ന് പിന്നീട് തെളിഞ്ഞു).

പാനൂരിലെയും പരിസരത്തെയും ക്ഷുഭിത യൗവനത്തിന്റെ പ്രവർത്തനങ്ങൾ 1970- തോട് കൂടി കൂടുതൽ സജീവമായിരുന്നു-അപ്പോൾ ഒരു ഘട്ടത്തിൽ 'ഹിജ്റ-അഥവാ പാനൂരിൽ നിന്ന് നാട് വിട്ട് പോവുക' എന്ന ചിന്ത വരെ ചിലരിൽ ഉണ്ടായി. ഹിജ്റ അഥവാ പാലായനം യഥാർത്ഥത്തിൽ പ്രവാചകന്റെ മക്കയിൽ നിന്ന് യസ്രിബിലേക്കുള്ള പാലായനത്തോടെ കഴിഞ്ഞു, ഇനി ഒരിക്കലും ഹിജ്റയില്ല, നിലനിൽപിനായി പൊരുതുക മാത്രമേ മാർഗമുള്ളൂ എന്ന് അവർ വൈകാതെ തിരിച്ചറിഞ്ഞു. 1963ൽ സ്ഥാപിതമായ പാനൂർ മുസ്ലിം യംഗ്മെൻസ് അസോസിയേഷനും അതിന്റെ സാരഥികളായിരുന്ന പരേതരായ പൈക്കാട്ട് റഹീം, കെ.എം. കുഞ്ഞമ്മദ്, ടി. മഹമൂദ് എന്നിവരുടെ സ്മരണയില്ലാതെ ഈ സംഘത്തിന്റെ പ്രവർത്തനം വിലയിരുത്തുക അസാധ്യമാണ്. പാനൂരിലെ മതനവോത്ഥാനത്തിന് മർഹൂം എസ്. എം. പൂക്കോയ തങ്ങൾ വഹിച്ച പങ്കും വളരെ വലുതായിരുന്നു. മാവിലാട്ട് മഹമൂദും ഈ കണ്ണിയിൽ അണിചേർന്നിരുന്നു.

മാവിലാട്ടിന്റെ ഇടപെടലുകൾ

തുടർന്നു നടന്ന പ്രവർത്തനങ്ങളോടൊപ്പം കൈവേലിക്കൽ മുസ്ലിം ലീഗ് ഓഫീസ് ഉദ്ഘാടന കാര്യത്തിലും മാവിലാട്ട് മഹമൂദ് സജീവമായി. പോളിംഗ് ബൂത്തിൽ വെച്ച് രഹസ്യമായി ചെയ്യുന്ന വോട്ട് ഇന്റർനെറ്റും മറ്റ് ആധുനിക സംവിധാനങ്ങളും ഇല്ലാത്ത കാലത്ത് കുറുപ്പ് വീട്ടിൽ നിന്ന് കാണും എന്ന് പാമര ജനങ്ങൾ വിശ്വസിച്ച കാലമാണ്! കുറുപ്പിന്റെ ചാരന്മാർ യഥാവിധി കാര്യങ്ങൾ കുറുപ്പിനെ അറിയിച്ചു കൊണ്ടിരുന്നു. കൈവേലിക്കൽ ഓഫീസ് ഉദ്ഘാടനത്തിന്റെ അനൗൺസ്മെന്റ് ഡയറിക്കുറിപ്പിൽ ലഭ്യമാണ്. അത് പി. ആർ. കുറുപ്പിനെ പ്രകോപിപ്പിച്ചു. 1973 മെയ് 4ന് പാനൂർ ഹൈസ്കൂൾ ഗ്രൗണ്ടിൽ ചേർന്ന മുസ്ലിം ലീഗ് മഹാസമ്മേളനം പാനൂരിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ഒരു നിർണായക വഴിത്തിരിവായിരുന്നു. അതിന്റെ അനൗൺസ്മെൻറും ഡയറിക്കുറിപ്പിൽ ഉണ്ട്. ആ അനൗൺസ്മെന്റ് കുറുപ്പിനെ ശരിക്കും വിറളിപിടിപ്പിച്ചു. പാനൂരിൽ തനിക്കെതിരെ ഇങ്ങിനെയൊക്കെ പറയാൻ ചങ്കൂറ്റമോ? അപ്പോൾ തീരുമാനിക്കപ്പെട്ടതാവാം പിന്നീട് നടന്ന കാര്യങ്ങൾ.

പ്രകോപന ശ്രമങ്ങൾ

അടിയും തടയും ഇതിനിടയിലും നടക്കുന്നുണ്ട്. അന്തിമ പ്രകോപനം പൂക്കോത്ത് നടന്ന സംഭവമാണ്. അവിടെ 1974 ജനുവരി 11-ന് പള്ളിയി ൽ ജുമുഅക്ക് പോകുന്നവരെ കുറുപ്പിന്റെ ഗുണ്ടാ പട അക്രമിച്ചു. നേര ത്തെ നടന്ന കൂറേറരി സംഭവം-അമ്പലത്തിനും പള്ളിക്കും തീയിടാൻ ശ്രമിച്ച കുറുപ്പിന്റെ പാർട്ടിക്കാരൻ ബാലന്റെ നീക്കം-പോലെ പളളിയിൽ പോകുന്നവരെ അക്രമിച്ച ഗുണ്ടകളെ അടുത്തുള്ള അമ്പലത്തിൽ ഒളിപ്പി ക്കുകയായിരുന്നു പദ്ധതി. ലക്ഷ്യം അവസാനത്തെ തുരുപ്പ് ശീട്ടായ വർഗീയ കലാപമായിരുന്നു. അടി കൊണ്ടവർ പ്രതികളെ തേടി പോയാൽ അതാണ് സംഭവിക്കുക. ആ മഹാദുരന്തത്തിന് തടയിട്ടു കൊണ്ട് മാവിലാട്ട് മഹമൂദും എൻ.കെ.സി. ഉമ്മറും മറ്റുള്ളവരും ചേർന്ന് പരിക്കേറ്റവരെ ആസ്പത്രിയിൽ എത്തിച്ച് പോലീസിൽ പരാതിപ്പെടുകയായിരുന്നു. അതും സാധാരണ നടക്കാറില്ല. അടി കൊണ്ടവൻ കിട്ടിയതും കൊണ്ട് വീട്ടിൽ പോവുകയാണ് പതിവ്. കോൺഗ്രസ് നേതൃത്വത്തിലുള്ള ഗവൺമെന്റാണ്, കുറുപ്പ് കോൺഗ്രസിൽ ചേരുകയും ചെയ്ത കാലമാണ്. പോലീസിൽ നിന്ന് കുറുപ്പിനെ തഴഞ്ഞു കൊണ്ടുള്ള സമീപനം അസാധ്യമാണ്. എന്നി ട്ടും പരിക്കേറ്റവരെ ആസ്പത്രിയിലൊക്കെ എത്തിക്കാൻ ആളുണ്ടായി എന്നത് വലിയ കാര്യമാണ്.

ദാരുണമായ അന്ത്യം

അങ്ങനെയാണ് ഇതിനൊക്കെ നേതൃത്വം നൽകുന്ന മാവിലാട്ട് മഹമൂദിനെ വകവരുത്താൻ വേലൻ രവി എന്ന ഗുണ്ടയെ ചട്ടം കെട്ടി പറ ഞ്ഞയക്കുന്നത്. പൂക്കോത്ത് നിന്ന് മടങ്ങി വീട്ടിലേക്ക് പോകുന്ന അദ്ദേഹ ത്തെ പാനൂർ പുത്തൂർ റോഡിൽ വെച്ച് പ്രസ്തുത ഗുണ്ട ജനുവരി 11 ന് കത്തി കൊണ്ട് കുത്തി ഗുരുതരമായി മുറിവേൽപ്പിച്ചു. പിന്നീട് കോഴി ക്കോട് ആസ്പത്രിയിൽ വെച്ച് ജനവരി 12 ന് അദ്ദേഹം അള്ളാഹുവിലേ ക്ക് മടങ്ങി. 1948 ജനുവരി 12 ന് ജനിച്ച അദ്ദേഹം മറ്റൊരു ജനുവരി 12 ന് (1974) പരലോകം പൂകി. ഒരുപാട് സംഭവങ്ങളുടെ തുടർച്ചയായിരുന്നു ഇ തെങ്കിലും അന്തിമ പ്രകോപനം പൂക്കോം ജുമുഅത്ത് പള്ളിയുമായി ബ ന്ധപ്പെട്ടുണ്ടായ മേൽപറഞ്ഞ സംഭവമായിരുന്നു. പാനൂരിൽ സംഘട്ടനമു ണ്ടായെന്നും അതിൽ മാവിലാട്ട് മഹമൂദ് കൊല്ലപ്പെട്ടതാണെന്നും ചിലർ ബോധപൂർവ്വം മെനഞ്ഞുണ്ടാക്കിയിരുന്നു. അത് വാസ്തവ വിരുദ്ധം മാ ത്രമല്ല, ചരിത്ര വസ്തുതകൾക്ക് നേരെയുള്ള കൊഞ്ഞനംകാട്ടൽ കൂടി യാണ്. കൊലപാതകിയെയും മാവിലാട്ട് മഹമൂദിനെയും സംഘട്ടനത്തിൽ പെട്ടവരാക്കാനുള്ള ഗീബൽസിയൻ അടവാണത്. സംഘർഷം അന്ന്, ജ

നുവരി 11-ന് പൂക്കോത്തായിരുന്നു, പാനൂരിലേത് ഗുണ്ടയെ വിട്ടുള്ള ഏക പക്ഷീയ അക്രമണമായിരുന്നു. കൊലപാതകിയെ ഗുണ്ട എന്ന് വിളിക്കു ന്നതിന് പകരം രാഷ്ട്രീയ പ്രവർത്തകൻ എന്ന നിലയിൽ മാന്യത നൽകാ നും ചിലർ ശ്രമിച്ചു. പന്തീരാണ്ട് വെള്ളത്തിൽ കിടന്നാലും പൊങ്ങ് തടി മുതലയാവില്ലല്ലോ? ചവറ്റുകൊട്ടക്ക് പോലും സ്വീകരിക്കാൻ കഴിയാത്ത അത്തരം പ്രചാരണങ്ങൾ മാടമ്പി രാഷ്ട്രീയക്കാരന് വേണ്ടി ചമക്കപ്പെട്ട ക ള്ളപ്രമാണങ്ങൾ മാത്രമാണ്.

നന്ദികേടിന്റെ രാഷ്ട്രീയം

തനിക്ക് പലവട്ടം ചോറ് തന്ന സി.കെ. ഹസൻ സാഹിബിന്റെ കുടുംബത്തിനോട് പി.ആർ. കുറുപ്പ് കാണിച്ച കൃതഘ്നതക്ക് സമാനമായി ലോകത്ത് മറ്റെന്തുണ്ട്? ഒരു കാലത്ത് തനിക്ക് താങ്ങും തണലുമായിരുന്ന മാപ്പിള പ്രമാണി ചാലിൽ ഹസ്സന്റെ മകനെ കൊല്ലിച്ചയാളെന്നായി പിന്നീട് കുറുപ്പിന്റെ വിശേഷണം. ഉണ്ട ചോറിന് ഇതാണ് നന്ദി എന്ന് കൊലപാ തകിയായ ഗുണ്ടയെ മാലയിട്ട് സ്വീകരിച്ച് കൊണ്ട് അദ്ദേഹം തെളിയിച്ചു! സമൂഹമാകെ വെറുത്തവരായാലും ശരണം പ്രാപിക്കുന്നവരെ സഹായി ക്കുന്നതാണ് കുറുപ്പിന്റെ സമീപനം എന്ന് പിണറായി വിജയൻ രേഖപ്പെ ടുത്തിയത് എത്ര വാസ്തവം.[24]

ഐക്യത്തിന്റെ ശക്തി

'അക്കിലസിന്റെ കണങ്കാൽ പോലെ' എന്നൊരു ചൊല്ലുണ്ട്. സ്വന്തം ദൗർബല്യങ്ങൾ പുറത്തായാൽ എതിരാളികൾ ഒന്നൊന്നായി തന്നെ തേടി വരും എന്നതാണീ ചൊല്ല് അർത്ഥമാക്കുന്നത്. അപ്രകാരമാ യി ക്രമേണ കുറുപ്പിന്റെ രാഷ്ട്രീയം. അണികൾ കൊഴിഞ്ഞ് പോക്ക് തുടങ്ങി. ഒരു കാലത്ത് പാനൂർ അടക്കിഭരിച്ച കുറുപ്പിന്റെ കാലിന്നടിയിലെ മണ്ണ് വല്ലാതെ ഒലിച്ചുപോയി. കെ.എം സൂപ്പി, പൊട്ടൻ കണ്ടി കുഞ്ഞമ്മദ്, കലന്തൻ മാഷ് തുടങ്ങി ഒട്ടേറെ നേതാക്കൾ ലീഗിലേക്ക് വന്നു. മുസ്ലിം ജനസാമാന്യത്തിന്റെയും പാനൂർ ദേശത്തിന്റെയും മനസ്സ് വായിച്ചാണ് അവരങ്ങിനെ തീരുമാനിച്ചത്. ഒരു ഘട്ടത്തിൽ ഏറ്റവും കൂടുതൽ ഭൂരിപ ക്ഷം നേടിയ എം.എൽ.എക്കുള്ള ആദരവ് ഏറ്റുവാങ്ങിയ പി.ആർ കുറുപ്പ് തന്റെ അരുമശിഷ്യനായ കെ.എം. സൂപ്പിയോട് പരാജയപ്പെട്ടു. ഓരോ പാർ ട്ടി മാറ്റത്തിലും ധാരാളം പേർ കൂടെ ചേരാതെ മാറിനിന്ന് കൊണ്ട് കുറുപ്പിനെ തള്ളിക്കളഞ്ഞു. പാനൂരിലും പരിസരങ്ങളിലുമുള്ള മഹാഭൂരി

പക്ഷം മുസ്‌ലിംകളും മുസ്‌ലിം ലീഗിന്റെ കൊടിക്കൂറയിലായി. മാവിലാട്ട് മഹമൂദ് സ്മാരക സൗധം പാനൂരിൽ ഉയർന്നു. മുസ്‌ലിം സമുദായം ഒരുമയോടെ നിന്ന് പാനൂർ പള്ളി പുനർനിർമിച്ചു. പാനൂരിന്റേയും പരിസരങ്ങളിലെയും എല്ലാരംഗങ്ങളിലും സ്വതന്ത്രമായ രാഷ്ട്രീയ പ്രവർത്തനം സാധ്യമായി.

അസ്ഥിരതയുടെയും അക്രമത്തിന്റെയും മുഷ്കിന്റെയും രാഷ്ട്രീയം കാലയവനികയിൽ മറയുന്നതാണ് പിന്നീട് കാണുന്നത്. മുസ്‌ലിം ലീഗിനെ നിഷ്പ്രഭമാക്കാൻ ഇറങ്ങിയവർ തന്നെ 1982 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ എൻ. എ. മമ്മു ഹാജിയെ പിന്തുണച്ചു. പിന്നീട് അദ്ദേഹത്തിന്റെ മരണശേഷം 1985 ൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ഇ.ടി. മുഹമ്മദ് ബഷീറിനെയും പിന്തുണച്ചു. നിയോജകമണ്ഡലത്തിലെ പല തദ്ദേശ സ്ഥാപനങ്ങളിലെയും ഭരണം മുസ്‌ലിം ലീഗിന്റെയും സഖ്യകക്ഷികളുടെയും നിയന്ത്രണത്തിലായി. ഒരു കാലത്ത് ഒളിച്ച് മാത്രം വായിക്കാൻ കഴിയുന്ന ചന്ദ്രിക പത്രത്തിന് ആയിരക്കണക്കിന് വരിക്കാരും അതിന്റെ എത്രയോ മടങ്ങ് വായനക്കാരുമായി. പാറാട്ട് വിട്ടാൽ പാനൂർ വരെ പോകാൻ മറ്റ് പാർട്ടിക്കാർ ഭയപ്പെട്ടിരുന്ന ദേശങ്ങളിലെല്ലാം മാടമ്പി രാഷ്ട്രീയത്തിന്റെ വേരറ്റ് ചിതൽ തിന്നു പോയി. സഞ്ചാരസ്വാതന്ത്ര്യവും ആശയ പ്രചരണ സ്വാതന്ത്ര്യവും ലഭിച്ചു. ഇതിനെല്ലാം പിന്നിൽ പലരുടെയും രക്തവും വിയർപ്പും ജീവിതവുമുണ്ട്. മാവിലാട്ട് മഹമൂദിന്റെ രക്തസാക്ഷിത്വം ഇതിനെല്ലാം മുഖ്യഹേതുവായി എന്നതാണ് ചരിത്രം. ചരിത്രം ചില വ്യക്തികളെ അടയാളപ്പെടുത്തുക അവരുടെ കർമം കൊണ്ടും മരണം കൊണ്ടുമാണല്ലോ.

രാഷ്ട്രീയ ഗുണപാഠങ്ങൾ

അക്രമരാഷ്ട്രീയം കൊണ്ട് എക്കാലവും പിടിച്ചു നിൽക്കാൻ കഴിയില്ല എന്ന അനുഭവപാഠമാണ് പൂർവകാല രാഷ്ട്രീയം നമുക്ക് നൽകുന്ന സന്ദേശം. വർഗീയതയുടെ അസ്ഥിവാരത്തിൽ കെട്ടിപ്പൊക്കുന്നത് തൽക്കാലം ബലവത്തായി തോന്നുമെങ്കിലും ചീട്ടുകൊട്ടാരം പോലെ തകർന്നു പോകും എന്നതാണ് മറ്റൊരു പാഠം. രക്തസാക്ഷിയുടെ രക്തം വ്യഥാവിലായില്ല എന്ന് ഇന്നത്തെ പെരിങ്ങളം രാഷ്ട്രീയം വിളിച്ചോതുന്നു. മുൻപ് അക്രമ രാഷ്ട്രീയത്തിന്റെ താക്കോലേന്തിയവർ അപ്രസക്തരായതും നമ്മൾ കാണുന്നു.

പാനൂരിലെ പുതിയ ആകാശം

ചരിത്രത്തിന്റെ വിധാനത്തിൽ പുതിയൊരു അധ്യായം സൃഷ്ടിച്ച ഈ രക്തസാക്ഷ്യത്തെ വിശേഷിപ്പിക്കാൻ സോഷ്യലിസ്റ്റ് നേതാവായിരുന്ന വി.കെ. അച്യുതൻ രേഖപ്പെടുത്തിയ 'പാനൂരിൽ പുതിയ ആകാശം തെളിഞ്ഞു' എന്ന വാക്യം എത്ര വലിയ ശരി. നമ്മൾ ഇന്ന് ജീവിക്കുന്നത് പല വെല്ലുവിളികളുടെയും, വിശേഷിച്ച് ഫാസിസത്തിന്റെ തേരോട്ട കാലത്താണെങ്കിലും തെളിഞ്ഞ ആകാശമുള്ള പാനൂരിലാണ്.

സൂചന

1. മുസ്‌ലിം മനസ്സിനെ കണ്ടെത്തൽ. രാജ് മോഹൻ ഗാന്ധി. Page 126.
2. കേരള മുസ്‌ലിം ചരിത്രം. പി. എ. സെയ്തു മുഹമ്മദ്. Page 206.
3. സീതി സാഹിബ് (ജീവചരിത്രം). ടി.എം. സാവാൻ കുട്ടി. Page 57.
4. ബാഫഖി തങ്ങൾ സ്മാരക ഗ്രന്ഥം (ലേഖനം). എൻ.വി. അബ്ദുസ്സലാം മൗലവി. Page 107.
5. മുഹമ്മദ് അബ്ദുറഹിമാൻ (ചരിത്രം). S.K. പൊറ്റക്കാടും മറ്റ് ചിലരും. Page 320.
6. Mappila Muslims of Kerala. R. E. Miller. Page 161.
7. A History of Kerala. K.M. Panikkar. Page 380.
8. എന്റെ ജീവിതകഥ. മൊയാരത്ത് ശങ്കരൻ. Page 28.
9. ഷേർ- ഇ- കേരള കെ എം സീതി സാഹിബ്. കെ.കെ. മുഹമ്മദ്, അബ്ദുൽ കരീം. Page 77.
10. The History of Hyder Ali Khan Bahadur. De La Tour. Page 108.
11. Origin-de-Mahe. Alfred Martineau. (Agreement dated 12101738).
12. Malabar Manual, Vol 2. Page: cccxiii.
13. ഒരു വിവാദ പുരുഷന്റെ കഥ. പള്ളിക്കര വി.പി. മുഹമ്മദ്. Page 15.
14. എന്റെ നാടിന്റെ കഥ, എന്റെയും. പി.ആർ. കുറുപ്പ്. Page 23.
15. Ibid.
16. ഒരു വിവാദ പുരുഷന്റെ കഥ. പള്ളിക്കര വി.പി. മുഹമ്മദ്. Page 9.
17. എന്റെ നാടിന്റെ കഥ, എന്റെയും. പി.ആർ. കുറുപ്പ്. Page 71.
18. ഒരു വിവാദ പുരുഷന്റെ കഥ. പള്ളിക്കര വി.പി. മുഹമ്മദ്. Page 24.
19. നേർക്കുനേരെ ഒരു ജീവിതം (ആത്മകഥ). കെ. എം. സൂപ്പി. Page 51.
20. പഴശ്ശിയും കടത്തനാടും. കെ. ബാലകൃഷ്ണൻ. Page 305.
21. എൻ.എ.എം. പെരിങ്ങത്തൂർ. ഇതിഹാസം സ്മരണിക. Page 111.
22. ജൈത്രയാത്ര സുവനീർ ലേഖനം. വി.ആർ. കൃഷ്ണയ്യർ.
23. പഴശ്ശിയും കടത്തനാടും. കെ. ബാലകൃഷ്ണൻ. Page 305.
24. വീരഗാഥ. ലേഖനം. പിണറായി വിജയൻ.

ഇതിഹാസം

1978 ൽ പ്രസിദ്ധീകരിച്ച 'ഇതിഹാസം'
എന്ന പുസ്തകത്തിൽ നിന്നും തിരഞ്ഞെടുത്ത
ലേഖനങ്ങളും കവിതകളും

ഇതിഹാസം 1978
സ്മാരക ഗ്രന്ഥ പ്രസിദ്ധീകരണ കമ്മിറ്റി

എൻ.എ.എം. പെരിങ്ങത്തൂർ
പി.സി. മഹമൂദ്
മാണിക്കോത്ത് യൂസുഫ്
എൻ.കെ.സി. ഉമ്മർ (ജോ. കൺവീനർ)
പി. മൂസ്സ മാസ്റ്റർ
സി. എച്ച്. കുഞ്ഞമ്മദ് മാസ്റ്റർ
കെ. എം. കുഞ്ഞമ്മദ്
ഇ. ഉബൈദുല്ല മാസ്റ്റർ
എൻ. കുഞ്ഞമ്മദ്
ടി. കുഞ്ഞഹമ്മദ് മാസ്റ്റർ
കെ.വി. സൂപ്പി (കൺവീനർ)
മുഹമ്മദ് മൗലവി
കെ.ടി. മമ്മു
എം.വി.കെ. മൗലവി
ആർ. അബ്ദുള്ള
പി. കെ. യൂസുഫ്
എം. എസ്. എ. മൗലവി
പി.വി. കുഞ്ഞബ്ദുള്ള മൗലവി

ഒരു സഹപ്രവർത്തകന്റെ ദുഃഖസ്മരണ

കെ.വി.സൂപ്പി

1974 ജനുവരി 12

ജനാബ് മാവിലാട്ട് മഹമൂദ് രക്തസാക്ഷിത്വം വരിച്ചത് അന്നാണ്. ഇന്ത്യൻ മുസ്‌ലിംകളുടെ ഏക ആധികാരിക രാഷ്ട്രീയ സംഘടനയായ മുസ്‌ലിം ലീഗിന്റെ മഹത്തായ സന്ദേശം പെരിങ്ങളം മണ്ഡലത്തിലും എത്തിക്കാൻ അഹോരാത്രം യത്നിച്ചുവെന്നതൊഴിച്ചാൽ ജഃ മഹമൂദിന്റെ രക്തസാക്ഷിത്വത്തിനു മറ്റൊരു കാരണവുമില്ല. പെരിങ്ങളം നിയോജക മണ്ഡലത്തിൽ, വിശിഷ്യാ പാനൂർ പരിസരങ്ങളിൽ മുസ്‌ലിം ലീഗിന്റെ ശബ്ദം മുഴക്കുക എന്നത് ആയാസരഹിതമായ ജോലിയൊന്നുമല്ല. ചില്ലറക്കാരൊന്നും അതിനു യത്നിക്കാറുമില്ല. അപാരമായ ആത്മധൈര്യവും, കർമശേഷിയും, അർപ്പണ മനോഭാവവുമുള്ളവർക്കേ ഈ രംഗത്ത് പ്രത്യക്ഷപ്പെടാനും മുമ്പോട്ടു പോകാനും കഴിയുകയുള്ളൂ എന്നത് കഴിഞ്ഞകാല അനുഭവങ്ങളിൽ നിന്നുള്ള ഒരു പാഠമാണ്.

കുറെ വർഷങ്ങളായി ഈ രംഗത്ത് പ്രവർത്തിച്ച പലർക്കുമുണ്ടായ ദുരനുഭവങ്ങൾ ഇവിടെ പ്രത്യേകം രേഖപ്പെടുത്തേണ്ടതായിട്ടില്ല. സമ്പത്തും ആരോഗ്യവും ആത്മാഭിമാനവും തകർന്ന് രാഷ്ട്രീയപ്രവർത്തനത്തിന്റെ കർമപഥത്തിൽ മലർന്നടിച്ചുവീണ പല സാമൂഹ്യ പ്രവർത്തകരുടെയും കരളലിയിക്കുന്ന കഥയറിയാവുന്ന മണൽത്തരികളാണിവിടെയുള്ളത്. ഇഞ്ചിഞ്ചായി മരണം വരിക്കേണ്ടി വന്നവർ, കൂട്ടായ്മക്കവർച്ചക്ക് വിധേയരാകേണ്ടി വന്നവർ, അഭിമാനം ക്ഷതപ്പെട്ടവർ, രാത്രിയുടെ മറവിൽ ജീവൻ ബലി കൊടുത്തവർ അങ്ങിനെ എത്രയെത്ര പേർ! പക്ഷെ ആ മണൽത്തരികൾ പോലും ആ കഥ പറയാൻ ധൈര്യപ്പെടാറില്ല. പേടിയാണ്; പേടി!

രാഷ്ട്രീയ പ്രവർത്തനത്തിന്റെ രാക്ഷസീയ താണ്ഡവം നടക്കുന്ന

ഒരൊറ്റ നിയോജകമണ്ഡലമേ കേരളത്തിലുള്ളൂ. അത് പാനൂരാണ് (പെരിങ്ങളം).

ഇവിടെ ബാധകമല്ല

സംസ്ഥാന നിലവാരത്തിൽ രൂപം കൊള്ളുന്ന യാതൊരു രാഷ്ട്രീയ കൂട്ടുകെട്ടുകളും കുറെ വർഷങ്ങളായി ഇവിടെ ബാധകമായിരുന്നില്ല എന്നു തന്നെ വേണം പറയാൻ. 1957-61 കാലത്ത് അന്നത്തെ പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയും മുസ്‌ലിം ലീഗും തമ്മിൽ ഒരു രാഷ്ട്രീയ സഖ്യം നിലവിലുണ്ടായിരുന്ന സന്ദർഭം ഒഴിച്ചുനിർത്തിയാൽ മറ്റെല്ലാ ഘട്ടങ്ങളിലും മുസ്‌ലിം ലീഗിന്റെ പ്രവർത്തനങ്ങൾ ദുഷ്കരവും വിഷമപൂർണ്ണവുമായിരുന്നു. തൽഫലമായി മുസ്‌ലിം ലീഗിന് പാനൂരിൽ കേവലമൊരു ഓഫീസ് പാർട്ടി മാത്രമായി നിലനിന്നു പോരേണ്ടി വന്നിട്ടുണ്ട്. രാഷ്ട്രീയ പ്രവർത്തനം പ്രമേയത്തിൽ ഒതുക്കി ഒപ്പിക്കുന്നതിൽ കവിഞ്ഞുള്ള കർമങ്ങളൊന്നും ലീഗിന് ആവിഷ്ക്കരിക്കാൻ സാധിച്ചിരുന്നില്ല. ഇത്തരമൊരു ഭീതിജനകമായ പശ്ചാത്തലത്തിലാണ് പാനൂരിലെ മുസ്‌ലിം ലീഗിന്റെ ധീരോജ്ജ്വലവും ആവേശകരവുമായ ഉയിർത്തെഴുന്നേൽപ്പ് സംഭവിക്കുന്നത്. ഈ ഉയിർത്തെഴുന്നേൽപ്പിൽ ജഃ മാവിലാട്ട് മഹമൂദ് പ്രദർശിപ്പിച്ച ആത്മധൈര്യവും, പ്രവർത്തന ശേഷിയും അനുകരണീയമായിരുന്നു. സ്വതഃസിദ്ധമായ വിനയവും സ്ഥിര ചിത്തതയും സ്ഥിരോത്സാഹവും, കാര്യശേഷിയും, അർപ്പണ മനോഭാവവും കൊണ്ട് ജഃ മാവിലാട്ട് മഹമൂദ് അതിവേഗം സുഹൃത്തുക്കളിൽ സ്ഥാനം പിടിച്ചു. മാത്രമല്ല തന്റെ സഹപ്രവർത്തകരിൽ ആത്മവിശ്വാസവും കർമധീരതയും വളർത്തിക്കൊണ്ട് രാഷ്ട്രീയപ്രവർത്തനത്തിന്റെ പുതിയൊരു പാത വെട്ടിത്തുറന്നു കൊടുക്കാനും ജഃ മാവിലാട്ട് മഹമൂദിനു സാധിച്ചു. പാനൂരിലുണ്ടായ ഈ മാറ്റം പ്രതിയോഗികളിൽ കനത്ത അമർഷവും അസൂയയും ഭീതിയും വളർത്തുവാൻ ഇടയായി എന്നതൊരു യാഥാർത്ഥ്യമാണ്. താൻ ബന്ധപ്പെട്ടിരിക്കുന്ന രംഗത്തെ സംബന്ധിച്ച് തികഞ്ഞ ബോധവും ഏറ്റെടുത്ത കൃത്യങ്ങൾ ഏറ്റവും ഭംഗിയായും കൃത്യമായും സത്യമായും നിർവഹിക്കുന്നതിലുള്ള തികഞ്ഞ ആത്മാർത്ഥതയും മറ്റു പലരിൽ നിന്നും അദ്ദേഹത്തെ വേർതിരിച്ചുനിർത്തുന്നു.

മതഭക്തി

ദീനി കാര്യങ്ങളിലുള്ള അദ്ദേഹത്തിന്റെ അഗാധമായ താൽപര്യവും ഇബാദത്തുകളിലുള്ള ശക്തമായ ആഭിമുഖ്യവും എടുത്തു പറയത്തക്ക

താണ്. പാതിരാ സമയത്ത് ഉറക്കമുണർന്ന് സുന്നത്ത് നമസ്ക്കാരം (തഹജ്ജുദ്) നിർവഹിക്കുന്ന എത്ര യുവാക്കളുണ്ടീ കാലത്ത്? അദ്ദേഹം അതു പോലും കൃത്യമായി നിർവഹിക്കുന്നതിൽ വീഴ്ച്ച വരുത്താറില്ലായിരുന്നു. ദർസിലോ അറബി കോളേജിലോ ചേർന്നു മതവിജ്ഞാനം നേടാൻ അവസരം സിദ്ധിച്ചിരുന്നില്ല. എങ്കിലും അത്തരം അവസരം ലഭിച്ച പലരേയും അമ്പരപ്പിക്കത്തക്ക വിധത്തിലുള്ളതായിരുന്നു അദ്ദേഹത്തിന്റെ മതവിജ്ഞാനം. വി. ഖുർആനിലേയും തിരുവചനങ്ങളിലേയും അനേകം ഉദ്ധരണികളാൽ നിബിഢമായിരുന്നു ജഃ മഹമൂദിന്റെ ഡയറി. മതഗ്രന്ഥങ്ങൾ കിട്ടാവുന്നിടത്തെല്ലാം ശേഖരിക്കുന്നതിലും അവ ശരിയാംവണ്ണം അപഗ്രഥിച്ച് പഠിക്കുന്നതിലും ആ യുവാവ് അസാധാരണമായ ഔൽസുക്യം പ്രദർശിപ്പിച്ചുപോന്നിരുന്നു. തന്റെ ഏക മകൻ മുനീറിനെ ഒരു മതപണ്ഡിതനാക്കി വളർത്തുക എന്നതായിരുന്നു ഏറ്റവും വലിയൊരു അഭിലാഷം. യുവത്വത്തിന്റെ ചാപല്യങ്ങളൊന്നും തീണ്ടാത്ത ഇത്തരം സ്വഭാവവിശേഷങ്ങൾ സാധാരണ യുവാക്കളിൽ നിന്നും വ്യതിരിക്തമായ ഒരു സവിശേഷ വ്യക്തിത്വത്തിന്റെ ഉടമയാണ് താനെന്ന് വിളിച്ചറിയിക്കുന്ന വിധത്തിലുള്ളതായിരുന്നു. സുന്നിടൈംസ് വാരികയിലൂടെ എം. മാവിലാട്ട് എന്ന തൂലികാനാമത്തിൽ പ്രസിദ്ധീകൃതമായ ലേഖനങ്ങൾ ആ വ്യക്തിത്വം പ്രതിഫലിപ്പിക്കുന്നതായി കാണാം.

പാനൂർ മുസ്ലിം യങ്ങ്മെൻസ് അസോസിയേഷൻ

ഒരു വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ തന്റെ സാമൂഹ്യപ്രവർത്തനങ്ങളിലുള്ള പാടവം ജഃ മഹമൂദ് തെളിയിച്ചിരുന്നു. പാനൂരിലെ മുസ്ലിം ജനസാമാന്യത്തിന്നിടയിൽ ഒരു സാംസ്കാരിക പരിവർത്തനത്തിന് പാനൂർ മുസ്ലിം യങ്ങ്മെൻസ് അസോസിയേഷന്റെ രൂപീകരണത്തിലും തുടർന്നുള്ള പ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തം വഹിക്കുകയും അതിന്റെ പുരോഗതിക്കായി തീഷ്ണയത്നത്തിൽ ഏർപ്പെടുകയും ചെയ്തു. പ്രസ്തുത അസോസിയേഷൻ സംഘടിപ്പിച്ചിരുന്ന റിലീഫ് പ്രവർത്തനങ്ങൾക്ക് വേണ്ടി അരിയും, നെല്ലും മറ്റും ശേഖരിക്കാൻ സ്വന്തം തോളിൽ ചാക്കുമേറി വീടുവീടാന്തരം കയറിയിറങ്ങുന്നതിൽ അറിയപ്പെടുന്ന ഒരു അഭിജാതകുടുംബത്തിൽ, സ്ഥലത്തെ പൗരപ്രധാനികളിൽ മുഖ്യനായിരുന്ന ജഃ ചാലിൽ ഹസ്സൻ സാഹിബിന്റെ മകനായി പിറന്ന ജഃ മഹമൂദ് ഒരു നാണക്കേടും വൈമനസ്യവും പ്രദർശിപ്പിച്ചിരുന്നില്ല. ഇന്ന് പാനൂർ മുസ്ലിം യങ്ങ്മെൻസ് അസോസിയേഷൻ ആ പ്രദേശത്തെ മത

സാമൂഹ്യസാംസ്ക്കാരിക രംഗങ്ങളിൽ മഹത്തായ സംഭാവനകളർപ്പിച്ച് മുന്നേറുന്ന ഒരു ശക്തിയാണ്.

ഇതേകാലത്തു തന്നെ മുസ്‌ലിം ലീഗിന്റെ സജീവരംഗത്തും നമുക്കദ്ദേഹത്തെ കാണാം. 1973 ൽ പാനൂരിൽ സംഘടിപ്പിക്കപ്പെട്ടിരുന്ന മുസ്‌ലിം ലീഗ് മഹാസമ്മേളന പ്രവർത്തനരംഗത്തും പാർലമെന്റ് തെരഞ്ഞെടുപ്പ് കാലത്തും ജഃ മഹമൂദ് സജീവമായി പങ്കെടുത്തിരുന്നു. വിദ്യാർത്ഥി ജീവിതം കഴിഞ്ഞ് ഏറെ താമസിക്കുന്നതിനു മുമ്പായി തന്റെ കുടുംബസുഹൃത്തും ബോംബെയിലെ ഒരു വ്യാപാര പ്രമുഖനും സാമൂഹ്യപ്രവർത്തകനുമായ ജഃ എം. അബുഹാജി സാഹിബിന്റെ സീമന്തപുത്രിയെ കല്ല്യാണം കഴിച്ചു. ആ ദാമ്പത്യബന്ധത്തിന്റെ സ്മാരകമായി മൂന്നു സന്താനങ്ങളും ജീവിച്ചിരിപ്പുണ്ട്. 5 വയസ്സായ മുനീറും, സാജിദ (3) യും സമീറ (10 മാസം) യും. സമീറയുടെ പിഞ്ചുവദനം കാണാനുള്ള ഭാഗ്യം ആ പിതാവിനുണ്ടായിരുന്നില്ല. ഭാര്യ മറിയം ഒമ്പതാം മാസം ഗർഭിണിയായിരിക്കുമ്പോഴാണ് ദുഃഖനിർഭരമായ ആ സംഭവം നടന്നത്. പെങ്ങൾ നഫീസയും പൂർണ്ണ ഗർഭിണിയായിരുന്നു എന്നത് ആ സംഭവത്തിന്റെ ദയനീയതയ്ക്ക് കനം കൂട്ടുകയായിരുന്നു.

നിശബ്ദ പ്രവർത്തനം

പിതാവിന്റെ ചരമത്തോടെ ഒരു പൗരപ്രമാണി ചമയാനുള്ള എല്ലാ ചാൻസുകളുമുണ്ടായിട്ടും ആ ഭാഗത്തേക്കു തിരിഞ്ഞുനോക്കുകപോലും ചെയ്യാതിരുന്നത്, ജീവിതത്തിൽ പേരും പെരുമയും നേടിയെടുക്കാനുള്ള യാതൊരു അഭിലാഷവും ആ യുവാവിന് ഉണ്ടായിരുന്നില്ല എന്നതിന്റെ പ്രത്യക്ഷതെളിവാണ്. നിശബ്ദപ്രവർത്തനത്തിലായിരുന്നു ജഃ മഹമൂദിന് താത്പര്യം. മുസ്‌ലിം ലീഗിന്റെ സജീവരംഗത്തുനിന്ന് പലവിധ സമ്മർദ്ദങ്ങൾക്കും വിധേയമായി മാറിനിൽക്കേണ്ടി വന്നതിനു ശേഷവും എം. എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ് എന്നൊരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം പാനൂരിൽ സ്ഥാപിക്കുകയും അതിന്റെ പ്രിൻസിപ്പലായി ജോലി നോക്കുകയും ചെയ്തു. (ഇപ്പോൾ MRA ബേക്കറി നിൽക്കുന്നതിന്റെ മുകളിൽ -എഡിറ്റർ). അതെല്ലാം ഉപേക്ഷിച്ച് കൊണ്ടാണ് മുസ്‌ലിം ലീഗ് രംഗത്തേക്ക് പൂർവാധികം വാശിയോടും ആവേശത്തോടും കൂടി അദ്ദേഹം തിരിച്ചുവന്നത്. ഞങ്ങൾക്കെല്ലാം തന്നെ ബുദ്ധിപരമായ നേതൃത്വം നൽകുന്നതിലും വീരോചിതമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിലും ഒരു പ്രത്യേക വാശിയും ഉത്സാഹവും ജഃ മഹമൂദ് പ്രദർശിപ്പിച്ചിരുന്നു. പാനൂർ പരിസരങ്ങളിൽ വിറങ്ങലിച്ചു കിടന്നിരുന്ന മുസ്‌ലിം ലീഗ് പ്രവർ

ത്തനങ്ങൾ അതോടെ സട കുടഞ്ഞെഴുന്നേൽക്കുകയായിരുന്നു. 1973 മെയ് 4ന് പാനൂരിൽ ചേർന്ന മുസ്‌ലിം ലീഗ് മഹാ സമ്മേളന വിജയത്തിന് പിന്നിൽ ജഃ മഹമൂദിന്റെ നിസ്തുലമായ സംഭാവന കാണാം. ആ സമ്മേളനത്തിന്റെ പ്രചാരണരംഗത്ത് താൻ വഹിച്ച പങ്ക് രോമാഞ്ച ജനകവും അസൂയാർഹവുമായിരുന്നു. കോരിത്തരിപ്പിക്കുന്ന ആ ശബ്ദം, ഇന്നും ഈ പ്രദേശത്തെ മുസ്‌ലിം ലീഗുകാരിൽ ആവേശത്തിന്റെ പൂത്തിരി കൊളുത്തുന്നുണ്ട്.

1974 ജനുവരി 12ന് ഒരു മനുഷ്യാധമന്റെ കഠാരമുനയിൽ ഭാവി യുടെ ഒരു നല്ല വാഗ്ദാനമായിരുന്ന ആ ജീവിതം അസ്തമിച്ചുപോകു ന്നതുവരെ സമൂഹത്തിന്റെ ഉന്നതിക്കും നാട്ടിന്റെ വിമോചനത്തിനും വേണ്ടി നിലകൊണ്ടു. 1948 ജനുവരി 12നു ജന്മംകൊണ്ട ആ മഹത് വ്യക്തിത്വം തന്റെ 26-ാമത് വയസ്സ് പൂർത്തിയാക്കുന്നതിനു തൊട്ടു തലേദിവസം നിഷ്ഠൂരമായ ഒരാക്രമണത്തിന് വിധേയനാകുകയും തന്റെ പിറന്നാളിന്റെ അന്ന് (ജനുവരി 12) തന്റെ ആജീവനാന്ത സുഹൃത്തുക്കളുടെ കൈയിൽ നിന്നും ലഭിച്ച നാരങ്ങാനീര് മൊത്തി കുടിച്ചുകൊണ്ട് ഒരു പുഞ്ചിരിയോടെ തൗഹീദിന്റെ കലിമ ഉച്ചരിച്ച് അന്ത്യശ്വാസം വലിക്കുകയും ചെയ്തു. (ഭരണത്തിലിരിക്കുന്ന ഒരു കക്ഷി അതിന്റെ സഹകക്ഷിയോട് ഈ രൂപത്തിൽ പെരുമാറുന്നത് ഒരുവേള കേരള രാഷ്ട്രീയത്തിൽ തന്നെ പുതി യൊരദ്ധ്യായമാണ്. ഈ സംഭവം കേരള രാഷ്ട്രീയത്തിൽ ഒരു വലിയ കോളിളക്കം സൃഷ്ടിച്ചു. ഈ അറുപിന്തിരിപ്പൻ ധിക്കാരത്തിനെതിരായി മനഃസാക്ഷിയുള്ള ഇതര രാഷ്ട്രീയകക്ഷികൾ ശക്തമായി പ്രതിഷേധിച്ചു. അങ്ങിനെ ജീവിതത്തിൽ അറിയപ്പെടാൻ ആഗ്രഹിക്കാതിരുന്ന ജഃ മഹമൂദ് മരണം കൊണ്ട് എല്ലാവരാലും അറിയപ്പെടുകയും കേരള രാഷ്ട്രീയത്തിൽ തന്നെ ഒരു വലിയ ബിന്ദുവായി മാറുകയും ചെയ്തു).

പിറ്റേന്ന് തന്റെ ജന്മഗൃഹത്തിൽ അന്ത്യദർശനത്തിനു വെച്ച ജനാസ ഒരു നോക്കു കാണാൻ ഹിന്ദുസ്ത്രീകളടക്കമുള്ള പതിനായിര ങ്ങൾ ജാതി മതഭേദമന്യേ തടിച്ചു കൂടുകയും അന്ത്യോപചാരം അർപ്പിക്കു കയും ചെയ്തു. സംസ്ഥാന രാഷ്ട്രീയത്തിലെ പല സമുന്നത നേതാക്കളും പങ്കെടുത്ത വിലാപയാത്രയിൽ കരഞ്ഞു കലങ്ങിയ കണ്ണുകളോടും ദുഃഖ ഭാരത്താൽ കുനിഞ്ഞുപോയ ശിരസ്സുകളോടും പങ്കെടുത്ത ജനസമുദ്രം ഈ അക്രമരാഷ്ട്രീയത്തിനെതിരെയുള്ള ജ്വലിക്കുന്ന ഒരു പ്രതിഷേധവും, പാനൂരിന്റെ ചരിത്രത്തിൽ ഒരു പുതിയ മഹാസംഭവവുമായിരുന്നു. സമുന്നത നേതാക്കൾക്കു മാത്രം സിദ്ധിക്കുന്ന ഈ മരണാനന്തര

ബഹുമതി ജഃ മഹമൂദിന്റെ മഹത്വത്തെ വിളിച്ചറിയിക്കുന്നു.

പാനൂർ ജുമാഅത്ത് പള്ളി മൈതാനിയിലെ ആറടി മണ്ണിൽ അന്ത്യ വിശ്രമം കൊള്ളുന്ന ആ മഹനീയ വ്യക്തിത്വത്തിന്റെ പാവനസ്മരണക്കു മുമ്പിൽ അഭിവാദനങ്ങളർപ്പിക്കുന്നതോടൊപ്പം അദ്ദേഹത്തിനും നമുക്കും സർവോന്നതനായ അല്ലാഹു പൊറുത്തുതരികയും അവന്റെ സ്വാലിഹീങ്ങളായ അടിമകളിൽ ഉൾപ്പെടുത്തുകയും ചെയ്യുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

N.B.: കെ. വി. സൂപ്പി മാസ്റ്റർ ഇന്ന് നമ്മോടൊപ്പമില്ല. അദ്ദേഹത്തിന്റെ ഖബർ ജീവിതം അല്ലാഹു സ്വർഗ്ഗീയ സൗഭാഗ്യങ്ങളാൽ അനുഗ്രഹിക്കുമാറാകട്ടെ.. ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ച് കൂട്ടുമാറാകട്ടെ (ആമീൻ) -എഡിറ്റർ

●●

ഓർമകളിൽ ജീവിക്കുന്ന മഹമൂദ്

എൻ.കെ.സി. ഉമ്മർ

1973 ഏപ്രിൽ 15ന് ശ്രീ.പി. ആർ. കുറുപ്പും ഏതാനും അനുയായികളും കോൺഗ്രസ്സിൽ ചേർന്നു. അതോടെ പെരിങ്ങളത്ത് ഒരു വലിയ രാഷ്ട്രീയ ധ്രുവീകരണമുണ്ടാകുകയായിരുന്നു. അന്നേവരെ കുറുപ്പിന്റെ അനുയായികളായി അറിയപ്പെട്ടവർ പലരും പല പാർട്ടികളിലേക്കും പ്രവഹിച്ചു. കൂട്ടത്തിൽ പലരും മുസ്‌ലിം ലീഗിലേക്കും വന്നു. പാനൂരിലെ മുസ്‌ലിം ലീഗ് രംഗത്ത് അത് പുതിയ ചലനങ്ങൾ സൃഷ്ടിച്ചു.

1973 മെയ് 4 ന് പെരിങ്ങളം മണ്ഡലം മുസ്‌ലിം ലീഗിന്റെ ഒരു സമ്മേളനം പാനൂരിൽ ചേർന്നു. ആ സമ്മേളനം ഒരു ഗംഭീരവിജയമായിരുന്നു. ഇത് പ്രതിയോഗികളിൽ കലശലായ വിദ്വേഷവും അസൂയയും സൃഷ്ടിച്ചു. ആ സമ്മേളത്തിൽ പങ്കെടുത്തു തിരിച്ചു പോകുകയായിരുന്ന പലരെയും വഴിയിൽ പതിയിരുന്ന് ആക്രമണ വിധേയരാക്കി. ഇതിന്റെ ഫലമായി പതിനായിരക്കണക്കിൽ രൂപയും വിലപിടിപ്പുള്ള പലതും നഷ്ടപ്പെട്ടതിന് പുറമെ കുറെപേർ ആസ്പത്രിയിലുമായി. (ഈ സംഭവത്തെ കുറിച്ച് അടുത്ത നിയമസഭാ സമ്മേളനത്തിൽ ശബ്ദകോലാഹലങ്ങളുണ്ടായതും പുതുതായി കോൺഗ്രസ്സിലേക്ക് വന്നവരാണ് ഇത് ചെയ്തതെന്ന് അന്നത്തെ ആഭ്യന്തര മന്ത്രി ശ്രീ. കരുണാകരൻ ഉത്തരം പറഞ്ഞതും അനുസ്മരണീയമാണ്.)

അന്നുവരെ മുസ്‌ലിം ലീഗും കോൺഗ്രസ്സും സൗഹാർദ്ദപൂർണ്ണമായ ബന്ധത്തിലായിരുന്നു എന്ന കാര്യവും ഓർക്കേണ്ടതാണ്. ഈ പ്രശ്നം ഭരണകക്ഷി ലൈസൺ കമ്മിറ്റികളിലും സർക്കാർ തലത്തിലും മുസ്‌ലിം ലീഗ് ഉന്നയിച്ചെങ്കിലും അത് പരിഗണിച്ച് പരിഹാരമുണ്ടാക്കാൻ പുത്തൻ കോൺഗ്രസ്സ് നേതൃത്വം തയ്യാറായില്ല. മാത്രവുമല്ല പെരിങ്ങളത്തെ മുസ്‌ലിം ലീഗിന്നെതിരിൽ ഭീഷണീയമായ ഒരന്തരിക്ഷം സൃഷ്ടിക്കുന്നതിൽ അവർ

വ്യാപൃതരാകുകയും ചെയ്തു. മതഭ്രാന്തരെന്നും വർഗ്ഗീയകോമരങ്ങളെന്നും മറ്റും മറ്റുമായ എല്ലാ വൃത്തികെട്ട പദങ്ങളും മുസ്‌ലിം ലീഗിനെതിരായി അവർ വാരിവിതറി. വിളക്കോട്ടൂരിൽ കുഞ്ഞിക്കുട്ടി എന്നയാൾ എങ്ങിനെയോ കൊല്ലപ്പെട്ടു. (അതിന്റെ രഹസ്യം ഇന്നും നിഗൂഢമായി തന്നെ നിലനിൽക്കുകയാണ്. കുഞ്ഞിക്കുട്ടിയുടെ വധത്തിനു പിന്നിൽ പ്രവർത്തിച്ച കറുത്ത കരങ്ങളെ പുറത്തു കൊണ്ടുവരാൻ ആ യുവാവിന്റെ പിതാവ് എത്രമാത്രം ശ്രമിച്ചിട്ടും ഇന്നുവരെ അധികൃതർ അതിന് തയ്യാറായിട്ടില്ലെന്നതാണ് അറിവ്). അതിന്റെ ഉത്തരവാദിത്തം മുസ്‌ലിം ലീഗിന്റെ പിടലിക്കു വെച്ചുകെട്ടി; വിളക്കോട്ടൂരിൽ മുസ്‌ലിം ലീഗിന് ഒരു യൂണിറ്റ് പോലും ഉണ്ടായിരുന്നില്ലെങ്കിലും! വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത വിഷം പുരട്ടിയ കഠാരി ഉപയോഗിച്ചാണ് മുസ്‌ലിംകൾ കുഞ്ഞിക്കുട്ടിയെ കൊന്നതെന്ന് ചില പത്രങ്ങളെക്കൊണ്ട് എഴുതി രേഖപ്പെടുത്തിക്കുക പോലും ചെയ്തു. കുഞ്ഞിക്കുട്ടിയുടെ മൃതശരീരം തലശ്ശേരി ആശുപത്രിയിൽനിന്നും വീട്ടിലേക്ക് തിരിച്ചുകൊണ്ടുപോകുന്ന വഴി പാനൂരിലും, വിളക്കോട്ടൂരിലും, തൂവക്കുന്നിലും മൃതദേഹം മുന്നിൽ വച്ചുകൊണ്ട് പ്രസംഗങ്ങൾ നടത്തി. മുസ്‌ലിം ജനസാമാന്യത്തിനെതിരെ ഹിന്ദു രക്തം ചൂടുപിടിക്കണമെന്ന് ആ പ്രസംഗങ്ങളിൽ പരസ്യമായി ആഹ്വാനം ചെയ്യപ്പെട്ടു. എല്ലാ രാഷ്ട്രീയപാർട്ടികളും ഇവിടുത്തെ മുസ്‌ലിംകൾക്കെതിരെ ഏകോപിച്ചു നിൽക്കണമെന്നു വരെ പരസ്യമായി പ്രസംഗിക്കാൻ യാതൊരു മടിയും ലജ്ജയും അവർ കാണിച്ചില്ല. നിരന്തരമായ പ്രസംഗങ്ങളും പ്രചാരവേലകളും! പാനൂരിലെ മുസ്‌ലിംകൾ 24 മണിക്കൂറിനകം ഇവിടുത്തെ മദ്രസ്സകളിൽ യോഗം ചേർന്ന് തങ്ങളോട് കൂറു പ്രഖ്യാപിക്കണമെന്നും അല്ലെങ്കിൽ ഇവിടെ മുസ്‌ലിം രക്തം തളം കെട്ടുന്നത് കാണാമെന്നു വരെ പ്രസംഗശൈലി കടന്നെത്തിയെന്ന് പറഞ്ഞാൽ മതിയല്ലോ!

ഇങ്ങിനെയൊക്കെ പ്രസംഗിച്ച് നാട്ടിന്ന് തീ പിടിച്ചാൽ ഇവിടുത്തെ മുസ്‌ലിംകൾ അവരുടെ കാല്തൊട്ട് നമസ്കരിച്ചു കൊള്ളുമെന്ന് അവർ കണക്കുകൂട്ടി. ഭരണത്തിലിരിക്കുന്ന ഒരു കക്ഷി അതിന്റെ സഹകക്ഷിയോട് അഥവാ അവരുൾക്കൊള്ളുന്ന സമുദായത്തോടു തന്നെ നാക്കിൽ കൊലവിളിയും കയ്യിൽ മാരകായുധങ്ങളും കൊണ്ടുള്ള ഈ തീക്കളി കണ്ടു രസിച്ചിരിക്കാൻ മാത്രം ഇവിടുത്തെ പ്രതിപക്ഷങ്ങളുടെ ധാർമിക മനസാക്ഷി മരവിച്ചിരുന്നില്ല. സംഗതികൾ ഇത്രത്തോളം പുരോഗമിച്ചപ്പോൾ അവർ ഈ തീക്കളിക്കെതിരെ ശക്തമായി രംഗത്തുവന്നു. മുസ്‌ലിം സമുദായത്തിനെതിരെ വരുന്ന വെല്ലുവിളികൾ നേരിടുന്ന കാര്യത്തിൽ

പ്രതിപക്ഷകക്ഷി പ്രവർത്തകരും കൂട്ടായുണ്ടാകുമെന്ന് അവർ പ്രഖ്യാപിച്ചു. ഈ വസ്തുത വ്യക്തമാക്കിക്കൊണ്ട് കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയും അന്നത്തെ സോഷ്യലിസ്റ്റ് പാർട്ടിയും പലപ്പോഴായി പ്രസംഗങ്ങൾക്ക് പുറമെ അച്ചടിച്ച നോട്ടീസുകൾ പോലും പുറത്തിറക്കി. സന്ദർഭോചിതമായ ഇത്തരം ഇടപെടലുകൾ പ്രതിപക്ഷത്തുനിന്നും ഉണ്ടായിരുന്നില്ലെങ്കിൽ എന്തു സംഭവിക്കുമായിരുന്നുവെന്നത് ഊഹാതീതമാണ്.

ഒരു ദിവസം വെള്ളിയാഴ്ച (1974 ജനുവരി 11) പൂക്കോം ജുമാഅത്ത് പള്ളിയിലേക്ക് ജുമുഅയ്ക്ക് പോകുകയായിരുന്നവരെ ആക്രമിക്കുകയും അക്രമികൾ അടുത്തുള്ള ഒരമ്പലത്തിൽ കയറിയിരിക്കുകയും ചെയ്തു. ഉദ്ദേശ്യം സുവ്യക്തം. ഈ സംഭവമറിഞ്ഞ മാവിലാട്ട് മഹമൂദടക്കം ഞങ്ങൾ മൂന്നാലാളുകൾ പൂക്കോത്തേക്കു പോയി. മുറിവേറ്റവരെ ഞങ്ങൾ തലശ്ശേരി ആശുപത്രിയിൽ എത്തിക്കുകയും അവർക്ക് വേണ്ടുന്ന സൗകര്യങ്ങളൊക്കെ ചെയ്തു കൊടുക്കുകയും ചെയ്തു. കേയിസാഹിബിന്റെ ഓഫീസിൽ വെച്ച് അദ്ദേഹവുമായി സംസാരിച്ചു ഞങ്ങൾ പാനൂരിലേക്കു തന്നെ തിരിച്ചു. അതുവരെ അന്ന് ഭക്ഷണമൊന്നും കഴിച്ചിരുന്നില്ല. ഞങ്ങൾ ഒരു ഹോട്ടലിൽ കയറി, അവിടെ ഒന്നും ഉണ്ടായിരുന്നില്ല. ഓരോ ഉണക്കപൊറാട്ട മാത്രം കിട്ടി. വിശക്കുന്നതു കൊണ്ട് മഹമൂദ് വീട്ടിലേക്ക് പോകാനുള്ള ശ്രമത്തിലായിരുന്നു. പാനൂരിലെ അന്തരീക്ഷം അത്ര പന്തിയല്ലെന്ന് ഞങ്ങൾക്കുതോന്നി. അതുകൊണ്ട് പെട്ടെന്ന് വീട്ടിലേക്ക് പോയില്ല. പോലീസ് സ്റ്റേഷനുമായി ഞങ്ങൾ നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. പാനൂരിലെ അന്തരീക്ഷം വഷളാണെന്നും അടിയന്തരശ്രദ്ധ പതിക്കണമെന്നും ഞങ്ങളാവശ്യപ്പെട്ടു. അതൊന്നും സാരമാക്കേണ്ട, ഒന്നും സംഭവിക്കാൻ പോകുന്നില്ലയെന്ന മറുപടി ഞങ്ങൾക്ക് കിട്ടിക്കൊണ്ടിരുന്നു.

നിമിഷങ്ങൾക്കകം അത് നടന്നു. അത്യന്തം അനിഷ്ടകരമായ ആ സംഭവം. മഹമൂദ് കഠാരക്കുത്തേറ്റു വീണു. (സാങ്കേതിക കാരണങ്ങളാൽ സംഭവം ഇവിടെ വിശദീകരിക്കുന്നില്ല).* പലരും സംഭവസ്ഥലത്തേക്ക് ഓടിയെത്തി. കൂട്ടത്തിൽ അനുജൻ ഉസ്മാനും ഭാര്യയുടെ അമ്മാവൻ മമ്മു ഹാജിയുമുണ്ടായിരുന്നു. ഞങ്ങൾ മഹമൂദിനെ ഉടൻ തലശ്ശേരി ആശുപത്രിയിലെത്തിച്ചു. കേയിസാഹിബടക്കം പലരും ആശുപത്രിയിലേക്കോടിയെത്തി. ആശുപത്രി പരിസരം ജനനിബിഡമായി. പ്രവർത്തകർ നൽകിയ രക്തം കുത്തികയറ്റിക്കൊണ്ടിരുന്നു. ആശങ്കാകുലമായ നിമിഷങ്ങൾ. വേദനാനിർഭരമായ ഈ സംഭവം സൃഷ്ടിച്ച പൈശാചികശക്തികൾക്കെതിരെ ജനരോഷം തിളച്ചുമറിയുന്നു. ഫലപ്രദമായ അടിയന്തിര ചികിത്സ ലഭി

ക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച കേയി സാഹിബടക്കമുള്ള നേതാക്കൾ ജനങ്ങളെ ശാന്തരാക്കുന്നതിലും കിണഞ്ഞു ശ്രമിക്കുന്നുണ്ടായിരുന്നു.

സമയം വളരെയൊന്നും വൈകിയില്ല. പാനൂർ പോലീസ് സബ്ബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു പോലീസ് വണ്ടി ആശുപത്രിക്കു മുമ്പിൽ വന്നുനിന്നു. പരിക്കേറ്റയാളുടെ കാര്യം അന്വേഷിക്കാനായിരിക്കുമെന്നു ഉദ്ദേശിച്ച ഞങ്ങൾക്കു തെറ്റിപ്പോയി. പാനൂരിലെ മുസ്ലിം ലീഗിന്റെ മുന്നണി പ്രവർത്തകരെ അറസ്റ്റ് ചെയ്യാനുള്ള വരവായിരുന്നു അത്! പോലീസിന് അവർ വന്ന വണ്ടിയിൽ തന്നെ ഞങ്ങളെ കൊണ്ടു പോകണം (അപ്പോഴേക്കും പാനൂർ പോലീസ് സ്റ്റേഷനിൽ ഞങ്ങൾക്കെതിരായി ഒരു കേസ് രജിസ്റ്റർ ചെയ്യപ്പെട്ടു കഴിഞ്ഞിരുന്നു എന്നർത്ഥം). പാനൂരിൽ ഇതിനിടെ ചില മുസ്ലിം വീടുകൾ പോലീസ് സർച്ച് നടത്തിക്കഴിഞ്ഞിരുന്നു. പോലീസിന്റെ നീക്കം മനസ്സിലാക്കിയ ചില പ്രവർത്തകരുടെ പ്രതികരണം അൽപം ഉറച്ച സ്വരത്തിലുള്ളതായിരുന്നു. സംഗതി അത്ര പന്തിയല്ലെന്നു മനസ്സിലാക്കിയ പോലീസ്, കാലത്ത് 8 മണിക്ക് മുമ്പായി പാനൂർ പോലീസ് സ്റ്റേഷനിൽ ഹാജരായിക്കൊള്ളണമെന്ന് തിട്ടൂരവും പുറപ്പെടുവിച്ചു തിരിച്ചു പോയി.

രാത്രി മുഴുവൻ മഹമൂദിന്റെ കിടക്കക്കരികെ ഉൽക്കണ്ഠാകുലമായ ഹൃദയത്തോടെ ദുഃഖം ഘനീഭവിച്ചു നിൽക്കുന്ന അന്തരീക്ഷത്തിൽ ഞങ്ങൾ കഴിച്ചുകൂട്ടി. കൂട്ടത്തിൽ മഹമൂദിന്റെ കുറെ അടുത്ത ബന്ധുക്കളും ഉണ്ടായിരുന്നു. അനിശ്ചിതത്ത്വത്തിന്റെ മുടിനാരിഴയിൽ തൂങ്ങിനിൽക്കുന്ന ആ വിലപ്പെട്ട ജീവനുവേണ്ടി ഞങ്ങൾ സർവശക്തനായ നാഥനോട് ഹൃദയം നൊന്ത് പ്രാർത്ഥിക്കുകയായിരുന്നു.

പോലീസിന്റെ തിട്ടൂരം മാനിക്കണമല്ലോ. ഞങ്ങൾ കാലത്ത് പാനൂർ സ്റ്റേഷനിലേക്ക് പോയി. പെട്ടെന്ന് തിരിച്ച് പോരാമെന്ന് പോലീസ് ഉറപ്പു പറഞ്ഞതായിരുന്നു. ഞങ്ങളത് വിശ്വസിച്ചാണ് പോയത്. ഞങ്ങൾ വഞ്ചിക്കപ്പെട്ടു. സ്റ്റേഷനിലെത്തിയ ഞങ്ങളെ ആദ്യമേ ലോക്കപ്പിലേക്ക് തള്ളി. എങ്ങുനിന്നെല്ലാമോ സ്റ്റേഷനിലേക്ക് ഫോൺകോളുകൾ വന്നുകൊണ്ടേയിരിക്കുന്നു. മഹമൂദിന്റെ സ്ഥിതി ഗുരുതരമായി വരികയാണെന്നു പോലീസിന്റെ മറുപടി ശബ്ദത്തിൽ നിന്നും ഞങ്ങൾക്ക് ഊഹിക്കാൻ കഴിഞ്ഞു.

ഞങ്ങളെ വിട്ടയക്കാൻ കേണപേക്ഷിച്ചുനോക്കി. എപ്പോൾ എവിടെ വേണമെങ്കിലും ഹാജരായിക്കൊള്ളാം. തൽക്കാലം ഞങ്ങളുടെ ആത്മസഖാവിനെ കാണാൻ അനുവദിച്ചു തരാൻ കനിവുണ്ടാകണമെന്ന് ഞങ്ങൾ ആവർത്തിച്ചാവശ്യപ്പെട്ടു. അതു ചെവികൊള്ളാൻ മാത്രമുള്ള ഹൃദയം

അവർക്കില്ലായിരുന്നു. അതാ വരുന്നു മറ്റൊരു ഫോൺ, സ്ഥിതി അത്യന്തം ഗുരുതരമാണ്. ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോകുകയാണ്. അതായിരുന്നു വാർത്ത. അതറിഞ്ഞ ഞങ്ങൾ പൊട്ടിക്കരഞ്ഞുപോയി. ഞങ്ങൾ വീണ്ടും പോലീസിനോട് യാചിച്ചു. അതിനിടെ അവിടെ എത്തിച്ചേർന്ന ഒരു പോലീസുദ്യോഗസ്ഥൻ ഞങ്ങളോടല്പം കരുണ കാണിച്ചു. അദ്ദേഹത്തിന്റെ ഇടപെടൽ കാരണം തൽക്കാലം ഞങ്ങൾക്ക് മോചനം ലഭിച്ചു. രാത്രി തിരിച്ചെത്തിക്കൊള്ളണമെന്ന ഉപാധിയോടെ.

പുറത്തിറങ്ങിയ ഞങ്ങൾ ഉടൻ ഒരു ടാക്സിയിൽ കോഴിക്കോട്ടേക്ക് തിരിച്ചു. മെഡിക്കൽ കോളേജ് ഗേറ്റിൽ വെച്ച് ആ വാർത്ത ഞങ്ങളുടെ ചെവിയിലെത്തി. ഞങ്ങൾ സ്തബ്ധരായി കുഴഞ്ഞു വീണുപോയി.

മെഡിക്കൽ കോളേജിലെത്തുന്നതിനു മിനുട്ടുകൾക്ക് മുമ്പായി അത് സംഭവിച്ചിരുന്നു. മഹമൂദിനെ കോഴിക്കോട്ടേക്ക് കൊണ്ടുപോയ വാഹനത്തിൽ അനുജൻ ഉസ്മാൻ, ഭാര്യാകാരണവന്മാരായ കെ.പി. മമ്മു ഹാജി, മൂസ്സു, മറ്റൊരു സഹോദരൻ കെ.പി. അബ്ദുറഹിമാൻ എന്നിവരും മറ്റുമാണുണ്ടായിരുന്നത്. അവരെ കൂടാതെ ബന്ധുക്കളും മിത്രങ്ങളും സഹപ്രവർത്തകരുമായ ഒരു വലിയ ജനക്കൂട്ടം അവിടെ തടിച്ചുകൂടിയിരിക്കുന്നതായി കണ്ടു. കേയി സാഹിബ്, പി.എം. ഉമ്മർഖാൻ, എ.വി. അബ്ദുറഹിമാൻ ഹാജി തുടങ്ങിയ നേതാക്കളുമുണ്ടായിരുന്നു.

ഞങ്ങൾ ആ മൃതശരീരമെങ്കിലും ഒന്ന് കാണാൻ ആഗ്രഹിച്ചു. ഞങ്ങൾ മോർച്ചറിയിലേക്ക് ഓടി. ഇന്നലെ വരെ ഞങ്ങളോടൊപ്പം ഓടിച്ചാടി പ്രവർത്തിച്ച ഞങ്ങളുടെ ആത്മസുഹൃത്ത് ചലനമറ്റു കിടക്കുകയാണ്. ശാന്തസുന്ദരമായ മുഖം. ഉറങ്ങികിടക്കുകയാണെന്നേ തോന്നൂ. അപ്പോഴും ആ ചുണ്ടുകളിൽ പുഞ്ചിരി തങ്ങിക്കിടക്കുന്നുണ്ടായിരുന്നു. ആ ശബ്ദം ഇനി ഞങ്ങൾ കേൾക്കില്ല. ആ ബുദ്ധി ഇനി പ്രവർത്തിക്കില്ല. അവസാനത്തെ ഉറക്കത്തിലാണ് ഞങ്ങളുടെ സുഹൃത്ത്.

ആ സത്യം ഒരു ഞെട്ടലോടെ ഞങ്ങൾ ഓർത്തു. എന്തു ചെയ്യാൻ. പാനൂരിലെ ഒരഗ്നിജ്വാല അങ്ങിനെ കെട്ടടങ്ങി. ഒരു ഭാഗത്ത് പ്രതികാരദാഹം മൂർച്ഛിച്ച് നിൽക്കുന്ന യുവസമൂഹം. അവരുടെ തെറിച്ച ചിന്താഗതിയെ നേർവഴിക്ക് തിരിച്ചുവിടാൻ ഭഗീരഥയത്നം നടത്തികൊണ്ടിരുന്ന നേതാക്കൾ മറുഭാഗത്ത്. വളരെ പരവശനെങ്കിലും എല്ലായിടത്തും കേയി സാഹിബിന്റെ ശ്രദ്ധ ചലിച്ചുകൊണ്ടേയിരുന്നു.

മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാരും ഉന്നത പോലീസ് കേന്ദ്രങ്ങളും അദ്ദേഹവുമായി ടെലഫോൺ വഴിയും നേരിട്ടും നിരന്തരമായി ബന്ധപ്പെട്ടു കൊണ്ടേയിരിക്കുന്നുണ്ടായിരുന്നു.

പിറ്റേന്നു കാലത്ത് പോസ്റ്റുമോർട്ടം കഴിഞ്ഞ് ജനാസ ഞങ്ങൾക്ക് തിരിച്ചുകിട്ടി. ജഃ പി.കെ. ഉമ്മർഖാൻ, പീച്ചിമണ്ണിൽ മുഹമ്മദ് ഹാജി, പി.ടി. മമ്മു തുടങ്ങിയ നേതാക്കൾ ഉദകക്രിയകൾ നടത്തി. അവിടെയും കേയി സാഹിബിന്റെ ശുഷ്കാന്തി നിറഞ്ഞ നേതൃത്വമുണ്ടായിരുന്നു. മെഡിക്കൽ കോളേജ് പരിസരത്തുള്ള പള്ളിയിൽ വച്ച് വമ്പിച്ചൊരു ജനാവലി മയ്യത്ത് നമസ്ക്കാരം നിർവഹിക്കുകയും നിരവധി കാറുകളുടെ അകമ്പടിയോടെ പാനൂരിലേക്ക് തിരിക്കുകയും ചെയ്തു.

വഴിക്കു പലേടത്തും തടിച്ചുകൂടിയ വികാര വിവശരായ മുസ്ലിം ലീഗ് പ്രവർത്തകർ വാഹനം തടഞ്ഞുനിർത്തി അന്തിമാഭിവാദ്യങ്ങളർപ്പിച്ചു. തലശ്ശേരി സൈദാർപള്ളി പരിസരത്ത് കുറേയേറെ വാഹനങ്ങളുമായി വലിയൊരു ജനക്കൂട്ടം കാത്തിരിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ പാനൂരിലെത്തുമ്പോൾ അവിടം ഒരു ജനസമുദ്രമായി മാറിക്കഴിഞ്ഞിരുന്നു. കാലത്തു മുതലേ കാത്തിരിക്കുക കാരണം പരവശരായി തീർന്നെങ്കിലും അവരുടെ മുഖങ്ങളിൽ നിശ്ചയദാർഢ്യം സ്ഫുരിക്കുന്നുണ്ടായിരുന്നു. തല്ലിയാലും കൊന്നാലും, ചോദിക്കാനും പറയാനും ആരുമില്ലാത്ത പാനൂരിന്റെ ചരിത്രത്തിൽ പുതിയൊരദ്ധ്യായം!

പുണ്ണിൽ കുത്തി വേദനിപ്പിക്കുന്ന അനുഭവങ്ങളാണ് പുത്തൻ കോൺഗ്രസ്സ് പക്ഷത്തുനിന്ന് പിന്നീട് ഞങ്ങൾക്കുണ്ടായത്. ഈ സംഭവത്തിന്റെ ഉത്തരവാദിത്ത്വം പുത്തൻ കോൺഗ്രസ്സ് ഏറ്റെടുക്കുന്നതായി അവരുടെ സ്റ്റേജുകളിൽ ശബ്ദം മുഴങ്ങി. കൊലപാതകിയെ രക്ഷിക്കാനും മാലയിട്ടു സ്വീകരിക്കാനും വരെ ഈ അക്രമത്തിനു പിന്നിൽ നിന്ന നേതാവും കൂട്ടരും തയ്യാറായി!

സ്ഥിതിഗതികൾ പുതിയൊരു രാഷ്ട്രീയബന്ധത്തിന് വഴിയൊരുക്കി. കമ്മ്യൂ(മാർ) പാർട്ടിയും സോഷ്യലിസ്റ്റ് പാർട്ടിയും മുസ്ലിം ലീഗും യോജിച്ചുകൊണ്ട് പെരിങ്ങളം മണ്ഡലം പൗരാവകാശസമിതി രൂപം കൊണ്ടു. അങ്ങനെ തുല്യദുഃഖിതർ ഒന്നിച്ചു കൂടി. അതിന്റെ പ്രവർത്തനങ്ങൾ നല്ല പ്രതിഫലനം സൃഷ്ടിച്ചു എന്നതാണ് സത്യം.

തലശ്ശേരി സെഷൻസ് കോടതിയിൽ കേസ് വളരെ പ്രമാദമായി നടന്നു. കോടതി പരിസരത്ത് വമ്പിച്ചൊരു ജനക്കൂട്ടം എല്ലാ ദിവസങ്ങളിലും ഉണ്ടായിരുന്നു. പ്രതിയോഗികളെ വെള്ളം കുടിപ്പിച്ച കേസ്! പ്രോസി

ക്യൂഷൻ സാക്ഷികൾ എല്ലാ ഭീഷണികളെയും വെല്ലുവിളിച്ചു കൊണ്ട് ഭംഗിയായും സത്യസന്ധമായും മൊഴികൾ നൽകി. കൂട്ടത്തിൽ എ. വി. കുഞ്ഞിപര്യയിക്കും, തയ്യുള്ളതിൽ കുഞ്ഞിമൂസ മുസലിയാർ, എം.വി. യൂസഫ് എന്നിവരും എടുത്തു പറയത്തക്ക സാക്ഷികളാണ്. സ.അണ്ണേരി ബാലനെന്ന സി.പി.എം. പ്രവർത്തകൻ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

"പ്രതിയുടെ പേരിലുള്ള കുറ്റം സംശയാതീതമായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു" എന്ന കാരണത്താൽ പ്രതി നിരുപാധികം വിട്ടയക്കപ്പെട്ടു.

കേസന്വേഷണം നടത്തിയ സർക്കിൾ ഇൻസ്പെക്ടറുടെ കേസ് ഡയറിക്കെതിരായ പാനൂർ പോലീസിന്റെ ജനറൽ ഡയറിയും, താളം തെറ്റിയ ആശുപത്രി രേഖകളും, പ്രോസിക്യൂഷൻ സാക്ഷിയായിരുന്ന ഒരു സർക്കാരുദ്യോഗസ്ഥൻ പ്രതിഭാഗത്തേക്കു കൂറുമാറിയതടക്കമുള്ള ചില കാര്യങ്ങൾ പ്രോസിക്യൂഷന്റെ പരാജയത്തിൽ കലാശിച്ചു. ഈ വസ്തുതകളെ സംബന്ധിച്ച് ഒരന്വേഷണം നടത്തുന്നതിനോ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോട് സമാധാനം ചോദിക്കാനോ പോലും ഇന്നുവരെ ഉത്തരവാദപ്പെട്ട അധികാരികൾ തയ്യാറായില്ല എന്നാണറിവ്. ഇത് എന്തുമാത്രം വേദനാജനകമല്ല!

മഹമൂദിന്റെ രക്തസാക്ഷിത്വം ഞങ്ങളിൽ പുതിയൊരു കർത്തവ്യബോധവും ചുണയും ചൂരും സൃഷ്ടിച്ചു. ആ രക്തം ഇന്നും ഞങ്ങളെ കർമോന്മുഖരും ആവേശഭരിതരുമാക്കുന്നു. ഞങ്ങളുടെ സഹപ്രവർത്തകൻ ഞങ്ങളിൽ വിട്ടേച്ചുപോയ ബാധ്യതകൾ പൂർത്തീകരിച്ചേ ഞങ്ങളടങ്ങൂ.
അല്ലാഹു അതിന്നനുഗ്രഹിക്കുമാറാകട്ടെ,
ആമീൻ.

*മാവിലാട്ടിന്റെ കൊലപാതകകേസ് കോടതിയിൽ നടക്കുന്ന സമയത്തായിരുന്നു ഇത് അന്ന് പ്രസിദ്ധീകരിച്ചിരുന്നത്. -എഡിറ്റർ.

●●

അനശ്വരനായ ഒരു രക്തസാക്ഷി

മാണിക്കോത്ത് യൂസുഫ്

മാവിലാട്ട് മഹമൂദിന്റെ സ്മാരകഗ്രന്ഥം, അതിൽ ഒരു അനുസ്മരണക്കുറിപ്പെഴുതുക. ജീവിതത്തിൽ ഒരിക്കൽപോലും ഞാൻ കരുതിയിരുന്നില്ല. മഹമൂദിന്റെ വിയോഗം ഒരു വീരപുത്രനെ പാനൂരിനു നഷ്ടപ്പെടുത്തി; മുസ്‌ലിം ലീഗിന് ഒരു സന്നദ്ധ ഭടനേയും, എനിക്കെന്റെ അനുജനെയും, ഒരിക്കലും നികത്താനാവാത്ത നഷ്ടം. വസന്തവും ശിശിരവും മാറി മാറി കടന്നു പോയെങ്കിലും വേദനാപൂർണ്ണമായ ആ സംഭവം ഇന്നുമെന്റെ കൺമുമ്പിൽ തെളിയുന്നു. കണ്ണുനീരിന്നും വറ്റിയിട്ടില്ല. മനസ്സിലെ മുറിവുണങ്ങിയിട്ടില്ല. കാലത്തിന്റെ കരുത്തുറ്റ കരങ്ങൾക്ക് വിസ്തൃതിയുടെ ശൂന്യതയിലേക്ക് തള്ളാൻ കഴിയാത്ത വിധത്തിൽ ആ നാമം എന്നെന്നും സ്മരിക്കപ്പെടും! പാനൂരിന്റെ രക്തത്തിൽ, മാംസത്തിൽ, മജ്ജയിൽ വിഷാദജന്യമായ ആ സംഭവം ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.

ഇന്ത്യയിൽ യൂനിയൻ മുസ്‌ലിം ലീഗിന്റെ (അവിഭക്ത) വർക്കിങ്ങ് കമ്മിറ്റി ബോംബെയിൽ നടന്നുകൊണ്ടിരിക്കുന്ന സന്ദർഭം, പെട്ടെന്നാണ് ആ സന്ദേശം ബോംബെയിൽ എത്തിയത്. തലശ്ശേരിയിലിരുന്നു കൊണ്ട് ജഃ സി.കെ.പി. ചെറിയ മമ്മുക്കേയി സാഹിബ് ആ വാർത്ത ഇന്ത്യയിലെ നാനാഭാഗങ്ങളിലുമെത്തിക്കുകയായിരുന്നു. മാവിലാട്ട് മഹമൂദ് കൊല്ലപ്പെട്ടു. കേട്ടവർ കേട്ടവർ ഞെട്ടിപ്പോയി, പൊട്ടിക്കരഞ്ഞുപോയി. ആ സന്ദേശം അവിശ്വസിക്കാനോ നിഷേധിക്കാനോ നിർവാഹമുണ്ടായിരുന്നില്ല. കാരണം സന്ദേശം കേയിസാഹിബിന്റേതായിരുന്നു. അന്ന് കേരളത്തിൽ മുസ്‌ലിം ലീഗിന്റെ സഖ്യകക്ഷിയായ കോൺഗ്രസ്സിനെ 60-ാം വയസ്സിൽ പി. ആർ. കുറുപ്പ് പരിണയിച്ചതോടെ, പാനൂരിന്റെ നിത്യശാപമായ അക്രമ

രാഷ്ട്രീയത്തിന് ഒരറുതി വരുമെന്ന് സാധാരണ ജനത കരുതി. പിൽക്കാല സംഭവങ്ങൾ ആ കണക്കുകൂട്ടലുകളെല്ലാം തെറ്റിച്ചു.

പാനൂരിലെ പ്രസിദ്ധമായ ജുമാഅത്ത് പള്ളിത്തർക്കത്തോടെയാണ് പൊതുവേദിയിൽ മർഹൂം മഹമൂദ് ശ്രദ്ധിക്കപ്പെട്ടു തുടങ്ങിയത്. പ്രലോഭനങ്ങളും പ്രകോപനങ്ങളും പത്തി വിടർത്തിയാടിയെങ്കിലും മഹമൂദ് പതറിയില്ലെന്ന് മാത്രമല്ല ചഞ്ചല മനസ്ക്കരായ ആളുകളെക്കൂടി തന്റെ അനിതരസാധാരണമായ സംഘാടകവൈഭവം വഴി നീതിക്കു പിന്നിൽ അണി നിരത്തി. ക്രമേണ ആ യുവാവ് സജീവരാഷ്ട്രീയത്തിലേക്കിറങ്ങി. പാനൂർ ജനത ഹർഷപുളകങ്ങളോടെ ആ യുവാവിന്റെ ധീരപ്രവർത്തനങ്ങളെ വീക്ഷിച്ചു. ഒരു ജനതയുടെ മഹത്തായ പ്രയാണത്തിൽ അവർക്കിഷ്ടപ്പെട്ട പലതും നഷ്ടപ്പെട്ടെന്നു വരും, ത്യജിക്കേണ്ടി വരികയും ചെയ്യും. പക്ഷെ ആ നഷ്ടവും ത്യാഗവും ഒരിക്കലും വൃഥാവിലാവുകയില്ല.

●●

പാനൂർ മുസ്‌ലിം യങ്ങ്‌മെൻസ് അസോസിയേഷൻ മർഹൂം മാവിലാട്ട് മഹമൂദിന്റെ മറ്റൊരു കർമവേദി

കെ.എം. കുഞ്ഞമ്മദ്

പാനൂരിലെ യുവചൈതന്യത്തിന്റെ പ്രതീകമായിരുന്ന മർഹൂം മാവിലാട്ട് മഹമൂദിന്റെ വീര രക്തസാക്ഷിത്വം അനുസ്മരിക്കപ്പെടുന്ന ഈ "ഇതിഹാസ" ത്തിൽ ആ യുവസേനാനിയുടെ പൊതു പ്രവർത്തന രംഗത്തെ പ്രഥമവേദിയും പ്രചോദനകേന്ദ്രവുമായിരുന്ന പാനൂരിലെ യുവജന പ്രസ്ഥാനത്തെ കുറിച്ച് രണ്ടക്ഷരം കുറിക്കുന്നത് അവസരോചിതമെന്ന് കരുതട്ടെ!

കഴിഞ്ഞ 15 വർഷക്കാലമായി (1978 വരെയുള്ള) പാനൂരിലെ മുസ്‌ലിം വിദ്യാഭ്യാസ സാംസ്ക്കാരിക സാമൂഹ്യരംഗങ്ങളിൽ ഗണനീയമായ നേട്ടങ്ങളുടെ ചരിത്രം സൃഷ്ടിച്ചുകൊണ്ട് വളർന്നു വരുന്ന മഹത്തായ ഒരു യുവജനപ്രസ്ഥാനമത്രേ പാനൂർ മുസ്‌ലിം യങ്ങ്‌മെൻസ് അസോസിയേഷൻ.

1963 ഓഗസ്റ്റ് 31 ന് പാനൂർ ജുമാഅത്ത് പള്ളിയിൽ ചേർന്ന സേവനോത്സുകരായ യുവപ്രവർത്തകരുടെ കൺവെൻഷനിൽ വെച്ചു രൂപീകൃതമായ ഈ പ്രസ്ഥാനത്തിന്റെ ഉദയം പാനൂരിന്റെ ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായത്തിന്റെ തുടക്കം കൂടിയായിരുന്നു.

ഒരുകാലത്ത് പാനൂർ കേരളത്തിലെ സുപ്രസിദ്ധമായ ഒരു മത

വിജ്ഞാന കേന്ദ്രമായി പ്രശോഭിച്ചിരുന്നു. നാലു നൂറ്റാണ്ടുകളോളം പഴക്കമുള്ള പാനൂർ ജുമഅത്ത് പള്ളി ദർസ് വർഷങ്ങളോളം കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള നൂറുകണക്കിന് മതപണ്ഡിതന്മാരെ ആകർഷിച്ച ഉന്നത മതപഠന കേന്ദ്രമായിരുന്നു. പൊന്നാനി, വാഴക്കാട്, നാദാപുരം എന്നീ കേന്ദ്രങ്ങളോടൊപ്പം അത് അറിയപ്പെട്ടിരുന്നു. പാനൂർ ജുമഅത്ത് പള്ളി ദർസ് ഏറ്റവും ഒടുവിലായി നാൽപത് വർഷത്തോളം പണ്ഡിതകേസരി ശംസുൽ ഉലമാ ഖുതുബി മുഹമ്മദ് മുസല്യാരുടെ അധ്യാപനത്താൽ അനുഗ്രഹീതമായിരുന്നു. കേരളത്തിൽ ഇന്ന് ജീവിച്ചിരിക്കുന്നവരും സമീപകാലത്ത് മൺമറഞ്ഞവരുമായ മതപണ്ഡിതന്മാരിലും മുദരിസുമാരിലും ഏറിയ പങ്കും പാനൂർ ദർസിന്റെ സന്തതികളായിരുന്നു. ശംസുൽ ഉലമ ഖുതുബി മുഹമ്മദ് മുസ്‌ലിയാർ, വളപട്ടണം ഇമ്പിച്ചിക്കോയ തങ്ങൾ, പൈക്കാട്ട് അഹമ്മദ് കുട്ടി മുസ്‌ലിയാർ തുടങ്ങിയ പണ്ഡിതാചാര്യന്മാരുടെ ആത്മീയ നേതൃത്വത്തിൽ അനുഗ്രഹീതരായിരുന്നു പാനൂർ പ്രദേശത്തെ മുസ്‌ലിംകൾ. എന്നാൽ ദൗർഭാഗ്യവശാൽ സമീപകാലത്ത് ഈ ചരിത്രത്തിൽനിന്നും തികച്ചും വിപരീതമായ കറുത്തിരുണ്ട ഒരു കാലഘട്ടത്തിന്റെ ബീഭത്സരൂപമാണ് നമുക്ക് കാണാൻ കഴിഞ്ഞത്.

1950 ൽ മതപഠനരംഗത്ത് ഒരു പ്രാഥമിക പാഠശാല പോലുമില്ലാതെ സാമൂഹ്യസാംസ്ക്കാരികരംഗങ്ങളിൽ നിന്നകന്നു നിന്നുകൊണ്ട് അന്തസും അഭിമാനവും അടിയറവെക്കപ്പെട്ട ദയനീയ സ്ഥിതിയിലേക്ക് പാനൂർ പ്രദേശത്തെ മുസ്‌ലിം ജനത അധഃപതിക്കുകയുണ്ടായി. സാമ്പത്തിക സാമൂഹ്യരംഗങ്ങളിൽ ചൂഷണം ചെയ്യപ്പെട്ട ഒരു ജനതയുടെ അനുദിനം അധോഗതിയിലേക്ക് ആഴുന്ന ഈ ദയനീയസ്ഥിതിയിൽ മനംനൊന്ത മർഹൂം മാവിലാട്ട് മഹമൂദിനെപ്പോലുള്ള ആദർശധീരരായ ഒരുപിടി മുസ്‌ലിം യുവാക്കളുടെ ആശയുടെ ഫലമായിരുന്നു പാനൂർ മുസ്‌ലിം യങ്ങ് മെൻസ് അസോസിയേഷന്റെ ആവിർഭാവം.

നേതൃത്വത്തിനും മാർഗ്ഗദർശനത്തിനും വേണ്ടി ദാഹിച്ചുകൊണ്ടിരുന്ന ജനത സ്വാഭാവികമായും ഈ പ്രസ്ഥാനത്തെ പ്രതീക്ഷയോടെ ഉറ്റുനോക്കി. മറുഭാഗത്ത് ദുഷിച്ചുനാറിയ സാമൂഹ്യവ്യവസ്ഥയുടെ കാവൽഭടന്മാർ തങ്ങളുടെ സ്ഥാപിത താൽപര്യങ്ങൾക്ക് കോട്ടം തട്ടുമോ എന്ന ആശങ്കയോടെ ഇതിന്റെ വളർച്ചയെ നിരുത്സാഹപ്പെടുത്തി. എന്നാൽ അനുദിനം ശക്തിപ്പെട്ടുകൊണ്ടിരുന്ന ഈ പ്രസ്ഥാനം ക്രമത്തിൽ തങ്ങളുടെ ആധിപത്യം തകർക്കുമെന്നു മനസ്സിലാക്കിയ ഇവർ ഒളിഞ്ഞും തെളിഞ്ഞും ഈ സംഘടനയുടെ നേരെ വിഷലിപ്തമായ കൂരമ്പുകളെയ്തുതുടങ്ങി.

സത്യവിശ്വാസവും ആത്മധൈര്യവും കൈമുതലാക്കിയ യുവപ്രവർത്തകന്മാർ തടസ്സങ്ങളെ അതിജീവിച്ചുകൊണ്ട് നേട്ടങ്ങളുടെ ഒരു പരമ്പര സൃഷ്ടിക്കുകതന്നെ ചെയ്തു. ഒരളവോളം അതിന്റെ ഫലമത്രെ പാനൂർ മുസ്‌ലിംകളിൽ ഇന്നു കാണുന്ന പുരോഗതിയുടെയും പരിവർത്തനത്തിന്റെയും പുതിയ ചിത്രം.

1963 ൽ രൂപീകൃതമായ അസോസിയേഷൻ ആദ്യമായി ഇസ്‌ലാമിക ഗ്രന്ഥശാല, സ്റ്റഡി സർക്കിൾ, മതപ്രസംഗപരമ്പര തുടങ്ങിയവ സംഘടിപ്പിച്ചു. മുസ്‌ലിം സാമാന്യ ജനങ്ങളെ ഉദ്ബുദ്ധമാക്കുവാൻ ശ്രമിച്ചു. 1965 ൽ അസോസിയേഷൻ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടു. തുടർന്ന് പാനൂരിന്റെ അടിയന്തിരാവശ്യമായി കണ്ട ഒരു മദ്രസ സ്ഥാപിക്കുക എന്ന ബാദ്ധ്യത സംഘടന ഏറ്റെടുത്തു. ആ കാലഘട്ടത്തിൽ സംഘടനയുടെ രക്ഷാകർത്തൃത്വം ഏറ്റെടുത്ത അൽഹാജ് എസ്.എം. പൂക്കോയ തങ്ങളുടെ നേതൃത്വത്തിൽ പാനൂരിന്റെ അഭിമാനസ്തംഭമായ നജാത്തുൽ ഇസ്‌ലാം മദ്രസയുടെ ഇരുനിലക്കെട്ടിടം നിർമിക്കുകയും മദ്രസാപഠനം ആരംഭിക്കുകയും ചെയ്തു. നാനൂറോളം വിദ്യാർത്ഥികളും പത്ത് അദ്ധ്യാപകരുമുള്ള ആ മഹത് സ്ഥാപനം ഇന്നും സംഘടന തന്നെ നടത്തിപ്പോരുന്നു. കൂടാതെ പാനൂർ അങ്ങാടി പള്ളി ദർസും ഇതിന്റെ കീഴിലത്രേ! അഗതികളുടെയും അശരണരുടെയും ആശാകേന്ദ്രമായി പരിണമിച്ച ഈ പ്രസ്ഥാനം നിരവധി റിലീഫ് പ്രവർത്തനങ്ങൾ വിശിഷ്യാ റമദാൻ കാലങ്ങളിൽ സംഘടിപ്പിക്കുകയും കഷ്ടപ്പെടുന്നവരുടെയും മർദ്ദിതരുടെയും കണ്ണീരൊപ്പുന്ന സേവന സംരംഭങ്ങൾ നടത്തുകയും ചെയ്തു. ഏതാണ്ട് അനാഥാവസ്ഥയിലെത്തിയ പാനൂർ ജുമാഅത്ത് പള്ളി ഭരണം ഏറ്റെടുക്കുവാൻ കമ്മിറ്റി രൂപീകരണത്തിന് പ്രേരണയും പിന്തുണയും നൽകിയ ഈ പ്രസ്ഥാനം ഇപ്പോൾ പള്ളി നിർമാണ കാര്യത്തിൽ കമ്മിറ്റിയുമായി സഹകരിച്ച് മുന്നോട്ടുനീങ്ങുകയാണ്.

മഹത്തായ ഈ യജ്ഞത്തിൽ നെടുനായകത്വം വഹിച്ചിരുന്ന ജഃ മഹമൂദ് പാനൂരിന്റെ തെരുവീഥിയിൽ വീരമൃത്യു വരിച്ചതിനെ തുടർന്ന് അദ്ദേഹത്തിന്റെ ദൗത്യം ഏറ്റെടുത്ത സഹപ്രവർത്തകന്മാർ ആ വീരസ്മരണ നിലനിർത്തുവാൻ ഉചിതമായൊരു സ്മാരക സൗധം പടുത്തുയർത്തുവാൻ തീരുമാനിച്ചു. തൽഫലമായി മാവിലാട്ട് മഹമൂദ് സ്മാരക ട്രസ്റ്റുമായി സഹകരിച്ചുകൊണ്ട് നിർമിക്കപ്പെട്ടതാണ് പാനൂരിന്റെ ഹൃദയഭാഗത്ത് തലയുയർത്തി നിൽക്കുന്ന മാവിലാട്ട് മഹമൂദ് സ്മാരക സൗധം.

യങ്മെൻസിന്റെ പ്രവർത്തകരുടെ സേവനത്തിന്റെ ഉത്തുംഗശൃംഗങ്ങളിലേക്കുള്ള ഈ പ്രയാണം സർവശക്തനായ അല്ലാഹു സുഗമമാക്കിത്തരട്ടെ (ആമീൻ).

N.B.: കെ.എം. കുഞ്ഞമ്മദ് ഇന്ന് നമ്മോടൊപ്പമില്ല. അദ്ദേഹത്തിന്റെ ഖബർ ജീവിതം അല്ലാഹു സ്വർഗ്ഗീയ സൗഭാഗ്യങ്ങളാൽ അനുഗ്രഹിക്കുമാറാകട്ടെ. ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ച് കൂട്ടുമാറാകട്ടെ.
(ആമീൻ) -എഡിറ്റർ

●●

സഹപ്രവർത്തകരെ ആവേശം കൊള്ളിച്ച ധീരയോദ്ധാവ്

കൊയപ്പള്ളി യൂസുഫ്

നാലു നൂറ്റാണ്ടുകളുടെ പഴക്കമുള്ള പാനൂർ ജുമാഅത്ത് പള്ളി പുനരുദ്ധരിക്കുകയെന്നത് പാനൂരിന്റെ ജനസാമാന്യത്തിന്റെ ചിരകാല സ്വപ്നമായിരുന്നു. ആ സ്വപ്നസാക്ഷാത്ക്കാരത്തിന് വേണ്ടി പള്ളിക്കമ്മിറ്റിയെ നാട്ടുകാർ, വിശേഷിച്ചും മുസ്‌ലിം യങ്ങ്മെൻസ് അസോസിയേഷൻ പ്രവർത്തകർ നിർബന്ധിച്ചുകൊണ്ടിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ, നിലവിലുള്ള സ്ഥാനത്ത് നിന്ന് മാറ്റി മറ്റൊരു സ്ഥലത്ത് പള്ളി നിർമിക്കാനാണ് തീരുമാനിക്കപ്പെട്ടത്.

പുതിയ പള്ളിയുടെ പണി ആരംഭിച്ചിരിക്കുന്ന വാർത്ത ബോംബെയിലുമെത്തി. പാനൂർ മുസ്‌ലിം യങ്ങ്മെൻസ് അസോസിയേഷന്റെ ഒരു ശാഖ അന്ന് ബോംബെയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ സമ്മേളിച്ച് പള്ളിക്കമ്മിറ്റിയുടെ പുതിയ തീരുമാനത്തിൽ പ്രതിഷേധം രേഖപ്പെടുത്തി. ഞങ്ങളുടെ ശക്തമായ വികാരം പള്ളിക്കമ്മിറ്റിയെ അറിയിച്ചു. എന്നാൽ അതുൾക്കൊള്ളാൻ ചില മേധാവികൾക്ക് അന്നു സാധിച്ചില്ല. ആ അവസരത്തിലാണ് കേയിസാഹിബ് ഹജ്ജ് കഴിഞ്ഞ് ബോംബെയിലെത്തിയത്. ഞങ്ങൾ അദ്ദേഹത്തിന്റെ മുമ്പിൽ പരാതി ബോധിപ്പിച്ചു. പ്രശ്നത്തിൽ ഇടപെടാൻ ഞങ്ങളാവശ്യപ്പെട്ടു. നാട്ടിലെത്തി സൂക്ഷ്മമായ അന്വേഷണങ്ങൾക്ക് ശേഷം വേണ്ടത് ചെയ്യാമെന്ന് അദ്ദേഹം ഞങ്ങൾക്കു വാക്കുതന്നു. പള്ളികമ്മിറ്റി പ്രസിഡന്റ് അദ്ദേഹത്തിൽ നിന്ന് തന്ത്രപൂർവം ഒഴിഞ്ഞുമാറുന്നുവെന്ന വാർത്തയാണ് പിന്നീട് ഞങ്ങളറി

ഞ്ഞത്. അപ്പോഴേക്കും ഞങ്ങൾക്ക് മറ്റൊരു വാർത്ത കൂടി കിട്ടി. മാവിലാട്ട് മഹമൂദ്, ആലിക്കുട്ടി മുസ്‌ലിയാർ, കുഞ്ഞിമൂസ മുസ്‌ലിയാർ എന്നിവരുടെ നേതൃത്വത്തിൽ ശക്തമായ പ്രതിഷേധ ശബ്ദം മുഴങ്ങിക്കഴിഞ്ഞിരുന്നുവെന്നായിരുന്നു വാർത്ത. അത് ഞങ്ങളെ അതീവ സന്തുഷ്ടരാക്കി.

യങ്ങ്മെൻസിന്റെ ബോംബെ ശാഖയുടെ തീരുമാനപ്രകാരം ജഃ മാണിക്കോത്ത് യൂസഫടക്കം ഞങ്ങൾ ഒരു സംഘം നാട്ടിലേക്കുപുറപ്പെട്ടു. അതു വരെ വസ്തുതകൾ നിഷ്പക്ഷമായി വീക്ഷിച്ചുകൊണ്ടിരുന്ന യങ്ങ്മെൻസ് പ്രവർത്തകരുമായും അതിന്റെ പ്രസിഡൻറും സെക്രട്ടറിയുമായിരുന്ന ജനാബുമാർ എൻ.കെ.സി. ഉമ്മർ സാഹിബ്, ടി. മുഹമ്മദ് സാഹിബ് എന്നിവരുമായും ഞങ്ങൾ വിശദമായി വസ്തുതകൾ ചർച്ച ചെയ്തു. ഇതിനിടയിൽ എതിർകക്ഷികളുടെ ശ്രമഫലമായി കേരളത്തിലെ ഒരു പ്രമുഖ മതപണ്ഡിത സംഘടന ഈ പ്രശ്നത്തിൽ ഇടപെടാൻ തീരുമാനിച്ചു. അതിന്റെ കണ്ണൂർ ജില്ലാഘടകം, കമ്മിറ്റി ഭാരവാഹികളുമായി കത്തിടപാടുകൾ നടത്തുകയും ജില്ലാനേതൃത്വം പാനൂരിൽ വന്ന് ഇരുകൂട്ടരുമായി സംസാരിക്കുകയും ചെയ്തു.

പള്ളിക്കമ്മിറ്റിയിലെ ചിലയാളുകളുടെ സഹായകരമല്ലാത്ത നിലപാട് കാരണം അവരുടെ ദൗത്യം ഉപേക്ഷിക്കേണ്ടി വരികയാണുണ്ടായത്.

ഈ പ്രശ്നത്തിലിടപെടാൻ ശ്രീ. പി. ആർ. കുറുപ്പും ഒരു ശ്രമം നടത്തുകയുണ്ടായി. പാനൂർ ഐ.ബി. യിൽ വെച്ച് ഒരു മദ്ധ്യസ്ഥ സംഭാഷണം നടന്നു. വമ്പിച്ചൊരു ജനാവലി അവിടെ തടിച്ചുകൂടിയിരുന്നു. വസ്തുതകൾ വ്യക്തമായി പഠിച്ച ഒരു മതപണ്ഡിതന്റെ തീരുമാനം മാത്രമേ തങ്ങൾ അംഗീകരിക്കുകയുള്ളൂവെന്ന് ചങ്കൂറ്റത്തോടെ ഒരു വിഭാഗം ഖണ്ഡിതമായി പറഞ്ഞു. (കുറെക്കാലത്തെ പാനൂരിന്റെ ചരിത്രത്തിൽ അത് തികച്ചും പുത്തനായ ഒരനുഭവമായിരുന്നു). അക്കാരണത്താൽ, ആരംഭിച്ചു കഴിഞ്ഞ പള്ളിപ്പണികൾ നാളെ കാലത്തു മുതൽ തുടർന്നുകൊണ്ടുപോകുമെന്ന് ചിലയാളുകൾ ഔദ്ധത്യത്തോടെ വീരവാദം മുഴക്കി. ആ വെല്ലുവിളി നേരിടുമെന്ന ധീരമായ മറുപടിയും ഉടനെയുണ്ടായി. (ആ പണി പിന്നീടൊരിക്കലും പുനരാരംഭിക്കപ്പെട്ടില്ല.)

ജഃ എൻ.കെ.സി. ഉമ്മർ സാഹിബിന്റെ വസതിയിൽ യങ്ങ്മെൻസിന്റെ ഒരു യോഗം വിളിച്ചു. ഈ പ്രശ്നം സംബന്ധിച്ച് ദീർഘ നേരം ഞങ്ങൾ ചർച്ച നടത്തി. ഒടുവിൽ എല്ലാവർക്കും സ്വീകാര്യനായ ഒരു മതപണ്ഡിതന് പ്രശ്നം വിട്ടുകൊടുക്കണമെന്നും അദ്ദേഹത്തിന്റെ തീരുമാനം സർവ സമ്മതമായി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ടുള്ള ഒരു

പ്രമേയം ഏകകണ്ഠമായി അംഗീകരിച്ചുകൊണ്ട് ഞങ്ങൾ പിരിഞ്ഞു. തികച്ചും യുക്തിപൂർണ്ണവും നിഷ്പക്ഷവും പ്രശ്നപരിഹാരത്തിന്ന് അനുയോജ്യവുമായിരുന്നു ആ തീരുമാനം.

പിറ്റേന്നു മുതൽ യങ്ങ്മെൻസിനെ തകർക്കുന്നതിലായി ചിലരുടെ ശ്രദ്ധ. യങ്ങ്മെൻസിന്റെ പ്രതിനിധികളായി പള്ളിക്കമ്മിറ്റിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എൻ.കെ.സി. ഉമ്മറിനെയും, കെ.പി. മമ്മു മാസ്റ്ററെയും, മാണിക്കോത്ത് യൂസുഫ് സാഹിബിനെയും പുറത്താക്കുകയാണുണ്ടായത്. പ്രശ്നം രമ്യമായി പരിഹരിക്കുന്നതിലല്ല ചിലർക്ക് താൽപര്യം എന്ന് ഞങ്ങൾക്ക് ബോധ്യമായി. പ്രശ്നം തലശ്ശേരി മുൻസിഫ് കോടതിയിലും ഹൈക്കോടതിയിലുമൊക്കെയെത്തി. മാവിലാട്ട് മഹമൂദ് ഇതിൽ ഒരു പ്രധാന കക്ഷിയായിരുന്നു. ആ യുവ സഹോദരനിൽ ഒളിഞ്ഞു കിടന്നിരുന്ന ബുദ്ധി വൈഭവവും സമുദായ സ്നേഹവും കർമ ശേഷിയും ഹർഷ പുളകങ്ങളോടെയാണ് ഞങ്ങൾ നോക്കിക്കണ്ടത്. വേർപിരിയാൻ കഴിയാത്ത വിധത്തിൽ ഞങ്ങൾ പരസ്പരം അലിഞ്ഞുകഴിഞ്ഞിരുന്നു. ആയിടക്കാണ് ശ്രീ. പി. ആർ. കുറുപ്പ് ഏതാനും അനുയായികളോടൊപ്പം കോൺഗ്രസ്സിൽ ചേർന്നത്. പാനൂർ രാഷ്ട്രീയചരിത്രത്തിൽ അത് പുതിയ ഒരു വഴിത്തിരിവായിരുന്നു. കുറുപ്പിന്റെ കൂടെ അതുവരെ പ്രവർത്തിച്ചിരുന്ന പലരും മുസ്ലിം ലീഗിലേക്ക് വന്നു.

പാനൂരിൽ മുസ്ലിം ലീഗിന്റെ പ്രവർത്തനങ്ങൾ വീണ്ടും സജീവമായി. പാനൂർ പഞ്ചായത്ത് മുസ്ലിം ലീഗിന്റെ ആഭിമുഖ്യത്തിൽ ഗംഭീരമായൊരു സമ്മേളനം നടന്നു. ആ സമ്മേളനവും അതോടനുബന്ധിച്ചു നടന്ന ശക്തിപ്രകടനവും പാനൂരിൽ മുസ്ലിം ലീഗിന്റെ പുനരുത്ഥാനം വിളിച്ചറിയിക്കുന്നതായിരുന്നു. പ്രസ്തുത സമ്മേളനം അത്ര ഉജ്ജ്വലമാക്കുന്നതിൽ മഹമൂദ് നൽകിയ സംഭാവനകൾ തീർച്ചയായും വിലപ്പെട്ടതായിരുന്നു.

സമ്മേളനത്തെ തുടർന്ന് പാനൂരിലെ അന്തരീക്ഷം ഭീഷണമാകാൻ തുടങ്ങി. പുതിയ ഭീഷണികളെ അതിജീവിക്കാൻ മുസ്ലിംലീഗ് നേതൃത്വത്തിന് കഴിയുകയില്ലെന്നു പ്രതിയോഗികൾ കണക്കുകൂട്ടി. പക്ഷെ പാനൂരിൽ പുതിയൊരു നേതൃത്വം ഉദയം ചെയ്തു കഴിഞ്ഞിരുന്നു. മാണിക്കോത്തും, എൻ.കെ.സി.യും, മൂസ്സുവും, മഹമൂദും മറ്റും ഉൾക്കൊള്ളുന്ന ശക്തമായൊരു നേതൃനിര. പ്രശ്നങ്ങളും പ്രയാസങ്ങളും വരുമ്പോൾ ഓടിയൊളിക്കുന്ന പഴയ നേതൃത്വമല്ലെന്ന് താമസം വിനാ തെളിയിക്കപ്പെട്ടു. ശക്തനും സമാദരണീയനുമായ കേയിസാഹിബിന്റെ സശ്രദ്ധമായ നേതൃത്വത്തിന്റെ തണലിൽ അവർ നീങ്ങി. പ്രശ്നങ്ങൾക്ക് മുമ്പിൽ പാനൂരി

ലെ മുസ്‌ലിം ലീഗ് പാറപോലെ ഉറച്ചുനിന്നു. ഏതു പ്രയാസങ്ങളേയും അതിജയിക്കാനുള്ള നിശ്ചയ ദാർഢ്യം അതു പ്രദർശിപ്പിച്ചു. ജഃ മഹമൂദിന്റെ ബുദ്ധിശക്തിയും, കർമകുശലതയും, ആത്മധൈര്യവും, ധർമബോധവും പാനൂരിലെ മുസ്‌ലിം ലീഗിന് തീർച്ചയായും വമ്പിച്ചൊരു മുതൽകൂട്ടാ യിരുന്നു.

പാനൂർ പരിസരത്ത് മുസ്‌ലിം ലീഗ് അതിവേഗം ശക്തിപ്പെട്ടു. എങ്ങും പുതിയൊരുണർവും ആവേശവും. മുസ്‌ലിം ലീഗിന് ബാലികേറാമലകളാ യി വിശ്വസിക്കപ്പെട്ടിരുന്ന സ്ഥലങ്ങളിലൊക്കെ പുതിയ കമ്മിറ്റികൾ! ഓഫീ സുകൾ! ജീവസുറ്റ പ്രവർത്തനങ്ങൾ!

ഈ നവോന്മേഷത്തിന് പിന്നിൽ മഹമൂദിന്റെ സ്വാധീനം തെളി ഞ്ഞു കാണാൻ പ്രയാസമില്ല. ആ സഹപ്രവർത്തകനെക്കുറിച്ചുള്ള ഓർമ കൾ ശാശ്വതമാക്കിത്തീർക്കുന്നതിനും അദ്ദേഹം സഞ്ചരിച്ച കർമപഥത്തി ലൂടെ മുന്നോട്ട് കുതിക്കുന്നതിനുമുള്ള കഠിന യത്നത്തിലേർപ്പെട്ടിരിക്കുന്ന മുസ്‌ലിം ലീഗിന്റെ ധർമഭടന്മാരെ, സുഹൃത്തുക്കളെ നിങ്ങളോടൊപ്പം ഈയുള്ളവന്റെ മനഃസാക്ഷിയും എന്നുമെന്നും ഉണ്ടായിരിക്കും, തീർച്ച.

നേരത്തെ സൂചിപ്പിച്ച ജുമഅത്ത് പള്ളി പൂർവസ്ഥാനത്തുതന്നെ പുനർ നിർമിക്കാനുള്ള ഏകകണ്ഠവും സൗഹാർദ്ദപൂർണ്ണവുമായ തീരുമാ നം തീർച്ചയായും മഹമൂദിന്റെ ആത്മാവിനെ പുളകം കൊള്ളിക്കുന്നുണ്ടാ വും. അതിന് വഴിയൊരുക്കിയ പള്ളിക്കമ്മിറ്റിയെയും നാട്ടുകാരെയും എത്ര അഭിനന്ദിച്ചാലും അധികമാവില്ല. ഈ കാര്യത്തിൽ ബഹു. എ.വി. അബ്ദു റഹിമാൻ ഹാജി നൽകിയ സേവനങ്ങൾ പ്രത്യേകം ഇവിടെ രേഖപ്പെടു ത്തുന്നു.

പാനൂരിലെ ജനതക്ക് സ്വാതന്ത്ര്യത്തിന്റെ ജീവവായു ശ്വസിക്കാനു ള്ള അവസരമൊരുക്കുന്നതിൽ മഹാനായ കേയി സാഹിബ് നിരന്തരമായി വഹിച്ചുപോന്ന പങ്ക് അവിസ്മരണീയമാണ്.

അല്ലാഹു സഹായിക്കട്ടെ.

(ആമീൻ)

●●

ആ രക്തസാക്ഷിയുടെ ധീരമായ വാക്കുകൾ എന്റെ ഓർമകളിൽ

സെയ്തു മുഹമ്മദ് നിസാമി, ബേപ്പൂർ

വിസ്മരിക്കപ്പെടാവുന്ന സേവനത്തിന്റെ പാഴ്ഭൂമിയിൽ എക്കാലവും കാണാവുന്ന സ്മാരകങ്ങളാണ് രക്തസാക്ഷികൾ. കാലത്തിന്റെ കറക്കത്തിൽ കാലിടറി വീഴുന്ന സ്തംഭങ്ങളല്ല അതിനുള്ളത്. വരും തലമുറക്ക് ആവേശത്തിന്റെ ആർജ്ജവകേന്ദ്രങ്ങളാണത്. വിട്ടേച്ചു പോയ ഉന്നതമൂല്യങ്ങളാണ് ആ ചുടുനിണം പൊഴിഞ്ഞ രണഭൂമിയിൽ നിന്നും ഒപ്പിയെടുക്കേണ്ടത്. ബാഷ്പകണങ്ങൾ വറ്റും. അപദാനങ്ങളുടെ നീണ്ട പ്രബന്ധങ്ങൾ ഒരാവർത്തി കടക്കുമ്പോൾ അലോസരമുണ്ടാക്കും. നിലവിളികളുടെ ബഹളം അന്തരീക്ഷം ഒപ്പിയെടുക്കും. കദനത്തിന്റെ കണ്ണും കരളും അതു മറക്കാൻ ശ്രമിക്കും. മരണം തട്ടിയെടുത്ത ഒരായിരം ഹതഭാഗ്യരുടെ കഥയാണിത്. എന്നാൽ കാട്ടുതീപോലെ വാർത്ത പിടിച്ചുപറ്റിയ എന്റെ സുഹൃത്തിന്റെ രക്തസാക്ഷിത്വമോ? ഇല്ല, കെട്ടടങ്ങിയ അഗ്നിപർവതത്തിന്റെ താഴ്വരയിലേക്കാണ് ഞാനിപ്പോൾ നോക്കുന്നത്. ജഃ മഹമൂദ്! താങ്കൾ അമരനായി ഞങ്ങൾക്കിടയിൽ ജീവിക്കുന്നു.

1971 ൽ പാനൂരിലെ കൈവേലിക്കലിൽ വെച്ചാണ് ഞാൻ മഹമൂദിനെ പരിചയപ്പെടുന്നത്. "ഡോഃ മുഹമ്മദ് ഇഖ്ബാൽ നഗറി"ൽ സംഘടിപ്പിച്ച മതപ്രസംഗത്തിനു വന്നതായിരുന്നു. ആഥിത്യമരുളാൻ മാന്യതയോടെ മഹമൂദ് മുന്നോട്ടു വന്നു. അദ്ദേഹത്തിന്റെ ഭാര്യാഗൃഹമായ "മുബാറക് മൻസിലി"ൽ ഒരാഴ്ച്ച ഞാൻ പരേതനോടൊന്നിച്ചു താമസിച്ചു.

സോഷ്യലിസത്തിന്റെ തുറുപ്പുശീട്ട് ഇംഗ്ലീഷ് അക്ഷരത്തിൽ പൊതിഞ്ഞൊരു പാർട്ടിയുടെ ശക്തമായ പിടുത്തത്തിൽ നിന്ന് യുവലോക

ത്തെ വിമുക്തമാക്കാനുള്ള തീവ്രയത്നത്തിന്റെ തുടക്കമായിരുന്നു ആ പ്രസംഗപരിപാടി. ഡോഃ മുഹമ്മദ് ഇഖ്ബാൽ എന്നു നഗറിനു നാമകരണം ചെയ്തത് തന്നെ വലിയൊരു വിപ്ലവത്തിന്റെ നാന്ദിയായിരുന്നു. ആറിത്ത ണുത്ത ഇസ്ലാമികബോധത്തെ സർഗ്ഗശക്തിയിലൂടെ കർമലോകത്തേക്ക് കൊണ്ടുവരാൻ ശക്തമായ ആഹ്വാനം നൽകിയ കവികോകിലമാണല്ലോ ഇഖ്ബാൽ.

ഇസ്ലാമല്ലാത്ത ഒന്നിനേയും ഒന്നായി കാണാത്ത ഒരു കവി പുംഗവന്റെ അനശ്വര നാമം പതിച്ച ഒരു ബാനറിന്റെ ചുവട്ടിലിരുന്ന് എന്റെ പ്രസംഗം ശ്രവിച്ച മഹമൂദ് മാവിലാട്ട് ഇന്നുമെന്റെ മനസ്സിൽ ജീവിക്കുന്നു. ഞാൻ മാത്രമല്ല, ഒരായിരമായിരം യുവഹൃദയങ്ങളിൽ ആ കർമധീരൻ ജീവിക്കുന്നുണ്ടാവും, അനശ്വരനായി. ആ ബാനറിൽ പതിച്ച മഹാകവിയു ടെ അപരനാമധേയത്തിൽ ആവേശം നുകർന്നുകൊണ്ട്.

എന്റെ സുഹൃത്തും പതറാത്ത ആദർശവാദിയുമായ കെ.വി. സൂപ്പി സാഹിബാണ് മഹമൂദിന് എന്നെ പരിചയപ്പെടുത്തി കൊടുത്തത്, അദ്ദേഹത്തെ എനിക്കും. അങ്ങനെ ഞങ്ങൾ ദിവസങ്ങളോളം മുബാറക്ക് മൻസിലിൽ വിജ്ഞാനപ്രദങ്ങളായ ചർച്ചകളിലൂടെ കഴിച്ചുകൂട്ടി. അന്ന് പി.ആർ. കുറുപ്പിന്റെ 'വസ്വാസ്' സൂപ്പി സാഹിബിൽ നിന്നും പൂർണ്ണമാ യും നീങ്ങിയിട്ടുണ്ടായിരുന്നില്ല. കുറുപ്പ് മയക്കിയെടുത്ത ഒരു പാട് യുവാക്ക ളിൽ മഹമൂദും സൂപ്പിയും പെടുമായിരുന്നു. മുസ്ലിം ലീഗിന്റെ മങ്ങിയ പ്രകാശം കൈവേലിക്കൽ കടന്നുവരുന്നത് ഇക്കാലത്താണ്. മഹമൂദ് അതിൽ ആകൃഷ്ടനായി ആ പ്രകാശത്തെ കൂടുതൽ പ്രോജ്ജ്വലിപ്പിക്കാൻ ശ്രമിച്ചു. തങ്ങൾ പിടിച്ചു തൂങ്ങി നിൽക്കുന്ന ഈർക്കിൽ പാർട്ടിയുടെ പാപ്പരത്വം മനസ്സിലാക്കിക്കൊടുക്കുവാൻ മഹമൂദ് മിനക്കെടാറുണ്ടാ യിരുന്നു. ഇതു ഞാൻ കേട്ടതാണ്. ഒരു മുറിയിലാണ് ഞങ്ങൾ താമസിച്ചത്. പാനൂർ രാഷ്ട്രീയത്തിന് ഒരു പ്രത്യേകതയുണ്ട്. കഠാരിയും കൊലയും അവിടത്തെ രാഷ്ട്രീയത്തിന്റെ പ്രത്യേകതയാണ്. ഇന്ത്യയിൽ ഏത് പ്രത്യയ ശാസ്ത്രവും പറയാം പ്രചരിപ്പിക്കാം. അഭിപ്രായപ്രകടനം നടത്താം, പാനൂ രിൽ അതു പാടില്ല, അവിടെ തിരുമേനിയുടെ രാഷ്ട്രീയം മാത്രം. അതിനെ തിരിൽ ഒരു ശബ്ദം കേട്ടാൽ ഭീഷണിയായി, മർദ്ദനമായി, ചിലപ്പോൾ കൊലയും!

ഈ പരിതസ്ഥിതിയിലാണ് മഹമൂദിലെ ആദർശവാദി ഉയർത്തെഴു ന്നേൽക്കുന്നത്. അടിച്ചമർത്തപ്പെട്ട കർമവിമുഖരായ തന്റെ സമുദായത്തി ന്റെ നിഷേധിക്കപ്പെട്ട അവകാശങ്ങൾ കണക്കു പറഞ്ഞു വാങ്ങുവാൻ

സംഘടിച്ചു ശക്തരാവണമെന്ന് മുസ്‌ലിംലീഗിന്റെ പതാകക്കു കീഴിൽ അടിയുറച്ചുനിന്നുകൊണ്ട് അദ്ദേഹം സമുദായത്തെ ആഹ്വാനം ചെയ്തു.

മഹമൂദ് ഒരു കേവല രാഷ്ട്രീയക്കാരനാണോ? അല്ലെന്നാണ് എന്റെ അനുഭവം. അദ്ദേഹത്തിന്നു ആവേശം നൽകിയ പ്രസ്ഥാനത്തെക്കുറിച്ചുള്ള അജ്ഞതയായിരിക്കും അങ്ങിനെ വിശ്വസിക്കാൻ പ്രേരിപ്പിക്കുക. അദ്ദേഹം ഒരു മുസ്‌ലിം ആയിരുന്നുവെന്നതാണ് യാഥാർത്ഥ്യം. അതിനാൽ തന്നെ ഒരേ അവസരം രാഷ്ട്രീയത്തിലെ മുന്നണിപ്പോരാളിയും, മതത്തിലെ കർമ ധീരനും, ആദർശത്തിൽ രണാങ്കണത്തിലെ ധീരയോദ്ധാവും, അവസാനം രക്തസാക്ഷിയുമാവാൻ കഴിഞ്ഞു. ഇസ്‌ലാമിന്റെ അന്തഃസത്തക്കനുയോജ്യമായ വ്യക്തിത്വമാണ് മഹമൂദിനുണ്ടായിരുന്നത്.

മേഘപാളികൾക്കിടയിൽനിന്നു കേൾക്കുന്ന ഇടിവെട്ടുകളാണ് പാനൂരിൽ നിന്ന് മുഴങ്ങാറുള്ളത്. ഞാനൊരു രാത്രി മഹമൂദുമായി സംസാരിക്കുകയായിരുന്നു. അദ്ദേഹത്തോടു ഞാൻ പറഞ്ഞു: "മഹമൂദ്, താങ്കളുടെ തുറന്ന പ്രവർത്തനത്തിന്റെ സമയമല്ല ഇത്. ഈ കേൾക്കുന്ന ഇടിമുഴക്കം അന്തരീക്ഷത്തെ കൂടുതൽ രോഷാകുലമാക്കുകയില്ലേ?" മഹമൂദിന് ഇത് ഇഷ്ടപ്പെട്ടില്ല: "നിസാമി സാഹിബ്, ഞാൻ എന്റെ രാഷ്ട്രീയത്തിലൂടെ ഇസ്‌ലാമിന്നാണ് സേവനം ചെയ്യുന്നത്. ഒരു നാൾ മരിക്കുമെന്ന് എനിക്കറിയാം. അത് എന്റെ മതത്തിനും സമുദായത്തിനുമാണെങ്കിൽ ഞാനതിൽ ഭാഗ്യവാനല്ലേ?". ഞാൻ പിന്നെ ഒന്നും പറഞ്ഞില്ല. തന്റെ സമീപത്ത് കിടന്നുറങ്ങുന്ന കൊച്ചുമോൻ (മുനീറെന്നാണ് പേരെന്ന് ഞാനോർമിക്കുന്നു) പിതാവിന്റെ വാക്കുകൾ കേട്ടിരുന്നോ? ആ കുഞ്ഞ് ഭാവിയിൽ യതീമാകുമെന്ന് ഞാനോർത്തിരുന്നില്ല. അല്ലാഹു ആ വാക്കു കേട്ടു. ചുറുചുറുക്കുള്ള മഹമൂദിനെ രക്തസാക്ഷിത്വം കൊണ്ട് അല്ലാഹു അനുഗ്രഹിച്ചു.

ആ ജീവിതം എത്ര ധന്യമായിരുന്നു!

മതനിഷ്ഠയും മതാവേശവും മികച്ചുനിന്നൊരു യുവാവായിരുന്നു മഹമൂദ്. സുന്ദരനായ ആ പത്തൊമ്പതുകാരൻ സാധാരണയിലുള്ള യുവചാപല്യങ്ങളുടെ അടിമയായിരുന്നില്ല. തന്റെ വീട്ടിൽ ഒരു ഇസ്‌ലാമിക ലൈബ്രറി അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്. നല്ലൊരു ഇസ്‌ലാമിക ലേഖകനായിരുന്നു പരേതൻ. സുന്നീ ടൈംസിന്റെ പഴയ താളുകളിൽ ഒട്ടേറെ പ്രതിഭകൾ മഹമൂദ് വിട്ടേച്ചിട്ടുണ്ട്. ഒരാഴ്ചത്തെ ഞങ്ങളുടെ ഒന്നിച്ചുള്ള വായന, ഭക്ഷണം, ഉറക്കം, ആരാധന എല്ലാം ഒരുപാടു മാതൃകാപരമായ ആശയങ്ങൾ കൈമാറാൻ സഹായിച്ചു. നിരീശ്വരവാദത്തിനെതിരെ ഞാൻ രചിക്കുന്ന പുസ്തകത്തിലേക്ക് വേണ്ട കുറിപ്പുകൾ എഴുതി അയച്ചുതരാമെന്ന്

എന്നോടു പറയുകയുണ്ടായി. മതപ്രസംഗം കഴിഞ്ഞു. തലശ്ശേരി റെയിൽ വേ സ്റ്റേഷൻ വരെ അദ്ദേഹം എന്നെ അനുഗമിച്ചു യാത്രയയച്ചു. ആ സ്റ്റേഷ നിൽ വച്ചാണ് ഞങ്ങളാദ്യം പരിചയപ്പെട്ടത്. ഇവിടെ വച്ചത് അവസാനിപ്പി ക്കരുതെന്ന് നർമരസത്തോടെ ഞങ്ങളിരുപേരും പറഞ്ഞു. പിന്നീടു ഒരു തവണ എടക്കാട് വന്ന് ഒരു മതപ്രസംഗത്തിന് എന്നെ ക്ഷണിച്ചു. അന്ന് പാനൂരിലുള്ള പഴയ ജുമുഅത്തു പള്ളി സംബന്ധിച്ച തർക്കം നിലവിലിരി ക്കുമ്പോഴാണത്. ഞാൻ ജഃ മഹമൂദിനെ അവസാനമായി കാണുന്നത് 1973 ഒക്ടോബറിലാണ്. ഒരു റമദാനിൽ കേയി സാഹിബിന്റെ വീട്ടിൽ ഞങ്ങളെല്ലാം നോമ്പു തുറക്കാനുണ്ടായിരുന്നു.അതിഥി പ്രിയനായ കേയി സാഹിബ് അവിഭക്ത മുസ്ലിംലീഗിന്റെ സമുന്നത നേതാവായിരുന്നു അന്ന്. പാനൂർ തിരുമേനിയെ കയ്യൊഴിച്ച മുസ്ലിംകൾ ആശാകേന്ദ്രമായി കരുതിയിരുന്നത് കേയി സാഹിബിനെയായിരുന്നു.

അദ്ദേഹത്തിന്റെ മാർഗ്ഗദർശ്ശനമാണ് ഊർജ്ജസ്വലരായ കുറെ നേതാക്കളെ മുസ്ലിം ലീഗിന്റെ മുന്നണിയിലേക്ക് കൊണ്ടുവന്നത്. അന്ന് പി.പി. അഹമ്മദ് ഹാജിയും നോമ്പ് തുറക്കാനുണ്ടായിരുന്നുവെന്നാണു ഓർമ. പാനൂരിലെ മുസ്ലിംലീഗിന്റെയും സമുദായത്തിന്റെയും ഭാവിയെ കുറിച്ചു കെ. വി. സൂപ്പിയും, മഹമൂദും, ഹാജി സാഹിബും, വീറോടെ ചർച്ചചെയ്യുകയായിരുന്നു. കേയി നയപരവും നിർമാണാത്മകവുമായ രംഗ ങ്ങളിലേക്ക് ആവേശം പകർന്നുകൊടുത്തത് കേട്ടപ്പോൾ അദ്ദേഹത്തിൽ ഒരു രാജ്യതന്ത്രജ്ഞനും, സമുദായസ്നേഹിയും ഉറങ്ങിക്കിടക്കുന്നത് ഞാ ൻകണ്ടു. അല്ലാഹു അദ്ദേഹത്തിന് ആരോഗ്യവും പ്രവർത്തനശേഷിയും കൊടുക്കട്ടെ.

1974ൽ പൊയിലൂരിൽ മതപ്രസംഗം നടന്നുകൊണ്ടിരിക്കുമ്പോഴാ ണ് എന്റെ വന്ദ്യസുഹൃത്തിന്റെ നിര്യാണ വാർത്ത കേൾക്കുന്നത്. അന്നത്തെ രാത്രിയിൽ നിറഞ്ഞൊരു സദസ്സിനു മുമ്പിൽ ദുഃഖിക്കുന്നൊരു ഹൃദയത്തോടെ ഞാൻ മഹമൂദിന് വേണ്ടി പ്രാർത്ഥിച്ചു. (ഖുർആനും സലാത്തും ഈസാൽസവാബും നടത്തി). എനിക്കദ്ദേഹത്തിന് ചെയ്യാൻ കഴിഞ്ഞ വലിയൊരു സേവനമായി ഞാനതിനെ കരുതുന്നു.

രാഷ്ട്രീയ കാപാലികരുടെ കുത്തേറ്റ മഹമൂദിനെ അവസാനമാ യൊന്നു കാണാൻ ഞാൻ പാനൂരിലെത്തിയെങ്കിലും, ആ ഭൗതികജഡം മെഡിക്കൽ കോളേജിൽ നിന്ന് തിരിച്ച് കൊണ്ടു വന്നിട്ടുണ്ടായിരുന്നില്ല. കാണാൻ കഴിയാത്ത ദുഃഖത്തോടെ ഞാൻ മടങ്ങി. 1975 ൽ ആ കുടുംബ ത്തെ ദർശിക്കാനും ഖബർ സന്ദർശിക്കാനും എനിക്ക് കഴിഞ്ഞു. ഞാൻ

എഴുതിവരുന്ന നാസ്തികവാദം അശാസ്ത്രീയം എന്ന ഗ്രന്ഥത്തിലേക്ക് വേണ്ടുന്ന ഉദ്ധരണികൾ നൽകാമെന്ന മഹമൂദിന്റെ വാഗ്ദത്തമെല്ലാം ഓർമകളായി നിലകൊള്ളുന്നു.

ഈ സ്മാരക ഗ്രന്ഥത്തിലൂടെ ഒരാത്മബന്ധത്തെ അനുസ്മരിക്കാൻ കഴിഞ്ഞതിൽ ഞാൻ സന്തുഷ്ടനാണ്. ആ ധീര ശഹീദിന്റെ വീരമാതൃക നമ്മുടെ യുവലോകത്തിനു പ്രചോദനം പകരട്ടെ. അല്ലാഹു മഹമൂദിന് മഗ്ഫിറത്തും മർഹമത്തും പ്രദാനം ചെയ്യട്ടെ (ആമീൻ).

N.B.: സെയ്ദ് മുഹമ്മദ് നിസാമി ഇന്ന് നമ്മോടൊപ്പമില്ല. അദ്ദേഹത്തിന്റെ ഖബർ ജീവിതം അല്ലാഹു സ്വർഗ്ഗീയ സൗഭാഗ്യങ്ങളാൽ അനുഗ്രഹിക്കുമാറാകട്ടെ.. ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ച് കൂട്ടുമാറാകട്ടെ (ആമീൻ). -എഡിറ്റർ

●●

പെരിങ്ങളത്തെ മുസ്‌ലിം ലീഗ്; അഗ്നിപരീക്ഷണങ്ങളിലൂടെ വളർന്നു വന്ന ഒരു പ്രസ്ഥാനം

എൻ. എ. എം. പെരിങ്ങത്തൂർ

പെരിങ്ങളം നിയോജക മണ്ഡലത്തിൽ മുസ്‌ലിം ലീഗ് ഇന്ന് ഒരു നിർണ്ണായക ശക്തിയാണ്. ഈ സ്ഥിതി പ്രാപിച്ചത് നിരവധി ത്യാഗങ്ങളിലൂടെയും കദനകഥകളിലൂടെയുമാണെന്ന കാര്യം വിസ്മരിച്ചു കൂടാത്തതാണ്. അവഗണനയുടെയും അസ്വാതന്ത്ര്യത്തിന്റെയും മൂർത്തിമൽഭാവമായി നിലകൊള്ളേണ്ടിവന്ന ഈ മണ്ഡലത്തിലെ മുസ്‌ലിംകൾ രാഷ്ട്രീയമായി സംഘടിക്കുന്നതിനും, തങ്ങൾ ഒരു സംഘടിത വർഗമാണെന്ന് തെളിയിക്കുന്നതിനും അനുഭവിക്കേണ്ടിവന്ന യാതനകളുടെയും വേദനകളുടെയും പട്ടിക നിരത്തിവെച്ചാൽ ചിലർ അത്ഭുതപ്പെട്ടുപോയേക്കാം. ഞാൻ ആ ഭാഗം അധികമായി സ്പർശിക്കാൻ ഈ ലേഖനം ഉപയോഗപ്പെടുത്തുന്നുമില്ല.

സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് പാനൂരും പരിസര പ്രദേശങ്ങളും മുസ്‌ലിം ലീഗിന്റെ കൊടിക്കൂറയിൽ അടിയുറച്ചു നില കൊള്ളുകയും, അതിന്റെ പ്രവർത്തനത്തിൽ ശക്തിയായി മുന്നേറുകയും ചെയ്തിരുന്നു. പിൽക്കാലത്ത് ആ മുന്നേറ്റത്തിന് എന്തുകൊണ്ടു മാറ്റം സംഭവിച്ചുവെന്നു സ്വാഭാവികമായും ഒരു ചോദ്യമുയർന്നു വന്നേക്കും. അവരെ കാർന്നു തിന്നുന്ന ഒരു ദൂഷിതവലയം അവിടെ എന്തെന്നില്ലാത്ത ഭീകരതയുണ്ടാക്കുവാനും, ആ ദുശ്ശക്തിക്കു അടിമപ്പെടുത്താനും നടത്തിയ ഹീനമായ ശ്രമത്തിന്റെ ഭാഗമായിട്ടു മാത്രമേ നമുക്കതിനെ കാണാൻ കഴിയുകയുള്ളൂ. ഒരു നിയന്ത്രണത്തിനും അംഗീകാരത്തിനും വിധേയമായിട്ട് മാത്രമേ ഇവിടെ എന്തും ചലിക്കാവൂ എന്ന് വ്രതമെടുത്ത് ഒരു പറ്റം സാമൂഹ്യവിരുദ്ധശക്തികൾ പാനൂർ

പരിസരങ്ങളിൽ നടത്തിയ ചൂഷണങ്ങളുടെയും മർദ്ദനങ്ങളുടെയും ദുരന്ത കഥകൾ പറഞ്ഞവസാനിപ്പിക്കാൻ പ്രയാസമാണ്. ആ ദൂഷിതവലയത്തിൽ കുടുങ്ങി ശ്വാസം മുട്ടിയത് ഒരു വലിയ വിഭാഗം മുസ്‌ലിംകളാണെന്ന് പറയുന്നത് ഒരു വർഗ്ഗീയ ചിന്താഗതി വെച്ചുകൊണ്ടാണെന്ന് ആരും വ്യാഖ്യാനിച്ചേക്കരുത്. അതൊരു വസ്തുത മാത്രമാണ്.

സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം 1962ലാണ് പെരിങ്ങളം നിയോജക മണ്ഡലത്തിൽ മുസ്‌ലിം ലീഗിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമായത്. അന്ന് ലോകസഭയിലേക്ക് ഒരു തെരഞ്ഞെടുപ്പ് നടക്കുകയായിരുന്നു. അതേവരെ കേരളത്തിൽ നിലവിലുണ്ടായിരുന്ന കോൺഗ്രസ്സ്, പി. എസ്. പി., മുസ്‌ലിം ലീഗ് സഖ്യത്തിൽ നിന്നു മുസ്‌ലിം ലീഗിനെ അവഗണിക്കുന്ന നയം മറ്റു ഘടകകക്ഷികൾ സ്വീകരിച്ചപ്പോൾ, ആ സഖ്യത്തിൽനിന്നു വിട്ടുനിൽക്കുകയും മറ്റൊരു പുതിയ സംവിധാനത്തിലേക്ക് മുസ്‌ലിം ലീഗ് നീങ്ങുകയും ചെയ്ത ഒരു കാലഘട്ടമായിരുന്നു അത്. 1952 ൽ നടന്ന ആദ്യത്തെ പൊതുതെരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗ് സ്വതന്ത്രമായ ഒരു നിലപാട് കൈക്കൊള്ളുകയാണുണ്ടായത്. അന്ന് കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ (ഇന്നത്തെ പെരിങ്ങളത്ത്) സ്വതന്ത്ര സ്ഥാനാർത്ഥിയായി കൂത്തുപറമ്പിൽ മത്സരിച്ച മുസ്‌ലിം ലീഗ് പിന്തുണയുള്ള ശ്രീഃ വി. ആർ. കൃഷ്ണയ്യർക്ക് (പിന്നീട് സുപ്രീംകോർട്ട് ജഡ്ജി) ഒരു വലിയ ഭാഗം വോട്ട് നേടിക്കൊടുക്കുന്നതിൽ മുസ്‌ലിം ലീഗ് നിർണ്ണായകമായ പങ്ക് വഹിച്ചിരുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ശ്രീഃ കൃഷ്ണയ്യർ മുസ്‌ലിം ലീഗിന്റെ സ്വതന്ത്ര സ്ഥാനാർത്ഥിയാണ് എന്ന നിലയ്ക്കാണ് അന്നു ലീഗ് പ്രവർത്തകർ പ്രവർത്തനങ്ങൾ നീക്കിക്കൊണ്ടിരുന്നത്. കുത്തക രാഷ്ട്രീയക്കാരെ പരാജയപ്പെടുത്തിക്കൊണ്ട് തന്നെ ശ്രീഃ കൃഷ്ണയ്യർ ആ തെരഞ്ഞെടുപ്പിൽ വിജയിക്കുകയും ചെയ്തു. അടുത്ത തെരഞ്ഞെടുപ്പിൽ (1957ൽ) മുസ്‌ലിം ലീഗും പി.എസ്.പി. യുമായി ഒരു സഖ്യമുണ്ടാക്കാൻ കേരളാടിസ്ഥാനത്തിൽ ശ്രമമുണ്ടായപ്പോൾ ഈ മണ്ഡലത്തിലെ മുസ്‌ലിംകൾ മുസ്‌ലിം ലീഗുമായുള്ള സഖ്യം മാനിച്ച് കോൺഗ്രസ്സുകാരനായ (മുസ്‌ലിം) സ്ഥാനാർത്ഥിയെ പരാജയപ്പെടുത്തി പി.ആർ.കുറുപ്പിനെ വിജയിപ്പിക്കാൻ മുന്നിട്ടു നിന്ന കാഴ്ചയും നാം കണ്ടതാണ്.

1960 ആവുമ്പോഴേക്ക് നേരത്തെ ഉണ്ടായിരുന്ന സഖ്യം ഒന്നുകൂടി വിപുലീകൃതമായി. കോൺഗ്രസ്സ് കൂടി സഖ്യത്തിൽ പങ്കാളിയായി. അന്നും ഒരു മുസ്‌ലിം സ്ഥാനാർത്ഥിക്കെതിരായിട്ട് തന്നെ മിസ്റ്റർ കുറുപ്പിനെ വിജയിപ്പിക്കാൻ മുസ്‌ലിംകൾ വോട്ടുചെയ്തു. 1962 ആകുമ്പോഴേക്കും

രാഷ്ട്രീയസ്ഥിതിക്ക് മാറ്റം വന്നു. നേരത്തെ സൂചിപ്പിച്ച പ്രകാരം മുസ്‌ലിം ലീഗ് കോൺഗ്രസ്സ് പി.എസ്.പി സഖ്യത്തിൽ നിന്നു മാറി നിന്നു. ആ രണ്ടു പാർട്ടികളുടെയും സ്വാധീനത്തിലാണ് ഈ മണ്ഡലമെന്ന് കണക്കുകൂട്ടിയവർക്ക് തെറ്റു പറ്റിയിരിക്കുന്നുവെന്ന് അന്നത്തെ ലോകസഭാതെരഞ്ഞടുപ്പ് ഫലം വ്യക്തമാക്കി. അന്ന് മുസ്‌ലിം ലീഗും കമ്മ്യൂണിസ്റ്റ് പാർട്ടിയും പിന്തുണ നൽകിയ സ്വതന്ത്ര സ്ഥാനാർത്ഥി എസ്.കെ. പൊറ്റക്കാടിന് മുസ്‌ലിംകൾ കൂട്ടമായി വോട്ടുകൾ നൽകി. ഒരു സംഘടിതശക്തിയായി മുസ്‌ലിം ലീഗ് വളർന്നു വരുന്നുണ്ടെന്ന് അതിന്റെ ശത്രുക്കൾ മനസ്സിലാക്കി. തൽഫലമായി മുസ്‌ലിം ലീഗിനെ അടിച്ചമർത്താൻ തന്നെ അവർ മുതിർന്നു. തെരഞ്ഞടുപ്പ് ഘട്ടത്തിൽ എലാങ്കോട് വെച്ച് ഒരു മുസ്‌ലിം ലീഗ് പ്രവർത്തകനായിരുന്ന അബൂബക്കർ സാഹിബ് മർദ്ദിക്കപ്പെട്ടപ്പോൾ ശക്തമായ പ്രതിഷേധമാണ് മുസ്‌ലിംകളുടെ ഭാഗത്തുനിന്നുണ്ടായത്. അന്ന് പാനൂരാകെ ഹർത്താലായിരുന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞ് കുത്തക രാഷ്ട്രീയക്കാർ തകർന്നപ്പോൾ അരിശം മുസ്‌ലിംകളോടായിരുന്നു. പൂക്കോം ജുമാഅത്ത് പള്ളിക്കു നേരെയും, പൊയിലൂർ ജുമാഅത്ത് പള്ളിക്കു നേരെയും കല്ലെറിയാൻപോലും അവർ മടി കാണിച്ചില്ല. രാത്രികാലത്ത് പാനൂരിൽ അറിയപ്പെടുന്ന രണ്ട് മുസ്‌ലിം പ്രധാനികളുടെ വീട് കയ്യേറാനും അവർ മുതിർന്നു. പൊയിലൂരിലാണെങ്കിൽ നിരന്തരമായ ആക്രമണം തുടർന്നു. അവിടത്തെ ശാഖാ ലീഗ് കമ്മിറ്റി പ്രസിഡന്റ് മുഹമ്മദ് ഹാജിയെ പട്ടാപ്പകൽ അവരുടെ കൃഷിസ്ഥലത്തുവച്ച് ആക്രമിച്ച് പരിക്കേൽപിച്ചു. ശാഖാ പ്രസിഡന്റ് ജഃ കുറ്റിയിൽ മമ്മദ് സാഹിബിനെയും, തെറ്റുമ്മൽ മൂസ, വീട്ടിപ്പൊയിൽ മൂസ്സ എന്നിവരെയും മർദ്ദനങ്ങൾക്ക് വിധേയരാക്കി. തൂവക്കുന്നിലെ മുസ്‌ലിം ലീഗ് ശാഖാകമ്മിറ്റി ഒന്നടങ്കം പിരിച്ചുവിട്ടതായി നോട്ടീസിറക്കി. വയോധികനും നാട്ടുപ്രമാണിയുമായ മൊയ്തീൻ ഹാജിയെ അദ്ദേഹത്തിന്റെ തൃപ്പങ്ങോട്ടൂരിലെ വസതിയിൽ പെട്ടന്നൊരു ദിവസം കയറിച്ചെന്ന് ക്രൂരമായി മർദ്ദിച്ചു. പാനൂർ ശാഖാ മുസ്‌ലിം ലീഗ് പ്രസിഡന്റ് കെ.എം. പക്രു മൗലവിയും, അന്ന് മുസ്‌ലിം ലീഗിന്റെ മണ്ഡലം ഭാരവാഹിയായിരുന്ന സി. എം. കുഞ്ഞിമൂസ്സ മൗലവിയും അക്രമ രാഷ്ട്രീയക്കാരുടെ മർദ്ദനങ്ങൾക്ക് വിധേയരായി. അവരുടെയും വീടുകളിൽ കയറിച്ചെന്നാണ് ആക്രമിച്ചത്. പാറാട് വച്ച് പാടിക്കുന്നോൻ അഹമ്മദ് ഹാജിയും ഒരു കടന്നാക്രമണത്തിന് വിധേയനായി. അന്നത്തെ കുത്തക രാഷ്ട്രീയക്കാർക്കെതിരായി നിലകൊണ്ട മറ്റു രാഷ്ട്രീയക്കാരുടെയും അനുഭവങ്ങൾ മറിച്ചായിരുന്നില്ല.

ഈ പരിതസ്ഥിതിയാണ് അക്രമികളെ നേരിടാൻ കോൺഗ്രസ്സും

കമ്മ്യൂണിസ്റ്റ് പാർട്ടിയും മുസ്‌ലിം ലീഗും ഒത്തുചേർന്ന് ഒരു ആക്ഷൻ കൗൺസിൽ രൂപം കൊടുക്കാൻ ഇടയാക്കിയത്. അത് അക്രമികൾക്ക് തലവേദനയുണ്ടാക്കി. എക്കാലവും മർദ്ദനചെയ്തികളിലൂടെ ഇതര രാഷ്ട്രീയക്കാരെ വശപ്പെടുത്താമെന്ന് കരുതിയിരുന്നവരെ ഒരു പാഠം പഠിപ്പിക്കാനും, അടിമത്തം ഒരു ജനത എക്കാലവും സഹിക്കുകയില്ലെന്ന് പ്രഖ്യാപിക്കുവാനും ആക്ഷൻ കൗൺസിലിന്റെ പ്രവർത്തനമുപകരിച്ചു. പ്രതികാരബുദ്ധിക്കാരായ അക്രമകാരികളെ നേരിടാൻ തന്നെ ആക്ഷൻ കമ്മിറ്റിയുടെ പ്രവർത്തകന്മാർ ഉറച്ചുനിന്നു. വേണ്ടത്ര ഗതാഗത സൗകര്യവും പോലീസുദ്യോഗസ്ഥന്മാർക്ക് എത്തിച്ചേരാനുള്ള വിഷമവും കണക്കിലെടുത്ത് റോഡുകൾ, പാലങ്ങൾ എന്നിവ പുതുതായി പണിയുവാനും ഉദ്യോഗസ്ഥന്മാരുടെ സൗകര്യാർത്ഥം ഒരു ഇൻസ്പെക്ഷൻ ബംഗ്ലാവ് പണിയുവാനും അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചു. ഏറെക്കുറെ ആ പ്രവർത്തനങ്ങളൊക്കെ ക്രമത്തിലായി മുന്നേറി. ആക്ഷൻ കമ്മിറ്റിയുടെ പ്രവർത്തനം പാനൂരിലും പരിസരങ്ങളിലും ഒരു നല്ല ചലനമുണ്ടാക്കി. വിദ്യാർത്ഥികളുടെ ഇംഗിതം മാനിക്കാതെ അന്നത്തെ പി. എസ്. പി. നേതാവ് എച്ച്. വി കമ്മത്തിനെ പ്രസംഗിക്കുവാൻ അനുവദിക്കുകയില്ലെന്ന് പാനൂർ ഹൈസ്കൂൾ വിദ്യാർത്ഥികൾ ശഠിച്ചു. കുറുപ്പിനെ ഇളിഭ്യനാക്കിയ ആ സംഭവത്തിന് പ്രതികാരം വീട്ടാൻ മുതിർന്നത് ആക്ഷൻ കമ്മിറ്റി ഓഫീസിനെതിരെയുള്ള ഒരു ആക്രമണത്തിലൂടെയാണ്. പി. ആർ. കുറുപ്പടക്കം കുറേയാളുകൾ ഓഫീസിലുണ്ടായിരുന്ന അന്നത്തെ ആക്ഷൻ കമ്മിറ്റി ഓഫീസ് സെക്രട്ടറി ജഃ പി.കെ. ഉമ്മർഖാനെ കയ്യേറ്റം ചെയ്യുകയും മർദ്ദനമേറ്റ അദ്ദേഹം ആസ്പത്രിയിലാവുകയും ചെയ്തു. ഓഫീസ് അതോടെ പൂട്ടി പ്രവർത്തനം നിലക്കുമെന്നായിരുന്നു എതിരാളികൾ നിനച്ചത്. ഓഫീസ് പൂട്ടിയില്ലെന്നു മാത്രമല്ല അതിനെതിരെ കനത്ത തിരിച്ചടി അവർക്ക് ലഭിക്കുകയും ചെയ്തു. ചെറുപറമ്പിൽ അക്രമോദ്ദേശത്തോടെ മുന്നോട്ടുവന്ന ഒരു പറ്റം റൗഡികളെ നാട്ടുകാർ നേരിടുകയും ഒരു സംഘട്ടനം അവിടെ സംജാതമാവുകയും ചെയ്തു. ഒരു കൊലപാതകത്തിലാണ് അത് എത്തിച്ചേർന്നത്.

ശ്രീ. കേളപ്പൻ, രാധാകൃഷ്ണമേനോൻ, ഇക്കണ്ട വാര്യർ തുടങ്ങിയ സർവോദയ നേതാക്കളെ ക്ഷണിച്ചുവരുത്തി ഒരു സമാധാനശ്രമം നടത്താൻ പ്രതിലോമകാരികൾ തന്നെ മുൻകൈ എടുക്കേണ്ടി വന്നു. അങ്ങിനെ താൽക്കാലിക സമാധാനം കൈവന്നെങ്കിലും അക്രമരാഷ്ട്രീയം കൈമുതലാക്കിയ കുറുപ്പിന്റെ അനുയായികൾ അവരുടെ അക്രമനിലപാട് അവ സാനിപ്പിച്ചില്ല. ഈയിടയ്ക്കുണ്ടായ ആസുമ്മൽ അമ്മത് ഹാജി

സംഭവം, കടവത്തൂരിലെ കുഞ്ഞിക്കുട്ട്യാലിയുടെ തലാഖ് പിടിച്ചുപറി എന്നിവ എടുത്തുപറയത്തക്ക സംഭവങ്ങളാണ്.

സാമ്പത്തികമായി അധഃപതിച്ച മുസ്‌ലീങ്ങളെ രാഷ്ട്രീയനപുസംകങ്ങളാക്കുക എന്ന നയമാണ് ഈ അക്രമകാരികൾ കൈകൊണ്ടത്. പക്ഷെ മുസ്‌ലിം ലീഗിന്റെ ആത്മാർത്ഥതയുള്ള പ്രവർത്തകന്മാർ എന്ത് ത്യാഗവും സഹിച്ച് മുന്നേറാൻ തന്നെ മുതിർന്നപ്പോൾ ശത്രുക്കളുടെ ഒളിയമ്പുകൾക്കും നേരെയുള്ള അക്രമങ്ങൾക്കും അവർ വശംവദരായി. കടവത്തൂരിലെ പുതിയേടത്ത് മമ്മദ് സാഹിബ് മുസ്‌ലിം ലീഗിന്റെ ഒരു കർമഭടനായിരുന്നു. അദ്ദേഹത്തെ കൊലചെയ്യാൻ അവർ ഗൂഢമായി പ്ലാനിട്ടു. ഒരു ഭ്രാന്തവേഷം പൂണ്ട ആളിനെ അതിനായി ഉപയോഗപ്പെടുത്തി. ഉശിരും ചുണയും പ്രകടിപ്പിച്ച രണ്ടു മൂന്നു സംഭവങ്ങളിൽ ജഃമമ്മത് സാഹിബ് ഭാഗഭാക്കായി എന്നതാണ് അദ്ദേഹത്തിന്റെ നേരെയുള്ള ആക്രമത്തിന് പ്രധാന ഹേതു. ധീരോദാത്തമായ കാൽവെപ്പുകൾക്ക് മുസ്‌ലിംകൾക്കു പ്രചോദനം നൽകാൻ ജഃ കെ. എൻ. ഇബ്രാഹിം മൗലവിയെപ്പോലുള്ള നിസ്വാർത്ഥ നായകന്മാരുടെ പ്രവർത്തനങ്ങൾക്ക് ഒട്ടേറെ ഉപകരിച്ചിരുന്നു. മറ്റുള്ളവരെപ്പോലെ ആത്മാഭിമാനത്തോടെ ജീവിക്കാൻ പെരിങ്ങളം മണ്ഡലത്തിലെ മുസ്‌ലിംകൾക്കും അവകാശമുണ്ടെന്ന് അവരെ സ്വയം ബോദ്ധ്യപ്പെടുത്താനും മറ്റുള്ളവരെക്കൊണ്ട് അതു അംഗീകരിപ്പിക്കാനും വളരെയേറെ പണിപ്പെട്ട മുസ്‌ലിം ലീഗ് നേതാവ് ജഃ സി.കെ.പി. ചെറിയ മമ്മുക്കേയി സാഹിബിന്റെ നേതൃത്വവും പെരിങ്ങളത്തെ മുസ്‌ലിംകൾക്കു മറക്കാൻ കഴിയുകയില്ല.

1973 മെയ് മാസത്തിൽ പാനൂരിൽ നടത്തിയ മുസ്‌ലിം ലീഗിന്റെ മഹാസമ്മേളനം, അവഗണിക്കാനാവാത്ത ഒരു ശക്തിയാണ് മുസ്‌ലിം ലീഗ് എന്ന ശത്രുക്കളെ കാണിക്കാൻ മതിയായതായിരുന്നു. അന്ന് സമ്മേളനം കഴിഞ്ഞു തിരിച്ചു പോകുന്നവരെ പതിയിരുന്ന് അക്രമിക്കുവാനും വീണ്ടും ഒരു രക്തക്കളമുണ്ടാക്കുവാനും അക്രമരാഷ്ട്രീയക്കാർ മുതിർന്നു. എസ്സ്.പി. വിട്ട് കോൺഗ്രസ്സിലേക്കു മറുകണ്ടം ചാടിയവരായിരുന്നു ഇതിന്റെ പിന്നിൽ. അന്ന് ഭരണത്തിൽ മുസ്‌ലിംലീഗിനും പങ്കാളിത്തമുണ്ടായിരുന്നെങ്കിലും മുസ്‌ലിം ലീഗിനെ തള്ളിപ്പറയാനും, ആഭ്യന്തരവകുപ്പിന്റെ ഊക്ക് വെച്ചുകൊണ്ട് മുസ്‌ലിം ലീഗ് പ്രവർത്തകർക്കെതിരെ അക്രമങ്ങൾ വാർത്തു വിടാനും അവർ മടി കാണിച്ചില്ല. നിരവധി സംഭവങ്ങൾ ആയിടെ നടന്നു. മുസ്‌ലിം ലീഗിന്റെ പ്രവർത്തനത്തിൽ പങ്ക്വഹിച്ച പലരേയും വീട്ടിൽ കയറിച്ചെന്ന് മർദ്ദിക്കുകയും, സാമ്പത്തികമായി നഷ്ടപ്പെടുത്തുവാൻ ഉദ്യമിക്കുകയും ചെയ്തു. ഇത്തരം സംഭവങ്ങൾ ഭരണത്തിന്റെ മേൽനോട്ടം വഹി

ക്കുന്ന ലയ്സൺ കമ്മിറ്റികൾ ഉന്നയിച്ചെങ്കിലും ഫലമുണ്ടായില്ല. ഒരുഭാഗത്ത് ലയ്സൺ കമ്മിറ്റി ചർച്ചകൾ നടന്നുകൊണ്ടിരിക്കേയാണ് ഏറ്റവും കിരാതവും ഞെട്ടിപ്പിക്കുന്നതുമായ ഒരു സംഭവത്തിന് പാനൂർ ടൗൺ പട്ടാ പ്പകൽ സാക്ഷ്യം വഹിക്കേണ്ടി വന്നത്. മുസ്‌ലിം ലീഗിന്റെ കരുത്തുറ്റ പ്രവർത്തകനെ ഗൂഢമായി പ്ലാനിട്ട് കൊലചെയ്യുവാൻ അക്രമരാഷ്ട്രീ യത്തിന്റെ വൈതാളികന്മാർ നടത്തിയ മൃഗീയമായ ചെയ്തിയാണ് 1974 ജനുവരി 11ന് പാനൂർ ടൗണിൽ നാം ദർശിച്ചത്. മുസ്‌ലിം ലീഗിന്റെ ആത്മാർത്ഥ സേവകനും പെരിങ്ങളം മണ്ഡലത്തിലെ മുസ്‌ലിം ലീഗ് പ്രവർത്തകരുടെ കണ്ണിലുണ്ണിയുമായിരുന്ന മാവിലാട്ട് മഹമൂദിന്റെ വേർ പാട്, മുസ്‌ലിം ലീഗ് പ്രവർത്തനം മാറ്റി വെച്ച് രാഷ്ട്രീയ രംഗത്തുനിന്ന് പിന്മാറാനല്ല മറിച്ച് കർമരംഗം സജീവമാക്കി മുസ്‌ലിം ലീഗിനെ ഉയിർ ത്തെഴുന്നേൽപ്പിക്കാനാണ് നമുക്ക് പ്രചോദനം നൽകിയത്.

കേരളരാഷ്ട്രീയത്തിൽ തന്നെ വലിയൊരു വ്യതിയാനമുണ്ടാക്കിയ ആ സംഭവം മുസ്‌ലിം ലീഗിന്റെ ചരിത്രത്തിൽ മറക്കാനാവാത്ത ദുഃഖപൂരിത മായ ഒരു സംഭവമാണ് എന്നതിൽ സന്ദേഹമില്ല. എക്കാലവും നമുക്ക് അനുസ്മരിക്കാനും, കാപാലികന്മാരുടെ നീരാളിപ്പിടുത്തത്തിൽ നിന്നും മുസ്‌ലിം ലീഗിനെ വിമോചിപ്പിക്കാനും ഉതകുന്ന ഒരു സംഭവമായി നിലകൊ ള്ളുക തന്നെ ചെയ്യും. ആ വേദനയിൽ നിന്നും പാഠം നുകർന്നു കൊണ്ടു തന്നെ നമുക്കു മുന്നേറാം. സംഘടനാരംഗം പരിപുഷ്ടമാക്കാമെന്ന വ്രത ത്തോടെയാണ് പെരിങ്ങളത്തെ മുസ്‌ലിംലീഗിന്റെ ചുണക്കുട്ടികൾ നയിക്ക പ്പെടുന്നത്. വിജയം സുനിശ്ചിതമാണ്. അല്ലാഹു സഹായിക്കട്ടെ. (ആമീൻ).

●●

ജനാധിപത്യം സംരക്ഷിക്കാൻ അണി ചേരുക

ഇ.കെ. നായനാർ

ഏകാധിപത്യശക്തികളെ പരാജയപ്പെടുത്തുവാനും സംരക്ഷിക്കുവാനും താൽക്കാലികമായി ഇന്ത്യൻ ജനതക്ക് സാധിച്ചിരിക്കുന്നു. ആ അർത്ഥത്തിൽ ഒരു പുതിയ രാഷ്ട്രീയ സാഹചര്യമാണ് നമ്മുടെ നാട്ടിൽ ഇപ്പോഴുള്ളത്. ഈ സാഹചര്യം നിലനിർത്തി ശക്തിപ്പെടുത്തി മുന്നോട്ടു പോകാൻ കഴിയണം.

ഈ സ്ഥിതിവിശേഷം തകിടം മറിച്ച് സേച്ഛാധിപത്യം പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്ന ശക്തികൾ നമ്മുടെ രാജ്യത്ത് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. വെള്ളവും വളവും നൽകി ഈ ശക്തികളെ പ്രോത്സാഹിപ്പിക്കുന്നതിൽ പിന്തിരിപ്പൻ കേന്ദ്രങ്ങൾ വളരെ സജീവമാണ്. സേച്ഛാധിപത്യ ശക്തികളുടെ ഉറവിടമായി ഭവിക്കുന്ന സാമൂഹ്യ സാമ്പത്തിക വ്യവസ്ഥയാണെങ്കിൽ ഇവിടെ ഇന്നും പ്രബലമാണ്. ഇതൊക്കെ വെച്ച് പരിശോധിക്കുമ്പോൾ ജനാധിപത്യ ധ്വംസനത്തിനെതിരെ ജനങ്ങൾ വളരെയേറെ ജാഗ്രത പാലിക്കേണ്ടതുണ്ട്. ഐക്യത്തോടെ മുന്നോട്ട് പോകേണ്ടതുണ്ട്.

ജനങ്ങൾക്കിടയിൽ ചേരിതിരിവ് സൃഷ്ടിക്കുന്ന പലവിധ ദുഷ്ട ശക്തികളും നമ്മുടെ നാട്ടിൽ സജീവമാണ്. മതേതര ജനാധിപത്യത്തെ കുറിച്ച് ധാരാളം പർവതപ്രസംഗങ്ങൾ നടത്തികൊണ്ടിരിക്കവെ തന്നെ ദുഷ്ടമായ വർഗ്ഗീയ ലഹളകളെ പ്രോത്സാഹിപ്പിച്ച നിരവധി അനുഭവങ്ങളുണ്ട്. മഹാരാഷ്ട്രയിലെ ഭീവണ്ടിയിലും ഗുജറാത്തിലെ അഹമ്മദാബാദിലും മറ്റും ഉണ്ടായ വർഗ്ഗീയാസ്വാസ്ഥ്യങ്ങൾ ഇതിനുദാഹരണമാണ്.

കൊലപാതക രാഷ്ട്രീയം തൊഴിലാക്കിയിട്ടുള്ള ഗുണ്ടാസംഘങ്ങളെ വളർത്തിവിട്ട് ജനങ്ങൾക്കിടയിൽ ഭീതിയും വൈരാഗ്യവും സൃഷ്ടിച്ച്

സ്വന്തം സങ്കുചിത താൽപര്യം സംരക്ഷിക്കുക എന്നത് ഭരണവർഗ്ഗം സ്ഥിരം പരിപാടിയാക്കിയിരിക്കും അവിടെ. 1970ന് ശേഷം പടിഞ്ഞാറൻ ബംഗാളിലും കേരളത്തിലും അടിയന്തരാവസ്ഥകാലത്ത് ഇന്ത്യയിലാകെയും നമുക്കത് കാണാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായിട്ടാണ് പാനൂരിലെ പഴക്കം ചെന്ന ഗുണ്ടാരാഷ്ട്രീയത്തിന്റെയും പ്രവർത്തനമുണ്ടായത്.

മാവിലാട്ട് മഹമൂദ് ഈ ഗുണ്ടാ കൊലപാതകരാഷ്ട്രീയത്തിന്നിരയായ ഒരു രക്തസാക്ഷിയാണ്. തന്റെ വിശ്വാസപ്രമാണത്തിന്നനുസരിച്ച് സംഘടിക്കാനും പ്രവർത്തിക്കാനുമുള്ള പ്രാഥമീകവും മൗലികവുമായ ജനാധിപത്യ അവകാശങ്ങൾക്ക് വേണ്ടിയുള്ള ത്യാഗപൂർവമായ പ്രവർത്തനങ്ങൾക്കിടയിലാണ് മഹമൂദ് ക്രൂരമായി കൊല്ലപ്പെട്ടത്. ഭരണകൂടത്തിന്റെ ഒത്താശയോടെ ഇത്തരം നിരവധി അറുംകൊലകൾ ഇവിടെ കേരളത്തിൽ നടന്നിട്ടുണ്ട്.

ഏകാധിപത്യത്തിന്റെയും ഗുണ്ടാകൊലപാതകരാഷ്ട്രീയത്തിന്റെയും ഭീകരശക്തികളെ തലയുയർത്തി മുന്നോട്ടുവരാൻ അനുവദിച്ചുകൂടാ. കണ്ണിലെ കൃഷ്ണമണിപോലെ പ്രധാനപ്പെട്ട ജനാധിപത്യത്തെ കാത്തു സൂക്ഷിക്കുവാൻ എല്ലാ അഭിപ്രായഭിന്നതകളും മാറ്റിവെച്ച് ഈ കാലഘട്ടത്തിൽ നാമൊന്നായണിചേരുക. ജനാധിപത്യസംരക്ഷണത്തിന് വേണ്ടി രക്തസാക്ഷിത്വം വരിച്ച മാവിലാട്ട് മഹമൂദിന്റെ സ്മരണയോട് നമുക്കങ്ങനെ മാത്രമേ നീതി ചെയ്യാൻ കഴിയുള്ളൂ.

●●

എന്റെ ഓർമയിൽ മിന്നുന്ന ഒരു രക്തനക്ഷത്രം

എം.പി. വീരേന്ദ്രകുമാർ

ത്യാഗത്തിന്റെ തപസ്യയിലൂടെ ഇതിഹാസം രചിച്ച പലരും രക്തം കൊണ്ട് അവരുടെ പ്രവർത്തനങ്ങൾക്ക് വില നൽകേണ്ടി വന്നിട്ടുണ്ട്. ആ രക്തമാണ് ചലനമറ്റ മനസ്സുകളെ ഇളക്കിമറിച്ചത്. ഭീരുക്കളെ കർമോൻമുഖരാക്കിയ രക്തസാക്ഷിയാണ് മഹമൂദ്.

മഹമൂദ് നല്ലവനായിരുന്നു, കർമധീരനായിരുന്നു; ഊർജ്ജസ്വലനായിരുന്ന ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്നു. 1974 ജനുവരി 12-ന് ഒരു പ്രത്യേക ആദർശത്തിൽ വിശ്വസിച്ചു എന്ന ഒറ്റ കാരണം കൊണ്ട് രക്തസാക്ഷിയാകേണ്ടി വന്നു. ഞാനും സ. ശ്രീധരനും അബുസാഹിബും മറ്റും 13 ന് ഉച്ചയോടെ പാനൂരിലെത്തി. ജാതിമതഭേദമന്യേ ആയിരക്കണക്കിനാളുകൾ മഹമൂദിന്റെ മൃതശരീരം അവസാനമായൊന്നു കാണുവാൻ വീട്ടിൽ തടിച്ചുകൂടിയിരുന്നു. മുസ്‌ലിം ലീഗിന്റേയും, മാർക്കിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും നേതാക്കളായ വി.പി. മഹമൂദ് ഹാജിസാഹിബും പാട്യം ഗോപാലനുമടക്കമുള്ള നിരവധി നേതാക്കൾ മഹമൂദിന്റെ വീട്ടിൽ നേരത്തെതന്നെ എത്തിയിരുന്നു. മുസ്‌ലിം ലീഗിന്റെ സമുന്നതനേതാക്കളായ ജഃ കേയി സാഹിബ്, പി.എം. അബൂബക്കർ എന്നിവരുടെ നേതൃത്വത്തിൽ മൃതദേഹം വമ്പിച്ച വിലാപയാത്രയായാണ് മഹമൂദിന്റെ വീട്ടിലേക്കുകൊണ്ടുപോന്നത്. അപ്പോൾ സമയം ഏതാണ്ട് രണ്ടു മണിയോടടുത്തിരുന്നു. ഈറനണിയാത്ത കണ്ണുകളില്ലായിരുന്നു. ദുഃഖം തളം കെട്ടിനിന്ന അന്തരീക്ഷം ഇന്നും സ്മരണയിൽ തങ്ങിനിൽക്കുന്നു. മകന്റെ വേർപാട് മഹമൂദിന്റെ ഉമ്മയെ തളർത്തി. താങ്ങാനാവാത്ത ദുഃഖം കൊണ്ട് തളർന്ന ഉമ്മ എന്നിട്ടും പൊട്ടി

ത്തെറിച്ചു. അവിടെ കൂടിയിരുന്ന ആയിരങ്ങളോട് ഉത്തരം കിട്ടാത്ത ചില ചോദ്യങ്ങൾ ചോദിച്ചു. ആ ചോദ്യങ്ങൾ ഇന്നും എന്റെ ഓർമയിൽ ജീവിക്കുന്നു. ഉത്തരം കിട്ടാതെ തന്നെ. ഏകദേശം ആറുമണിയോടെ പാനൂർ പള്ളിയിൽ ഖബറടക്കം ചെയ്യപ്പെട്ടു. ജീവിച്ചിരുന്ന മഹമൂദ് മറക്കാനാവാത്ത സ്മരണയായി മാറി.

മഹമൂദ് രക്തസാക്ഷിയാണ്. രക്തസാക്ഷികളുടെ ഓർമകൾ അനീതിക്കെതിരായുള്ള പോരാട്ടത്തിനു മനസ്സിന് കരുത്തുനൽകുന്നു. മഹമൂദ് രാഷ്ട്രീയപ്രവർത്തനം നടത്തിയിരുന്ന പ്രദേശത്തെ സ്ഥിതിഗതികൾ ആ യുവാവിന്റെ മരണത്തോടെ ഗുണാത്മകമായിത്തന്നെ മാറി, തെറ്റിനെ തെറ്റെന്ന് പറയാൻ മടിച്ചുനിന്നവർ, അനീതിക്കെതിരെ പ്രതിഷേധിക്കാൻ ഭയപ്പെട്ടിരുന്നവർ നട്ടെല്ലുള്ള മനുഷ്യരായി. മഹമൂദിന്റെ രക്തസാക്ഷിത്വം പല മനസ്സുകളേയും അസ്വസ്ഥമാക്കി. അസ്വസ്ഥതയാണല്ലോ വ്യക്തിയേയും, സമൂഹത്തെയും ചലനാത്മകമാക്കി മാറ്റുന്നത്. ഭീരുക്കളുള്ള സമൂഹത്തിൽ അനീതി കൊടികുത്തിവാഴും. ആക്രമികൾ അട്ടഹസിച്ച് നൃത്തം ചവിട്ടും. ഭാവിയെ കുറിച്ചുള്ള ആശങ്കയും ത്യാഗം സഹിക്കുവാനുള്ള വൈമനസ്യവും മനുഷ്യന്റെ ആന്തരികമായ കഴിവിനെ തകർക്കും. സമൂഹത്തിൽ ഈ പ്രവണത അതിന്റെ ചലനാത്മകത നശിപ്പിക്കും. പല ഘട്ടങ്ങളിലും ചരിത്രത്തിൽ നിഷ്ക്രിയമായ മനുഷ്യ മനസ്സിനെ പിടിച്ചുകുലുക്കിയത് അപൂർവ പ്രതിഭാശാലികളുടെ ആത്മ സമർപ്പണമാണ്. ത്യാഗത്തിന്റെ തപസ്യയിലൂടെ ഇതിഹാസം രചിച്ച പലരും അങ്ങിനെയാണ് ജനമനസ്സുകളിൽ കൽപാന്ത കാലത്തോളം ജീവിക്കുന്നത്.

●●

ചില ചിതറിയ ചിന്തകൾ; പാനൂരിന്റെ കദനകഥ

ഐ.വി. ദാസ്

കഴിഞ്ഞ കാൽ നൂറ്റാണ്ടിലേറെക്കാലമായി പാനൂരിന്റെ കഥ തികച്ചും ഒരു കദന കഥയാണ്. പാനൂർ എന്ന പദം കൊണ്ട് ഞാനിവിടെ ഉദ്ദേശിക്കുന്നത് പാനൂർ, കുന്നോത്തുപറമ്പ്, തൃപ്പങ്ങോട്ടൂർ, മൊകേരി, പന്ന്യന്നൂർ, പാട്യം മുതലായ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പെരിങ്ങളം മണ്ഡലത്തെയാണ്. ഇവിടെ എവിടെത്തിരിഞ്ഞു നോക്കിയാലും കത്തിക്കുത്തുകളുടെയും മർദ്ദനങ്ങളുടെയും പാടുകളേറ്റവരെ ധാരാളമായി കാണാൻ കഴിയും. സ്ഥാവര ജംഗമ സ്വത്തുക്കൾ നശിപ്പിക്കപ്പെട്ട അനേകം കുടുംബങ്ങളേയും വ്യക്തികളെയും നമുക്കിവിടെ കാണാം. പോലീസ് മർദ്ദനമേറ്റവരും കള്ളക്കേസുകളിൽ കുടുക്കപ്പെട്ട് നായാടപ്പെട്ടവരും നിരവധിയാണ്. കൊലപാതകത്തേക്കാൾ ഹൃദയഭേദകമായ വിധം തെറിവിളികൾ നടത്തി തേജോവധം ചെയ്യപ്പെട്ടവർ ചില്ലറയല്ല. ഡെമോക്ളസിന്റെ വാൾപോലെ സദാ ഭീഷണികൾ തൂക്കിനിർത്തി ഭീരുക്കളാക്കപ്പെട്ടവരെ സഹസ്രകണക്കിൽ തന്നെ കാണാം. അടക്ക കള്ളന്മാർ കായംകുളം കൊച്ചുണ്ണിമാരായും ആനക്കള്ളന്മാർ ഹരിശ്ചന്ദ്രൻന്മാരായും ചിത്രീകരിക്കപ്പെടുന്ന പ്രചരണതന്ത്രം ഇവിടെ സമർത്ഥമായി ചലിക്കപ്പെടുന്നത് ഒരു നിത്യസംഭവമാണ്. ഇതിനെല്ലാം പുറമെ ആസൂത്രിതമായ വിധം സംഘടിതമായ കൊലപാതക പരമ്പരകളും ഈ പ്രദേശത്ത് നടന്നിട്ടുണ്ട്. അറിയപ്പെടുന്ന കൊലകളും അറിയപ്പെടാത്ത കൊലകളും!

അറിയപ്പെടുന്ന കൊലകൾക്ക് വിധേയമായി രക്തസാക്ഷികളായിത്തീർന്നവർ ഇവരാണ്; വി.എം. കൃഷ്ണൻ (കല്ലിക്കണ്ടി), മാവിലാട്ട്

മഹമൂദ് (പാനൂർ), മൊട്ടേമ്മൽ ബാലൻ (കൊളവല്ലൂർ). നിത്യേനയെന്നോണം നായാടപ്പെട്ടതിന്റെ ഫലമായി നിരാശനായി നന്തോൻ കണ്ണൻ ആത്മഹത്യ ചെയ്തത് ഈയടുത്ത കാലത്താണ്.

നിരന്തരമായ സംഘർഷവും സംഘട്ടനങ്ങളും പാനൂർ പ്രദേശത്തെ ജീവിതത്തിന്റെ സ്ഥായിയായ ഭാവമായിരുന്നു, കുറെ കൊല്ലങ്ങളായി. ഏത് ആക്ഷനും ഒരു റിയാക്ഷൻ ഉണ്ടാകുമല്ലോ. സംഘർഷഭരിതമായ ഈ അന്തരീക്ഷത്തിൽ സംഭവിച്ച റിയാക്ഷന്റെ ഫലമായി മരണടഞ്ഞവരുമുണ്ട്. പൊയിലൂരിലെ വി.പി. കുമാരൻ മുതൽ കൈവേലിക്കൽ ഗോവിന്ദൻ വരെയുള്ളവർ, ഇവർ രക്തസാക്ഷികളല്ല. രക്തസാക്ഷികളെന്നാൽ മഹത്തായ ചില ലക്ഷ്യങ്ങൾക്കുവേണ്ടി ചില ആദർശങ്ങളുടെ പേരിൽ ജീവൻ ത്യജിച്ചവരോ ത്യജിക്കേണ്ടിവന്നവരോ ആണല്ലോ. ഈ പട്ടികയിൽപ്പെട്ടവരെല്ലെങ്കിലും ഇവരും മരിക്കേണ്ടി വന്നു. ഇവർ മരിക്കേണ്ടി വന്നത് ഇവർക്ക് വേണ്ടിയല്ല. മറ്റാർക്കോ വേണ്ടിയാണ്. ഇവർ ആർക്ക് വേണ്ടി ജീവൻ കളഞ്ഞുവോ ആ ആളാണ് പാനൂർ പ്രദേശത്തെ തുടർച്ചയായ സംഘർഷ സംഘട്ടനങ്ങളുടെ പ്രഭവകേന്ദ്രം.

"മകനേ, എല്ലാം നിനക്ക് വേണ്ടി" എന്ന ശൈലിയിൽ പറഞ്ഞാൽ പാനൂർ പ്രദേശത്തെ ഇതെല്ലാം ആത്യന്തികമായി അവനുവേണ്ടി, അവന്റെ കുടുംബത്തിനു വേണ്ടി മാത്രമായിരുന്നു. "ജന്റിൽമേൻ റൗഡി", "വില്ലേജ് ടയറന്റ്" (ഗ്രാമീണ ഭീകരൻ) എന്നൊക്കെയുള്ള വിശേഷണങ്ങളാൽ അറിയപ്പെടുന്ന കുപ്രസിദ്ധനാണ് ആ കഥാപുരുഷൻ.

2

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ഇന്ത്യയിലെ വിവിധസംസ്ഥാനങ്ങളിൽ പല നിറത്തിലും തരത്തിലും ജീവിതഭദ്രതയെ ഭഞ്ജിക്കുന്ന പ്രാദേശികവും സങ്കുചിതവുമായ ചില ഗുണ്ടാ പ്രസ്ഥാനങ്ങളെയും സാമൂഹ്യ വിരുദ്ധശക്തികളെയും അവയുടെ വിളനിലങ്ങളായ ചില പ്രദേശങ്ങളെയും എടുത്ത് പ്രത്യേകം പ്രത്യേകം പരിശോധിക്കേണ്ടതാവശ്യമാണ്. ബോംബെയിലെ ശിവസേന, മദ്ധ്യപ്രദേശിലെ ഭീമസേന, ചമ്പൽ താഴ്വരയിലെ കൊള്ള പ്രസ്ഥാനം, പാനൂരിലെ ഗ്രാമീണ ഭീകരപ്രസ്ഥാനം; ഇവയുടെ വലുപ്പചെറുപ്പങ്ങൾ സൂക്ഷ്മവിശകലനത്തിന് വിഘാതമാക്കേണ്ടതില്ല. ഉള്ളടക്കത്തിൽ ഈ സാമൂഹ്യ വിരുദ്ധ ഭീകരപ്രസ്ഥാനങ്ങൾ തമ്മിൽ ഒരുതരം രക്തബന്ധം കാണാൻ കഴിയും. എല്ലാറ്റിന്റെയും പൊതുസ്വഭാവം സമർത്ഥമായ ചൂഷണവും തട്ടിപ്പും മാനുഷിക മൂല്യനിഷേധവും തന്നെയാണ്. ഇത്തരം

ഭീകരഗുണ്ടാപ്രസ്ഥാനങ്ങൾ സാമൂഹ്യജീവിതത്തിലെ ഒരുതരം ദുർമേദസ്സുകളാണ്. ഇതിന്നാധാരമായ സാമൂഹ്യശാസ്ത്ര സംബന്ധമായ കാര്യകാരണങ്ങൾ കണ്ടെത്താനുള്ള ഉത്തരവാദിത്തം ശാസ്ത്ര വിദഗ്ദ്ധന്മാർക്ക് വിട്ടുകൊടുക്കാം. എന്നാൽ നമ്മുടെ സാമൂഹ്യജീവിതത്തെ രക്താർബുദം പോലെ ഇന്നും സ്ഥായിയായി ശല്യപ്പെടുത്തുന്നു ഈ ഭീകരഗുണ്ടാപ്രസ്ഥാനങ്ങൾ എന്ന വസ്തുത സത്യമായിതന്നെ നിലനിൽക്കുന്നു. പ്രമേഹരോഗബാധയേറ്റ ഒരു ശരീരത്തിൽ ഉണിക്കുരുകൾ പോലെയും ജീർണ്ണമായ പോറൽ പോലെയും അസ്വസ്ഥജനകമാണ് ഇത്തരം ഭീകരപ്രസ്ഥാനങ്ങളുടെ പ്രവർത്തനകേന്ദ്രങ്ങൾ. ഈ ഗണത്തിൽ പെടുന്നു പാനൂർ പ്രദേശവും.

3

ചില വിശിഷ്ടവ്യക്തികളും അവരുടെ ആശയങ്ങളും മഹത്തായ പ്രസ്ഥാനങ്ങളുടെ പ്രഭവകേന്ദ്രങ്ങളായിത്തീരാറുണ്ട്. മറിച്ച് ചില ദുഷ്ടവ്യക്തികളും അവരുടെ കൗശലങ്ങളും നയോപായങ്ങളും ചില പൈശാചിക ശക്തികളെ കെട്ടഴിച്ചു വിടാറുമുണ്ട്. ചരിത്രത്തിന്റെ ഒരുതരം താളപിഴ തന്നെയാണ് ഈ പ്രതിഭാസം. ബോംബെയിലെ ബാൽതാക്കറെ, ചമ്പൽ താഴ്വരയിലെ മാൻസിംഗ്, പാനൂരിലെ ജന്റിൽമേൻ റൗഡി ഇവരൊക്കെ ഈ രണ്ടാമത്തെ ഇനത്തിൽപെട്ട അധമവ്യക്തികളത്രേ. ഇവരുടെ പ്രധാന ലക്ഷ്യം എന്ത് ഹീനമാർഗ്ഗവും ഉപയോഗിച്ച് ധനസമ്പാദനം തന്നെ. ഏറെക്കുറെ നിസ്വരായി ജീവിതമാരംഭിച്ച ഇത്തരക്കാരിൽ പലരും വായുവേഗത്തിൽ ലക്ഷാധിപന്മാരും കോടീശ്വരന്മാരുമായി വളർന്നുവരുന്നു. ഇവരുടെ വളർച്ചക്കാവശ്യമായ ജീവരക്തം നിസ്സഹായരും നിരാലംബരുമായ മനുഷ്യർ തന്നെ നൽകേണ്ടി വരുന്നു. എന്തു ക്രൂരതയും അവർക്കൊരു ഭൂഷണവും തൊടുകുറിയുമാണ്. ഇത്തരം ക്രൗര്യത്തിന്റെ നഗ്നമായ ഒരുദാഹരണം ഓർമവരുന്നു. ആദർശധീരനായ മാവിലാട്ട് മഹമൂദ് കൊല ചെയ്യപ്പെട്ടു. മഹമൂദിന്റെ വന്ദ്യപിതാവ് പോഷകാഹാരങ്ങൾ കൊടുത്ത് ഊട്ടിവളർത്തിയ പാനൂർ ഭീകരമുഖ്യൻ മഹമൂദിന്റെ കൊലയാളിയെ ശിക്ഷയിൽ നിന്ന് രക്ഷിച്ചെടുക്കാൻ വലിയ ഫണ്ട് സ്വരൂപിക്കുന്നു. നിയമരംഗത്തെ സർക്കസുകൾ കളിക്കുന്നു. കൊലയാളി രക്ഷപ്പെടുന്നു. തുടർന്ന് ഘാതകന് പൂമാലകൾ നൽകി സ്വീകരണം സംഘടിപ്പിക്കുന്നു. ഈ ഘാതകൻ ഒരു ഹീറോ ആണെന്ന് വരുത്തിത്തീർക്കുന്നു. വേണ്ടി വന്നാൽ ഇത്തരം അറുംകൊലകൾ ഇനിയും നടത്തുമെന്ന് ഉദ്ഘോഷിക്കുന്നു. കേസ്സ് നടത്താൻ പിരിച്ച ലക്ഷകണക്കിന് ഫണ്ടിൽ കേസ്സിന് വേണ്ട

തുച്ഛമായ സംഖ്യ കഴിച്ചുള്ള മിച്ചം മുഖ്യഭീകരന്റെ കുടുംബസ്വത്ത് വർദ്ധിപ്പിക്കാനുള്ള ഉപാധിയായിത്തീരുന്നു. ലാഭം ആ ദുഷ്ടവ്യക്തിക്കും; എല്ലാം കൊണ്ടും നഷ്ടം സമൂഹത്തിന്നും, ഇതാണ് പാനൂരിന്റെ കദനകഥ!

4

പാനൂരിലെ ദുഷ്ടഭീകരപ്രസ്ഥാനത്തിന്റെ ആരോഹണം മാവിലാട്ട് മഹമൂദിന്റെ കൊലയിൽ എത്തി നിന്നു. അവിടെ നിന്നും ഇതിന്റെ അവരോഹണം ആരംഭിച്ച് ഇപ്പോൾ താഴോട്ട് ഇറങ്ങിവരികയാണ്. ഈ ഇറക്കത്തിന്റെ, തകർച്ചയുടെ, അലിഞ്ഞലിഞ്ഞ് പോകലിന്റെ സൂചനകൾ തെളിമയോടെ ആർക്കും കാണാൻ സാധിക്കും.

കാൽ നൂറ്റാണ്ടിലേറെകാലം ഒരു കൊച്ചുപ്രദേശത്തെ ചവിട്ടിയരച്ച് ഞെരിച്ച് തെറിപ്പിച്ച ചുടുനിണം ഊറ്റിക്കുടിച്ച് തടിച്ചു വളർന്ന പാനൂരിലെ പരിഷ്കൃത വേഷധാരിയായ രാക്ഷസൻ ഇപ്പോൾ പല്ല് പോയ പാമ്പിനെ പോലെ, ചരട് പൊട്ടിയ പട്ടം പോലെ അവശനും അസ്വസ്ഥനുമായിത്തീർന്നിരിക്കുന്നു. അക്ഷരാർത്ഥത്തിൽ സ്വാഭാവികമായ തകർച്ചയെ നേരിടുകയാണ് ആ ഗ്രാമീണ ഭീകരനായകനും അയാളുടെ പ്രസ്ഥാനവും. കാലം നടത്തുന്ന ആ പ്രക്രിയ പൂർത്തിയാകുന്നത് നമുക്ക് കാത്തിരുന്ന് കാണാം. അതോടെ പാനൂരിന്റെ കദനകഥയുടെ പരിണാമ ഗുപ്തിയും!

●●

പാനൂരിൽ ആകാശം തെളിയുന്നു

വി.കെ. അച്യുതൻ

ജനാബ് മാവിലാട്ട് മഹമൂദിന്റെ സ്മരണയ്ക്കായി പ്രസിദ്ധീകരിക്കപ്പെടുന്ന ഒരു ഗ്രന്ഥത്തിൽ ആ നിയോജക മണ്ഡലത്തിലെ രാഷ്ട്രീയ പശ്ചാത്തലത്തിന്റെ വ്യക്തമായ ഒരു ചിത്രമുണ്ടാകുന്നത് പൂർണ്ണമായും സംഗതമാവുകയല്ലേയുള്ളൂ. എന്നാൽ ആ പ്രദേശത്തിന്റെ പൂർണ്ണമായ ഒരു ചിത്രം വരക്കാൻ ഇവിടെയുദ്ദേശമില്ല. അങ്ങിനെ വരുമ്പോൾ ഈ ലേഖനം എത്രയോ നീണ്ടുപോകുമെന്നറിയാം. ഇവിടെ ഏതാനും വരയും കുറിയും മാത്രമിടാം.

കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിൽ 139 ലുമില്ലാത്ത ഒരു പ്രത്യേക പരിസ്ഥിതി നിലനിൽക്കുന്ന പ്രദേശമാണ് പെരിങ്ങളം. അഥവാ അതിന്റെ കേന്ദ്രബിന്ദുവായ പാനൂർ. കേരളനിയമസഭയ്ക്കകത്തും പുറത്തും ഈ പ്രദേശം പലപ്പോഴും ചർച്ചാവിഷയമായിട്ടുണ്ട്. ഒരു വേള ഇന്ത്യൻ പാർലമെന്റിൽപോലും ഈ അസ്വസ്ഥ ബാധിത പ്രദേശത്തിന്റെ അലകൾ ചെന്നെത്തുകയുണ്ടായി. നിയമപരിപാലനോദ്യോഗസ്ഥന്മാരുടെ മുമ്പിൽ നിരവധി വർഷമായി ഈ പ്രദേശം ചോദ്യചിഹ്നമായിരുന്നു.

എന്താണിതിനു കാരണം?

നീണ്ട മൂന്ന് ദശവർഷക്കാലമായി ഭീകരതയുടെ കഥകൾ കേൾക്കുകയും, അനുഭവിക്കുകയും ചെയ്ത ജനങ്ങളാണിവിടെയുള്ളവരിൽ ഭൂരിഭാഗവും. അവിടെ സംഘട്ടനങ്ങൾ നിത്യസംഭവങ്ങളായിരുന്നു. കവർച്ചകളും കയ്യേറ്റങ്ങളും അപൂർവമായിരുന്നില്ല. പുരയും പുരയിടവും നശിപ്പിക്കുന്നത് അവിടെ ഒരു കൂട്ടർ വെറും വിനോദമായി കരുതി. ചിലപ്പോൾ ഇവയെല്ലാം വളർന്നു വലുതായി കൊലപാതകങ്ങൾ വരെയെ

ത്തി. ഇവയ്ക്കെല്ലാം രാഷ്ട്രീയമായ നിറവും ഗന്ധവും നമുക്ക് കാണാൻ കഴിഞ്ഞേക്കും. പക്ഷെ രാഷ്ട്രീയം ഇവിടെ വെറുമൊരു മറയോ പൊയ് മുഖമോ മാത്രമായിരുന്നു. സമൂഹത്തിന്റെ അനുക്രമമായ വളർച്ചയിൽ തളർന്നു വീണ പഴയ നാടുവാഴിത്വത്തിന്റെ പുതിയ പ്രതിഷ്ഠയ്ക്കുള്ള സമർത്ഥവും ഗൂഢവുമായ ശ്രമങ്ങളായിരുന്നു ഇവിടെ നടന്നതെല്ലാം. അ വിടെ നടന്ന നിരന്തരമായ അക്രമങ്ങളും, ഒരു വിഭാഗം ജനങ്ങളിൽ കെട്ടി നിർത്തിയ സ്ഥായിയായ വിദ്വേഷവും, നാം അവിടെ കണ്ട കുരുതിക്കള ങ്ങളുമെല്ലാം ഈ ശ്രമത്തിന്റെ ഭാഗം മാത്രമായിരുന്നു. ഇതിന്റെ ഫലമാ യി വ്യക്തി നാട്ടിന്റെ ചെങ്കോലില്ലാത്ത രാജാവായി. വ്യക്തി പൂജ വളർ ന്നു. വ്യക്തി വളർത്തിയെടുത്ത രാഷ്ട്രീയപ്രവർത്തകരാകട്ടെ വെറും അ ടിമകളുമായി. അവരുടെ സ്വതന്ത്രമായ ചിന്താധാരകൾ ചിറകെട്ടി നിർ ത്തപ്പെട്ടു. അവർ അടിമകളുടെ മാർഗ്ഗത്തിൽ മാത്രം ചിന്തിച്ചു. നേതാവ് ഏകാധിപതിയും, അമരനുമായി. സ്വതന്ത്ര്യമായി ചിന്തിച്ചവരാകട്ടെ, ച ങ്ങല പൊട്ടിച്ച് പുറത്തു ചാടുകയും ചെയ്തു.

ഇവിടെ പ്രസ്താവിച്ചത് പാനൂരിലെ കഴിഞ്ഞകാലത്തെ പ്രത്യേ കതയാണ്. ഇന്നലെയുടെ കഥ. ഇന്ന് ആ ചിത്രത്തിൽ ഒരളവോളം മാറ്റം വന്നിട്ടുണ്ടെന്ന് വേണം പറയാൻ. നേതാവിന്റെ കയ്യിലെ നിയന്ത്രണത്തി ന്റെ കയർ ക്രമേണ അയഞ്ഞുവരുന്നതിന്റെ സൂചനകൾ ഇന്നിവിടെ ദൃ ശ്യമായി തുടങ്ങിയിട്ടുണ്ട്. വസ്തുതകളെ സത്യസന്ധമായി വിലയിരുത്താ നുള്ള ആവേശം ഇന്നു പല കോണുകളിലും തെളിഞ്ഞു വന്നിട്ടുണ്ട്.

ഇന്നവിടെ സ്ഥിതി മറ്റൊരു വിധത്തിൽ രൂപം പ്രാപിച്ചുവരുന്നതി ന്റെ സൂചനയാണ് കാണുന്നത്. കഴിഞ്ഞ മുപ്പത് വർഷക്കാലം നേതാവി ന്റെ പിന്നാലെ പശുവിന്റെ കഴുത്തിലെ കയർപോലെ ഇഴഞ്ഞ അനുയാ യികളിൽ പലരും സ്വാതന്ത്ര്യത്തിന്റെ പുതിയ ചക്രവാളങ്ങൾ തേടിപ്പോ കുന്നതിന്റെ ദൃഷ്ടാന്തങ്ങൾ അവിടെ നിരവധിയുണ്ട്.

പാനൂരിലെ ആകാശം ക്രമേണ തെളിയുകയാണ്. പഴയ ഭീകര ത ഇവിടെ തളംകെട്ടി നിൽക്കുന്നില്ല. അതു നാളെയൊരു കടംകഥയാ യേക്കാം. ഇന്നവിടെ സഞ്ചാര സ്വാതന്ത്ര്യമുണ്ട്. പ്രചരണ സ്വാതന്ത്ര്യമു ണ്ട്. അങ്ങനെയുള്ള സകലമാന സ്വാതന്ത്ര്യങ്ങളുണ്ട്. എല്ലാവരും ഇന്ന വിടെ സ്വതന്ത്രരാണ്.

ഈ സ്വാതന്ത്ര്യം നാമെങ്ങനെ കൈവരിച്ചു?

ഈ സംസ്ഥാനം മാറിമാറി ഭരിച്ച ഏതെങ്കിലുമൊരു ഗവൺമെന്റ്

കനിഞ്ഞേകിയ സ്വാതന്ത്ര്യമല്ല അത്. ആരും ഇഷ്ടദാനം നൽകിയതുമല്ല, നിയമപരിപാലകരുടെ നിഷ്പക്ഷമായ നീതിബോധം കൊണ്ട് വന്നുചേർന്നതുമല്ല.

പിന്നെ എങ്ങനെ ഈ ചങ്ങലകൾ പൊട്ടി?

നിരവധി വർഷങ്ങളായി മർദ്ദിക്കപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്ത സമൂഹത്തിന്റെ നിരന്തരമായ സമരത്തിന്റെ ഫലമായാണ് ഈ ചങ്ങലകൾ പൊട്ടിയത്. അവരുടെ സഹനസമരങ്ങളുടെയും, ത്യാഗങ്ങളുടെയും കഥകൾ വരും തലമുറയ്ക്ക് ആവേശം നൽകാനുതകുന്നതാണെന്നതിൽ പക്ഷാന്തരമില്ല. ഈ മാറ്റത്തിന് അവർ നൽകിയ വില ചെറുതൊന്നുമല്ല.

പലരുമിവിടെ ക്രൂരമായി കൊലചെയ്യപ്പെട്ടിട്ടുണ്ട്. ആ കൂട്ടത്തിൽ ഒരാളാണ് ജഃ മാവിലാട്ട് മഹമൂദ്. പക്ഷെ മഹമൂദിന്റെ മരണം ജനങ്ങളിൽ കൂടുതൽ ആഘാതമേൽപിച്ചു. അവരെ കൂടുതൽ അസ്വസ്ഥരാക്കി. അവരുടെ വികാരത്തിനു തീപിടിച്ചു. മോചനത്തിനുവേണ്ടിയുള്ള പാനൂരിലെ ജനങ്ങളുടെ ദാഹം ഗുരുതരമായി.

ഇന്ന് ആ പ്രദേശം നാടുവാഴിത്തത്തിന്റെ പിടിയിൽനിന്നു മോചിക്കപ്പെട്ടിരിക്കുന്നു! അവിടെ മർദ്ദിക്കപ്പെട്ട ജനത ഇന്നൊരു ആശ്വാസത്തിന്റെ തീരം പ്രാപിച്ചിരിക്കുന്നു.

ഇവിടെ അവർ പുനർവിചിന്തനം ചെയ്യേണ്ട ഒരു വസ്തുതയുണ്ട്. നിരന്തരവും സുസംഘടിതവുമായ സമരങ്ങളിലൂടെയാണ് അവർക്ക് തങ്ങളുടെ ശത്രുവിനെ അൽപമൊന്നൊതുക്കിയിരുത്താൻ കഴിഞ്ഞത്. എന്നാൽ അവരുടെ ഐക്യവും സമരവും അവസാനിപ്പിക്കാൻ സമയമായിട്ടില്ല. സമരം ലക്ഷ്യത്തിലെത്തുന്നതിന് മുമ്പ് അലസത അവലംബിക്കുന്നതപകടമാണ്. പഴയ ആമയുടെയും മുയലിന്റെയും കഥ ഇവിടെയൊരു പാഠമായിരിക്കണം. വിശ്രമം ലക്ഷ്യത്തിലെത്തിയിട്ട് മാത്രം. വഴിയിൽ അലസനായി കിടന്നാൽ ശത്രു സമീപത്തുകൂടി വീണ്ടും ഇഴഞ്ഞുകയറിയെന്നുവരും. ആ കാര്യം അവിടെയുള്ള ഓരോ പൗരനും ഓർമിക്കേണ്ടതാണ്. നിരന്തരമായ ജാഗ്രതയാണല്ലോ പടക്കളത്തിലുള്ള ഓരോ സേനാനിയുടെയും പോർച്ചട്ട. അതിവിടെ വേണം, നിരന്തരമായ ജാഗ്രത.

●●

മരിക്കാൻ ഇഷ്ടപ്പെടുന്നവർ

ചമ്പാടൻ അബ്ദുള്ള

കൈകാലുകൾ മുഴുവനും നഷ്ടപ്പെട്ട് ഇഴഞ്ഞുനീങ്ങുന്ന നിർഭാഗ്യവാന്മാരായ മനുഷ്യക്കഷണങ്ങൾ പോലും സ്വന്തം ജീവനിൽ അങ്ങേയറ്റം കൊതിയുള്ളവരാണ്. തന്റെ ഒട്ടിപ്പിടിച്ചിരിക്കുന്ന അരച്ചാൺ വയറിനുവേണ്ടി ദിവസവും അവൻ എന്തൊക്കെ ത്യാഗങ്ങളാണ് സഹിക്കുന്നത്! അന്ധനും മൂകനും, ബധിരനും എല്ലാംതന്നെ ഒരിക്കലും അവരുടെ ജീവൻ കളയാൻ ആഗ്രഹിക്കുന്നവരല്ല. പണക്കാരും, ബുദ്ധിജീവികളും തങ്ങളുടെ ആയുസ്സ് എങ്ങനെ വർദ്ധിപ്പിക്കാം എന്നതിനെകുറിച്ച് നിരന്തരം ചിന്തിക്കുകയും, അതിനുവേണ്ടി ധാരാളം പണം ചെലവഴിക്കുകയും ചെയ്യുന്നു. ഇങ്ങനെ നോക്കുമ്പോൾ ജീവിതസുഖം മുഴുവൻ അനുഭവിക്കുന്നവരും, മരണശയ്യയിൽ കിടക്കുന്ന മാറാരോഗികളും എല്ലാം തന്നെ അവരുടെ ജീവൻ നിലനിർത്തുന്ന കാര്യത്തിൽ ബദ്ധശ്രദ്ധരാണ്.

ഇത്തരത്തിലുള്ള ഒരു സമൂഹത്തിൽ മരിക്കാൻ ഇഷ്ടപ്പെടുന്ന അപൂർവം ചിലർ ഉണ്ടെന്ന് പറയുമ്പോൾ സ്വാഭാവികമായും അത്ഭുതം തോന്നിയേക്കാം. എങ്കിൽ വായനക്കാരെ, നിങ്ങൾ പാനൂരിലേക്കു വരൂ. അവരെ നിങ്ങൾക്കവിടെ നിഷ്പ്രയാസം കാണാൻ കഴിയും. വീറും, വീര്യവും, തന്റേടവുമുള്ള ചുണക്കുട്ടികളായ ഒരു പറ്റം മുസ്‌ലിം യുവാക്കൾ ജീവനിൽ കൊതിയില്ലാതെ എന്തിനും തയ്യാറായി അങ്ങനെ ജീവിച്ച് വരികയാണ്. അവർ ജീവിച്ചിരിക്കുന്നു എന്നു പറയുന്നതിനേക്കാൾ ഭേദം, മരിക്കാൻ വേണ്ടി തയ്യാറെടുത്തിരിക്കുന്നുവെന്ന് പറയുകയാണ്. കാരണം കഴിഞ്ഞ കുറെ വർഷങ്ങളായി പാനൂരിലെയും പരിസരങ്ങളിലെയും യുവാക്കൾ ഒരു അഗ്നിപരീക്ഷണത്തെ നേരിടുകയാണ്. അവരുടെ രക്തം വലിച്ചുകുടിക്കാൻ അവസരം പാർത്തിരിക്കുന്ന രക്തരക്ഷസുകളുടെ ദുഷ്ചെയ്തി

കൾക്കെതിരിൽ അവർ നിരന്തരം പോരാടിക്കൊണ്ടിരുന്നു. അങ്ങനെ പാവപ്പെട്ട ഈ സമുദായത്തിലെ യുവാക്കളുടെ മുൻനിരയിൽ നിന്നുകൊണ്ട് സത്യത്തിനും, നീതിക്കും വേണ്ടി പടപൊരുതിയ ധീരപരാക്രമിയായ ജഃ മാവിലാട്ട് മഹമൂദ് സാഹിബിന് തന്റെ വിലയേറിയ ജീവൻ ബലിർപ്പിക്കേണ്ടി വന്നു. താനും തന്റെ സമുദായവും ഉൾക്കൊള്ളുന്ന മുസ്ലിം ലീഗിനെ കളങ്കപ്പെടുത്തുന്നത് കണ്ടുകൊണ്ടിരിക്കാൻ ജഃ മാവിലാട്ട് മഹമൂദ് സാഹിബിന്റെ മനസ്സ് ഒരിക്കലും അനുവദിച്ചിരുന്നില്ല. അതിനാൽ തന്റെ പ്രിയപ്പെട്ട സംഘടനയുടെ മാനം രക്ഷിക്കാൻ വേണ്ടി, അന്ധരായ രാഷ്ട്രീയപിശാചുകളോട് ധർമസമരം നടത്തി മരിക്കാൻ അദ്ദേഹം തയ്യാറായി. തങ്ങളുടെ പ്രിയപ്പെട്ട മഹമൂദിനെപ്പോലെ സത്യത്തിനും, നീതിക്കും വേണ്ടി മരണം വരിക്കാൻ തെല്ലും വൈമനസ്യമില്ലാത്ത യുവാക്കൾ ഇന്നും പെരിങ്ങളം മണ്ഡലത്തിൽ ഉണ്ടെന്ന് പറയുമ്പോൾ അതിൽ അൽപം പോലും അവാസ്തവമില്ല.

സ്വരാജ്യത്തിനുവേണ്ടി ജീവൻ ബലികഴിപ്പിക്കാൻ തയ്യാറായ എത്രയോ മഹാന്മാരെപ്പറ്റി ചരിത്രം നമ്മെ പഠിപ്പിക്കുന്നു. അവരുടെ ധീരമായ ഇത്തരം നടപടികൾ ഭാവിതലമുറക്ക് ആവേശം പകരുവാൻ പര്യാപ്തമായിട്ടുണ്ട്. താൻ ഉൾക്കൊള്ളുന്ന സമുദായത്തിന് വേണ്ടിയും, രാഷ്ട്രീയാദർശത്തിനു വേണ്ടിയും ജീവിതം ഉഴിഞ്ഞുവെച്ചവരുടെ രോമാഞ്ചകരമായ കഥകളും നമുക്ക് സുപരിചിതമാണ്. അതു പോലെ ജഃ മാവിലാട്ട് മഹമൂദിന്റെ ജീവിതവും, മരണവും ഇന്നത്തെ യുവതലമുറക്ക് മഹത്തായ പാഠമുൾക്കൊള്ളുവാൻ പര്യാപ്തമാണ്.

ത്യാഗത്തിന്റെ കഥ

കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ പാനൂർ എക്കാലവും കുപ്രസിദ്ധിയാർജിച്ചിട്ടുണ്ട്. രാഷ്ട്രീയക്കച്ചവടത്തിന്റെ പേരിൽ, സംഘട്ടനങ്ങളുടെ പേരിൽ, കൊലപാതകങ്ങളുടെ പേരിൽ ആ പ്രദേശം അറിയാത്തവരില്ല. എക്കാലവും ഒരു ജനവിഭാഗത്തിന് ദുഃഖവും വേദനയും മാത്രം സഹിക്കേണ്ടി വരുന്ന ചരിത്രം ഇവിടെയല്ലാതെ മറ്റെങ്ങും ഉള്ളതായി കേട്ടറിവില്ല. ഇവിടുത്തെ ഓരോ മണൽത്തരിക്കും രക്തത്തിന്റെ കഥയാണ് പറയാനുള്ളത്. നിരന്തരമായ ഭീഷണികളുടേയും എതിർപ്പിന്റെയും മുന്നിൽ ചൂടും ചൂരുമുള്ള പാനൂരിലെ ധീരമായ മുസ്ലിം യുവാക്കൾ സടകുടഞ്ഞെഴുന്നേറ്റു. അവരുടെ രാഷ്ട്രീയ സംഘടനയായ മുസ്ലിം ലീഗിനെ നശിപ്പിക്കുവാൻ പ്രതിയോഗികൾ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു.

കഴിഞ്ഞ കുറേ വർഷങ്ങളായി അവരുടെ ചരിത്രം ധീരതയുടേയും, ത്യാഗത്തിന്റെയും, വീരേതിഹാസമാണ്. കച്ചവട രാഷ്ട്രീയക്കാർ പലപ്പോഴും അവരുടെ നേരെ വാളോങ്ങിയിട്ടുണ്ട്. പക്ഷെ അവർ ഒരിക്കലും ശത്രുക്കളുടെ മുമ്പിൽ കീഴടങ്ങിയിട്ടില്ല, കീഴടങ്ങുകയുമില്ല. എതിർപ്പിന്റെയും വെല്ലുവിളികളുടെയും മുമ്പിൽ സധൈര്യം ഉറച്ചുനിൽക്കാനുള്ള മനക്കരുത്ത് എന്നും അവർക്കുണ്ടായിട്ടുണ്ട്. അങ്ങിനെ ഐക്യവും അച്ചടക്കവുമുള്ള പെരിങ്ങളത്തെ മുസ്‌ലിം യുവാക്കൾക്ക് നേതൃത്വം നൽകിയ മഹാനായിരുന്നു ജഃ മാവിലാട്ട് മഹമൂദ് സാഹിബ്. തന്റെ സമുദായത്തിനു വേണ്ടി, അവരുടെ രാഷ്ട്രീയസംഘടനക്ക് വേണ്ടി, ഇന്നാട്ടിലെ മർദ്ദിത ജനവിഭാഗത്തിന് വേണ്ടി അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു. അവസാനം തന്റെ ജീവിതം അവയുടെ സാക്ഷാത്ക്കാരത്തിന്നായി ഉഴിഞ്ഞുവെക്കുകയും ചെയ്തു. എത്ര മഹത്തായ ജീവിതം! മനുഷ്യസമൂഹത്തിന് മുഴുവനും ഉൾക്കൊള്ളാൻ പറ്റിയ ഹൃദയസ്പർശിയായ ചരിത്രം.

വേർപാടിന്റെ വേദന

1974 ജനുവരി 12. പെരിങ്ങളം മണ്ഡലത്തിന്റെ ചരിത്രത്തിൽ അതൊരു കറുത്ത ദിനമായിരുന്നു.

അന്നാണ് പാനൂരിന്റെ വീരപുത്രനും യുവാക്കളുടെ കണ്ണിലുണ്ണിയും, മുസ്‌ലിംകളുടെ സർവസ്വവുമായിരുന്ന ജഃ മഹമൂദ് സാഹിബ് എന്നെന്നേക്കുമായി ഈ ലോകത്തുനിന്നും അപ്രത്യക്ഷമായത്. ദുഃഖത്തിന്റെ മ്ലാനത എങ്ങും തളം കെട്ടി നിൽക്കുകയായിരുന്നു. അന്ന് യുവാക്കൾ കൂട്ടംകൂടി നിന്ന് പരസ്പരം ചോദിച്ചു. ഇനിയാര്? ഇനിയെന്ത്? താമസിയാതെ അവർ അതിന്റെ ഉത്തരം കണ്ടെത്തി. നാം ഓരോരുത്തരും മഹമൂദുമാരാവുക. അങ്ങിനെ സത്യത്തിന്റെയും, സമാധാനത്തിന്റെയും വഴികളിലേക്ക് അന്നവർ നടന്നകന്നു.

ജഃ മഹമൂദിന്റെ വിയോഗം വരുത്തിവെച്ച വിനയുടെ അഗ്നികുണ്ഡം പെരിങ്ങളത്തെ യുവാക്കളുടെ ഹൃദയത്തിൽ നിന്ന് ഇനിയും കെട്ടടങ്ങിയിട്ടില്ല. അദ്ദേഹത്തിന്റെ വേർപാടിൽ മനം നൊന്ത് വേദനിക്കാത്തവർ ആരും ഉണ്ടായിരുന്നില്ല. ജഃ മഹമൂദ് സാഹിബ് അവരുടെ എല്ലാമായിരുന്നു. ജീവനിൽ ജീവനായിരുന്നു. അദ്ദേഹത്തെക്കുറിച്ച് ഓർക്കുന്ന ഓരോ നിമിഷവും അവർക്ക് പറയാനുള്ളത് ദുഃഖത്തിന്റെ ഹൃദയഭേദകമായ കഥകൾ മാത്രമാണ്. അദ്ദേഹത്തിന്റെ വിയോഗം കേരളരാഷ്ട്രീയത്തിൽ ഒരു കൊടുങ്കാറ്റ് തന്നെ സൃഷ്ടിച്ചു. കേരളത്തിനകത്തും പുറത്തുമുള്ള വി

വിധ രാഷ്ട്രീയ കക്ഷി നേതാക്കൾക്ക് പുറമെ മന്ത്രിമാരും, അഖിലേന്ത്യാ നേതാക്കളും മഹമൂദ് സാഹിബിന്റെ കുടുംബാംഗങ്ങളെ സമാശ്വസിപ്പിക്കാൻ ഓടിയെത്തി. അവർ എല്ലാവരും ഒരുപോലെ ദുഃഖിതരായിരുന്നു. ഒരൊറ്റ സംഭവം മുൻനിർത്തി ഇത്രയുമധികം രാഷ്ട്രീയ നേതാക്കൾ ഇതിന് മുമ്പൊരിക്കലും പാനൂർ സന്ദർശിച്ചിട്ടില്ല. അതുതന്നെ ജഃ മഹമൂദിന്റെ ത്യാഗോജ്ജ്വലമായ ധന്യ ജീവിതത്തിന് ഒരുദാഹരണമാണ്. അവിടം സന്ദർശിച്ച എല്ലാവർക്കും ഒന്നേ പറയാനുള്ളൂ. "പാനൂരിലെ അക്രമ രാഷ്ട്രീയം അവസാനിപ്പിക്കണം. അതിനായി എല്ലാ വിഭാഗക്കാരും സഹകരിക്കണം."

പാനൂരിലെ മുസ്‌ലിം യുവാക്കൾ അന്നുമുതൽ പ്രതിജ്ഞയെടുത്തു. "ഒന്നിച്ചു ജീവിക്കുക, വേണ്ടി വന്നാൽ ഒന്നിച്ചു മരിക്കുക". ആ ദൃഢപ്രതിജ്ഞ അക്ഷരം പ്രതി പാലിക്കുവാൻ ഇവിടുത്തെ യുവാക്കൾ സദാ സന്നദ്ധരാണ്. അവരാണ് ഇവിടുത്തെ ശക്തിയും ചൈതന്യവും. അവർക്കാണ് അന്തിമ വിജയവും.

●●

ജീവിക്കുന്ന ഓർമകൾ

കെ.പി. കുഞ്ഞിമൂസ

മാറ്റത്തിന്റെ മണിമുഴക്കമാണെവിടെയും. അതെ, പാനൂരിലും അങ്ങിനെത്തന്നെ. കണ്ണട വെച്ച കരിമൂർഖനും ഖദറുടുപ്പിട്ട രാജവെമ്പാലക്കും വിഷപ്പല്ലുകൾ നഷ്ടപ്പെട്ടു കഴിഞ്ഞു. ലോകചരിത്രത്തിൽ നരഹത്യ നടത്തിയ ക്രൂരന്മാരെക്കുറിച്ചുള്ള ഒട്ടനവധി കഥകളുണ്ട്. റഷ്യയിലെ സാർ, ഇറ്റലിയിലെ മുസോളിനി, ജർമ്മനിയിലെ ഹിറ്റ്ലർ, പൈശാചിക ഭാവങ്ങളുടെ പ്രതീകങ്ങളായവരുടെ പട്ടിക അങ്ങിനെ നീണ്ടുപോകുന്നു. ഈ വർത്തമാന കാലഘട്ടത്തിലും നമ്മുടെ മൂക്കിന് മുൻപിൽ ഇത്തരക്കാരുണ്ട്. ഇവർക്കുള്ള പ്രത്യേകത മഹദ് തത്വശാസ്ത്രങ്ങൾ ഉരുവിടുക എന്നതാണ്.

'സുവർണകാല'ത്ത് ചെയ്ത പാപഭാരം പണി തീർത്ത മരക്കുരിശിൽ തറക്കപ്പെട്ടവർ എങ്ങോട്ടു പോകണമെന്നറിയാതെ ഗതിമുട്ടി നിൽക്കുന്നു. ഇവർ ഒരു കാലത്ത് ആരായിരുന്നു? സോഷ്യലിസത്തിന്റെ മൃഗതൃഷ്ണ ചൂണ്ടിക്കാട്ടി പലരേയും വ്യാമോഹിതരാക്കി ബലിമൃഗങ്ങളെ പോലെ ആട്ടിത്തെളിക്കാമെന്ന് പ്രത്യാശിച്ചവർ, തട്ടിപ്പിനും വെട്ടിപ്പിനും അംഗീകാരം ലഭിക്കണമെങ്കിൽ താളം മാറ്റിച്ചവിട്ടണമെന്ന് തോന്നിയപ്പോൾ മേള നടത്തി കൂറുമാറ്റം നാണമില്ലാതെ പ്രഖ്യാപിച്ചവർ. രാഷ്ട്രീയത്തിലൂടെ നടത്തിയ ചൂഷണം കുറിക്കമ്പനിയിലൂടെ പൂർത്തിയാക്കിയ എമ്പോക്കികൾ. പാനൂരും പരിസര പ്രദേശങ്ങളും ഒരുകാലം ഈ വർഗ്ഗങ്ങളുടെ വിഹാരകേന്ദ്രങ്ങളായിരുന്നു. ഈ ഗുണ്ടായിസത്തിന് കൂട്ട് നിൽക്കാത്തവരെ ദ്രോഹിക്കാൻ അക്രമികൾ പാനൂരിൽ കേന്ദ്രീകരിച്ച് നിന്നു. അക്രമത്തിന് പുതിയ രൂപവും ഭാവവും നൽകി കൊല നടക്കുന്ന ദിവസം സ്ഥലം വിടലാണ് സംഘത്തലവന്റെ പരിപാടി. ചമ്പൽക്കാട്ടിലെ കൊള്ളക്കാ

രെപ്പോലും പാനൂരിലെ രാഷ്ട്രീയ ലേബലിലുള്ള കവർച്ചസംഘം നാണിപ്പിച്ചുകളഞ്ഞു.

ടയർ പഞ്ചറാക്കി

എന്റെ ചിന്ത ഒന്നര ശതാബ്ദം പിന്നോട്ടുപോവുകയാണ്. രാഷ്ട്രീയക്കളരിയിലേക്ക് ചുവടെടുത്ത് വെക്കുന്ന കാലം. പാർലിമെൻറിലേക്കു മത്സരിച്ച എസ്.കെ. പൊറ്റക്കാടിന് വോട്ടുപിടിക്കാൻ നീങ്ങിയ വാഹനത്തിൽ അനൗൺസറായി കയറിപ്പറ്റിയ ഞാൻ ആദ്യമായി പാനൂരിന്റെ ഭീകരത നേരിൽ കണ്ടു. ഞങ്ങളുടെ പ്രചരണ പരിപാടി ചിലർക്ക് ദഹിച്ചിരുന്നില്ല. പുത്തൂരിൽ പോയി പ്രചരണവാഹനം തിരിച്ചുവരുന്ന വഴി അതിന്റെ ടയർ പഞ്ചറായി; പഞ്ചറാക്കിയതാണ്. റോഡ് നിറയെ ഹള്ളുകൾ വിതറി കാത്തു നിൽക്കുകയായിരുന്നു റൗഡികൾ. വാഹനം നിൽക്കേണ്ട താമസം കുറുവടികളുമായി അക്രമികൾ ഓടിയടുത്തു.

"തൊട്ടാൽ കാട്ടിത്തരാം" ഡ്രൈവർ നാണുവിന്റെ ഉഗ്രൻ മുന്നറിയിപ്പ്! റൗഡികൾ പകച്ചുനിന്നു. ആദ്യമായി അക്രമി സംഘത്തെ നേരിൽ കാണുകയാണ് ഞാൻ. നാണു ജാക്കിയെടുത്തു. വന്ന വഴിയെ കുറുവടിയേന്തിയവർ തിരിച്ചുപോയി. ടയർ മാറ്റി വാഹനം പാത്തിപ്പാലത്തെത്തിയപ്പോഴാണ് നാണു പറഞ്ഞത്; "ഞാനും പണ്ട് അവരുടെ കൂടെയാ, എന്നെ അറിയാവുന്നതു കൊണ്ടു തന്നെയാ നിങ്ങളൊക്കെ ബാക്കിയായത്".

നാണു ഇന്നു ജീവിച്ചിരിപ്പില്ല. നാണു അന്ന് പ്രകടിപ്പിച്ച ധീരത ഇന്നും ഞാനോർക്കുന്നു.

മൗലവി തടിതപ്പി

പാനൂരിനടുത്ത് ഒരു സ്ഥലത്തു സംഘടിപ്പിച്ച മുസ്‌ലിം ലീഗ് പൊതുയോഗത്തിന് എന്നെ ഒരു മൗലവി ക്ഷണിച്ചു കൊണ്ടു പോയത് എനിക്കിന്നും മറന്നുകൂട. തലശ്ശേരി വന്ന് എന്നെ കൂട്ടിക്കൊണ്ടുപോയ ആ മൗലവിക്ക് യോഗം നടന്നു കൊണ്ടിരിക്കെയാണ് സംഗതി അത്ര പന്തിയല്ലെന്ന് തോന്നിയത്. അദ്ധ്യക്ഷനായിരുന്ന മൗലവി മറക്കിരിക്കണമെന്ന് പറഞ്ഞ് ഒരാളെ അദ്ധ്യക്ഷസ്ഥാനത്തിരുത്തി ഇറങ്ങിപ്പോയി. തിരിച്ചുവരാൻ കുറച്ചു വൈകുമെന്നേ ഞാൻ ധരിച്ചിരുന്നുള്ളൂ. പക്ഷെ മൗലവി തിരിച്ചുവന്നതേയില്ല. കൊല്ലങ്ങൾക്കുശേഷമാണ് ഞാൻ ആ മൗലവിയെ തലശ്ശേരിയിൽ വച്ചുകാണുന്നത്. തോളിലിട്ട നീണ്ട തട്ടം തലയിലിട്ടുകൊണ്ട് പന്തം കണ്ട പെരുച്ചാഴിയെപോലെ മൗലവി തടി തപ്പികളഞ്ഞു.

പാനൂർ രാഷ്ട്രീയവുമായി എന്നെ ആദ്യം ബന്ധപ്പെടുത്തിയത് എ ന്റെ ഗുരുനാഥൻ കൂടിയായിരുന്ന മറ്റൊരു മൗലവിയാണ്. ആത്മാർത്ഥതയും ആദർശധീരതയും ഒത്തിണങ്ങിയ അദ്ദേഹം ഇന്ന് (1978) ഒരു മതവിദ്യാഭ്യാ സ സ്ഥാപനത്തിന്റെ മേധാവിയാണ്. (കെ. എൻ. ഇബ്രാഹിം മൗലവി)

പാനൂരിൽ നിരവധി പൊതുയോഗങ്ങളിൽ പങ്കെടുത്ത ഓർമ ഇ ന്നും മനസ്സിൽ പച്ച പിടിച്ചു നിൽക്കുന്നു. അതിലധികവും പ്രതിഷേധയോ ഗങ്ങൾ തന്നെ. കേയിസാഹിബാണ് ഇതിന്റെയൊക്കെ സൂത്രധാരൻ. അ ന്നത്തെ തലശ്ശേരി മുൻസിപ്പൽ ചെയർമാൻ അഡ്വക്കറ്റ് എം.എ.പി. മൂസ്സ സാഹിബായിരുന്നു പല യോഗങ്ങളിലേയും അദ്ധ്യക്ഷൻ. ഭീഷണിക്കുമു മ്പിൽ അദ്ദേഹം വഴങ്ങാറില്ല. നേരെമറിച്ച് ഭീഷണിയുണ്ടെങ്കിലേ അദ്ദേ ഹം യോഗത്തിൽ വരികയുള്ളൂ. പാനൂരിൽ സ്ഥിതി രൂക്ഷമാണെന്നും സം ഘർഷം നിലനിൽക്കുന്ന പാനൂരിൽ നിങ്ങൾ പോയാൽ കാച്ചിക്കളയുമെ ന്നും ആരെങ്കിലും പറഞ്ഞാൽ മൂസ്സ വക്കീൽ പാനൂരിൽ പോവുകതന്നെ ചെയ്യും. എതിരാളികൾക്കു തോറ്റുകൊടുക്കുന്നതു അന്തസ്സുള്ളവർക്കു യോ ജിച്ചതല്ലെന്നു അദ്ദേഹം എന്നെ പഠിപ്പിച്ചു. പറയാനുള്ളതു തീർത്തും പറ ഞ്ഞശേഷമെ പാനൂരിൽനിന്നു മടങ്ങാവൂ എന്ന നിർദ്ദേശത്തോടെയാണ് എന്നെ കൊണ്ടുപോവുക. കേയിസാഹിബിന്റെ ഓഫീസിൽ നിന്നും പുറ പ്പെടുന്നതിന് മുമ്പ് മർഹൂം സി.കെ. അബൂട്ടി സാഹെബും ധൈര്യം പ കർന്നു തരും. യോഗം കഴിഞ്ഞു തിരിച്ചു വരുന്നതു വരെ സി.കെ. വീട്ടി ലേക്കു പോവാതെ കാത്തുനിൽക്കുകയും ചെയ്യും.

"ഒരു കൈനോക്കാം"

പാനൂരിൽ പ്രതിയോഗികളെ പതിയിരുന്നാക്രമിക്കുന്ന സംഭവം അടിക്കടിയുണ്ടായപ്പോൾ ഒരു പ്രതിഷേധയോഗം ചേർന്നു. "ത ലശ്ശേരി മൈതാനിയിൽ വെച്ച് നേരിട്ടു തല്ലിനോക്കാൻ അക്രമികൾ തയ്യാ റുണ്ടോ" എന്ന് അന്ന് ഞാൻ ചോദിച്ചു. അദ്ധ്യക്ഷസ്ഥാനത്തിരുന്ന മൂസ വക്കീൽ ഉടൻ തിരുത്തി. "അടി മത്സരത്തിന് തലശ്ശേരിയോളം പോകേ ണ്ടതില്ല. ആണത്തമുള്ളവരാണെങ്കിൽ ഈ സ്ഥലത്ത് റോഡിൽ തന്നെ നിന്നോളൂ. ഞാൻ ഒരു കൈനോക്കാം". ഈ വെല്ലുവിളി സ്വീകരിക്കാൻ ആരും മറുഭാഗത്ത് നിന്ന് മുന്നോട്ടു വന്നില്ല.

പ്രതിഷേധ യോഗങ്ങൾ അക്രമി സംഘത്തിന് തലവേദനയായി. ഒരു ദിവസം പെട്ടെന്നാണ് കേയിസാഹിബിന്റെ ഓഫീസിൽ നിന്നും കൽ പന വന്നത്. പാനൂരിൽ പോയി പ്രസംഗിക്കണം. കേയി സാഹിബ് ഒരു

ങ്ങിക്കഴിഞ്ഞു. "സംഗതി വലിയ അപകടമാണ്". ഞാനൊന്ന് ഒഴിഞ്ഞുമാറാൻ നോക്കി. "തിരിച്ചുവരുമെന്ന വിചാരമൊന്നും വേണ്ട". സാഹിബിന്റെ മറുപടി കേട്ട് സത്യത്തിൽ ഞാനൊന്നു ഞെട്ടി.

ഞങ്ങളുടെ കൂടെ മറ്റൊരു പ്രാസംഗികൻ കൂടിയുണ്ടായിരുന്നു. ഒരു പേടിത്തൊണ്ടൻ. യോഗത്തിൽ എനിക്കു പറയാനുള്ളതൊന്നും പറയാൻ അയാൾ അനുവദിച്ചില്ല. ഞാൻ അൽപം ശബ്ദമുയർത്തുമ്പോൾ അയാൾ ഷർട്ട് പിടിച്ചുവലിക്കും. പിന്നെപ്പിന്നെ പിച്ചലായി. യോഗം നടക്കുന്നത് ലീഗാഫീസിന്റെ വരാന്തയിലായിരുന്നു. കേയിസാഹിബ് ഓഫീസിനകത്താണിരുന്നത്. എന്റെ ഷർട്ട് പിടിച്ചുവലിച്ച കാര്യം പിന്നീടാണ് കേയിസാഹിബ് അറിഞ്ഞത്. ധൈര്യമില്ലാത്തവർ ലീഗിൽ വേണ്ട എന്നായിരുന്നു കേയിസാഹിബിന്റെ പ്രതികരണം. ആ പേടിത്തൊണ്ടനെ ഞാൻ പരിചയപ്പെടുത്തുന്നില്ല. രാഷ്ട്രീയരംഗത്ത് നിന്ന് വിരമിച്ച പുള്ളിക്കാരൻ ഇന്നും നട്ടെല്ലില്ലാതെത്തന്നെ കഴിയുകയാണ്.

നട്ടെല്ലിന്റെ സ്ഥാനത്ത് കറമൂസത്തണ്ടുപോലുമില്ലാത്ത ഒരു ഹാജിയാരെ കൂടി പരിചയപ്പെടുത്താം. മുസ്‌ലിം ലീഗിലേക്കു പുതുവിശ്വാസിയായി ഹാജിയാർ വരാൻതന്നെ കാരണം അധികാരമോഹം കൊണ്ടുമാത്രമായിരുന്നു. ഹാജിയാർ നിരാശനായിരിക്കുന്ന സമയത്താണ് കടവത്തൂരിൽ മുസ്‌ലിം ലീഗിന്റെ സമ്മേളനം നടന്നത്. മഞ്ഞ നിറത്തിലുള്ള ഷാളും തലയിലിട്ട് സ്റ്റേജിൽ ഉപവിഷ്ടനായ ഹാജിയാർ പാനൂരിലെ അക്രമരാഷ്ട്രീയത്തെപറ്റി ഇവിടെ പരാമർശിക്കരുതെന്നു എന്നോടു വിലക്കി. യോഗം സംഘടിപ്പിച്ചവരോട് ഞാൻ കാര്യം തിരക്കി. പാനൂരിലെ അക്രമരാഷ്ട്രീയത്തെ അപലപിക്കാൻ വേണ്ടി കൂടിയുള്ളതാണ് യോഗമെന്ന് അവർ വിശദീകരിച്ചു. "യോഗം കഴിഞ്ഞാൽ എനിക്ക് വീട്ടിലേക്ക് പോകേണ്ടതാണ്"എന്നായി ഹാജിയാർ. ഹാജിയാർക്ക് വീട്ടിൽ സുരക്ഷിതമായി തിരിച്ചെത്തുന്നതിന്നു കൂടി വേണ്ടിയാണ് കൊലക്കത്തി രാഷ്ട്രീയത്തെ എതിർത്തു സംസാരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് ഞാൻ പറഞ്ഞു. ഹാജിയാരെ പിന്നെ സ്റ്റേജിൽ കണ്ടില്ല. തുവക്കുന്നിനടുത്ത് ഒരു ലീഗ് പൊതുയോഗം കലക്കാൻ പ്ലാനിട്ടു പരാജയപ്പെട്ടപ്പോൾ ഇടവഴിയിലൂടെ ഷാളും തലയിലിട്ടു ഓടുന്ന ഹാജിയാരെ മാസങ്ങൾക്കു ശേഷമാണ് പിന്നീട് നേരിൽ കണ്ടത്. ഭീരുത്വത്തിന് അവാർഡ് വാങ്ങാൻ തലശ്ശേരി താലൂക്കിൽ അർഹനായ ഹാജിയാർ മറുകണ്ടം ചാടി അർഹിക്കുന്ന സ്ഥാനത്തുതന്നെ ഇപ്പഴും പറ്റിപിടിച്ചു കഴിയുന്നു.

കോഴിക്കോട്ടുകാർക്ക് ഒരു ചൊല്ലുണ്ട്. മിഠായിത്തെരുവിൽ നിന്ന് സൈക്കിൾ പഠിച്ചാൽ ഗാന്ധി റോഡിൽ കൂടി കാറോട്ടാമെന്ന്. ഏതാണ്ടി

തുപോലെയാണ് പാനൂരിൽ നിന്ന് രാഷ്ട്രീയം പഠിച്ചാൽ ഇന്ത്യയിൽ ഒരിടത്തും ഭയപ്പെടേണ്ടി വരില്ലെന്നതും. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് എന്റെ നാട്ടിൽ പ്രതിപക്ഷ കക്ഷികൾ ഒരു പൊതുയോഗം സംഘടിപ്പിച്ചിരുന്നു. ഇതിന് ഏതാനും ദിവസങ്ങൾക്കു മുമ്പ് ഒരു റിട്ടയർഡ് ഉദ്യോഗസ്ഥൻ കേയിസാഹിബിനെക്കുറിച്ചും മറ്റും അപവാദങ്ങൾ പറഞ്ഞു പരത്തിക്കൊണ്ട് ഒരു പ്രസംഗം ചെയ്തിരുന്നു. ആ റിട്ടയർഡ് ഉദ്യോഗസ്ഥന്റെ ആരോപണങ്ങൾക്ക് മറുപടി പറയാൻ ഒരുമ്പെട്ടപ്പോഴത്തേക്കും റിട്ടയർഡ് യോഗത്തിലേക്ക് ഓടിവന്നു. സ്റ്റേജിൽ നിന്നും താഴെയിറങ്ങെടാ എന്നായി റിട്ടയർഡ്. ഏതെങ്കിലും റിട്ടയർഡ് ഉദ്യോഗസ്ഥന്റെ തറവാട്ടുവക പണം കൊണ്ടല്ല ഇവിടെ സ്റ്റേജ് പണിതതെന്നും ഏതെങ്കിലും തെണ്ടി ഇറങ്ങാൻ പറഞ്ഞാൽ ഇറങ്ങി വരാൻ മാത്രം ഞങ്ങൾ അധഃപതിച്ചിട്ടില്ല എന്നും എനിക്കുത്തരം പറയാൻ കഴിഞ്ഞു. ഈ ആവേശവും പ്രചോദനവും എനിക്കു നൽകിയത് പാനൂരാണ്. യോഗസ്ഥലത്തുണ്ടായിരുന്ന ഭരണകക്ഷിപ്രവർത്തകരും, പ്രതിപക്ഷ പാർട്ടി പ്രവർത്തകരും കൂട്ടായിച്ചേർന്ന് ആ റിട്ടയേർഡ് ഉദ്യോഗസ്ഥനെ വീട്ടുമുറ്റത്തേക്ക് വലിച്ചുകൊണ്ടുപോയി ഗെയിറ്റടക്കുന്നതാണ് പിന്നീട് ഞങ്ങൾ കണ്ടത്.

ജീവനിൽ കൊതിയുള്ളവർ പാനൂരിൽ നിന്ന് രാഷ്ട്രീയം പഠിക്കാൻ മിനക്കെടുകയില്ലെന്നായിരുന്നു പലരും പണ്ടു കണക്കുകൂട്ടിയിരുന്നത്. എന്നാൽ എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചുകൊണ്ട് മാവിലാട്ട് മഹമൂദിനെപ്പോലുള്ള ചുണക്കുട്ടികൾ പടക്കളത്തിലിറങ്ങി. വഴിയിൽ പിടിച്ചുവെച്ചു മൊഴി വാങ്ങിയവരും അരിവാൾ കെട്ടി ചെവിയറുക്കുന്നവരും പതിയിരുന്നു തട്ടിപ്പറി നടത്തുന്നവരും കള്ളക്കേസുണ്ടാക്കുന്നവരും ആർക്കും തോറ്റുകൊടുക്കാൻ തയ്യാറില്ലാത്ത ചങ്കുറപ്പുള്ള യുവാക്കളെ കണ്ടു ഞെട്ടിത്തെറിച്ചുപോയി. മാവിലാട്ടിന്റെ രക്തം പാനൂരിന്റെ മണ്ണിൽ ഒഴുകിയാൽ പച്ചക്കൊടി താഴെയിട്ട് എല്ലാവരും ഓടിപ്പോകുമെന്നു ധരിച്ച് കത്തി അണച്ചവർ വീണ്ടും അന്ധാളിച്ച് പോയി. രക്തം പുരണ്ട കഠാരി ഏന്തിയ കൈകളിൽ പൂമാലയിട്ട് പ്രകോപനമുണ്ടാക്കിയിട്ടും പാനൂരിൽ പച്ചപ്പതാകകൾ ഉയരത്തിലുയരുക തന്നെ ചെയ്തു. ഇതുതന്നെയാണ് ഇതിഹാസം. ഇതു രചിച്ച പാനൂരിന്റെ മക്കൾ ചരിത്രം മാറ്റി എഴുതിയവർ തന്നെ.

●●

മോചനം കാത്ത്

കെ.എം. അഹമദ്

മദ്ധ്യപ്രദേശിലെ ചമ്പൽകാടുകളിൽ പോലും പ്രകാശത്തിന്റെ വെള്ളിനക്ഷത്രം ഉദയം ചെയ്തിട്ടും പാനൂരിലത് സംഭവിച്ചില്ല. അഥവാ വെളിച്ചത്തെ ഭയപ്പെട്ട പൊന്നുതമ്പുരാക്കന്മാർ പാനൂരിനത് നിഷേധിക്കുന്നതിന് ചതുരുപായങ്ങളും പ്രയോഗിച്ചുകൊണ്ടേയിരുന്നു. വെളിച്ചത്തിന്റെ ശക്തികളെ തകർക്കുന്നത് തങ്ങളുടെ ജീവിതലക്ഷ്യമായംഗീകരിച്ചു പോന്ന ആ തമ്പുരാക്കന്മാർ എന്തിനും മടിക്കാത്തവരായിരുന്നു. തങ്ങളുടെ അംഗീകാരമില്ലാതെ യാതൊന്നും ഇവിടെ സ്വീകാര്യമല്ല. വെച്ചുപൊറുപ്പിക്കുകയുമില്ല.

ഈ ഇരുട്ടിന്റെ ശക്തികളിൽ നിന്ന് രാജ്യത്തെ വിമോചിപ്പിക്കുന്നതിനുള്ള പല ശ്രമങ്ങളും പലപ്പോഴായി ഇവിടെ നടന്നിട്ടുണ്ട്. ഇതിൽ പങ്കാളിത്തം വഹിക്കാത്ത ഒരൊറ്റ രാഷ്ട്രീയ കക്ഷിയും പാനൂരിൽ, പെരിങ്ങളത്ത് ഇല്ല തന്നെ. അതിന്ന് വേണ്ടി ത്യാഗം സഹിച്ചവർക്ക് കയ്യും കണക്കുമില്ല.

എന്നാൽ മാവിലാട്ട് മഹമൂദ് എന്ന കർമധീരൻ മുസ്‌ലിം ലീഗിലൂടെ രംഗത്ത് വന്നതോടെ ആ സമര ചരിത്രത്തിന് പുതിയൊരു ചൈതന്യവും അർത്ഥവുമുണ്ടായി എന്നതാണ് സത്യം.

അതോടെ അക്രമരാഷ്ട്രീയത്തിന്റെ കേന്ദ്രമായിരുന്ന പാനൂർ ടൗണിൽതന്നെ വമ്പിച്ച വെല്ലുവിളികളുയർന്നു. അതിന്ന് മുമ്പൊരിക്കലും പാനൂരിൽ അത്തരമൊരു വെല്ലുവിളി ഉയർന്നിരുന്നില്ല. പെരിങ്ങളത്തിന്റെ പലഭാഗങ്ങളിലും അടിച്ചു വീശിയിരുന്ന സ്വാതന്ത്ര്യ സമരങ്ങൾ ഒന്നും തന്നെ പാനൂരിനെ ഒട്ടും ബാധിച്ചിരുന്നില്ല.

മാവിലാട്ട് മഹമൂദും സഹപ്രവർത്തകരായ ഒരുപറ്റം ചെറുപ്പക്കാരും പാനൂർ ടൗണിലുയർത്തിയ വിമോചനത്തിന്റെ ഊക്കേറിയ മുദ്രാവാക്യം പെരിങ്ങളത്തെ മുസ്‌ലിം ലീഗിന് ഒരു നവചൈതന്യം ഉണ്ടാക്കിക്കൊടുത്തെങ്കിലും പ്രതിയോഗികളിൽ അത് കനത്ത ഭീതിയും സൃഷ്ടിച്ചു. ഈ ഭീതിയായിരിക്കണം പിൽക്കാലത്തുണ്ടായ എല്ലാ സംഭവവികാസങ്ങൾക്കും, ഒരു വേള കാരണമായിത്തീർന്നത്.

ജനാധിപത്യ കേരളത്തിന്റെ മനഃസാക്ഷിയെ ഞെട്ടിപ്പിച്ചുകൊണ്ട് 1974 ജനുവരി 12 നു അത് സംഭവിച്ചു. മാവിലാട്ട് മഹമൂദ് രക്തസാക്ഷിയായി.

ആ രക്തം നാടിനെ ഇളക്കിവിട്ടു. അക്രമരാഷ്ട്രീയത്തിനെതിരായി ജനം സടകുടഞ്ഞെഴുന്നേറ്റു. എല്ലാ രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങൾക്കുപരി നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി എല്ലാവരും യോജിച്ചു നിന്നു. ഇന്നും സമരം തുടർന്നുകൊണ്ടേയിരിക്കുന്നു. നാടിന്റെ മോചനവും കാത്ത്.

●●

ആദർശത്തിനു വേണ്ടി രക്തം ചിന്തിയ ധർമഭടൻ

ഇസ്ഹാക് അലി കല്ലിക്കണ്ടി

1974 ജനുവരി 12 !

പാനൂരിൽ ദുഃഖത്തിന്റെ കരിമുകിൽത്തുണ്ടുകൾ ഉരുണ്ടു കൂടി നിന്ന ദിനം. എല്ലാ മിഴികളും അന്നവിടെ നനഞ്ഞു. എല്ലാ ഹൃദയങ്ങളും അന്നവിടെ പിടഞ്ഞു. അന്നാണ് ജനാബ് മാവിലാട്ട് മഹമൂദ് മൃഗീയമായി കൊല ചെയ്യപ്പെട്ടത്. ആസൂത്രിതമായ ഒരു ഗൂഢാലോചനയുടെ സൃഷ്ടിയായിരുന്നു ആ അറുകൊല.

മാവിലാട്ട് മഹമൂദ് മുസ്‌ലിം ലീഗിന്റെ വളർന്നു വരുന്നൊരു കർമധീരനായിരുന്നു. സമുദായത്തിനും, സംഘടനയ്ക്കും ആ യുവാവ് ആവേശം നൽകി. പാനൂരിൽ മുസ്‌ലിംലീഗിന്റെ വളർച്ചയ്ക്ക് വലിയൊരനുഗ്രഹമായിരുന്നു മഹമൂദിന്റെ രംഗപ്രവേശം. ജനങ്ങളുടെ പ്രീതിയും അനുഗ്രഹവും നേടാൻ അദ്ദേഹത്തിന് എളുപ്പത്തിൽ കഴിഞ്ഞു. !

പക്ഷെ, പാനൂരിന്നൊരു പ്രത്യേകതയുണ്ടല്ലോ. അവിടെയെല്ലാവരും ഒരേ മാർഗ്ഗത്തിൽ ചിന്തിക്കണം. ഒരൊറ്റ നേതാവിനെ അംഗീകരിക്കണം. ഒരൊറ്റ പാർട്ടിയായി നിൽക്കണം. ഒരേയൊരു കൊടിപിടിക്കണം. ഇതിനൊന്നും കീഴടങ്ങാത്തവരെല്ലാം ഇവിടെ നോട്ടപ്പുള്ളികളായിരുന്നു. അവരെ തേജോവധം ചെയ്യുവാനോ, മർദ്ദിച്ചൊതുക്കാനോ, വകവരുത്താനോ ഉള്ള സംഘടിത തന്ത്രങ്ങൾ ഇവിടെ നിത്യസംഭവങ്ങളായിരുന്നു. ഇത്തരം സംഘടിതാക്രമങ്ങൾക്കു വിധേയരായവർ ഇവിടെ നിരവധിയാണ്. എല്ലാ രാഷ്ട്രീയപാർട്ടിക്കാർക്കും ഒരവസരത്തിലല്ലെങ്കിൽ മറ്റൊരവസരത്തിൽ ഈ അനുഭവമുണ്ടായിട്ടുണ്ട്. കോൺഗ്രസ്സുകാരും, സോഷ്യലിസ്റ്റു

കാരും, കമ്മ്യൂണിസ്റ്റുകാരും മുസ്‌ലിം ലീഗുകാരുമെല്ലാം ഇതിന്നു വിധേയരായവരാണല്ലോ.

ജനാബ് മാവിലാട്ട് മഹമൂദും നോട്ടപ്പുള്ളിയായത് മേൽപറഞ്ഞ പശ്ചാത്തലത്തിലാണ്. പാനൂരിൽ നിലനിന്നുപോന്ന ഫ്യൂഡലിസ്റ്റു വ്യവസ്ഥയെ ചോദ്യം ചെയ്യുവാൻ ആ യുവാവ് ധൈര്യം കാണിച്ചു. സ്വതന്ത്രമായി ചിന്തിക്കുന്നതിനും, പ്രവർത്തിക്കുന്നതിനും തടസ്സമായി നിൽക്കുന്ന ശക്തികളുടെ മുമ്പിൽ അദ്ദേഹം ചൂളിപ്പോയില്ല. ഈ ചലനം ശത്രുപാളയത്തിൽ ഗൂഢാലോചനകളുടെ മുറുക്കം കൂട്ടി. ഒടുവിൽ അത് മറനീക്കി രംഗത്താടി. ഒരു ഘാതകൻ വിലക്കെടുക്കപ്പെട്ടു.

അവന്റെ കഠാര പാനൂർ ടൗണിൽ കുരുതിക്കളം സൃഷ്ടിച്ചു. ജനാബ് മാവിലാട്ട് മഹമൂദ് രക്തസാക്ഷിയായി! ഒരു കുടുംബത്തെ അനാഥമാക്കാനും, നിത്യദുഃഖത്തിലാഴ്ത്താനും ആ കഠാരയ്ക്കും അതിന്നു പ്രചോദനം നൽകിയ ഗൂഢാലോചനയ്ക്കും കഴിഞ്ഞേക്കാം. പക്ഷെ മഹമൂദ് ഉയർത്തിപിടിച്ച ആദർശങ്ങൾ ഒരിക്കലും അനാഥമാവുകയില്ല. തിരിയിൽ നിന്നു കൊളുത്തിയ പന്തമായി അത് സമൂഹമാകെ ആളിപ്പിടിക്കും വരും നാളുകളിൽ.

●●

കാൽചങ്ങലകൾ തകർക്കുക

സി. എച്ച്. കുഞ്ഞമ്മദ്, കടവത്തൂർ

നമ്മുടെ പ്രിയങ്കരനായ മാവിലാട്ട് മഹമൂദ് രക്തസാക്ഷിയായിട്ട് നാലു വർഷം (1978ൽ) പൂർത്തിയാവുകയാണ്. പാനൂരിന്റെ മണ്ണ് ധീരരായ നിരവധി രക്തസാക്ഷികളുടെ ചുടുനിണംകൊണ്ട് ചെഞ്ചായമണിഞ്ഞതാണ്. ഈ മണ്ണിന് പറയാനുള്ളത്, അക്രമത്തിന്റെയും അനീതിയുടേയും മർദ്ദനത്തിന്റെയും കയ്യേറ്റത്തിന്റെയും നിർബന്ധ വിവാഹമോചനങ്ങളുടെയും, രാഷ്ട്രീയ ദുഷ്പ്രഭുത്വത്തിന്റെയും കാൽനൂറ്റാണ്ട് കാലത്തെ കഥയാണ്. രക്തദാഹികളായ ഒരുപിടി രാഷ്ട്രീയകോമരങ്ങളുടെ നഗ്നതാണ്ഡവത്തിന്റെ കഥ! ഇവിടെ കൊടികുത്തിവാണ രാഷ്ട്രീയ മേലാളന്മാരുടെ തേർവാഴ്ചയ്ക്കെതിരെ ശബ്ദിച്ചവർക്കനുഭവിക്കേണ്ടി വന്ന കദനത്തിന്റെ കഥ! മനുഷ്യരുടെ മരവിക്കാത്ത മനഃസാക്ഷിയെ ഉണർത്തുന്ന കണ്ണീരിന്റെ കഥ! അശരണരും ആലംബഹീനരുമായ ആയിരങ്ങളുടെ നെടുവീർപ്പിന്റെ കഥ! മാനം നശിച്ചവരുടെയും ശരീരം ചതഞ്ഞവരുടെയും സ്വത്ത് നശിച്ചവരുടെയും വേദനിപ്പിക്കുന്ന കഥ!

ഈ ഘട്ടത്തിൽ ഞാൻ ആലോചിക്കുകയാണ്. എനിക്കോർമ വെച്ച കാലം മുതൽ ഇവിടെ എന്തൊക്കെ നടന്നു? സംഭവിക്കാൻ പാടില്ലാത്തത് എന്തൊക്കെ സംഭവിച്ചു?

1947-ൽ ഭാരതം സ്വതന്ത്രമായി. എങ്ങും ആനന്ദം അലയടിച്ചു. രണ്ടു നൂറ്റാണ്ടു കാലത്തെ വിദേശാധിപത്യത്തിൽനിന്ന് മോചിതമായതിന്റെ ആനന്ദം! എന്നാൽ ഏതാണ്ട് അക്കാലത്ത് തന്നെ പാനൂർ പ്രദേശത്ത് പുതിയൊരു ആധിപത്യത്തിന്റെ രംഗപ്രവേശത്തിന്റെ തിരനോട്ടം നടക്കുകയായിരുന്നു. രാഷ്ട്രീയ പരിവേഷമണിഞ്ഞ പുതിയൊരു മേധാവിത്വം അവിടെ രൂപം കൊടുക്കുകയാണെന്ന് അധികമാരും അന്നു മനസ്സിലാക്കി

കാണുകയില്ല. പക്ഷെ സംഭവിച്ചത് അതായിരുന്നു. കാലക്രമത്തിൽ ഇവിടുത്തെ ജനങ്ങളെ ഒന്നടങ്കം ഒരേകാധിപതിക്ക് തന്റെ കുടിലമായ സ്വാർത്ഥത്തിന് വേണ്ടി വളരെ സമർത്ഥമായി സംഘടിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. ഒരു നേതാവും കുറേ അനുയായികളും. നേതാവിന്റെ തിരുവായ്ക്ക് എതിർവായില്ലാത്ത വിധം ഒരു വർഗ്ഗം അവിടെ വാർത്തെടുക്കപ്പെട്ടു. ഇതിന്റെ പിന്നിൽ സ്വാർത്ഥത്തിന്റെ കണികപോലും ദർശിക്കാൻ അന്ന് പലർക്കും കഴിഞ്ഞില്ല. പക്ഷെ രംഗം പാകമായെന്ന് ക്രമേണ ഇയാൾക്ക് മനസ്സിലായി. അതോടെ തന്റെ കുടിലമായ സ്വാർത്ഥത പുറത്തു കാണിക്കാൻ തുടങ്ങി. തന്റെ ആധിപത്യത്തെ ചോദ്യം ചെയ്യുന്ന പ്രവണത എവിടെക്കണ്ടാലും തകർക്കാനുള്ള ആവേശം അനുയായികളിൽ കത്തിച്ചു വെച്ചു. ഒരുപറ്റം കുടിലമാനസരായ സന്തതസഹചാരികൾ നേതാവിനു ചുറ്റും വട്ടമിട്ടുനിന്നു. തങ്ങൾക്കെതിരായ എല്ലാറ്റിനെയും വേരോടെ പിഴുതെറിയാനുള്ള ദുഷിച്ച പ്രവണത അനുയായികളിൽ അക്രമത്തിന് വഴിതെളിയിച്ചു. എങ്ങും അക്രമത്തിന്റെ തേരോട്ടം തുടങ്ങി. പലരും നേതാവിന് കീഴടങ്ങി. ചിലർ സ്വാർത്ഥത്തിനും സ്വന്തം നിലനിൽപിനും വേണ്ടി നേതാവിനെ തുണച്ചു. പണപ്പിരിവുകൾ! നിർബന്ധമായ പിരിവുകൾ! തൊട്ടതിനും തൊടുന്നതിനും പണം. ജോലിചെയ്യാതെ ജീവിക്കാൻ പഠിച്ച കുറെ ചെറുപ്പക്കാർ എന്തു വൃത്തികേടും കാണിക്കാനുള്ള ഇരുമ്പുമറയായി രാഷ്ട്രീയത്തെ ഉപയോഗിച്ചു. നേതാവിന്റെ അനുഗ്രഹാശിസ്സുകളോടെ മനസ്സാക്ഷിയുള്ള ഏതൊരാൾക്കും അംഗീകരിക്കാൻ കഴിയാത്ത ദുഷ്ചെയ്തികൾ മണ്ഡലത്തിന്റെ നാനാഭാഗങ്ങളിലും നടമാടി. തന്നെക്കാൾ വലുത് ആരുമില്ലെന്ന നേതാവിന്റെ ഭാവം പ്രാവർത്തികമാക്കാനുള്ള അനുയായികളുടെ വ്യഗ്രതയിൽ നിരപരാധികൾ ക്രൂശിക്കപ്പെട്ടു! പഴയ കുടുംബമേധാവിത്വം പുതിയ രൂപം പൂണ്ടു. ലോകത്ത് ഒരു സമൂഹത്തിനും നേരിടേണ്ടിവരാത്ത ദുരന്തം! ഈ ദുരന്ത നാടകത്തിന് സാമ്പത്തികസഹായം നൽകാനുള്ള ഉത്തരവാദിത്തം മുസ്ലിം പ്രമാണിമാർ ഏറ്റെടുത്തു. സാഡിസ്റ്റുകളായ ആ മനുഷ്യകോമരങ്ങളുടെ പണപ്പെട്ടികൾ ആ നേതാവിന്റെ മുന്നിൽ തുറന്നുകൊടുത്തു. അവരുടെ പണക്കൊഴുപ്പ് നേതാവിന്റെ പ്രവർത്തനങ്ങൾക്ക് ഊക്ക് കൂട്ടി. പണം നൽകാൻ മടിച്ച മനഃസാക്ഷിയുള്ള മനുഷ്യർ തകർക്കപ്പെട്ടു. അങ്ങനെ തകർക്കപ്പെട്ട നൂറുകണക്കിന് ആളുകളുടെ ദൈന്യതയാർന്ന ചരിത്രം ഇന്നും നമ്മുടെ നാടിന് പറയാനുണ്ട്.

ഇന്ത്യാ രാജ്യത്തുണ്ടാകുന്ന രാഷ്ട്രീയസംഭവവികാസങ്ങൾ നമ്മു

ടെ പ്രദേശത്തെ സംബന്ധിച്ചിടത്തോളം അജ്ഞാതമായിരുന്നു. സോഷ്യ ലിസ്റ്റ് ആചാര്യനും ആധുനിക ഇന്ത്യയുടെ വഴികാട്ടിയുമായ ഡോഃ രാം മ നോഹർലോഹ്യ തന്റെ പാർട്ടി പ്രചരണത്തിന് വേണ്ടി ഇന്ത്യ മുഴുവൻ സഞ്ചരിക്കവെ നമ്മുടെ നാട്ടിലും എത്തി. പക്ഷെ പ്രസംഗിക്കാനുള്ള സ്വാത ന്ത്ര്യം പോലും നമ്മുടെ നാട്ടിലെ ഏകാധിപതിയും അനുയായികളും ആ നേതാവിന് നൽകിയില്ല. പകരം ആ സ്വാതന്ത്ര്യസമര സേനാനി കൂക്കിവി ളിക്കപ്പെട്ടു. നോക്കണം ഇന്ത്യൻ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ അജ യ്യനായ നേതാവിന് നമ്മുടെ നാട്ടിലുണ്ടായ അനുഭവം! അദ്ദേഹത്തിന്റെ കാർ ഉരുളൻ കല്ലുകളും മരത്തടികളുമിട്ട് തടയപ്പെട്ടു. ഇത് നേതാവിന്റെ രാഷ്ട്രീയപ്രവർത്തനത്തിന്റെ ഒരു സാമ്പിൾ മാത്രമായിരുന്നു. തനിക്ക് അ വിഹിതന്മാരായ ആരും തന്റെ നാട്ടിൽ പ്രവേശിച്ചുകൂടാ!

കുപ്രസിദ്ധമായ എടവത്ത് കണ്ടി സംഭവം നമ്മുടെ നാട്ടിൽ ആർ ക്കും മറക്കാൻ കഴിയാത്തതാണല്ലോ. പ്രായാധിക്യം കൊണ്ട് നടക്കാൻ പോലും കഴിയാത്ത മൊയ്തീൻഹാജി സാഹിബിനെ ഒരു കൂട്ടം ഗുണ്ട കൾ വീട്ടിൽ കയറി മർദ്ദിച്ചവശനാക്കി. വീട്ടിലെ ഗർഭിണിയായ സ്ത്രീയു ടെ വയറ്റിന് ചവിട്ടി! പൊതിരെ തല്ലി. കാട്ടാളത്തത്തിന്റെ അഴിഞ്ഞാട്ടം! പ ക്ഷെ ഇതുകൊണ്ടും ഇവിടുത്തെ മുസ്ലിം സമുദായം കണ്ണുതുറന്നില്ല. നെറികെട്ട ആക്രമണത്തിന് മൂകസാക്ഷികളായി നിന്നു. ചിലർ പിന്തുണ കൊടുത്തു. ഹാജിസാഹിബിന്റെ ആത്മാവ് ഇന്നും പ്രതികാരത്തിന് വേ ണ്ടി ദാഹിക്കുന്നുണ്ടാകും.

ഇന്ത്യൻ മുസ്ലിംകളുടെ അനിഷേധ്യനായ നേതാവ് ജഃ സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ നമ്മുടെ പ്രദേശത്തെ കൊടും ക്രൂരത കളെപ്പറ്റി മനസ്സിലാക്കി. തന്റെ സമുദായം അനുഭവിക്കുന്ന ദുരിതങ്ങൾ നേരിട്ടറിയുന്നതിനായി ഈ പ്രദേശത്ത് ഒരു പര്യടനം നടത്താൻ തീരുമാ നിച്ചു. അങ്ങിനെ ഇവിടെയെത്തിയ മർഹൂം തങ്ങൾക്ക് എവിടെയും നിസ്സ ഹായരായ മുസ്ലിംകളെയാണ് കാണാൻ കഴിഞ്ഞത്. പലരും ഭീതിമൂലം തങ്ങളുമായി ബന്ധപ്പെടാൻ പോലും ധൈര്യപ്പെട്ടില്ല. പക്ഷെ ത്യാഗത്തി ന്റെ തീച്ചൂളയിൽ മുളച്ച ഇവിടുത്തെ മുസ്ലിം ലീഗിന്റെ പ്രവർത്തകർ ജഃ തങ്ങളവർകളെ അനുഗമിച്ചു. പല സ്ഥലത്തും ഇന്ത്യൻ മുസ്ലിംകളുടെ സർവസ്വവുമായിരുന്ന ജഃ ബാഫഖി തങ്ങൾക്ക് പ്രസംഗിക്കാനുള്ള ഇടം പോലും കിട്ടിയില്ല. പക്ഷെ തങ്ങളുടെ പരിപാടി എല്ലായിടത്തും മുസ്ലിം ലീഗ് പ്രവർത്തകർ വിജയിപ്പിക്കുക തന്നെ ചെയ്തു. മുസ്ലിംകളുടെ സ്ഥ ലം മുസ്ലിം നേതാവിനെതിരായി നിരോധിക്കപ്പെട്ടു. അതു കണ്ടിട്ടും ഇ

വിടുത്തെ മനസാക്ഷി മരവിച്ച മുസൽമാന് കണ്ണുതുറക്കാൻ കഴിഞ്ഞില്ല. അവർ നേതാവിന് പിന്നിൽ ശിങ്കിടി പാടി. പ്രതികാരത്തിന്റെ തീജ്ജ്വാല കൾ ആളിപ്പടരേണ്ടിടത്ത് വിധേയത്വവും അടിമത്വവുമായിരുന്നു പ്രകടമാ യിരുന്നത്. പിന്നെ എന്തിന് നേതാവ് പിന്നോട്ടു പോകണം? "അക്രമപ്ര വർത്തനങ്ങളെ സർവശക്തിയുമുപയോഗിച്ച് നേരിടേണ്ടിടത്ത് ഭീരുക്കളാ യി അവയ്ക്ക് അരുനിന്ന് സ്വയം നാശത്തിന്റെ ശവക്കുഴി തോണ്ടി. അതി ന്റെ അനന്തരഫലം അവർ അനുഭവിക്കേണ്ടിവരുമെന്ന" ജനാബ് തങ്ങളു ടെ ദൂരക്കാഴ്ച്ചയുള്ള കണ്ണുകൾ അന്നവരെ ഓർമിപ്പിച്ചുവെന്നതിവിടെ പ്ര സ്താവ്യമാണ്.

അങ്ങനെ സംഭ്രമജനകമായ ഒരു കാലഘട്ടം നാം പിന്നിട്ടു. പാ നൂരിന്റെ വിരിമാറിൽ മൃഗീയതയ്ക്കെതിരെ ഒരു യുവാവ് വളർന്നു വരു ന്നുണ്ടായിരുന്നു. നേതാവിന്റെ സന്തതസഹചാരിയായിരുന്ന ജഃചാലിൽ ഹസ്സൻ സാഹിബിന്റെ സീമന്തപുത്രൻ! ജഃ മാവിലാട്ട് മഹമൂദ്! ആ യുവ ചേതന നേതാവിന്നൊരു ഭീഷണിയാണെന്ന് നേതാവും അനുയായികളും കണ്ടു. വളർന്നുവരുന്ന മുസ്‌ലിം തലമുറ അക്രമരാഷ്ട്രീയത്തെ പല്ലും ന ഖവും ഉപയോഗിച്ച് എതിർക്കുവാൻ തുടങ്ങുന്നതിന്റെ സൂചനയായിരുന്നു മഹമൂദിൽ അവർ ദർശിച്ചത്. ഇതനുവദിച്ചുകൂടെന്ന് നേതാവ് ആക്രോശി ച്ചു! പാനൂരിൽ തനിക്കെതിരെ ഒരു പയ്യൻ സംസാരിക്കുകയോ? ഒരു ഘാ തകൻ വിലക്കെടുക്കപ്പെട്ടു. ജനാബ് മഹമൂദിന്റെ ചൂടു രക്തം പാനൂരിലെ മണൽത്തരികളിൽ വീണു. മഹമൂദ് വധിക്കപ്പെട്ടു. പാനൂരിൽ യുവചൈത ന്യത്തിന്റെ പ്രതീകം നഷ്ടപ്പെട്ടു. ഒരു കുടുംബം അനാഥമായി, മഹമൂദി ന്റെ പിഞ്ചോമനകൾ യതീമുകളായി. അവരുടെ നിത്യദുഃഖത്തിൽ നാമും പങ്കാളികളാവുക! ഇവിടെ നാം ചെയ്യേണ്ട ഒരു പ്രതിജ്ഞയുണ്ട്. അക്രമ കൂടാരം തകർക്കുക! അവ ഇനി ഈ മണ്ണിലുയരരുത്!

നാടുവാഴിത്തത്തിന്റെ കോട്ടകൊത്തളങ്ങൾ തകർക്കപ്പെടുന്നതു വരെ നമുക്ക് വിശ്രമിച്ചുകൂടാ. നാം വിജയത്തിന്റെ പാതയിൽ ലക്ഷ്യത്തി ന്റെ ഏതാണ്ടടുത്തെത്തിയിരിക്കുന്നു! ഏതാണ്ടടുത്ത്!

●●

കർബലയിൽ മരിച്ചതാർ? ഇമാം ഹുസൈനോ യസീദോ?

എൻ.കെ. അഹമദ് മൗലവി

പാനൂരങ്ങാടിയുടെ ഹൃദയഭാഗത്ത് വെച്ച് പട്ടാപ്പകൽ കത്തിക്കുത്തേറ്റു നിലംപതിച്ച, രണ്ടു വയസ്സു തികയാത്ത കൊച്ചു പുത്രനും, അതിലും ചെറിയ കൊച്ചു പുത്രിയും, ഗർഭിണിയായ ഭാര്യയുമടക്കം ആയിരക്കണക്കിലുള്ള ബന്ധുമിത്രാദികളെ തീരാദുഃഖത്തിലാഴ്ത്തികൊണ്ട് ഈ ലോകത്തോട് എന്നെന്നേക്കുമായി യാത്ര പറഞ്ഞ മർഹൂം മാവിലാട്ട് മഹമൂദ് സാഹിബ് ഇന്നും ജനലക്ഷങ്ങളുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു. അദ്ദേഹത്തിന്റെ ഘാതകനാണെങ്കിൽ ധാർമികമായി മരണമടഞ്ഞുവെന്നതാണ് പരമാർത്ഥം. മഹമൂദ് സാഹിബ് വധിക്കപ്പെട്ട സംഭവത്തെ പലതുകൊണ്ടും സുപ്രസിദ്ധമായ കർബലാ സംഭവവുമായി താരതമ്യപ്പെടുത്താം.

കുപ്രസിദ്ധിയാർജ്ജിച്ച "പാനൂർ രാഷ്ട്രീയം" ഭാരതത്തിന് പൊതുവിലും കേരളത്തിന് പ്രത്യേകിച്ചും അപമാനകരവുമായിരുന്നു. പാനൂരുൾക്കൊള്ളുന്ന അസംബ്ലി നിയോജകമണ്ഡലത്തിൽ ജീവിക്കുന്ന ഏതെങ്കിലുമൊരാൾ വെളിയിൽ പോയി, തന്നെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തേണ്ടുന്ന സന്ദർഭമുണ്ടായാൽ അവരുടെ മുഖത്ത് ഒരു പരിഹാസ പുഞ്ചിരി ഊറിവരുന്നത് കാണാം. "പാനൂർ രാഷ്ട്രീയം" എന്ന് കേൾക്കുമ്പോൾ അറപ്പും, വെറുപ്പും തോന്നാത്ത, ഒന്നു മുഖം ചുളിക്കാത്ത ജനാധിപത്യവിശ്വാസിയെ കാണാൻ വിഷമമാണ്. പാവനമായ ജനാധിപത്യത്തേയും സംശുദ്ധരാഷ്ട്രീയത്തേയും മലീമസമാക്കിത്തീർത്ത ഏതെല്ലാം വൃത്തികേടുകളുണ്ടോ അതൊക്കെ അടിഞ്ഞുകൂടിയ, തികച്ചും ദുർഗന്ധം വമിക്കുന്ന ഒന്നായിരുന്നു "പാനൂർ രാഷ്ട്രീയം". അക്രമത്തിന്റെയും അനീതിയുടെയും

പൗരാവകാശ ധ്വംസനത്തിന്റെയും പര്യായമായിരുന്നു അത്. "പാനൂർ രാഷ്ട്രീയ" ത്തെ മൃഗീയമെന്നു വിശേഷിപ്പിച്ചാൽ മൃഗങ്ങളും, രാക്ഷസീയമെന്ന് വിശേഷിപ്പിച്ചാൽ രാക്ഷസന്മാരും പ്രതിഷേധിക്കുമെന്ന് മഹാനായ ഒരു നേതാവ് പ്രസംഗത്തിൽ പറഞ്ഞുകേട്ടത് ഇന്നും ഈ ലേഖകന്റെ കൺപുടങ്ങളിൽ അലയടിച്ചു കൊണ്ടിരിക്കുന്നുണ്ട്. "പാനൂർ രാഷ്ട്രീയ" ത്തിന്റെ ദുഷ്ചെയ്തികളിൽ നിന്ന് മോചനം നേടാൻ വേണ്ടി കഴിവിന്റെ പരമാവധി ശ്രമിച്ചിട്ടില്ലാത്ത, മനംനൊന്തു പ്രാർത്ഥിച്ചിട്ടില്ലാത്ത ഒരൊറ്റ രാഷ്ട്രീയ പാർട്ടിയും കോൺഗ്രസ്സായാലും, മുസ്ലിം ലീഗായാലും, കമ്മ്യൂണിസ്റ്റ് പാർട്ടിയായാലും സോഷ്യലിസ്റ്റ് പാർട്ടിയായാലും പാനൂരുൾക്കൊള്ളുന്ന മണ്ഡലത്തിലോ കേരളത്തിലോ ഇല്ലെന്നത് ആരാലും നിഷേധിക്കാനാവാത്തൊരു യാഥാർത്ഥ്യമത്രേ.

പാനൂർ രാഷ്ട്രീയമാകുന്ന ക്രൂരജീവി, അതിന്റെ ശൗര്യം മൂർദ്ധന്യദശ പ്രാപിച്ചിരുന്ന കാലത്ത് ഈ മണ്ഡലത്തിലെ പൗരാവകാശത്തെയും, രാഷ്ട്രീയസ്വാതന്ത്ര്യത്തെയും വകവരുത്തുവാനായി നഖം നീട്ടി വാപിളർന്നു നിൽക്കുന്ന ഘട്ടത്തിൽ, വീരപരാക്രമശാലിയായ മാവിലാട്ട് മഹമൂദ് സാഹിബ് ആ ക്രൂരജീവിയെ പിടിച്ചുകെട്ടി കൂട്ടിലടക്കുവാൻ ഒരു സാഹസകൃത്യത്തിനൊരുങ്ങി. മഹമൂദിനെ വധിക്കാനായി ക്രൂരജീവി പലപ്രാവശ്യം ശ്രമിച്ചെങ്കിലും ശക്തനായ മഹമൂദിന്റെ ധീരമായ ചെറുത്തുനിൽപിനുമുമ്പിൽ അതൊക്കെ പരാജയപ്പെട്ടു. "ഹംസ" (റ)യെ കൊല്ലാൻ തക്കം നോക്കിക്കൊണ്ടിരുന്ന "വഹ്ശി" യെപ്പോലെ, കുടിപ്പകവെച്ചു സദാസമയവും മഹമൂദിനെ വധിക്കാൻ മാത്രം തക്കം പാർത്തുകൊണ്ടിരുന്ന "പാനൂർ രാഷ്ട്രീയ" മാകുന്ന ക്രൂരജീവിക്ക് ഒടുവിൽ അതിനുള്ള സന്ദർഭം കിട്ടി. കേരളത്തിലെ മനസ്സാക്ഷിയുള്ള മുഴുവൻ മനുഷ്യരെയും കണ്ണീരിലാഴ്ത്തികൊണ്ട് മഹമൂദിന്റെ ഭൗതികശരീരം തിന്നു നശിപ്പിക്കാൻ ആ ക്രൂരജീവിക്കു കഴിഞ്ഞു (ഇന്നാലില്ലാഹി...). എങ്കിലും ആ ശൗര്യം പണ്ടെപ്പോലെ ഫലിക്കുന്നില്ല എന്നത് ആശ്വാസ്യകരമാണ്. പാനൂരിന്റെ സൈര ജീവിതം തകർത്ത ക്രൂരജീവിയെ മഹമൂദിന്റെ സഹപ്രവർത്തകർ കൂട്ടിലടക്കുക തന്നെ ചെയ്തു. നീതിക്കും ധർമത്തിനും വില കൽപിക്കാതിരുന്ന യസീദിന്റെ പട്ടാളം കർബലയിൽ വച്ച് ഇമാം ഹുസൈനെയും അനുയായികളെയും അതിദാരുണമാം വിധം കൊലചെയ്ത സംഭവമാണ് എനിക്കോർമ വരുന്നത്. ആദർശധീരനായ ഇമാം ഹുസൈൻ യസീദിന്റെ പട്ടാളത്തിന്റെ ഭീഷണിക്കോ അക്രമത്തിനോ വഴങ്ങിയില്ല. ഇഞ്ചിഞ്ചായി മരിക്കേണ്ടി വന്നാലും ആദർശം കൈവിടാൻ പാടില്ലെന്നായി

രുന്നു അദ്ദേഹത്തിന്റെ മതം. അതുകൊണ്ടാണദ്ദേഹം അതിദാരുണമാം വിധം വധിക്കപ്പെടേണ്ടി വന്നത്. ഇമാം ഹുസൈൻ (റ) അവർകളുടെ ആദർശം പിൻപറ്റിയ മഹമൂദ് സാഹിബിനും അതേ അനുഭവം തന്നെയുണ്ടായി.

ഇമാം ഹുസൈന്റെ ഭൗതികശരീരത്തെ കൊല്ലാൻ യസീദിന്റെ പട്ടാളത്തിന് കഴിഞ്ഞെങ്കിലും ഇമാം ഹുസൈനെ അദ്ദേഹത്തിന്റെ ആദർശത്തിൽ നിന്ന് വ്യതിചലിപ്പിക്കാനോ, അദ്ദേഹത്തിന്റെ ആദർശത്തെ ഈ ലോകത്തുനിന്ന് നശിപ്പിക്കാനോ അവർക്ക് കഴിഞ്ഞില്ല. സംഭവം നടന്നിട്ട് ഒന്നര സഹസ്രാബ്ദത്തോളം കഴിഞ്ഞെങ്കിലും ഇമാം ഹുസൈനും അദ്ദേഹത്തിന്റെ ആദർശവും ജനഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്നു; പച്ചപിടിച്ചുകിടക്കുന്നു.

അതു കൊണ്ടത്രേ "കർബലയിൽ മരിച്ചുവീണത് ഇമാം ഹുസൈനല്ല യസീദാണ്" എന്ന് ഒരു തത്വചിന്തകൻ പറഞ്ഞത്.

ഈ സംഭവത്തിന്റെ ഒരു കൊച്ചുപതിപ്പാണ് മഹമൂദ് വധിക്കപ്പെട്ട സംഭവമെന്നതിൽ സംശയമില്ല. കാലം അത് തെളിയിച്ചുകൊടുക്കും. (ഇൻഷാ അള്ളാഹ്)

●●

ശഹീദ്

ടി.പി. കുട്ടിയമ്മു

ഒരു വ്യക്തി പുണ്യമാർഗ്ഗത്തിൽ കൂടി ചരിക്കുന്നത് അല്ലാഹുവിൽ എല്ലാം അർപ്പിച്ച് കൊണ്ട് അവന്റെ പ്രീതിയെ ലാക്കാക്കി നിർവഹിക്കുന്ന സേവനങ്ങളിൽ കൂടിയാണ്. ഈ മാർഗ്ഗത്തിൽ അവൻ ചെയ്യുന്ന എല്ലാ പരിശ്രമങ്ങളും ജിഹാദ് തന്നെ. എന്നാൽ ത്യാഗഭൂയിഷ്ഠമായ ജീവിതം ജിഹാദിന് ശക്തികൂട്ടുന്നു. അവസാനം സ്വജീവൻ ബലിയർപ്പിക്കുമ്പോൾ ശഹീദ് മഹത്വത്തിന്റെ ഉത്തുംഗശിഖരങ്ങളെ പ്രാപിക്കുന്നു. അയാൾ ഇരുലോകത്തിലും വിജയം നേടുന്നു. അങ്ങിനെയുള്ള ശുഹദാക്കളുടെ പ്രയത്നഫലമായിട്ടാണ് ഉത്തമ സമുദായം നിലനിൽക്കുകയും വളർന്നു വരികയും ചെയ്യുന്നത്. സമുദായം അവർക്ക് കടപ്പെട്ടിരിക്കുന്നു. അവരെ നന്ദിപൂർവം സ്മരിക്കുന്നു. ശുഹദാക്കളെപ്പറ്റി വിശുദ്ധ ഖുർആൻ കൽപിക്കുന്നത് നോക്കൂ: "അല്ലയോ വിശ്വാസികളെ! ക്ഷമയെടുത്തു കൊണ്ടുള്ള പരിശ്രമവും പ്രാർത്ഥനയും മൂലം നിങ്ങൾ അല്ലാഹുവിന്റെ സഹായം തേടുക. തീർച്ചയായും അല്ലാഹു ക്ഷമാശീലരുടെ കൂടെയുണ്ട്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെടുന്നവരെക്കുറിച്ച് 'മൃതിയടഞ്ഞു പോയവർ' എന്നു നിങ്ങൾ പറയരുത്. അല്ല, അവർ ജീവിച്ചിരിക്കുന്നവരത്രെ. പക്ഷെ നിങ്ങൾ അറിയുന്നില്ല. ഭയവും വിശപ്പും കൊണ്ടും, ആളുകളിലും മുതലുകളിലും ഫലങ്ങളിൽ നിന്നുള്ള നഷ്ടം കൊണ്ടും തീർച്ചയായും നിങ്ങളെ നാം പരീക്ഷിക്കും. എന്നാൽ (അത്തരം ഘട്ടങ്ങളിൽ) സഹനം കൈകൊള്ളുന്നവരെ സന്തോഷവാർത്ത അറിയിക്കുക! അവരാകട്ടെ, ഒരാപത്ത് അവരെ പിടികൂടുമ്പോൾ അവർ പറയും: 'തീർച്ചയായും ഞങ്ങൾ അല്ലാഹുവിനുള്ളവരാണ്; തീർച്ചയായും അവങ്കലേക്ക് ഞങ്ങൾ മടങ്ങുന്നവരുമത്രെ!' അക്കൂട്ടരുടെ മേൽ അവരുടെ രക്ഷിതാവിങ്കൽ നിന്നു

ള്ള അനുഗ്രഹാശിസ്സുകളും കാരുണ്യവുമുണ്ട്; അവരത്രെ നേർവഴി പ്രാപിച്ചവർ!" (വി. ഖു. 2: 1 53 157).

ആദർശ ധീരത അവരുടെ പ്രമാണം

ഇസ്‌ലാമിന്റെ ചരിത്രത്തിലുടനീളം ആദർശധീരരായ അനേകം ശുഹദാക്കളെ നമുക്കു കാണാം. ഉദാഹരണമായി ഉഹ്ദ് യുദ്ധത്തിലെ ചില രംഗങ്ങളെയും അവയെപ്പറ്റിയുള്ള അല്ലാഹുവിന്റെ സന്ദർഭോചിതമായ കൽപനകളും എടുത്തുനോക്കാം. ബദ്ർ വിജയത്തിന് ശേഷം മദീനയിലെ മുസ്‌ലിം സമൂഹത്തിന് ശക്തിയും പ്രതാപവും കൂടി വരികയായിരുന്നു. അതോടൊപ്പം അവരോടുള്ള എതിർപ്പിനും ശക്തി കൂടിക്കൊണ്ടേ വന്നു. മദീനയിലും പരിസരങ്ങളിലുമുള്ള ജൂതൻമാരും, മുസ്‌ലിംകളുടെ ഇടയിൽ തന്നെ കടന്നുകൂടിയ കപടവിശ്വാസികളും പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. തങ്ങൾക്കുണ്ടായ പരാജയത്തിന് പകരംവീട്ടാൻ ഖുറൈഷികൾ വമ്പിച്ച പട്ടാളവുമായി മദീനയിലേക്ക് കുതിച്ചു. ഈ സേനയിൽ ഇരുന്നൂറോളം കുതിരപ്പടയാളികളും, എഴുന്നൂറോളം പടയങ്കി ധരിച്ച കാലാൾപ്പടയും, ഇവർക്കൊക്കെ വീര്യം കൂട്ടുവാൻ പാട്ടു പാടിയും മുദ്രാവാക്യം മുഴക്കിയും കൊണ്ടിരുന്ന ധാരാളം സ്ത്രീകളും ഉണ്ടായിരുന്നു. കുറെ കുതിരകളും ഇരുന്നൂറിൽപരം പടയങ്കിധാരികളും ഉൾപ്പടെ വെറും എഴുന്നൂറ് പട്ടാളക്കാരുമായി നബി (സ) തിരുമേനി ഇവരെ ഉഹ്ദിൽ തടുത്തു നിർത്തി. പുറകിൽ നിന്നു ആക്രമണം വരാതിരിക്കേണ്ടതിന് അവിടെ ഉണ്ടായിരുന്ന ഒരു മലയിടുക്ക് കാത്തുസൂക്ഷിക്കുവാൻ തിരുനബി (സ) അമ്പത് വില്ലാളികളെ നിർത്തുകയുണ്ടായി. ദ്വന്ദ്വ യുദ്ധം മുസ്‌ലിംകൾക്കനുകൂലമായിരുന്നു. തുടർന്നു പരക്കെ യുദ്ധമായി. ഹംസ, അലി, അബൂദുജാന മുതലായ വീര ശുഹദാക്കൾ കുതിച്ചു കയറി ഇടവും വലവും വെട്ടിയും തടുത്തും ശത്രുക്കളുടെ ഇടയിൽ ഭീതി സൃഷ്ടിച്ചു. മുസ്‌ലിംകളോട് രക്ഷയില്ലെന്ന് കണ്ട് ശത്രുക്കൾ പിൻമാറി. തങ്ങൾ ജയിച്ചുവെന്നു കരുതി മുസ്‌ലിം പട്ടാളക്കാർ അണികൾ വിട്ട് യുദ്ധമുതലുകൾക്കായി പരക്കം പാഞ്ഞു. മലയിടുക്കു കാത്തുനിന്നിരുന്ന വില്ലാളികളും ഇതിൽ പങ്കുചേരാൻ ഒരുമ്പെട്ടു. ആ തഞ്ചം നോക്കി ഖാലിദ് ബിൻ വലീദ് തന്റെ പട്ടാളക്കാരെ മുസ്‌ലിം പടയുടെ പിന്നിൽ ചാടി വന്ന് ആക്രമിച്ചു. എല്ലാം കുഴപ്പമായി മാറിക്കഴിഞ്ഞു. നബി (സ) മരണപ്പെട്ടുപോയി എന്ന കിംവദന്തി പരത്തിവിട്ടു. പക്ഷെ നബി (സ) അചഞ്ചലനായി നിന്നു കൊണ്ട് നിർദ്ദേശങ്ങൾ കൊടുക്കുകയായിരുന്നു. മുസ്‌ലിം പട ചെയ്തു പോയ തെറ്റ് മനസ്സിലാ

ക്കി വീണ്ടും അണി നിരന്നു. നബി (സ) യുടെ നേരെ ചീറിപ്പാഞ്ഞു വരുന്ന അസ്ത്രങ്ങളെ തടുക്കുവാൻ തിരുമേനിക്കു ചുറ്റും അവർ ഒരു മനുഷ്യ മതിൽ തന്നെ ഉണ്ടാക്കി. മുറിവേറ്റ് ആസന്ന മരണവുമായി മല്ലിട്ടുകൊണ്ട് നബി (സ) യുടെ അരികിലെത്തിയ സിയാദ് (റ) തന്റെ തല നബി (സ) യുടെ കാലിൽ ചായ്ച്ചു വെച്ചു. ഉമ്മു അമ്മാറ (റ) നബി (സ) യുടെ നേരെ വരികയായിരുന്ന ഒരു വെട്ട് തന്റെ ചുമലിൽ ഏറ്റു വാങ്ങി. അബൂദുജാന (റ) തിരുനബി (സ) യുടെ മുന്നിൽ നിന്നു കൊണ്ട് അനേകം അസ്ത്രങ്ങൾ തന്റെ ശരീരത്തിൽ സ്വീകരിച്ചു. തൽഹ (റ) കൈകൾ കൊണ്ടു പല വെട്ടുകളും തടുത്തു; അവസാനം കൈ നഷ്ടപ്പെട്ടു. ഇസ്ലാമിലേക്ക് അടുത്തു വരികയായിരുന്ന സാമിത്ത് (റ) ദീനിൽ പ്രവേശിക്കുകയും പടവെട്ടി മരിക്കുകയും ചെയ്തു. തിരുമേനിക്ക് തലയിലും മുഖത്തും മുറിവു പറ്റുകയും ഒരു പല്ലുതെറിച്ചുപോവുകയും ചെയ്തു. എഴുപത് മുസ്ലിംകൾ രക്തസാക്ഷികളായി. നൽപത് പേർക്ക് പരിക്ക് പറ്റി. ഖുറൈശികൾക്ക് നഷ്ടപ്പെട്ടത് മുപ്പത് പേർ മാത്രമായിരുന്നു. എങ്കിലും അവസാന വിജയം മുസ്ലീങ്ങളുടേതായിരുന്നു. ആദ്യം വന്നുപോയ തെറ്റ് തിരുത്തി അവർ കാണിച്ച അച്ചടക്കവും, ധൈര്യവും, വിശ്വാസദാർഢ്യവും ശത്രു സേനയെ നിഷ്ക്രിയരാക്കി. അവർ പെട്ടന്ന് പിന്മാറി വിരണ്ടോടുകയും ചെയ്തു. അനുസരണക്കേട്, അച്ചടക്ക രാഹിത്യം, അത്യാഗ്രഹം ഇതെല്ലാം അപകടകരമായ ദോഷങ്ങളാണെന്ന് മുസ്ലിംകൾക്ക് ബോധ്യമായി. നബി (സ)യുടെ വിശ്വാസദൃഢത, മനക്കരുത്ത്, ധൈര്യം, സർവോപരി അല്ലാഹുവിലുള്ള വിശ്വാസം ഇതെല്ലാം അവർക്കു മാതൃക നൽകി. ആദർശത്തിൽ വിശ്വസിച്ച്, സ്ഥൈര്യമായി, അചഞ്ചലമായി ചുമതലാബോധത്തോടുകൂടി ഒറ്റക്കെട്ടായി നിൽക്കുക, നേതൃത്വത്തെ അനുസരിക്കുക. ചെയ്തു പോയ പിഴവുകളെപ്പറ്റി പശ്ചാത്തപിച്ച് അവയിൽനിന്ന് പിന്മാറുക, അല്ലാഹുവിൽ സർവസ്വവും അർപ്പിക്കുക, എന്നാൽ വിജയം നിശ്ചയം; ഇതെല്ലാം അവർ പഠിച്ചു. ഉഹ്ദ് നൽകുന്ന പാഠം അതാണ്. ചരിത്രം നമ്മെ പഠിപ്പിക്കുന്നതും അതത്രെ. അല്ലാഹു അക്രമികളെ സ്നേഹിക്കുന്നില്ല. അല്ലാഹു കൽപ്പിക്കുന്നതു നോക്കൂ: "അല്ലാഹുവിന്റെ അനുമതിയോടെ, നിങ്ങൾ അവരെ വധിച്ച സന്ദർഭം, അല്ലാഹു അവന്റെ വാഗ്ദാനം നിങ്ങൾക്ക് നിറവേറ്റിത്തന്നു. നിങ്ങൾ കാമിക്കുന്നതായ (സ്വത്തു) അവൻ നിങ്ങളെ കാണിച്ചതിനുശേഷം നിങ്ങൾ (മനഃ) ശക്തി കെടുകയും, (നിങ്ങൾക്ക് നൽകപ്പെട്ട) കൽപനയെ കുറിച്ച് നിങ്ങൾ അന്യോന്യം തർക്കിക്കുകയും, നിങ്ങൾ അനുസരണക്കേട് കാട്ടുകയും ചെയ്തത് വരെ; നിങ്ങളിൽ ഈ

ലോകത്തെ ആഗ്രഹിക്കുന്ന ചിലരുണ്ട്. പരലോകത്തെ ആഗ്രഹിക്കുന്ന ചിലരുമുണ്ട്. പിന്നീട് നിങ്ങളെ പരീക്ഷിക്കുന്നതിനുവേണ്ടി അവരിൽ നിന്നും നിങ്ങളെ അവൻ തിരിച്ചുവിട്ടു. അവൻ നിങ്ങൾക്കു തീർച്ചയായും മാപ്പു തന്നു. അല്ലാഹു വിശ്വാസികളോട് ഔദാര്യമുള്ളവനത്രേ" (വി.ഖു. 3: 152). അതുകൊണ്ടു നിങ്ങൾ (മനഃ) ശക്തി വിടരുത്. നിങ്ങൾ ദുഃഖിക്കുകയും അരുത്; നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ, നിങ്ങൾതന്നെ മികച്ചുനിൽക്കും. നിങ്ങളെ ഒരു മുറിവു ബാധിച്ചെങ്കിൽ, അപ്പോൾ അതുപോലെയുള്ള ക്ഷതം അക്കൂട്ടരെയും ബാധിച്ചിട്ടുണ്ട്; (ജയപരാജയങ്ങൾ ഇടവിട്ടുവരുന്ന) ഈ ദിവസങ്ങളിൽ നാം മനുഷ്യരുടെ ഇടയിൽ മാറ്റിമാറ്റിക്കൊടുക്കുന്നു. വിശ്വാസികളെ അല്ലാഹു അറിയുന്നതിനും, രക്തസാക്ഷികളെ നിങ്ങളിൽ നിന്ന് എടുക്കുന്നതിനും വേണ്ടി അല്ലാഹു അക്രമികളെ സ്നേഹിക്കുന്നില്ല" (വി.ഖു.3:139 140). ''പറയുക: ആധിപത്യത്തിന്റെ രാജാധിരാജനായ അല്ലാഹുവെ! നീ നിശ്ചയിക്കുന്നവരിൽനിന്നും നീ ആധിപത്യം നൽകുന്നു; നീ നിശ്ചയിക്കുന്നവരിൽ നിന്ന് നീ ആധിപത്യം എടുത്തു കളയുന്നു; നീ ഉദ്ദേശിക്കുന്നവരെ നീ ഉയർത്തുന്നു; നീ ഉദ്ദേശിക്കുന്നവരെ നീ താഴ്ത്തുന്നു; എല്ലാ നന്മയും നിന്റെ കയ്യിൽ തന്നെ; നിശ്ചയമായും നീ എല്ലാത്തിനും കഴിവുള്ളവനത്രേ! രാത്രിയെ പകലിലേക്കു നീ കടത്തുന്നു! പകലിനെ രാത്രിയിലേക്കും നീ കടത്തുന്നു! ജീവനുള്ളവയെ നിർജ്ജീവതയിൽ നിന്നും നീ പുറപ്പെടുവിക്കുന്നു; നീ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നീ വിഭവങ്ങൾ നൽകുകയും ചെയ്യുന്നു!" (വി ഖു. 3: 26, 27).

●●

കുറെ ചോദ്യങ്ങൾ ഇങ്ങിനെ പിണഞ്ഞു നിൽക്കുന്നു

പി.ടി. അബ്ദുറഹിമാൻ

എന്തിനു വാലറ്റിച്ചു?
എന്തിനു നിൻനൊമ്പരം പകയാക്കി നീ?
നിന്നെ എന്തിനീ വസ്ത്രങ്ങളിൽ
നീ പൊതിഞ്ഞെന്നോതുക!
മനുഷ്യാകാരം കാട്ടി
ഭൂവിനെ കബളിപ്പി
ച്ചെന്തു നേടി നീ? തോളി
ലുള്ള നിൻ ശവമെന്യേ.
ഇളിച്ചും (ചിരിയാണോ?)
വിതുമ്പിക്കൊണ്ടും പക
ലിരവിൻ കൊമ്പിൻ തൂങ്ങി
മറിഞ്ഞും, ചാടിക്കൊണ്ടും
എങ്ങു പോകുന്നു? കാടു
കയറും നിനവോ നീ?
ഞാനറിഞ്ഞില്ലെങ്കിലും
നീയറിഞ്ഞില്ലേ, നിന്റെ
രോദനങ്ങളെ കേളി
യാക്കിടും നോവിന്നാഴം?
നിന്റെ മുഷ്ടിയിൽ വാശി
മുറുകി, പിന്നെ സിരാ
തന്ത്രിയിലോടും ചോര
ച്ചൂട് പോയ്, തണുത്തില്ലേ?

ചുണയറ്റവർ അടിപ്പെടും

പി.കെ. മുഹമ്മദ്

ഈ ഭൂമിയും, ഇതിൽ മനുഷ്യരും ഉണ്ടായിട്ട് കാലമെത്രയായി! മനുഷ്യർ സമൂഹങ്ങളായി, വ്യത്യസ്ത സമുദായങ്ങളായി, വിവിധ ജനതകളായി ഉരുത്തിരിഞ്ഞത് എണ്ണമറ്റ നൂറ്റാണ്ടുകൾ താണ്ടിക്കൊണ്ടാണല്ലോ. ഒരു ജനത മറ്റൊരു ജനതയെ ആക്രമിക്കുന്നു. ഒരു സംസ്കാരം മറ്റൊരു സംസ്കാരത്തെ സംപുഷ്ടമാക്കുന്നു. ഒരു ജനസമൂഹം മറ്റൊന്നിനെ അടിമപ്പെടുത്തുന്നു. സംഘടിത പ്രസ്ഥാനങ്ങളും സങ്കലിത സമൂഹങ്ങളും ഉരുത്തിരിഞ്ഞു വരുന്നു.

പതിനായിരം സംവത്സരങ്ങൾക്ക് ഈ ഭൂതലത്തിൽ എന്തൊക്കെ വരയ്ക്കാനും വിരിയിക്കാനും കഴിയും! അങ്ങിനെ എത്രയെത്ര പതിനായിരത്താണ്ടുകൾ ഈ പഴയ മണ്ണിനെ ചവിട്ടിമതിച്ച് കടന്നുപോയി. അതിന്നിടയിൽ പലരും അടിപ്പെട്ടു. പലതും കിളിർത്തുണ്ടായി. പലതിനെയും പലതും പിടിച്ചുവിഴുങ്ങി. ഈടുറ്റവ അവശേഷിച്ചു. പതറിയതെല്ലാം തറപറ്റി.

നാം ഇന്ത്യക്കാർ. നമ്മുടെ മഹാരാജ്യത്തിന്റെ പല തടങ്ങളിലായി പല ജനതകളും പല സംസ്കാരങ്ങളും പല കാലഘട്ടങ്ങളിൽ ചരിത്രം കുറിച്ചു. ഇന്നലെകളെ ചവിട്ടിക്കടന്ന്, ഇന്നിന്റെ മക്കളായി, ഇന്ത്യൻ മുസ്ലിംകൾ ഇവിടെ ജീവിക്കുമ്പോൾ പല പാഠങ്ങളും ഉൾക്കൊള്ളുകയും പഠിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

"ദി ഇന്ത്യൻ ഹെരിറ്റേജ്" എന്ന വിഖ്യാത ഗ്രന്ഥത്തിൽ അതിന്റെ കർത്താവും പ്രഗത്ഭനുമായ ഒരു ചരിത്ര ഗവേഷകനും മുൻ കേന്ദ്രവിദ്യാഭ്യാസ വകുപ്പു മന്ത്രിയുമായ പ്രൊഫസർ ഹുമയൂൺ കബീർ ഇങ്ങനെ എഴുതി:

"ആര്യന്മാർ ലോകത്തിന്റെ ഇതരഭാഗങ്ങളിൽ വിശേഷിച്ചും സമാധാനതൽപ്പരരായി അറിയപ്പെടുന്നില്ല. യഥാർത്ഥത്തിൽ സമരോത്സുകമായ സ്വഭാവവിശേഷങ്ങളുടെ പേരിലാണവർ അറിയപ്പെടുന്നത്... ഹാരപ്പയിലും മോഹഞ്ചദാരോവിലെയും ജനങ്ങൾ സമാധാനപരമായ ഒരു സ്ഥിതിവിശേഷം വളർത്തിയെടുത്തിരുന്നതായി സംശയിക്കപ്പെടുന്നു. ചില ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ ആര്യന്മാർ മുഖേനയുള്ള അവരുടെ പരാജയത്തിന്റെ പ്രധാന കാരണം അതായിരുന്നു. നാഗരിക പുരോഗതിയിൽ ഒരുവേള ആര്യന്മാർ മോഹഞ്ചദാരോവിലെ ജനങ്ങളേക്കാൾ പിന്നിലായിരുന്നുവെങ്കിലും അവരുടെ വർദ്ധിച്ച സമരോന്മുഖ സ്വഭാവവും യുദ്ധപാടവവും അവർക്കു വിജയം നേടിക്കൊടുക്കുകയുണ്ടായി".

ആശയം സ്വയം വ്യക്തമാക്കുന്നൊരു ഉദ്ധരണിയാണിത്. ഇന്ത്യയിൽ ഏതാനും നൂറ്റാണ്ടുകളായി എവിടെയുമില്ലാത്ത അപ്രശസ്തരും അപ്രസക്തരുമായിത്തീർന്ന ദ്രാവിഡർ ഒരു കാലത്ത് ഈ ഉപഭൂഖണ്ഡത്തിന്റെ അധിപരും അഭികാമ്യമായൊരു സംസ്കാരത്തിന്റെ പ്രണേതാക്കളും പ്രചാരകരുമായിരുന്നുവെന്ന് ചരിത്രം ഉദ്ഘോഷിക്കുന്നു. സഹസ്രാബ്ദങ്ങളുടെ അകലങ്ങൾക്കപ്പുറം ഒരു പക്ഷെ മരീചികപോലെ നമുക്കത് കാണാം. പക്ഷെ ഒരു കാലത്ത് ഈ ഉപഭൂഖണ്ഡം ശാന്തിയും സമാധാനവും വികിരണം ചെയ്യുന്നൊരു സംസ്കാരത്തിന്റെ മടിത്തട്ടിൽ സുഖസുഷുപ്തിയിലായിരുന്നുവെന്ന് കാണാം. മോഹഞ്ചദാരോവിലും ഹാരപ്പയിലും ഇരുപതാം നൂറ്റാണ്ടിൽ അനാവരണം ചെയ്യപ്പെട്ട ചരിത്രാവിശിഷ്ടങ്ങൾ ഒരു കാലഘട്ടത്തിന്റെ തിരശീലയാണുയർത്തിയത്. ആ കാലഘട്ടമാവട്ടെ സാംസ്കാരികമായി സാമാന്യമായൊരു നിലവാരം പുലർത്തിയിരുന്നുവെന്ന് തെളിഞ്ഞിട്ടുണ്ട്. ഭൗതികമായി ഉന്നതനിലവാരത്തിലാണവർ എത്തിത്തീരുന്നതെന്നും അക്കാരണത്താൽത്തന്നെ അവരുടെ നാഗരികത നാശോന്മുഖമായിക്കഴിഞ്ഞിരുന്നുവെന്നും ചില ചരിത്ര വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു.

ഒരു കാര്യം തീർച്ച. ആ ജനവിഭാഗത്തെയും നാഗരികതയെയും അവരുടെ ആധിപത്യത്തെയും അടിപ്പെടുത്താൻ മറ്റൊരു ജനതയ്ക്ക് സാധിച്ചു. ഒരു കാലഘട്ടത്തിന്റെ വിധാതാക്കളെ മറ്റൊരു ജനവിഭാഗം അതിജയിക്കുക തന്നെ ചെയ്തു. അവർ എങ്ങനെയിത് സാധിച്ചെടുത്തു?

പ്രമുഖ ചരിത്രഗവേഷകനായ സർദാർ കെ.എം. പണിക്കർ പറയുന്നത് ഇങ്ങനെയാണ്. "ഭൗതികമായി എന്തുമാത്രം അഭിവൃദ്ധി പ്രാപിച്ചാലും അധഃപതനോന്മുഖമായ നാഗരികതയ്ക്കു ക്രൂരമായ ആക്രമണ

ത്തെ ചെറുത്തുനിൽക്കുവാൻ സാധ്യമല്ലെന്ന ചരിത്രയാഥാർത്ഥ്യത്തിന്നു മറ്റൊരു ഉദാഹരണമെന്ന പോലെ, ആര്യന്മാരുടെ പൂർവികജനത (ദ്രാവിഡരെന്നു കരുതുന്നു) ആര്യന്മാർക്കു മുമ്പിൽ തകരുകയുണ്ടായി."

ഒരു സത്യം എല്ലാവരും അംഗീകരിക്കുന്നു. ആര്യന്മാർ മദ്ധ്യേഷ്യയിൽ നിന്നുവന്ന് ഉത്തരേന്ത്യയിൽ പ്രവേശിച്ചത് ആയുധങ്ങളുപയോഗിച്ചും സമരോന്മത്തരായുമാണ്. സമാധാനപ്രിയരും ശാന്തശീലരുമായിരുന്ന ദ്രാവിഡരെ അടിപ്പെടുത്താനും ആ ജനവിഭാഗത്തെയും അവരുടെ പൈതൃകത്തിന്റെ ആധിപത്യത്തെയും തകർത്തു തറപറ്റിക്കാനും ആര്യന്മാർക്ക് കൈമുതലുണ്ടായിരുന്നത് ആയുധവും സമരോത്സുക സ്വഭാവവുമായിരുന്നു. കന്നുകാലികളെ മേച്ചും, ചെല്ലുന്നേടത്തെല്ലാം സമരാത്മക മാർഗ്ഗം അവലംബിച്ചും അവർ മുന്നേറിയപ്പോൾ വക്രതയില്ലാത്തവരും ശാന്തശീലരുമായ ദ്രാവിഡർ എവിടെയും ആര്യന്മാർക്ക് കീഴ്പ്പെടേണ്ടി വന്നു.

സർദാർ പണിക്കർ പറയുന്നു: "വേദങ്ങളിൽ നിന്നു ലഭിക്കുന്ന തെളിവുകളിൽ നിന്നു വ്യക്തമാവുന്നത് ആര്യന്മാർക്ക് മുമ്പ് ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന നാഗരികത- അത് അധഃപതനോന്മുഖമായിരുന്നുവെന്നതിൽ സംശയമില്ല- കൂടുതൽ ചുണയുള്ളവരും ഒരു പക്ഷെ കൂടുതൽ സായുധരുമായ നവാഗതരുടെ അനുസ്യൂതമായ കടന്നാക്രമണത്താൽ അടിപ്പെടുത്തപ്പെട്ടിരുന്നുവെന്നാണ്".(A Survey of Indian History)

ആര്യന്മാർ സായുധരും അടിക്കടി കടന്നാക്രമണങ്ങൾ നടത്തിയിരുന്നവരും സമരോത്സുകരുമായിരുന്നു. വളരെ ചുരുക്കത്തിൽ ഇതിൽ നിന്ന് ഉൾക്കൊള്ളാവുന്ന ചില പാഠങ്ങൾ ഉണ്ട്. ചുണയില്ലാത്തവർ അടിപ്പെടേണ്ടി വരും എന്നതുതന്നെ ഒന്നാമത്തെ പാഠം. ചുണയില്ലാത്തവർ അടിപ്പെട്ട ചരിത്രമേ ലോകത്തിന് പറയാനുള്ളൂ. നമ്മുടെ നാട്ടിൽ പിറക്കുകയും, പ്രതാപത്തിന്റെ പതാകകൾ പരസഹസ്രം വർഷങ്ങളിൽ പറപ്പിക്കുകയും ചെയ്ത ജനങ്ങൾക്കും നാഗരികതകൾക്കും പിന്നീട് വന്നവരുടെ ചുണയ്ക്കും ചൂടിനും മുമ്പിൽ കമിഴ്ന്നടിച്ച് വീഴുകയോ പമ്പ കടന്നോടുകയോ ചെയ്യേണ്ടിവരികയാണുണ്ടായിട്ടുള്ളത്. ഒരു പ്രത്യേക സംസ്കാരവും പരിഷ്ക്കാരവും വിശ്വാസപ്രമാണങ്ങളും ജീവിത ശൈലിയുമുള്ള മുസ്ലിം ജനവിഭാഗത്തിന് ചുണയുടേയും സമരോത്സുകതയുടേയും അഭാവത്തിൽ മറിച്ചൊരപകടം പറ്റാനില്ല. അലി (റ)യും ഹംസ (റ)യും ഖാലിദും (റ) സമരാങ്കണങ്ങളിൽ പറപ്പിച്ച പൊടിപടലങ്ങൾ ഭാവനയിൽ നമുക്ക് കാണാം. വാൾത്തലപ്പുകൾ തമ്മിൽ ഉമ്മവയ്ക്കാതെ സംസൃഷ്ടമായ ചരിത്രങ്ങൾ വിരളമാണീ ലോകത്ത്. ഇന്ത്യൻ മുസ്ലിംകളെ

സംബന്ധിച്ചിടത്തോളം സമരോത്സുകത, അവരുടെ നിലനിൽപ്പുമായി ബന്ധപ്പെട്ട കാര്യമായി അവർ കാണുകയും കണക്കിലെടുക്കുകയും ചെയ്യണം. ആര്യന്മാരെപോലെ ആയുധമെടുത്ത് അന്യരെ ആക്രമിച്ചും വെട്ടിപിടിച്ചും ആധിപത്യം സ്ഥാപിക്കാനല്ല. മനുഷ്യന്റെ ചിന്തയിലും ബുദ്ധിയിലും നേടുന്നതിനേക്കാൾ വലിയ വിജയമോ ആധിപത്യമോ നേടാൻ ആയുധങ്ങൾക്കും സമരങ്ങൾക്കും സാധിക്കുകയില്ല. പക്ഷെ ബുദ്ധിയും ചിന്തയും ഇല്ലാത്തവരുടെ ആധിക്യം ഇന്ത്യയിലൊരു പുതുമയല്ലാത്തതിനാൽ, സ്വയം പ്രതിരോധിച്ച് നിൽക്കാനുള്ള സമരോത്സുക സ്വഭാവമെങ്കിലും മുസ്‌ലിംകൾ പരിരക്ഷിച്ചേ പറ്റൂ. പാനൂരിന്റെ ചെമ്മണ്ണിൽ കുത്തേറ്റു മരിച്ച മർഹൂം മാവിലാട്ട് മഹമൂദിന്റെ വീരസ്മരണകൾ മനസ്സിലുണർത്തുന്ന ചിന്ത മറ്റൊന്നല്ല, നിശ്ചയം അതെ, ചുണകെട്ടവർക്കു നാശം! അതു തന്നെ.

●●

അഗ്നിനക്ഷത്രം

സുകുമാർ കക്കാട്

ആദർശധീരാ, സഖാക്കൾതന്നോർമയി
ലഗ്നിനക്ഷത്രമായ് പൂത്ത പ്രിയങ്കരാ,
ശോണമനോഹര സുപ്രഭാതത്തിനായ്
ശോണിതം ചിന്തിയ നിസ്വാർത്ഥ സേവകാ,
തോരാത്ത ബാഷ്പവും തീരാത്ത ശോകവും
തോഴർക്കു നൽകി മറഞ്ഞ സംഘാടകാ,
നിന്നെക്കുറിച്ചുള്ള തപ്തസ്മരണ തൻ
മുമ്പിൽ കുനിയ്ക്കട്ടെ ഞങ്ങളീ മൗലികൾ;
നിന്നെക്കുറിച്ചുള്ള വീരസ്മരണയിൽ
നിന്നും കൊളുത്തട്ടെ പ്രാണനിൽ ജ്വാലകൾ;
നിന്നിണമിറ്റിച്ചുകന്നൊരീ ഭൂമിയിൽ
നിന്നു പുതുക്കട്ടെ ഞങ്ങൾ പ്രതിജ്ഞകൾ ....!
തെല്ലും കനിവറിയാത്ത ചെകിടന്മാർ
തല്ലിത്തകർത്തൊരു സംഗീത ശിൽപമേ,
കല്ലും കരളുമൊന്നാക്കിയ വഞ്ചകർ
ഞെട്ടറുത്തിട്ട സുരഭില പുഷ്പമേ,
കൂരിരുട്ടും കൂള സംഘവുമൊന്നിച്ചു
കൂർത്ത നഖങ്ങളിൽ കോർത്ത വെളിച്ചമേ,
നിന്നിതിഹാസം രചിക്കുവാൻ നോവിന്റെ
വാൽമീകമെല്ലാമുടക്കട്ടെ ഭാവന;
നിന്നിണത്തിനു പക വീട്ടാൻ ധീരത
സംഭരിച്ചാളിപ്പടരട്ടെ ചേതന;
ആഞ്ഞടിക്കും ചണ്ഡവാതമായ്ത്തീരട്ടെ
ആയിരം നെഞ്ചിൽ പിടയ്ക്കുന്ന വേദന....!

ലേഖനങ്ങൾ

മാവിലാട്ട് മഹമൂദ് അദ്ദേഹത്തിന്റെ
19-ാം വയസ്സ് മുതൽ 26-ാം വയസ്സിൽ മരണപ്പെടുന്നതിന്
ഏതാനും ദിവസങ്ങൾ മുമ്പ് വരെ 'എം. മാവിലാട്ട്'
എന്ന തൂലികാനാമത്തിൽ എഴുതിയ ലേഖനങ്ങൾ

പരാക്രമശാലിയായ ഉമർഫാറൂഖ് (റ)

എം. മാവിലാട്ട്

സുന്നി ടൈംസ്
9-Jan-1967

ചരിത്രാതീത കാലം മുതൽക്കു തന്നെ പലതു കൊണ്ടും പ്രസിദ്ധിപെറ്റ ഒരു പുണ്യഭൂമിയാണ് ജസീറത്തുൽ അറബിയ്യ: അഥവാ അറേബ്യൻ ദ്വീപ്. അധർമത്തിൽ നിന്ന് അധർമത്തിലേക്ക് അനുദിനം വഴുതി വീണ ഒരു കിരാതവർഗത്തെ പരിശുദ്ധമായ തൗഹീദിന്റെ മണിമേടയിലേക്കു മാടിവിളിച്ച് സത്യദീനിന്റെ പ്രകാശദീപ്തി ലോകമാസകലം പരത്തിയ പ്രവാചക വരേണ്യന്റെ ചരിത്ര പ്രസിദ്ധമായ ജനനം അവിടെയാണ്. കാർമേഘാവൃതമായ അന്നത്തെ കറുത്തിരുണ്ട അന്തരീക്ഷത്തിൽ പ്രകാശപൂരിതമായ ആ ദിവ്യജ്യോതിസ് ഉദയം ചെയ്യുന്നതിന് മുൻപ് ജുഗുപ്സാവഹമായ പല സംഭവങ്ങളുടെയും ഇരുട്ടറയായിരുന്നു ആ ദ്വീപ്.

അറേബ്യൻ ഭൂഖണ്ഡത്തിന്റെ അന്നത്തെ വൃത്തിഹീനമായ മുഖച്ഛായ പ്രവാചക പ്രഭുവിന്റെ പ്രബോധനത്തോടു കൂടി മായാൻ തുടങ്ങി. വിജ്ഞേയങ്ങളായ പ്രവാചകരുടെ സിദ്ധാന്തങ്ങൾക്ക് നേരെ യാഥാസ്ഥിക ഭൂതങ്ങളായ അന്നത്തെ അറേബ്യൻ പ്രമാണിമാർ അക്രമണമാരംഭിച്ചു. ഇസ്ലാംമത പ്രചാരണത്തിന്റെ ആരംഭകാലത്ത് അതിനെ നിശിതമായി എതിർക്കുകയും അവസാനം പരിശുദ്ധ ഇസ്ലാം മതത്തിന്റെ അനുപമമായ സൗന്ദര്യത്തിൽ ആകൃഷ്ടനായി അതിന്റെ അഭ്യുന്നതിക്കു വേണ്ടി അനവരതം, അക്ഷീണം പരിശ്രമിയ്ക്കുകയും ചെയ്ത അറേബ്യൻ വ്യാഘ്രമായ ഹ: ഉമർ ഫാറൂഖിന്റെ സംഭവബഹുലമായ ജീവിതസൗധത്തിന്റെ ചെറിയൊരു കിളിവാതിൽ തുറക്കാനാണ് ഞാൻ തുനിയുന്നത്.

ധീര വ്യാഘ്രം

ഇസ്‌ലാമിക സാമ്രാജ്യത്തിലെ ദ്വിതീയ ഖലീഫയും ഭരണ നൈപുണ്യത്തിൽ അദ്വിതീയനും, സർവരാലും പുകഴ്ത്തപ്പെട്ട അനുകരണീയമായ ഒരു ഭരണരീതി ലോകത്തിന് സംഭാവന ചെയ്ത മഹാനുമായ ഹ: ഉമർ ഫാറൂഖ് (റ) മാനവരാശിയെ മഹോന്നതമായ ഒരു മാർഗത്തിലേക്ക് മാടി വിളിച്ച മഹാനായ പ്രവാചക പ്രഭുവിന്റെ എട്ടാമത്തെ പിതാവായ 'കഅബിന്റെ' സന്താന പരമ്പരയിൽപെട്ട 'ഖത്താബി' ന്റെയും 'മുഈസത്ത്' മകൻ 'ഹാശിം' മകൾ ഹന്തമത്തിന്റെയും ഓമന മകനായി അറേബ്യയുടെ മടിത്തട്ടിൽ ജന്മം കൊണ്ടു. 'ബനൂ അദിയ്യ്' വംശജനായ ചരിത്ര പുരുഷൻ പ്രബലമായ നിവേദന പ്രകാരം പ്രവാചക പ്രഭുവിന്റെ ജനനാന്തരം പതിമൂന്നു കൊല്ലങ്ങൾക്കു ശേഷമാണ് ജനിച്ചത്. ഉമറിന്റെ ദേഹപ്രകൃതി അനീതിയുടെയും കൈയൂക്കിന്റെയും ഈറ്റില്ലമായിരുന്ന അന്നത്തെ അറേബ്യൻ പരിതഃസ്ഥിതിയോടു ഇണങ്ങിച്ചേരാൻ ക്ഷിപ്രസാദ്ധ്യമായ വിധത്തിലായിരുന്നു. അതുല്യമായ ദേഹബലവും, തിളങ്ങുന്ന നേത്രങ്ങളും ദീർഘബാഹുക്കളും മൂലം അറേബ്യയിലെ ധീരനായൊരു വ്യാഘ്രമായി അദ്ദേഹം അറിയപ്പെട്ടു. നന്നെ ചെറുപ്പത്തിൽ തന്നെ അദ്ധ്വാന ജീവിതത്തിൽ ആനന്ദം കണ്ടെത്തിയ ആ മഹാൻ ഇസ്‌ലാം മതസ്വീകരണത്തിന് മുൻപ് അധർമത്തിൽ അധിഷ്ഠിതമായ ഒരു ജീവിതപന്ഥാവിലൂടെ അപഥ സഞ്ചാരം ചെയ്ത ഒരു കുത്സിത സ്വഭാവക്കാരനായിരുന്നു എന്ന് ചരിത്രത്തിന്റെ ഏടുകളിലൂടെ നമുക്ക് മനസിലാക്കാൻ കഴിയുന്നു.

ഇസ്‌ലാമിനോടുള്ള വിരോധം

ഇസ്‌ലാം മത വിശ്വാസികളെ ലജ്ജയില്ലാതെ ദ്രോഹിക്കുന്നതിനും പാവനമായ ആ വിശ്വാസത്തിൽ നിന്നും അവരെ പിന്തിരിപ്പിക്കുന്നതിനും അവിശ്വാസികൾ അഴിച്ചുവിട്ട അക്രമങ്ങളുടെ മുൻപന്തിയിൽ ഉമറിന്റെ നാമവും നമുക്ക് കാണാൻ കഴിയും. തന്റെ അന്ധവിശ്വാസത്താൽ അന്ധകാരനിബിഢമായ ഹൃദയാന്തർഭാഗത്ത് ഏകദൈവ വിശ്വാസത്തിന്റെ പ്രകാശ കിരണങ്ങൾ പ്രവേശിക്കുന്നതിന് മുമ്പ് സത്യ മതത്തിൽ അടിയുറച്ചു നിന്നവരെ നിഷ്ക്കരുണം മർദ്ദിച്ച വേദനയൂറുന്ന കഥകൾ നമുക്ക് അജ്ഞാതമല്ല. ഉമറിന്റെ ദാസിയായ സനീറത്ത് എന്ന മഹതിയെ കഠിനമായ പീഡനത്തിൽ നിന്ന് വിലയ്ക്ക് വാങ്ങി സ്വതന്ത്രയാക്കിയത് മഹാനായ അബൂബക്കർ സിദ്ദീഖ് (റ. അ) ആയിരുന്നു. എന്തിനേറെ പറയുന്നു, അന്ധ വിശ്വാസികളുടെ സംഘടിതമായ തീരുമാനത്തിന്റെ അനന്തരഫലമാ

യി പ്രവാചക പുംഗവന്റെ പരിശുദ്ധവുമായ കണ്ഠത്തിൽ ഖഡ്ഗം ചാർത്താൻ ഊരിയ വാളുമായി ചാടി പുറപ്പെട്ടതും അറേബ്യയിൽ നിന്ന് ഇസ്ലാം മതത്തെ നിഷ്കാസനം ചെയ്യുമെന്ന് വീരവാദം മുഴക്കിയതും ഉമർ അല്ലാതെ മറ്റാരുമായിരുന്നില്ല. ബഹുദൈവാരാധനയുടെ ഇല്ലാത്ത മഹിമയെപറ്റി ബഡായി പറഞ്ഞു ഇസ്ലാമിക വിദ്വേഷത്തിന്റെ വിഷം ചീറ്റുന്ന ഒളിയമ്പുകൾ മതവിശ്വാസികളുടെ നേരെ ലോഭമന്യേ പ്രയോഗിച്ച ഇസ്ലാമിന്റെ കഠിന ശത്രുവായ അബൂജഹലി (ല. അ) ന്റെ അതെ മനോഭാവമായിരുന്നു അജ്ഞാനകാലത്ത് ചരിത്രപുരുഷനും ഇസ്ലാമിനോടുണ്ടായിരുന്നത്.

വിവാഹം

അജ്ഞാന കാലത്ത് സൈനബ ബിൻത് മളഹൂൻ എന്ന സ്ത്രീയെ ചരിത്ര പുരുഷൻ വിവാഹം കഴിക്കുകയും അബ്ദുള്ള, അബ്ദുറഹിമാനുൽ അക്ബർ എന്നീ ആൺകുട്ടികളും ഹഫ്സ എന്ന ഒരു പെൺകുട്ടിയും ജനിക്കുകയുമുണ്ടായി. ഈ മൂന്നുപേരും പിന്നീട് ഇസ്ലാം മതം വിശ്വസിച്ചു. അബ്ദുള്ള എന്നവർക്ക് അബൂഅബ്ദുറഹിമാൻ എന്ന് കൂടി പേരുണ്ടെന്ന് കാണുന്നു. മഹാനായ ഇദ്ദേഹം മുജ്തഹിദായ ആലിമും ആബിദുമായിരുന്നു. പ്രവാചക പ്രഭുവിനെ തൊട്ട് ആയിരത്തി അറുനൂറ്റി മുപ്പത്തു ഹദീസ് രിവായത്ത് ചെയ്ത ഈ മഹാൻ എൺപത്തി എട്ടാമത്തെ വയസ്സിൽ മക്ക പുണ്ണ്യ ഭൂമിയിൽ പരലോകം പൂകി. ഹഫ്സ എന്ന സ്ത്രീരത്നം നബി തിരുമേനി (സ.അ) യുടെ ഭാര്യാപദം അലങ്കരിക്കാൻ കഴിഞ്ഞ ഭാഗ്യവതിയാണെന്ന കാര്യം പ്രസ്താവ്യമാണ്. അതേകാലത്ത് തന്നെ മലികത്തുൽ ഹുസായിയ്യ എന്ന ഒരു സ്ത്രീയെയും ഉമർ പാണീഗ്രഹം ചെയ്യുകയുണ്ടായി. അവരുടെ ദാമ്പത്യബന്ധ ഫലമായി സൈദുൽ അസ്അർ, ഉബൈദുല്ലാഹ് എന്നീ രണ്ടു പുത്രന്മാരും ജനിച്ചു. തന്റെ ബാല്യകാലത്തു തന്നെ സമകാലികന്മാരെയൊക്കെ കവച്ചു വെച്ചുകൊണ്ട് എല്ലാ തുറകളിലും അസാമാന്യമായ പ്രാവീണ്യം ഉമർ സമ്പാദിച്ചിരുന്നു. യുദ്ധമുറകളിലും കായികാഭ്യാസ പ്രകടനങ്ങളിലും ഉമറിനെ വെല്ലുന്നവർ അന്ന് അപൂർവമായിരുന്നു. ചെറുപ്പത്തിൽ തന്നെ അറബി ഭാഷയുമായി പരിചിതനായ അദ്ദേഹം കവിതാപാരായണത്തിൽ അതീവ ശ്രദ്ധാലുവായിരുന്നു. അഹോവൃത്തിക്കുവേണ്ടി അധ്വാനിച്ചിരുന്ന അദ്ദേഹം പ്രബലങ്ങളായ പല രാഷ്ട്രങ്ങളിലും വ്യാപാരാർത്ഥം സഞ്ചരിച്ച് വാണിജ്യമണ്ഡലങ്ങളിലും തന്റെ വ്യക്തി മുദ്ര പതിപ്പിച്ചുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നു.

പ്രവാചകന്റെ പ്രാർത്ഥന

അവിശ്വാസികളുടെ മർദ്ദനം പിരിമുറുക്കിയ കാലം, നബി (സ) യും തന്റെ മുപ്പത്തിയൊമ്പതു സഖാക്കളും ദാറുൽ അർഖമിൽ ഭയവിഹ്വലരായി കഴിയുന്ന ഒരവസരം, തൗഹീദിന്റെ പരിശുദ്ധമായ തേൻ കണങ്ങൾ കോരിക്കുടിക്കുവാൻ ഓടിയെത്തിയ പ്രമുഖരായ പല സത്യ വിശ്വാസികൾക്കും വേദനിക്കുന്ന പീഡനങ്ങൾ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടം. അതാ, അന്ധകാരനിബിഢമായ ഒരന്തരീക്ഷത്തിൽ ഉദിച്ചുയർന്ന ആ തേജോഗോളം, ലോകം കണ്ടതിൽ വച്ച് ഏറ്റവും പ്രമുഖ നേതാവായ മുഹമ്മദ് നബി (സ. അ), തന്റെ പുണ്യ കരങ്ങൾ ആദരവോടു കൂടി ഉയർത്തി അല്ലാഹുവോട് മനമുരുകി പ്രാർത്ഥിക്കുന്നു. "സർവ ജ്ഞനും സർവാധികാരിയുമായ നാഥാ! നിന്റെ പരിശുദ്ധ മതമായ ദീനുൽ ഇസ്‌ലാമിനെ ഖുറൈശി പ്രമുഖരായ ഉമർ ഖത്താബിന്റെയോ ഉമർബുനു ഹിശാമിന്റെയോ മതപരിവർത്തനം മൂലം നീ പരിപോഷിപ്പിക്കണമേ നാഥാ, നീ പരിപോഷിപ്പിക്കണമേ...." താഹാ നബിയുടെ ആത്മാർത്ഥതയിൽ നിന്നുതിർന്നു വീണ ആ പ്രാർത്ഥനാശകലങ്ങൾ അഖിലലോകനാഥനായ അല്ലാഹു സ്വീകരിച്ചു. അങ്ങിനെ ഒരു സുപ്രഭാതത്തിൽ നബിയുടെ ബദ്ധവിരോധിയായ ചരിത്രപുരുഷൻ സത്യമതത്തിന്റെ സുഗന്ധമൊന്നു ശ്വസിക്കാൻ തിരുനബിയുടെ തിരുസന്നിധിയിൽ ഓടിയെത്തി (അൽഹംദുലില്ലാഹ്! നാഥാ, സർവസ്തുതിയും നിനക്ക് തന്നെ).

വാളൂരി പുറപ്പെടുന്നു

നമുക്ക് മറ്റൊരു വശത്തേക്ക് ഒന്ന് തിരിഞ്ഞു നോക്കാം. പ്രവാചകപുംഗവന്റെ പ്രബോധനം ഖുറൈശികൾക്ക് ഭയങ്കര തലവേദനയ്ക്കിടയാക്കി. സനാതനങ്ങളെന്ന് അവർ അഹങ്കരിക്കുന്ന അവരുടേതായ തത്വ സംഹിതകളുടെ നേർക്കുള്ള വലിയൊരു വെല്ലുവിളിയായി നബിയെ അവർ പരിഗണിച്ചു. തിരുമേനിയുടെ തിരുമൊഴിയിൽ വ്യക്തമായി സത്യം ദർശിച്ച ബുദ്ധികൂർമതയുള്ള പല ഖുറൈശി നേതാക്കളും ഇസ്‌ലാമിൽ ആകൃഷ്ടരായി മതപരിവർത്തനം ചെയ്തു. മിണ്ടാപ്പൂതങ്ങളായ കരിങ്കൽ കഷണങ്ങളുടെ മുമ്പിലിരുന്ന് വാവിട്ടു നിലവിളിച്ചിട്ടും ഉത്തരം കിട്ടാതെ നിരാശയിൽ നിന്ന് നിരാശയിലേക്കു ആഴ്ത്തപ്പെട്ട അജ്ഞാന സന്തതികൾ തങ്ങൾക്ക് നേരിട്ട ഭീമമായ തിരിച്ചടിയെ നിഷ്ക്കാസനം ചെയ്യാൻ വട്ടമിട്ടിരുന്ന് ആലോചിക്കാൻ തുടങ്ങി. പലരുടെയും ബുദ്ധിമണ്ഡലങ്ങൾ ജാഗ്രതയോടെ പണിയെടുത്തു. ഫലം നാസ്തിയായപ്പോൾ മർദ്ദന മുറകൾ

അഴിച്ചുവിടാൻ നീചമായ സംസ്കാരം അവർക്ക് പ്രേരണ നൽകി. എന്നിട്ടും സത്യാന്വേഷിയുടെ പ്രവാഹത്തിന് എള്ളോളം ഹാനി സംഭവിപ്പിക്കാനോ അഹമഹമികയാ മുന്നേറുന്ന അവരുടെ ആവേശത്തള്ളിച്ചയെ തടയാനോ അവർക്ക് കഴിഞ്ഞില്ല. ക്രുദ്ധരായ അവർ പല്ലു കടിച്ച് ഇസ്ലാമിന്റെ സുന്ദര ഗാത്രത്തിനെതിരെ ഇളിച്ചു കാട്ടാൻ തുടങ്ങി. പരാജയത്തിന്റെ പടുകുഴിയിൽ ആണ്ടപ്പോൾ തിരുദൂതരുടെ തിരുമേനിയെ ക്ഷതപ്പെടുത്തുവാനും ആ പുണ്ണ്യശിരസ്സ് ഛേദിക്കാനുമുള്ള മാർഗ്ഗങ്ങൾ അവർ ആരാഞ്ഞു. അവരുടെ രഹസ്യാലോചനയുടെ അനന്തരഫലമായി എന്തിനും തയ്യാറായിരുന്ന ഉമർ -അതെ, അറേബ്യയിലെ ധീരനായ ആ യോദ്ധാവ്- ഭാരിച്ച ആ കർത്തവ്യം സ്വയം ഏറ്റെടുത്തു വാളൂരി പുറപ്പെട്ടു.

തല വെട്ടാനുള്ള യാത്ര

ഒരു ഭാഗത്ത് ദാറുൽ അർഖമിൽ നിന്ന് ത്വാഹാനബി ഉമറിന്റെ സത്യബോധത്തോടു കൂടിയുള്ള സാന്നിധ്യത്തെ അഭിലഷിച്ചു കൊണ്ടു സർവാധിപനോട് പ്രാർത്ഥിക്കുന്നു. മറുഭാഗത്താകട്ടെ തിരുമേനിയുടെ പുണ്യശിരസ്സ് ഛേദിക്കാനും തദ്വാരാ ഇസ്ലാമിനെ തുടച്ചുനീക്കാനും ഊരിയ വാളുമായി ഉമർ അതാ പുറപ്പെടുന്നു. സർവാധിനാഥ, നിന്റെ വിധി അലംഘനീയം തന്നെ.

ഭീമകായനായ ഉമറിന്റെ മുഖം തിരുമേനിയോടുള്ള വിദ്വേഷത്തിന്റെ കാഠിന്യം മൂലം കൂടുതൽ ക്രൂരഭാവം പൂണ്ടു. തീപ്പൊരി പറക്കുന്ന കണ്ണുകൾ, ചുവന്നു തുടുത്ത മുഖം, പ്രകമ്പനം കൊള്ളിക്കുന്ന പദവിന്യാസം, ശക്തിയുറ്റ കരത്തിൽ വെട്ടിത്തിളങ്ങുന്ന ഖഡ്ഗം- ഉമറിന്റെ ആ യാത്ര തികച്ചും ഞെട്ടിപ്പിക്കുന്നതായിരുന്നു. മധ്യാഹ്നസൂര്യന്റെ ചൂടേറിയ കിരണങ്ങൾ ഏറ്റ് ഭൂതലമാകെ തപിക്കുന്ന ആ സമയം ഖുറൈശി പ്രമുഖരുടെ മതവിദ്വേഷ തിമിരം ബാധിച്ചിരുന്ന നേത്രങ്ങൾക്ക് സർവോപരി പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നത്തെ പരിഹരിക്കാനായി സ്വതഃസിദ്ധമായ ഗൗരവ ഭാവത്തോടെ നടന്നകലുന്ന ഉമറിനെ വഴിക്കു വച്ച് നഈമുബ്നു അബ്ദുള്ള എന്ന ഒരു ഖുറൈശി കാണാൻ ഇടയായി. പതിവിലുപരിയായി ഉമറിന്റെ ക്രൂരഭാവം ദർശിച്ച അദ്ദേഹം ചോദിച്ചു: "ധീരനായ ഉമർ, താങ്കളുടെ ക്രോധ ഭാവേനയുള്ള ഈ സഞ്ചാരം എങ്ങോട്ടാണ്?"

ഉമർ: "നമ്മുടെ തത്വസംഹിതകൾ നശിപ്പിക്കാനൊരുങ്ങുന്ന കള്ള പ്രവാചകനും, ആഭിചാരിക വൃത്തിയിൽ അഗ്രഗണ്യനുമായ മുഹമ്മദിന്റെ സന്നിധാനത്തിലേക്കാണെന്റെ യാത്ര; അവന്റെ ശിരസ്സ് കൊയ്തെടുക്കലാ

ണെന്റെ ഉദ്ദേശം."
ഹ: അബ്ദുള്ള:- "അല്ലയോ, ഉമർ ഈ വിഫലമായ സാഹസിക പ്രവർത്തിക്കാണോ താങ്കളുടെ ഉദ്യമം? അതിനു മുമ്പ് സ്വന്തം സഹോദരിയുടെയും ഭർത്താവിന്റെയും നിലയെ ഒന്നു വീക്ഷിക്കൂ, എന്നിട്ടാകാം മുഹമ്മദിന്റെ തല വെട്ടൽ."

ഒരു തിരിച്ചടി

അവിചാരിതമായി കണ്ടുമുട്ടിയ ആ ഖുറൈശിയിൽ നിന്നാണ് സംഭവങ്ങളുടെ യഥാർത്ഥ രൂപം ഉമറിന് മനസിലാക്കാൻ കഴിഞ്ഞത്. തന്റെ പ്രിയപ്പെട്ട സഹോദരി ഫാത്തിമയും ഭർത്താവും മുഹമ്മദ് അറേബ്യയിൽ വിരിച്ച മാന്ത്രിക വലയത്തിൽ കുടുങ്ങിയെന്ന് ഉമറിന് ബോധ്യമായി. നബിയെ വെട്ടിക്കൊല്ലാൻ ചാടി പുറപ്പെട്ട ഉമറിന് ഈ വാർത്താ ശ്രവണം മറ്റൊരു തിരിച്ചടിയായിരുന്നു. മുഹമ്മദ് നബി (സ. അ) യോടുള്ള അന്ധമായ വിദ്വേഷം ശതഗുണീഭവിച്ച് സ്വസഹോദരിയുടെ നേരെ തിരിയാൻ സമയം അധികം വേണ്ടി വന്നില്ല. സ്വതവേ കാഠിന്യമേറിയ ആ ബലിഷ്ഠഹൃദയത്തിൽ പ്രതികരവാഞ്ഛ നാമ്പെടുത്തു. നബിയുടെ നേരെ നേരത്തെ നടത്താൻ ഉദ്ദേശിച്ച ആയുധപ്രയോഗം തല്ക്കാലം നിർത്തിവെച്ച് കോപിഷ്ഠനായ ഉമർ സഹോദരിയുടെ വസതിയെ ലാക്കാക്കി ശരവേഗം നട കൊണ്ടു.

കോപം ആളിക്കത്തുന്നു

സ്വസഹോദരിയുമായി ഒരു കൈ പയറ്റാനും, അവരെയും ഭർത്താവിനെയും നിഷ്ക്കരുണം വധിക്കാനും ഉമറിന്റെ കഠിനഹൃദയം തയ്യാറായി. രക്തബന്ധമൊന്നും വിവിധ വികാരങ്ങളുടെ സമിശ്രസമ്മേളന രംഗമായ ആ ഹൃദയത്തിൽ നിന്ന് വിറളി പിടിച്ച ആ സമയം വലിയൊരു പ്രശ്നമല്ലായിരുന്നു. മിന്നിത്തിളങ്ങുന്ന വാളും വീശി പ്രതികാരവാഞ്ഛയോടെ കടന്നു വരുന്ന ഉമറിനെ മന്ദമാരുതനിൽ തത്തിക്കളിച്ചു വരുന്ന പരിശുദ്ധ ഖുർആൻ വാക്യത്തിന്റെ തേനൊലികളാണ് സ്വാഗതം ചെയ്തത്. അപാരവും അനിർവചനീയവുമായ ആശയസമ്പുഷ്ടിയാൽ മധുരമധുരമായ ആ മഹദ്വാക്യങ്ങളിൽ ഉമർ ആകൃഷ്ടനായി. പക്ഷെ എരിയുന്ന അഗ്നികുണ്ഡമായ അദ്ദേത്തിന്റെ ഹൃദയത്തിൽ എണ്ണയൊഴിക്കാനേ ആ ഘട്ടത്തിൽ അതുപകരിച്ചുള്ളൂ. അകത്ത് പ്രവേശിച്ച ഉമറിന്റെ ക്രൂരദൃഷ്ടിയിൽ നിന്നും ആ സൂക്തങ്ങൾ ഫാത്തിമ ത്വടുതിയിൽ മറച്ചുകളഞ്ഞു.

ഉമർ (ക്രോധത്തോടെ): "നാണംകെട്ട ഫാത്തിമ, പൈതൃകങ്ങളായ നമ്മുടെ മഹത്തായ പാരമ്പര്യത്തെ അഗണ്യകോടിയിൽ തള്ളി മുഹമ്മദിന്റെ മാസ്മരവിദ്യയിൽ അകപ്പെട്ട് നീയും മതം മാറിയോ...?"

** പരാക്രമശാലിയായ ഉമർഫാറൂഖ് (റ) എന്ന ലേഖന പരമ്പരയുടെ ഒന്നാം ഭാഗം ഇവിടെ അവസാനിക്കുന്നു. സാങ്കേതിക കാരണങ്ങളാൽ ഈ ലേഖന പരമ്പരയുടെ രണ്ടാം ഭാഗം ലഭ്യമായിട്ടില്ല. മൂന്നാം ഭാഗം 'നിറവേറിയ പ്രാർത്ഥന' എന്ന പേരിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് -എഡിറ്റർ.*

●●

നിറവേറിയ പ്രാർത്ഥന

എം. മാവിലാട്ട്

സുന്നി ടൈംസ്, ലക്കം 29
30-Jan-1967

(പരാക്രമശാലിയായ ഉമർഫാറൂഖ് (റ) എന്ന ലേഖന പരമ്പരയുടെ മൂന്നാമത്തെയും അവസാനത്തെയും ഭാഗമാണിത്. സാങ്കേതിക കാരണങ്ങളാൽ ഈ ലേഖന പരമ്പരയുടെ രണ്ടാം ഭാഗം ലഭ്യമായിട്ടില്ല -എഡിറ്റർ.)

"അല്ലാഹുവിന്റെ റസൂലേ, പരിശുദ്ധ ഇസ്‌ലാം മതത്തിന്റെ പാവനമായ തത്വസംഹിതകളെ അക്ഷരംപ്രതി അനുസരിക്കാനും സത്യ മതത്തിൽ അടിയുറച്ച് വിശ്വസിച്ച് ഒരു യഥാർത്ഥ മുസൽമാനായിത്തീരാനുമാണ് അങ്ങയുടെ പുണ്യ സന്നിധാനത്തിൽ ഞാനാഗതനായിട്ടുള്ളത്" എന്ന് ഉമർ പ്രത്യുത്തരം നൽകി.

അത് കേട്ട് പ്രഹർഷം പൂണ്ട തിരുമേനി അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്തിന് നന്ദി പറഞ്ഞു കൊണ്ടു തക്ബീർ ധ്വനികൾ മുഴക്കി. ഉമറിന്റെ മതപരിവർത്തനത്തിൽ ആഹ്ലാദം പൂണ്ട മുപ്പത്തി ഒൻപത് സഖാക്കളും തങ്ങളുടെ പ്രിയപ്പെട്ട നേതാവിനെ അനുകരിച്ചുകൊണ്ട് അന്തരീക്ഷം മുഖരമാകുമാറ് അതേറ്റു പാടി. അങ്ങിനെ ആ സുപ്രഭാതം വരെ ഖുറൈശി പ്രമുഖരുടെ ആശാ കേന്ദ്രമായിരുന്ന ആ ധിഷണാശാലി അല്ലാഹുവിന്റെ അനുസരണയുള്ള ഒരടിമയായി മാറി.

ആദ്യത്തെ കൃത്യം

ചരിത്രപുരുഷന്റെ സത്യമതാവലംബത്തിനു മുൻപ് ഖുറൈശി പ്രമുഖരായ മതവിരോധികളുടെ മർദനമുറകളെ ഭയന്ന് മുസ്‌ലിംകൾ പര

സ്യമായി കഅബ പ്രദക്ഷിണം ചെയ്യുകയോ അവിടെപ്പോയി പ്രാർത്ഥിക്കുകയോ ചെയ്തിരുന്നില്ല. മറഞ്ഞിരുന്ന് കൊണ്ട് അല്ലാഹുവിന് ആരാധനകൾ നടത്തുകയായിരുന്നു അന്നൊക്കെ അവർ ചെയ്തിരുന്നത്. തന്റെ വിശ്വാസാനന്തരം നബി (സ. അ) യുടെ മുമ്പിൽ നിന്നുകൊണ്ട് വിനയാന്വിതനായി അദ്ദേഹം ചോദിച്ചു: "അല്ലാഹുവിന്റെ മഹാനായ റസൂലേ, മഹത്തായ ഇസ്ലാം മതത്തെ നാമെന്തിന് ഭീരുക്കളെപ്പോലെ മറഞ്ഞിരുന്ന് പ്രചരിപ്പിക്കണം? അല്ലാഹുവിന്റെ പവിത്രമായ ദീനുൽ ഇസ്ലാമിന് വേണ്ടി ധർമമാർഗത്തിൽ ജീവാർപ്പണം ചെയ്യുന്നത് പോലും അപാരമായ പുണ്യമല്ലയോ?"

"അതെ" എന്ന് പ്രവാചക പ്രഭു ഉത്തരമരുളിയപ്പോൾ അല്ലാഹുവിന്റെ പാവനമായ കഅബയിൽ പോയി പരസ്യമായി പ്രാർത്ഥിക്കാനുള്ള അനുവാദത്തിന് അപേക്ഷിക്കുകയാണ് ഹ: ഉമർ ചെയ്തത്. ആത്മാർത്ഥമായ ആ അഭിലാഷത്തെ നബി (സ) സസന്തോഷം സ്വീകരിക്കുകയും അതിന്നായി അനുവാദമരുളുകയും ചെയ്തു.

ധീരകേസരിയായ ഹ: ഹംസയുടെയും നവാതിഥി ഹ: ഉമറിന്റെയും നേതൃത്വത്തിൽ ത്വാഹാ നബിയെ മധ്യത്തിൽ നിർത്തിക്കൊണ്ട് അവരുടെ ജൈത്രയാത്ര കഅബയിലേക്കു നീങ്ങി. തക്ബീർ ധ്വനികളുടെ മാറ്റൊലിയിൽ മക്ക പട്ടണമാകെ വിറകൊണ്ടു. ഇന്നലെവരെ ഇസ്ലാമിനൊരു തലവേദനയായ ഹ: ഉമർ അതാ ഖുറൈശി നേതാക്കളുടെ ആകാശക്കോട്ടകൾ തട്ടിത്തകർത്ത് കൊണ്ട് അവർക്കൊരു പേടി സ്വപ്നമായി മാറുന്നു.

രോമാഞ്ചകരമായ ഈ സന്ദർഭത്തിലാണ് പ്രവാചക പുംഗവൻ 'ഫാറൂഖ്', അഥവാ സത്യാസത്യ വിവേചകൻ എന്ന പ്രാധാന്യമുള്ള ഓമനപ്പേര് സമ്മാനിച്ചത്. അദ്ദേഹത്തിന്റെ വിശ്വാസത്തോടെ ഇസ്ലാം മതാനുയായികളുടെ സംഖ്യ നാൽപ്പതായി വർദ്ധിച്ചു.

നബി (സ) ഹ: ഉമർ ഫാറൂഖിന്റെ സാന്നിധ്യത്തെ അഭിലഷിച്ചു കൊണ്ട് പ്രാർത്ഥിച്ചത് ഒരു ബുധനാഴ്ചയായിരുന്നു. വ്യാഴാഴ്ച അദ്ദേഹം ഇസ്ലാം മതം വിശ്വസിക്കുകയും ചെയ്തു.

പുതിയ ചൈതന്യം

'അമീറുൽ മുഅ്മിനീൻ' എന്ന സ്ഥാനപ്പേർ ഒന്നാമത് കരസ്ഥമാക്കിയ ഹ: ഉമർ ഫാറൂഖിന്റെ മതപരിവർത്തന പ്രാധാന്യത്തെ പ്രകടിപ്പിക്കുന്ന പല അഭിപ്രായങ്ങളും മഹാന്മാർ അരുളിയിട്ടുണ്ട്. മഹാനായ ഇ

ബ്നു അബ്ബാസ് (റ. അ) പറയുന്നു: "ഹ: ഉമർ ഫാറൂക്ക് സത്യമാർഗമവ ലംബിച്ചപ്പോൾ മലക്ക് ജിബിരീൽ (അ. സ) അറേബ്യയിലെ പ്രഗത്ഭനും പ്രശസ്തനുമായ ഹ: ഫാറൂഖിന്റെ ഇസ്ലാംമതത്തിലേക്കുള്ള വിജയകര മായ വരവിൽ ഹർഷംപൂണ്ട് വാനലോകത്തിൽ നിന്നും മലക്കുകൾ അദ്ദേ ഹത്തെ അനുമോദിക്കുന്നുവെന്നു നബി സമക്ഷം വന്നു പറയുകയുണ്ടാ യി". ഇബ്നു മസ്ഊദ് (റ) എന്നവരുടെ അഭിപ്രായം നോക്കുക: "മഹാനായ ഹ: ഉമർ ഫാറൂഖിന്റെ ഇസ്ലാം മതാവലംബം ശത്രുഭയത്തെ അകറ്റി ഞ ങ്ങൾക്ക് ധൈര്യത്തിന്റെ ഒരു നവപ്രചോദനം പ്രദാനം ചെയ്തു". പ്രസ് തുത അഭിപ്രായങ്ങൾ മാത്രം കൂലങ്കുഷമായി പരിശോധിച്ചാൽ അദ്ദേഹ ത്തിന്റെ വ്യക്തി മാഹാത്മ്യം സ്പഷ്ടമാകുന്നു.

●●

മദ്യവും മനുഷ്യനും

എം. മാവിലാട്ട്

സുന്നി ടൈംസ്, ലക്കം 42
1-May-1967

വിശാലമായ ഈ വിശ്വത്തിലെ മറ്റു സൃഷ്ടിജാലങ്ങളെ അപേക്ഷിച്ച് നാനാവിധേനയും ഉന്നതരത്രെ മനുഷ്യവർഗ്ഗം. അതുല്യമായ വിശേഷബുദ്ധിയും, നന്മയെ സ്വീകരിക്കാനും, തിന്മയെ തിരസ്ക്കരിക്കാനും പര്യാപ്തമായ വിവേചനാശക്തിയും മറ്റു സൃഷ്ടികളിൽ നിന്നും മനുഷ്യരെ വേർതിരിച്ചു നിർത്തുന്നു.

ദൗർഭാഗ്യകരമെന്ന് പറയട്ടെ, നല്ലതും ചീത്തയും തിരിച്ചറിഞ്ഞു കൊള്ളാനും തള്ളാനുമുള്ള, ലോകനാഥൻ കനിഞ്ഞേകിയ മഹത്തായ ആ കഴിവുകളെ നിഷ്പ്രഭമാക്കി മനുഷ്യർ നീങ്ങുന്നതാണ് സർവത്ര നാം കാണുന്നത്. സ്വന്തം ഭാവിക്കുതന്നെ ഭംഗം വരുത്തുന്ന നിരവധി ദുഷ്പ്രവണതകളിലേക്ക് അറിഞ്ഞോ, അറിയാതെയോ അവർ ആകർഷിക്കപ്പെട്ടുപോവുന്നു. ജീവിതത്തിലേക്ക് ക്ഷണിച്ചുവരുത്തിയ അത്തരം ദുഷ്പ്രവണതകളിൽ ഒന്നത്രേ നിരവധി ദോഷങ്ങൾ കൊണ്ട് മനുഷ്യരെ അധഃപതിപ്പിക്കാൻ ശക്തിയുള്ള മദ്യപാനം.

ആരോഗ്യം നശിപ്പിക്കുന്നു

മദ്യപാനം മനുഷ്യന് വരുത്തുന്ന അപകടങ്ങൾ നിരവധിയാണ്. വിലയുറ്റ ആരോഗ്യത്തെ കാർന്നുതിന്ന് ശരീരത്തെ അനുദിനം ക്ഷയിപ്പിക്കുന്നതിനും നിരവധി രോഗങ്ങൾ സൃഷ്ടിക്കുന്നതിനും മദ്യത്തിന് കഴിയുന്നു. രക്തത്തെയും പിത്തത്തേയും കോപിപ്പിക്കുന്നതിൽ മദ്യം പ്രധാനപ്പെട്ടൊരു പങ്കുവഹിക്കുന്നുണ്ട്. രക്തവും പിത്തവും കോപിച്ചാലുണ്ടാകു

ന്ന രോഗങ്ങൾ നിരവധിയത്രെ. അമിതമായ മദ്യപാനം വിഷസമമായി പ്ര വർത്തിക്കുമെന്നാണ് ഭിഷഗ്വരന്മാരുടെ അഭിപ്രായം. മദ്യത്തിലടങ്ങിയ ആൾ ക്കഹോളിക് വിഷ (Alcoholic Poison) ത്തിന് ആരോഗ്യത്തെ കാർന്നുതി ന്നാൻ കഴിവുണ്ട്. തലച്ചോറിലെ നമ്മുടെ സമതുലനാവസ്ഥയെ നിയന്ത്രി ക്കുന്ന ഭാഗത്തിന് മദ്യപാനം മൂലം മന്ദീഭാവം അനുഭവപ്പെടുകയും അതി നാൽ പ്രവർത്തനശക്തി ക്ഷയിക്കുകയും ചെയ്യുന്നു. മദ്യപാനികൾക്ക് അ ടിയുറച്ച് നടക്കാനും നിൽക്കാനും കഴിയാത്തത് ഈ കാരണം മൂലമാണ്.

മനുഷ്യശരീരത്തിലെ പ്രധാന അവയവങ്ങളിലൊന്നായ കണ്ണിനെ മദ്യം സാരമായി ബാധിച്ച് കാഴ്ച നഷ്ടപ്പെടുത്തുമെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം. ഹൃദയത്തെ അപകടപ്പെടുത്താനും അംഗഭംഗങ്ങളുണ്ടാക്കി ത്തീർക്കാനും മാരകമായ രോഗങ്ങളിലേക്കും മരണത്തിലേക്കു തന്നെയും മനുഷ്യനെ നീക്കാനും അമിതമായ മദ്യപാനത്തിന് കഴിയുന്നു. മദ്യം നാ ഡീഞരമ്പുകളെ ക്ഷയിപ്പിച്ച് രക്തപ്രവാഹത്തിന് മാന്ദ്യം സംഭവിപ്പിക്കുക യും അമിതമായ ക്ഷീണം ഉണ്ടാക്കിത്തീർക്കുകയും ചെയ്യുന്നു. ബുദ്ധി യെ മരവിപ്പിച്ച് മനുഷ്യരെ മൃതതുല്യരാക്കാനും ഭ്രാന്ത് മുതലായ രോഗ ങ്ങളിലേക്ക് അവരെ നീക്കാനും മദ്യത്തിന് കഴിയുന്നുണ്ട്. മദ്യത്തിന്റെ അ തിരൂക്ഷത ദഹനേന്ദ്രിയങ്ങളെ ബാധിച്ച് ദഹനക്കുറവുണ്ടാക്കി തീർക്കുക യും ശരീരത്തെ അത്യുഷ്ണാവസ്ഥയിലേക്കു തള്ളുകയും ചെയ്യുന്നു. മ ദ്യപാനികളുടെ സന്താനങ്ങൾ പോലും ചില ദുഷിച്ച രോഗങ്ങൾക്ക് ഇര യാകാമെന്നാണ് പറയപ്പെടുന്നത്.

സാമ്പത്തിക വശം

മദ്യം സാമ്പത്തികമായും മനുഷ്യരെ അധഃപതിപ്പിക്കുന്നതിൽ വ ലിയ പങ്കു വഹിക്കുന്നുണ്ട്. പ്രഭാതം മുതൽ പ്രദോഷം വരെ രക്തം വി യർപ്പ് നീരാക്കി നേടിയെടുക്കുന്ന പണം മദ്യപാനത്തിനാണ് ചിലർ ചെല വിടുന്നത്. മദ്യം സേവിക്കണമെന്നല്ലാതെ നിത്യോപയോഗസാധങ്ങൾ വാ ങ്ങാനോ ഒഴിച്ചുകൂടാൻ പറ്റാത്ത ആവശ്യങ്ങൾ നിവർത്തിക്കാനോ പലർ ക്കും ഇന്ന് ശ്രദ്ധയില്ല. അൽപ്പാൽപ്പം കുടിച്ച് ശീലിക്കുന്നവർ വളരെ വേഗ ത്തിൽ മദ്യവുമായി അഭേദ്യമായി ബന്ധപ്പെടുകയും നിത്യജീവിതത്തിൽ തള്ളാൻ പറ്റാത്ത ഒരു ശീലമായി അത് മാറുകയും ചെയ്യുന്നു. കണ്ണിൽ ക ണ്ടതെല്ലാം എടുത്ത് വിറ്റും സ്വത്തുക്കൾ നഷ്ടപ്പെടുത്തിയും മദ്യപാനം ചെയ്യുന്നത് മൂലം തെരുവിലേക്കിറങ്ങേണ്ടി വന്ന കദനകഥകൾ നിരവധി യാണ്. മാനുഷിക മൂല്യങ്ങളെയും, സംസ്ക്കാരത്തെയും, അന്തസ്സിനേയും,

വ്യക്തിത്വത്തെയും നശിപ്പിച്ച് അന്യരുടെ മുമ്പിൽ മനുഷ്യനെ അധമനാക്കി തീർക്കാൻ മദ്യത്തിന് കഴിയുന്നു. മനുഷ്യരുടെ സ്വഭാവരീതിയിൽ സാരമായ പരിവർത്തനങ്ങളാണ് മദ്യപാനം മൂലം ഉണ്ടായിത്തീരുന്നത്. സ്വന്തം പുത്രിമാരുടെ വിലയുറ്റ ചാരിത്ര്യത്തെപോലും അപകടപ്പെടുത്താൻ ആ നശിച്ച അബോധാവസ്ഥ മദ്യപാനികൾക്ക് പ്രേരണ നൽകുന്നു. സ്നേഹനിധിയായ ജീവിതസഖിയെ മർദ്ദിച്ച് യാതനകളിലേക്ക് ഉന്തിനീക്കാൻ മദ്യപാനികൾ മടിക്കാറില്ല. വീട്ടിലുള്ളവരുടെയും നാട്ടിലുള്ളവരുടെയും തീരാശാപങ്ങളും വെറുപ്പും നിത്യരോഗവും മാത്രമാണ് മദ്യപാനികളുടെ സമ്പാദ്യം. മദ്യപിക്കുന്ന ഒരു ഭർത്താവിന്റെ സാന്നിദ്ധ്യം പോലും സംസ്കാരമുള്ള ഭാര്യ വെറുക്കുന്നതായിട്ടാണ് കാണുന്നത്.

സാംസ്കാരിക തകർച്ച

ഒരു മദ്യപാനിയുടെ വായിൽ നിന്നും മദ്യത്തെക്കാളും ദുഷിച്ചു നാറുന്ന വാക്കുകളാണ് സാധാരണ പുറത്തു വരാറ്. തലക്കല്ലിളകിയ ആ അവസരം, മാന്യന്മാരെ അധിക്ഷേപിക്കാനും കാണുന്നവരെയെല്ലാം ചീത്ത പറഞ്ഞ് അവരുടെ താഡനങ്ങൾ വിലയ്ക്ക് വാങ്ങാനുമാണ് അവരുപയോഗിക്കുന്നത്. മദ്യപാനത്തെപ്പറ്റിയുള്ള ഒരു ശ്ലോകത്തിൽ ഇങ്ങനെ പറയുന്നു:-

'കഷ്ടം പുഴുക്കൾ വലയുന്ന പുളിച്ച കള്ളിൻ-
മട്ടും കുടിച്ച് ചില ഗോഷ്ഠികളും കളിച്ച്
ദുഷ്ട് ഉള്ളവാക്ക് ചിലരോട് പറഞ്ഞു നന്നായി
കിട്ടുന്ന താഡനമതങ്ങവരോട് വാങ്ങും.'

യഥാർത്ഥത്തിൽ സംഭവിക്കുന്നതും അത് തന്നെയാണ്. ബുദ്ധിസ്ഥിരതയ്ക്ക് മാന്ദ്യം സംഭവിക്കുന്നത് മൂലം വായിൽ തോന്നിയതൊക്കെ വിളിച്ചുപറഞ്ഞ് ചില ഗോഷ്ഠികൾ കാണിക്കാനേ മദ്യപാനികൾക്ക് കഴിയുന്നുള്ളു.

കുടിച്ച് കുടിച്ച് സർവതും നഷ്ടപ്പെടുമ്പോൾ ഇനി കുടിക്കാൻ വകയില്ലെന്നു ബോധ്യമാകുമ്പോൾ മറ്റുചില ദുഷ്പ്രവണതകളിലേക്കാണ് മദ്യപാനികളുടെ ശ്രദ്ധ തിരിയുന്നത്. സാധാരണ കുടിക്കുന്ന സമയം വന്നെത്തിയാൽ അവരുടെ അസഹ്യത മൂലം കൊള്ളയടിക്കാനും അന്യരുടെ പോക്കറ്റുകൾ ചൂഷണം ചെയ്യാനും, കളവു നടത്താനും അവർക്ക് ഒരുങ്ങേണ്ടി വരുന്നു. ആദ്യ ദിവസം കുറച്ചൊക്കെ ഭയം പിടികൂടുമെങ്കിലും നിത്യേനയുള്ള പരിചയം അവർക്ക് ധൈര്യവും കരുത്തും സാമർത്ഥ്യവും നൽകുന്നു.

ഇന്ന് മദ്യമുപയോഗിക്കുന്നതിൽ പ്രായപരിധികളൊന്നുമില്ല. വലിയവർ മുതൽ സ്കൂൾ കുട്ടികൾ വരെ മദ്യമുപയോഗിക്കുന്നതൊരു ഭൂഷണമായി കരുതുന്നുണ്ട്. മാത്രമല്ല, സ്ത്രീകളും മദ്യപാനവിഷയത്തിൽ പിന്നോക്കമല്ലയെന്നതാണ് ചില സംഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ദിനം പ്രതി മദ്യമുപയോഗിക്കുന്നതു മൂലം ആരോഗ്യവും, കുടുംബഭദ്രതയും ശിഥിലമായി നാശത്തിൽ നിന്ന് നാശത്തിലേക്കു വഴുതി വീഴുന്ന പലരെയും നാം കാണുന്നുണ്ട്.

പാപങ്ങളുടെ ഇരിപ്പിടം

മദ്യപാനം ഇസ്ലാം കർശനമായും നിഷിദ്ധമാക്കിയിട്ടുണ്ട്. 'പാപങ്ങളുടെ ഇരിപ്പിടം' എന്നാണ് മദ്യത്തെപ്പറ്റി തിരുമേനിയരുളിയത്. മദ്യപാനത്തിൽ അഭിമാനം കൊള്ളുകയും അത് ഭൂഷണമായും തറവാട്ടു മഹിമയായും അംഗീകരിച്ച് ജീവിക്കുകയും ചെയ്ത ഒരു ജനസഞ്ചയമായിരുന്നു അന്നത്തെ അറേബ്യൻ നിവാസികൾ. മദ്യപാനത്തിൽ ലയിച്ചു ചേർന്ന അവരെ മദ്യവിരോധികളാക്കി തീർക്കാൻ വിശുദ്ധ ഖുർആനിന്റെ അമാനുഷിക ശക്തിക്ക് നിഷ്പ്രയാസം കഴിഞ്ഞു. നബി (സ) മദീനയിൽ ആയിരിക്കുമ്പോഴാണ് ആദ്യത്തെ മദ്യ നിരോധന കൽപ്പന ലഭ്യമായത്. അതൊരുപദേശത്തിലായിരുന്നു. ''മദ്യത്തെയും, 'മൈസറി' (ഭാഗ്യപരീക്ഷക്കുള്ള കളികൾ, ലോട്ടറികൾ) നെയും കുറിച്ച് അവർ നിന്നോട് (നബിയോട്) ചോദിക്കുന്നു, നീ പറയുക: അവയിൽ വമ്പിച്ച കുറ്റ(ങ്ങൾക്കുള്ള മാർഗ്ഗം) ഉണ്ട്. (മറുവശം നോക്കുമ്പോൾ) മനുഷ്യർക്ക് ചില പ്രയോജനങ്ങളും ഉണ്ട്. പക്ഷെ അവ കൊണ്ടുണ്ടാകുന്ന (അവ രണ്ടിൽ നിന്നും ജന്മമെടുക്കുന്ന) കുറ്റം അവ കൊണ്ടുണ്ടാകുന്ന പ്രയോജനത്തെക്കാൾ വലുതാണ്! (2:219)''

ആദ്യത്തേത് ഉപദേശമാണെങ്കിൽ രണ്ടാമത്തേത് ഒരു താക്കീതായിരുന്നു. "സത്യവിശ്വാസികളേ! ലഹരി ബാധിച്ച നിലയിൽ, (അതായത്) നിങ്ങൾ (നാവു കൊണ്ട്) പറയുന്നത് (ഹൃദയം കൊണ്ട്) ഗ്രഹിക്കു (വാൻ കഴിയു) ന്ന (ഘട്ടം എത്തുന്ന) തു വരെ നമസ്ക്കാരത്തെ സമീപിക്കരുത്." (4: 43). നമസ്ക്കാര സമയത്തോടടുത്ത് മദ്യം ഉപയോഗിക്കുന്നത് തെറ്റാണെന്ന് വെളിപ്പെടുത്തിയതിനു ശേഷം മദ്യപാനം കർശനമായും നിരോധിച്ചു കൊണ്ട് അല്ലാഹുവിന്റെ കൽപ്പന ലഭ്യമായി. ''സത്യവിശ്വാസികളേ! മദ്യവും, 'മൈസറും', 'അൻസാബും' പ്രശ്നം വെക്കാനുള്ള അമ്പുകളും വ്യത്തിഹീനങ്ങളും പിശാചിന്റെ നടപടികളിൽ

പെട്ടതുമാകുന്നു. അതുകൊണ്ട് ജീവിതവിജയം പ്രാപിക്കാൻ അതെല്ലാം വിട്ടൊഴിഞ്ഞിരിക്കുക. മദ്യ(പാന)ത്തിലും, മൈസറിലും മുഴുകി നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കിത്തീർക്കണമെന്നും ദിവ്യസ്മരണയിൽ നിന്നും നമസ്കാരത്തിൽ നിന്നും നിങ്ങളെ തടഞ്ഞു നിർത്തണമെന്നും മാത്രമാണ് പിശാചുദ്ദേശിക്കുന്നത്. നിങ്ങൾ വിരമിക്കുന്നുണ്ടോ?" (5:90,91) അല്ലാഹുവിന്റെ കൽപ്പന ഇറങ്ങിയപ്പോൾ മറ്റൊന്നും അവർ ചിന്തിച്ചില്ല. തങ്ങൾക്ക് അതുവരെ പ്രിയപ്പെട്ട മദ്യം സ്വന്തം കരങ്ങൾ കൊണ്ട് തന്നെ ഒഴിച്ച് കളഞ്ഞ് അത് സൂക്ഷിക്കാൻ ഉപയോഗിച്ച പാത്രങ്ങൾ പോലും തല്ലിയുടക്കുകയാണ് അവർ ചെയ്തത്. അന്ന് മദീനയിലെ തെരുവീഥികളിൽ പ്രവഹിച്ച മദ്യത്തിനും പൊട്ടിത്തകർന്ന പാത്രങ്ങൾക്കും കണക്കില്ലായിരുന്നു. അന്ന് മുതൽ അവർ മദ്യം നിഷിദ്ധമായി കാണുകയും വർജിക്കുകയും ചെയ്തു.

ഒന്നുകിൽ മദ്യം, അല്ലെങ്കിൽ...

മദ്യമുപയോഗിക്കുന്നവർക്ക് സ്വർഗപ്രാപ്തി ലഭിക്കുകയില്ലെന്നതാണ് തിരുവചനങ്ങൾ കൊണ്ട് നമുക്ക് വ്യക്തമാകുന്നത്. അല്ലാഹുവിലുള്ള വിശ്വാസം നശിപ്പിക്കുന്നതിലും ദിവ്യസ്മരണയെ ഇല്ലാതാക്കി ആരാധനാക്രമങ്ങളിൽ മനുഷ്യരെ വിമുഖരാക്കാനും മദ്യം ഒരു കാരണമായിത്തീരുന്നുവെന്നതിൽ തർക്കമില്ല. നമസ്കാരാദി കർമങ്ങൾ നിർവഹിക്കാനും ഹൃദയശുദ്ധി കൈവരുത്താനും, സൽക്കർമങ്ങൾ ചെയ്യാനുമുള്ള സുവർണ്ണാവസരവും മഹത്തായ ഭാഗ്യവും മദ്യപാനികൾക്ക് നഷ്ടപ്പെടുന്നത് മൂലം അനശ്വരമായ പാരത്രികസുഖത്തെ സമ്പാദിക്കാൻ സാധിക്കാതെ പോവുകയും അതിനാൽ ദീർഘകാലശിക്ഷയ്ക്ക് പാത്രീഭൂതരാകുകയും ചെയ്യുന്നു. ബൈഹകി, ഇബ്നു അബ്ബാസ് (റ) വിൽനിന്നു രിവായത് ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം കാണുന്നു. "...അതുകൊണ്ട് നിങ്ങൾ മദ്യം ഉപയോഗിക്കരുത്. അല്ലാഹുവാണെ സത്യം, ഈമാനും മദ്യവും ഒരുവന്റെ ഉള്ളിൽ ഒരുമിച്ചു സ്ഥിതി ചെയ്യുന്നില്ല. ഒന്നുകിൽ മദ്യം, അല്ലെങ്കിൽ ഈമാൻ!" മദ്യപാനം മൂലം ഈമാൻ നഷ്ടപ്പെടുകയും ഇബ്ലീസിന് പ്രണാമം ചെയ്യുകയും ചെയ്ത ബർസീസായുടെ കഥ പ്രസ്താവ്യമാണല്ലോ. എന്ത് ക്ലേശങ്ങൾ സഹിച്ചും ഈമാൻ നേടിയെടുക്കാൻ അനവരതം യത്നിക്കേണ്ട ചില മുസ്ലിം നാമധാരികൾ മദ്യമുപയോഗിച്ച് ദീനുൽ ഇസ്ലാമിന് കളങ്കം വരുത്തുന്നത് ഖേദകരമാണ്: "വ്യഭിചാരി വ്യഭിചരിക്കുമ്പോൾ ഈമാനുള്ളവനായിക്കൊണ്ട് വ്യഭിചരിക്കുകയില്ല, കള്ളൻ കക്കു

മ്പോൾ ഈമാനുള്ളവനായിക്കൊണ്ട് കക്കുകയില്ല. കള്ളുകുടിക്കുമ്പോൾ ഈമാനുള്ളവനായി കുടിക്കുകയില്ല'' എന്ന് തിരുമേനിയരുളിയതായി അ ബുഹുറൈറ (റ) പ്രസ്താവിച്ചിട്ടുണ്ട്. എന്നിട്ടുപോലും എല്ലാ ദുഷ്പ്രവ ണതകൾക്കും പ്രേരണ നൽകുന്ന മദ്യമുപയോഗിക്കുന്നതിൽ ചില മുസ് ലിം സഹോദരന്മാർ പെട്ടുപോയിരിക്കുകയാണ്. മദ്യപാനം പരക്കെയാകു ന്നത് അന്ത്യനാളിന്റെ ആരംഭാടയാളമായി നബി (സ) നമുക്കറിവു തന്നി ട്ടുണ്ട്. പരിശുദ്ധ ഇസ്ലാം മതം മദ്യം കഠിനമായി നിരോധിച്ചിട്ടും അതനു സരിക്കാതെ ചിലർ മദ്യശാലയിലേക്ക് ആകർഷിക്കപ്പെട്ടു പോയിട്ടുണ്ട്. ഈ ദുഷ്പ്രവണത ദുരീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

മദ്യപാനം ആർക്കും ഭൂഷണമല്ല. ബുദ്ധിയും വ്യക്തിത്വവും കു ടുംബഭദ്രതയും നിലനിർത്താൻ ശ്രമിക്കുന്നവർ മദ്യം ഒരിക്കലും ഉപയോ ഗിക്കുകയില്ല. മദ്യനിരോധനം പിൻവലിച്ചാലും ഇല്ലെങ്കിലും ശരി ബുദ്ധി യുള്ള മനുഷ്യൻ മദ്യത്തിന്റെ ദോഷവശങ്ങളെ പറ്റി നല്ലവണ്ണം ചിന്തിച്ച് ആത്മസംയമനത്തിലൂടെ മദ്യം നിഷിദ്ധമാക്കിത്തള്ളട്ടെ.

●●

സാഹിത്യ സമാജങ്ങൾ

എം. മാവിലാട്ട്

സുന്നി ടൈംസ്, ലക്കം 2
24-Jul-1967

വിദ്യാർത്ഥി ഹൃദയങ്ങളിൽ മൊട്ടിട്ടു വരുന്ന ആശയാഭിപ്രായങ്ങൾക്ക് നിറം കൊടുത്ത് സൽപാന്ഥാവിലേക്ക് അവരെ നയിക്കാനും ശ്രോതാക്കളെ ആവേശം കൊള്ളിക്കുന്ന പ്രസംഗധോരണിയാൽ അനുഗ്രഹീതരാക്കാനും പര്യാപ്തമായൊരു പഠനരംഗമത്രെ സാഹിത്യ സമാജങ്ങൾ. പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് ഉറ്റുനോക്കുന്ന യുവഹൃദയങ്ങൾക്ക് തങ്ങളുടെ ഭാവിയെ സുന്ദരമാക്കുന്നുവെന്ന ഒറ്റ കാരണം കൊണ്ട് തന്നെ സാഹിത്യ സമാജങ്ങൾ മഹത്തായ ഒരു ഭാഗ്യമാണ്.

നാളത്തെ പൊൻപുലരിയിൽ മഹത്തേറിയ ദീനുൽ ഇസ്ലാമിനെ ഉത്തരോത്തരം ഉൽകർഷത്തിലേക്ക് നയിക്കേണ്ടവരാണ് ഇന്നത്തെ മുസ്ലിം വിദ്യാർഥികൾ. ഇസ്ലാം മതത്തിനെതിരെ ഉയർന്നു വരുന്ന ആക്ഷേപാഭിപ്രായങ്ങൾക്ക് ചുട്ട മറുപടികൾ കൊടുക്കാനും ദീനുൽ ഇസ്ലാമിന്റെ അകത്ത് പൊട്ടിമുളക്കുന്ന നവീനവാദങ്ങളെ ഖണ്ഡിച്ച് യഥാർത്ഥ മതതത്വങ്ങളെ സംരക്ഷിക്കാനും അവർ ബാധ്യസ്ഥരാണ്. അത്രയും വലിയ ഉത്തരവാദിത്വങ്ങൾ പതറാതെ വിജയകരമായി കയ്യാളാൻ പ്രസംഗ പരിശീലനവും അവർക്കനിവാര്യമമാണ്. മതപരമാകട്ടെ, രാഷ്ട്രീയമാകട്ടെ, മറ്റെന്തുമാകട്ടെ, അവരുടെ പ്രചാരണ പരിപാടിയിൽ പ്രസംഗം നല്ലൊരു പങ്കു വഹിക്കുന്നുണ്ട്. മത പണ്ഡിതന്മാർ മതപ്രസംഗങ്ങൾ നടത്തി വിശാലമായ മതതത്വങ്ങളെ അപഗ്രഥിച്ച് സാധാരണക്കാരന് പരിചയപ്പെടുത്തികറകളഞ്ഞ ഒരു ജീവിത വ്യവസ്ഥിതിയെ പ്രദർശിപ്പിക്കുന്നതിനും രാഷ്ട്രീയ നേതാക്കൾ തങ്ങളുടെ പരിപാടികളെ യുക്തിപൂർവം ബഹുജനങ്ങൾ

ക്കു മനസിലാക്കിക്കൊടുത്ത് അവരെ ആകർഷിക്കുന്നതിനും പ്രസംഗം പ്രധാനപ്പെട്ട ഒരു ഉപാധിയായി സ്വീകരിക്കുന്നത് നാം കാണുന്നു. ഇസ്ലാം മതത്തിന്റെ ചിത്രമെടുത്തു പരിശോധിക്കുമ്പോൾ കിരാതമായ ഒരു ജനസഞ്ചയത്തെ സുന്ദരമായ ഒരു തത്വസംഹിതയിലേക്കു ആകർഷിക്കുവാൻ ആദ്യ കാലം മുതൽക്കു തന്നെ മതപ്രവാചകന്മാരും, പണ്ഡിതന്മാരും, നേതാക്കളും പ്രധാനമായും കാര്യമാത്രപ്രസക്തങ്ങളായ പ്രഭാഷണങ്ങൾ മുഖേന ശ്രമിച്ചിരുന്നുവെന്ന് നമുക്ക് മനസ്സിലാകുന്നു. പ്രവർത്തനക്ഷമത ഉറങ്ങി കിടക്കുന്നവന് ആവേശം പ്രദാനം ചെയ്ത് അവനെ കർമ നിരതനാക്കാനും ഇരുത്തിച്ചിന്തിപ്പിക്കാനും കഴമ്പുറ്റ പ്രസംഗങ്ങൾക്ക് കഴിയുന്നു. മിതമായി പറഞ്ഞാൽ പ്രസംഗത്തിനുള്ള പ്രാധാന്യം നാനാവിധേനയും കനത്തതാണ്.

സഭാകമ്പം

സഭാകമ്പത്താൽ വീർപ്പുമുട്ടിക്കഴിയുന്ന വിദ്യാർത്ഥികൾക്ക് തങ്ങൾക്കറിയാവുന്നതും പറയാൻ കഴിയുന്നതുമായ കാര്യങ്ങൾ ഒരു സദസ്സിനെ അഭിമുഖീകരിച്ച് പ്രകടിപ്പിക്കാൻ സാധിക്കാതെ പോകുന്നു. വായനക്കാരെ ഇരുത്തിച്ചിന്തിപ്പിക്കുകയും ഇളക്കിവിടുകയും ചെയ്യുന്ന ചില ഒന്നാന്തരം എഴുത്തുകാർക്കും പണ്ഡിതന്മാർക്കും പ്രസംഗിക്കാൻ കഴിയാത്തതിന്റെ പിന്നിൽ സഭാകമ്പത്തിന്റെ കറുത്ത കരങ്ങളാണുള്ളത്. വലിയവർക്ക് തന്നെ ചെറുവിഷയങ്ങളെ പുരസ്ക്കരിച്ച് കൊച്ചു സദസ്സുകളിൽ പോലും സംസാരിക്കുമ്പോൾ ദേഹമാകെ തന്നെ വിറ കൊള്ളുന്നത് സഭാകമ്പം മൂലമാണ്. പലരുടെയും ഭാവിയുടെ മുമ്പിൽ ഒരു കീറാമുട്ടിയായി സ്ഥിതി ചെയ്യുന്ന സഭാകമ്പം ദൂരീകരിച്ചാലേ നമ്മുടെ അഭിപ്രായങ്ങൾ എവിടെവച്ചായാലും വെട്ടിത്തുറന്നു പറയാൻ നമുക്ക് കഴിയുകയുള്ളു. അതുകൊണ്ട് നമ്മുടെ ഭാവിയെ നാം കാംക്ഷിക്കുന്നുണ്ടെങ്കിൽ സാഹിത്യ സമാജങ്ങൾ രൂപീകരിച്ച് സജീവമാക്കാൻ പരിശ്രമിക്കുക.

ആശാവഹമായ ശ്രമം

പ്രസംഗസ്ഥലങ്ങളിൽ പങ്കെടുക്കാനും പലരുടെയും വാഗ്ധോരണി കേട്ടാസ്വദിക്കാനും നമുക്ക് ഭാഗ്യം ലഭിക്കാറുണ്ട്. അവരുടെ അനന്യസ്സാധാരണമായി നിർഗ്ഗളിക്കുന്ന ഭാഷാശൈലിയും കഴമ്പുറ്റ അഭിപ്രായപ്രകടനങ്ങളിലും നാം വികാരഭരിതരാകാറുണ്ട്. നമ്മെ ആകർഷിക്കാൻ കഴിയുന്ന അവരും കൊച്ചു സമാജങ്ങളിലും മറ്റും പങ്കെടുത്ത് നേടിയെടുത്തതാണ്

പ്രസ്തുത കഴിവുകൾ എന്ന കാര്യം ഓർമിക്കുക. സാഹിത്യ സമാജങ്ങളിൽ പങ്കെടുത്ത് പരിചയിച്ചാൽ അത്തരം ഒരുന്നത നിലവാരത്തിലേക്ക് ഉയരാൻ നമുക്കും സാധ്യമാണ്.

രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നിരവധി ദറസുകളും മദ്രസ്സകളും ഇന്ന് നമുക്കുണ്ട്. വളരെയധികം അദ്ധ്യേതാക്കൾ പഠനം നടത്തുന്ന പ്രസ്തുത സ്ഥാപനങ്ങളിൽ സാഹിത്യ സമാജങ്ങൾ രൂപീകരിക്കുന്നത് വളരെ നല്ലതാണ്. മതപരമായും മറ്റുമുള്ള ചെറിയ വിഷയങ്ങളെ തിരഞ്ഞെടുത്ത് അവതരിപ്പിച്ച് ചർച്ച ചെയ്യുന്ന പക്ഷം അഭിപ്രായ വിനിമയം ചെയ്യാനും തദ്വാരാ നിരവധി കാര്യങ്ങൾ പുതുതായി പഠിച്ച് ഹൃദിസ്ഥമാക്കാനും നമുക്ക് കഴിയുമെന്നതിൽ സംശയമില്ല. മതപരമായ ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കി പൊതുരംഗത്തിറങ്ങുമ്പോൾ തങ്ങൾക്കറിയാവുന്ന കാര്യങ്ങൾ അറിയാത്തവർക്ക് നൽകാനും അവരെ ധരിപ്പിക്കാനും സാഹിത്യ സമാജങ്ങളിലൂടെ നമുക്കു ലഭിക്കുന്ന പരിചയം മൂലം സാധിക്കുന്നു. അതുകൊണ്ട് ആഴ്ചയിൽ ഒരു ദിവസമെങ്കിലും കുറച്ചു മണിക്കൂറുകൾ സാഹിത്യ സമാജങ്ങൾക്കായി മാറ്റിവെച്ച് സ്വന്തം ഭാവിയെ മെനഞ്ഞെടുക്കുവാൻ നമ്മുടെ ശ്രദ്ധ പതിയേണ്ടതാവശ്യമാണ്. നമുക്ക് തന്നെ ഗുണം സിദ്ധിക്കുന്ന ആ ശ്രമം തികച്ചും ആശാവഹമായിരിക്കും.

ശീലം വളർത്തുക

നമ്മുടെ സമുദായത്തിൽ ഇന്ന് നീറുന്ന നിരവധി അനുഭവങ്ങൾ തലപൊക്കിയിരിക്കുന്നു. ദിനംപ്രതി അഭിപ്രായങ്ങളുടെയും ആചാരങ്ങളുടെയും അലകും പിടിയും മാറ്റി പുതുക്കിയ സിദ്ധാന്തങ്ങളിലേക്ക് ജനങ്ങളെ ചാക്കിട്ടു പിടിക്കാൻ ചില സ്വാർത്ഥികൾ കിണഞ്ഞു പരിശ്രമിക്കുന്ന ഒരു ഘട്ടമാണിത്. അവരുടെ നവീനവാദങ്ങളുടെ പൊള്ളത്തരം തുറന്നു കാണിച്ച്, അറിയാതെ അവരുടെ മാന്ത്രിക വലയിൽ കുടുങ്ങിപ്പോകുന്ന സഹോദരന്മാർക്ക് വെളിച്ചം പ്രദാനം ചെയ്തു കൊണ്ട് നാനാവിധേനയും നമ്മുടെ പണ്ഡിതവര്യർ ഇന്ന് വിജയകരമായി പരിശ്രമിക്കുന്നുണ്ട്. ഒരു പക്ഷെ അടുത്ത ഭാവിയിൽ ആ ഉത്തരവാദിത്വം നമ്മുടെ ചുമലിലേൽക്കേണ്ടിവരുന്നതാണ്. ഇസ്ലാം മതത്തിന്റെ ശത്രുക്കളുടെ - അവരാരായിരുന്നാലും ശരി - നീചോദ്ദേശത്തെ പ്രഭാഷണങ്ങളിലൂടെയും മറ്റും വ്യക്തമാക്കാൻ നമുക്ക് കഴിയണം. ചെറുപ്പ കാലങ്ങളിൽ തന്നെ അതിനുള്ള കരുക്കൾ നമുക്കാരായേണ്ടതുണ്ട്. 'ചെറുപ്പകാലങ്ങളിലുള്ള ശീലം, മറക്കുമോ മാനുഷനുള്ള കാലം' എന്നാണല്ലോ ആപ്തവാക്യം. തന്നിമിത്തം

വിദ്യാഭ്യാസ കാലത്ത് തന്നെ സാഹിത്യ സമാജങ്ങൾ രൂപീകരിക്കാൻ നാം ഉത്സാഹിക്കേണ്ടതാണ്.

എടുത്തുചാട്ടം പാടില്ല

സാഹിത്യ സമാജങ്ങളിൽ ആദ്യമൊക്കെ ചെറിയ വിഷയങ്ങൾ മാത്രം അവതരിപ്പിച്ച് ചർച്ച നടത്തിയാൽ മതി. തുടക്കത്തിൽ തന്നെ എടുത്തുചാടാൻ ശ്രമിക്കുന്നത് അവിവേകവും പരാജയ ലക്ഷണവുമാണ്. സഹപാഠികൾ പ്രസംഗിക്കുകയും ഉപന്യാസങ്ങൾ പാരായണം ചെയ്യുകയും ചെയ്യുമ്പോൾ അവിചാരിതമായി സംഭവിക്കുന്ന തെറ്റുകളെ കുത്തിപ്പൊക്കി അപഹസിക്കുവാൻ മുതിരരുത്. സഭാകമ്പത്തിൽ നിന്ന് മെല്ലെ മുക്തി നേടുമ്പോൾ പരിഹാസത്തിനു പാത്രമാകുന്ന പക്ഷം വീണ്ടും കുഴപ്പത്തിൽ ചാടാൻ ഇടയുണ്ട്. തികഞ്ഞ അച്ചടക്കപാലനം സമാജത്തിന്റെ ദീർഘായുസ്സിന് പ്രധാനമായും ആവശ്യമാണ്. പ്രസംഗിക്കാൻ തീരെ കഴിവില്ലാത്തവർ ഉപന്യാസങ്ങൾ വായിച്ചും എഴുതി ഹൃദിസ്ഥമാക്കിയും ശ്രമിച്ചാൽ വിജയിക്കാനെളുപ്പമുണ്ട്. അതിനും സാധ്യമല്ലെങ്കിൽ സമാജങ്ങളിൽ പങ്കെടുത്ത് പറയുന്ന കാര്യങ്ങളെ ശ്രദ്ധാപൂർവം കേട്ട് മനസ്സിലാക്കേണ്ടതാണ്. ഇടയ്ക്കിടെ ഗാനങ്ങളും ബൈത്തുകളും പരിപാടിയിൽ കൂട്ടിച്ചേർത്താൽ വിദ്യാർഥികൾക്ക് ആ വഴിക്കും തങ്ങളുടെ കലാബോധം പ്രകടിപ്പിക്കാനും ശ്രോതാക്കൾക്ക് ആനന്ദിക്കാനും സന്ദർഭം ലഭിക്കുന്നു. അതു കൊണ്ട് മദ്രസകളിലും മറ്റും സാഹിത്യസമാജങ്ങൾ രൂപീകരിക്കുവാൻ നാം ശ്രദ്ധ പതിപ്പിക്കുക. ആരംഭത്തിൽ നമുക്ക് തെറ്റ് പറ്റിയെന്നുവരാം, സാരമില്ല. കാലക്രമേണ തെറ്റുകളിൽ നിന്നും സുരക്ഷിതരായി, ശ്രോതാക്കളെ പിടിച്ചു കുലുക്കുന്ന ഗംഭീരപ്രഭാഷണങ്ങൾ നമ്മിൽ നിന്ന് തന്നെ ഉണ്ടാവുന്ന കാലം വിദൂരമല്ല. അപ്പോൾ ചെറിയ വിഷയങ്ങൾ തൊട്ട് അഗാധമായ കാര്യങ്ങൾ വരെ തളരാതെ കയ്യാളാൻ നമുക്ക് സാധ്യമാകുന്നതാണ്. സാഹിത്യ സമാജങ്ങളിലൂടെ പരിചയിച്ച് നാമുയരാൻ ശ്രമിക്കുന്ന പക്ഷം അത് നമുക്കും വിശിഷ്യാ ദീനുൽ ഇസ്‌ലാമിനും അഭിമാനിക്കാൻ വക നൽകുന്ന ഒരു നേട്ടമായിരിക്കും. മദ്രസ്സ അധ്യാപകന്മാരുടെയും വിദ്യാർത്ഥികളുടെയും ശ്രദ്ധ ഈ കാര്യത്തിലും അടിയന്തരമായി പതിയുമെന്നു പ്രത്യാശിക്കുന്നു.

●●

സൽസന്താനങ്ങളെ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത

എം. മാവിലാട്ട്

സുന്നി ടൈംസ്, ലക്കം 3
31-Jul-1967

സമുദായത്തിന്റെ അഭംഗുരമായ ആരോഗ്യത്തിനും അഭിവൃദ്ധിക്കും അനസ്യൂതമായ വിജയത്തിനും, പ്രവർത്തനശേഷിയും കാര്യബോധവുമുള്ള യുവാക്കളുടെ ആത്മാർഥമായ സഹകരണവും തളരാത്ത യത്നവും തികച്ചും അത്യന്താപേക്ഷിതമാണ്. മതം അനുശാസിക്കുന്ന നിയമസംഹിതകൾക്ക് തികച്ചും വിധേയരായി പ്രപഞ്ച നാഥനിൽ അടിയുറച്ച് വിശ്വസിച്ച് പതറാത്ത മനക്കരുത്തോടെ കാര്യങ്ങൾ കയ്യാളാൻ കഴിയുന്ന യുവവൃന്ദങ്ങളാൽ പരിപോഷിക്കപ്പെടുന്ന സമുദായം പരാജയ ഭീതി ഒരു കാലത്തും പ്രതീക്ഷിക്കേണ്ടതില്ല. സമുദായ സേവനത്തിലും, പ്രസ്ഥാനങ്ങളുടെ വിജയത്തിലും, യുവാക്കളുടെ അനിവാര്യമായ പങ്കും അവർക്ക് കരഗതമാക്കാൻ കഴിയുന്ന നേട്ടങ്ങളും അന്വേഷിക്കുന്നവർക്ക് ഇസ്ലാമിക ചരിത്രം പരിശോധിച്ചാൽ പലതും ഗ്രഹിക്കാൻ സാദ്ധ്യമാണ്. പൗരാണികകാലത്തെ യുവധീരർ തങ്ങൾ അധ്വാനിച്ചൂട്ടിയെടുത്ത സർവതും പ്രിയപ്പെട്ട ഇസ്ലാം മതത്തിന് കാഴ്ച വെച്ച് ജീവൻപോലും ബലിയർപ്പിക്കാൻ സസന്തോഷം മുന്നോട്ടുവന്ന ത്യാഗസുന്ദരമായ ചരിത്രകഥകൾ രോമാഞ്ചപുളകിതങ്ങളാണ്. ക്ലേശഭൂയിഷ്ഠമായ ഒരെളിയ ജീവിതം മാത്രം നയിച്ച് സേവനത്തിന്റെ വഴിത്താരയിലൂടെ അല്ലാഹുവിന്റെ ആജ്ഞകൾ അക്ഷരംപ്രതി അനുസരിച്ച് നീങ്ങി നിരവധി നേട്ടങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞുപോയ തലമുറകൾ അഹോരാത്രം പ്രയത്നിച്ചിട്ടി

ല്ലായിരുന്നുവെങ്കിൽ സർവരാലും പ്രകീർത്തിക്കപ്പെട്ട നമ്മുടെ സർവോന്നത മതത്തിന്റെ സുന്ദരഭാവി ഇരുളടഞ്ഞു പോകുമായിരുന്നു.

പക്ഷെ, മൺമറഞ്ഞ ആ തലമുറകളുടെ പ്രഭാപൂരം വിതറുന്ന അനുകരണീയങ്ങളായ മാതൃകകൾ പിന്തുടർന്ന് സുശോഭനമായ ഒരു ഭാവിയെ മെനഞ്ഞെടുത്ത് വിജയത്തിൽ നിന്ന് വിജയത്തിലേക്ക് കുതിക്കാനുള്ള അഭിവാഞ്ഛ പുതിയ തലമുറയിൽ അനുദിനം നശിച്ചുകൊണ്ടിരിക്കുന്നു. സമീപകാലത്തു തന്നെ നടന്ന ദുർഗന്ധം വമിക്കുന്ന ചില ദുഷ്പ്രവണതകളുടെയും ചീറ്റുന്ന വാദ കോലാഹങ്ങളുടെയും പെരുപ്പവും, ആധുനിക ചിന്താഗതിയെ പുണർന്ന് പാശ്ചാത്യ സംസ്കാരത്തെ ചുംബിക്കുവാനുള്ള അതിരുകവിഞ്ഞ ആവേശവും അതാണ് നമ്മെ ഓർമിപ്പിക്കുന്നത്. ഇസ്ലാമിന്റെ അഭിവൃദ്ധിക്ക് വേണ്ടി ഒന്നുണരാൻ സമയം കാണാത്ത നിരവധി പേർ ഇസങ്ങളുടെ പുരോഗതിക്കായ് ഉറക്കൊഴിഞ്ഞ് സർവതും ത്യജിക്കുന്നതും, മത നിയമങ്ങളുടെ അതിർവരമ്പുകൾ പോലും ലംഘിക്കുന്നതും ഇന്ന് സർവ സാധാരണമാണ്. ആധുനിക തലമുറയിലെ പ്രശോഭിക്കേണ്ടുന്ന യുവാക്കളുടെ ഹൃദയങ്ങൾ നിരവധി ദുഷ്ചെയ്തികൾ മൂലം ചെളി നിറഞ്ഞ ചതുപ്പുനിലങ്ങളായി രൂപം മാറിയിരിക്കുകയാണ്. "മനുഷ്യ ശരീരത്തിൽ ഒരു മാംസ ഖണ്ഡമുണ്ട്. അത് നന്നായാൽ ശരീരം മുഴുവനും നന്നായി. അത് ദുഷിച്ചാൽ ശരീരം മുഴുവനും ദുഷിച്ചു: അതാണ് ഹൃദയം'' എന്ന പുണ്യവചനം ഇന്നത്തെ യുവഹൃദയങ്ങളെ സംബന്ധിച്ചേടത്തോളം അന്വർത്ഥമായിരിക്കുന്നു.

നാളത്തെ വിദൂരമല്ലാത്ത ഭാവിയിൽ നമ്മുടെ പരിശുദ്ധമതത്തെ അഭിവൃദ്ധിയിൽ നിന്നും അഭിവൃദ്ധിയിലേക്കു നയിച്ച് വിജയത്തിന്റെ സോപാനത്തിലേക്കെത്തിക്കേണ്ട സാരഥികളത്രെ യുവാക്കൾ. അതിമഹത്തായ ആ യജ്ഞം കർത്തവ്യബോധത്തോടുകൂടി പൂർണമാക്കാനുള്ള ഉപാധികൾ ആരായാനും സ്വായത്തമാക്കാനും യുവാക്കൾ നിസ്സംശയം നിർബന്ധിതരാണ്. അത്തരം നല്ലൊരു ബോധം യുവ തലമുറയിൽ മേൽപ്പൊടിക്കു പോലും അവശേഷിച്ചിട്ടിട്ടുണ്ടോ എന്ന കാര്യം ഓർക്കുമ്പോൾ ഹൃദയം നീറുന്നു. അന്യമതങ്ങളിൽ നിന്നും ഇരവൽ വാങ്ങിയ കുപരിഷ്ക്കാരങ്ങളെ അഭിമാനത്തോടു കൂടി സ്വീകരിച്ച്; അതുല്യവും, വർണനാതീതവും മഹത്തേറിയതുമായ ഇസ്ലാമിക സംസ്കാരത്തെ പിഴുതെറിയുന്നത് കാണുമ്പോൾ ആധുനിക തലമുറയുടെ മത സേവനോത്സുകൃത്തിന് ബലമേറിയ അടിത്തറയുണ്ടാകുമോ എന്ന വസ്തുതയും ചിന്തിച്ചുപോവുകയാണ്.

അതിഖേദകരവും പരിതാപകാരവുമായ ഈ ശോചനീയാവസ്ഥയുടെ പിന്നിൽ ചരട് വലിക്കുന്നത് ഒട്ടുമുക്കാൽ ഭാഗവും രക്ഷിതാക്കളുടെ അപകടകരമായ അനാസ്ഥയുടെ കറുത്ത കാര്യങ്ങളാണെന്ന് പറഞ്ഞാൽ തെറ്റായിരിക്കുകയില്ല. ചെറുപ്പ കാലങ്ങളിൽ തന്നെ കുരുന്നു ഹൃദയങ്ങളിൽ രൂപമെടുക്കുന്ന ദുഷ്പ്രവണതകളുടെ കളകളെ വേരോടെ വലിച്ചെറിഞ്ഞ് അവർക്കാവശ്യമായ മതവിദ്യാഭ്യാസം നൽകുക വഴി മതതത്വങ്ങളുമായി പരിചയപ്പെടുത്തി അവരെ ദീനുൽ ഇസ്ലാമിന്റെ മൂശയിൽ വാർത്തെടുക്കേണ്ടുന്ന കർത്തവ്യം നിസ്സംശയം രക്ഷിതാക്കളുടേതാണ്. ''എല്ലാ കുട്ടികളും ജനിക്കുന്നത് ഇസ്ലാമിക പാകതയിലാണ്. പിന്നീട് അവരെ യഹൂദിയാക്കുന്നതും, നസ്രാണിയാക്കുന്നതും, മജൂസിയാക്കുന്നതും അവരുടെ രക്ഷാകർത്താക്കളത്രെ''. അരുമ സന്താനങ്ങളുടെ ഭാവിയെ കടഞ്ഞെടുത്ത് അവരെ ദീനുൽ ഇസ്ലാമിന്റെ സൽപാന്ഥാവിലേക്കു സമാകർഷിച്ച് മത സേവനോൽബുദ്ധരാക്കിത്തീർക്കുന്നതിൽ രക്ഷിതാക്കളുടെ നിർബന്ധോത്തരവാദിത്വം ഈ ഒരൊറ്റ നബിവചനത്തിലൂടെ തന്നെ നമുക്ക് തെളിഞ്ഞു കാണുന്നു. രക്ഷിതാക്കളുടെ-ചിന്തിക്കുന്ന രക്ഷിതാക്കളുടെ-കർത്തവ്യബോധത്തെ തട്ടിയുണർത്തി അവരെ കർമനിരതരാക്കാൻ പ്രസ്തുത വചനം ഒന്ന് മാത്രം മതിയാകുന്നതാണ്. ഇന്നത്തെ യുവഹൃദയങ്ങളെ അപഥസഞ്ചാരത്തിന്ന് കളമൊരുക്കിക്കൊടുക്കുന്നതും അവരെ നാശത്തിൽ നിന്ന് നാശത്തിലേക്കു ഉന്തി നീക്കി മതത്തിൽ നിന്നും വ്യതിചലിക്കാൻ കൂടിയുള്ള ഗതികെട്ട പ്രേരണ നൽകുന്നതും രക്ഷിതാക്കളിൽ തഴച്ചു വളരുന്ന അറ്റമില്ലാത്ത അപകടകരമായ അനാസ്ഥയാണെന്നു പറയാതിരിക്കാൻ നിർവാഹമില്ല. വിശാലമായ പല പ്രവർത്തനങ്ങൾക്കും കടിഞ്ഞാണേന്തി ഭാഗഭാക്കുകളാകേണ്ട യുവാക്കളെ ശോചനീയമായ ആ നിലപാടിൽ നിന്നും അതിജീവിച്ച് സാക്ഷാൽ ഇസ്ലാമിക രീതിയിൽ വളർത്തിയെടുക്കേണ്ട നിർബന്ധകടമ രക്ഷിതാക്കളിൽ ഇന്നും ബാക്കി നിൽക്കുകയാണ്. രക്ഷിതാക്കളുടെയും സന്താനങ്ങളുടെയും ഭാവിയെ മറച്ചു പിടിക്കുന്ന മടിയുടെ മാറാലയെ തട്ടി നീക്കി മതം അനുശാസിക്കുന്ന വിധം നല്ല ശിക്ഷണത്തിലൂടെ സന്താനങ്ങളെ നിയന്ത്രിച്ചു വളർത്താൻ രക്ഷിതാക്കൾ ഇനിയും വിമുഖത കാണിക്കുകയാണെങ്കിൽ അത് തീർച്ചയായും പരിശുദ്ധ മതത്തിന്റെ സുന്ദര ഗാത്രത്തിൽ കഠാരയിറക്കലായിരിക്കും.

മതവിശ്വാസത്തിന്റെ ആവശ്യകത

ഇസ്‌ലാംമതവിശ്വാസികളെ സംബന്ധിച്ചിടത്തോളം അനുപേക്ഷണീയമായ മതവിശ്വാസം സന്താനങ്ങൾക്ക് നൽകുന്നതിൽ രക്ഷിതാക്കളിൽ വലിയൊരു വിഭാഗം ഇന്ന് അനാസ്ഥ കാട്ടുന്നു. ഇന്ന് തങ്ങളുടെ സന്താനങ്ങളിൽ കാണുന്ന സർവവിധ മഹാവ്യാധികളുടെയും മൂലകാരണവും, പാലൂട്ടി വളർത്തിയ തങ്ങളുടെ കരങ്ങളിൽ തന്നെ കടന്നു കടിച്ച് അപമാനത്തിന്റെയും വേദനയുടെയും തീച്ചൂളയിലേക്കു രക്ഷിതാക്കളെ വലിച്ചെറിയുവാൻ സ്വന്തം സന്താനങ്ങൾക്ക് കരളുറപ്പുണ്ടാകുന്നതും മതത്തെ പറ്റിയുള്ള അറിവില്ലായ്മയും നല്ല ശിക്ഷണത്തിന്റെ അഭാവവും ആണെന്ന കാര്യം രക്ഷിതാക്കൾ ഇനിയും മനസിലാക്കിക്കാണുന്നില്ല. നന്നേ ചെറുപ്പത്തിൽ തന്നെ വിദ്യാലയങ്ങളിലേക്ക് സന്താനങ്ങളെ അയക്കുന്നുണ്ടെങ്കിലും പരിശുദ്ധ ഖുർആൻ ഒരു വക പാരായണം ചെയ്യാനുള്ള തുച്ഛമായ അറിവ് സന്താനങ്ങൾക്ക് ലഭിച്ചെന്നു കണ്ടാൽ മതവിദ്യാഭ്യാസം അപ്പടി നിർത്തൽ ചെയ്തു ലൗകികവിജ്ഞാനത്തിലൂടെ സന്താനങ്ങളെ വളർത്തിയെടുക്കാനാണ് പലരും പണിപ്പെടുന്നത്. വല്ല സന്താനങ്ങളും ഭാഗ്യവശാൽ ഈ നിലയിൽ നിന്നും അൽപമൊന്നുയരാൻ അഭിലഷിച്ചാൽ തന്നെ ചില രക്ഷിതാക്കൾ ആവശ്യമുള്ള പ്രോത്സാഹനം നൽകാതെ അവരെ നിരുത്സാഹപ്പെടുത്തുന്നു. മതവിദ്യാഭ്യാസ പഠനോപയുക്തങ്ങളായ പാഠപുസ്തകങ്ങൾ പോലും വാങ്ങി കൊടുക്കാൻ ഒരുക്കമില്ലെന്നു കാണുമ്പോൾ മഹത്തായ ആ വിദ്യാഭ്യാസത്തോടുള്ള അവരുടെ അവജ്ഞ, അവഗണന എന്ത് മാത്രം കഠിനമായിരിക്കും.

''മതപരമായ ഒരു പാഠം പഠിക്കലും നൂറ് റക്അത്ത് സുന്നത്തു നമസ്കാരവും നോക്കുമ്പോൾ മതപരമായ പാഠം പഠിക്കലാണ് ശ്രേഷ്ഠം'' എന്ന നബി വാക്യത്തിന് നേരെ രക്ഷിതാക്കളും സന്താനങ്ങളും ബോധപൂർവം കണ്ണടക്കുകയാണ്. ചൈനയിൽ പോയെങ്കിലും വിദ്യ അഭ്യസിക്കേണമെന്ന് ഉദ്ഘോഷിച്ച മഹാനായ നബിയുടെ അനുയായികളായ നാം അതിൽ നിന്ന് പിന്തിരിയുന്നത് എത്ര മാത്രം പരിഹാസ്യമാണ്. സന്താനങ്ങളുടെ ആത്മീയോൽക്കർഷത്തെ കൂടി കണക്കിലെടുത്ത് അവർക്കാവശ്യമായ മതവിജ്ഞാനം നല്കാൻ രക്ഷിതാക്കൾ ശ്രമിക്കാത്ത പക്ഷം അന്ത്യനാളിൽ "ഞങ്ങൾ ദുർമാർഗികളായി തീർന്നതിനുള്ള മുഴുവൻ ഉത്തരവാദിത്വവും നല്ല ശിക്ഷണം നൽകാത്ത ഞങ്ങളുടെ മാതാപിതാക്കളിലാണെന്ന്'' സന്താനങ്ങൾ അല്ലാഹുവിനോട് പരലോകത്തു വെച്ചു പറയുമ്പോൾ രക്ഷിതാക്കൾക്ക് എന്ത് ഉത്തരമാണ് നല്കാൻ കഴിയുക? മത വി

ദ്യാഭ്യാസത്തിലൂടെ തങ്ങൾക്ക് 'നഷ്ടപ്പെടുന്ന' സമയവും കൂടി ലഭിച്ചാൽ മാത്രമേ ഭൗതിക വിജ്ഞാന സമ്പാദനത്തിന് ശരിയാംവണ്ണം കഴിയുക യുള്ളുവെന്ന സന്താനങ്ങളുടെ തലതിരിഞ്ഞ അബദ്ധവാദം അപ്പടി സ്വീ കരിക്കുന്നവർ നിരവധിയാണ്. ഈ ദുഷിച്ച ചിന്താഗതിയിൽ നിന്ന് സന്താ നങ്ങളെ പിടിച്ചു മാറ്റി ദിനംപ്രതി അവർ ബോധപൂർവം നഷ്ടപ്പെടുത്തുന്ന വിലയേറിയ സമയത്തിന്റെ നേരിയൊരംശമെങ്കിലും നേരായ മാർഗത്തി ലൂടെ വിനിയോഗിക്കാനുള്ള നിർബന്ധ പ്രേരണ അവരിൽ കുത്തി വെ ക്കാൻ രക്ഷിതാക്കൾക്ക് അസാധ്യമാണെങ്കിൽ അവർ രക്ഷിതാക്കൾ എ ന്ന പട്ടത്തിന് യോഗ്യരാണോ? ഈ ചെയ്യുന്നത് രക്ഷിതാക്കളുടെയും സ ന്താനങ്ങളുടെയും വിശിഷ്യാ ഇസ്ലാം മതത്തിന്റെ തന്നെയും അധഃപത നത്തെ മാടി വിളിക്കുകയായിരിക്കും. വിശേഷബുദ്ധിയുള്ള മനുഷ്യനെന്ന് അഭിമാനം കൊള്ളാൻ രക്ഷിതാക്കൾ അർഹരാണോ? ഇനി ഈ പ്രപഞ്ച മാകെ നശ്വരമാണെന്നും ലൗകിക കാര്യങ്ങളിൽ മുഴുകി സുഖലോലുപ ന്മാരായി കഴിയുന്നതാണ് അഭികാമ്യമെന്നും അവർ കരുതുന്നുണ്ടെങ്കിൽ അത് പ്രപഞ്ചനാഥന്റെ കൽപനകൾ ധിക്കരിക്കലല്ലേ?

മുസ്ലിം രാഷ്ട്രങ്ങളുടെ ഇന്നത്തെ സ്ഥിതി

മതവിദ്യാഭ്യാസത്തിന്റെ അഭാവം മൂലം പല രാഷ്ട്രങ്ങളിലും ശ പിക്കപ്പെട്ട പിശാച് മുതലെടുത്തു കഴിഞ്ഞിരിക്കുകയാണ്. ഇസ്ലാമിക സംസ്കാരം പഴഞ്ചനെന്നോതി അവജ്ഞയോടെ മാറ്റിവച്ച് നവീനങ്ങളാ യ ചിന്താഗതികളിലും പരിഷ്ക്കാരങ്ങളിലും അവർ മുഴുകി കഴിയുന്നു. ന മ്മുടെ നാട്ടിലും ആ വിഷക്കാറ്റിന്റെ അപകടകരമായ പകർച്ച അനുഭവ പ്പെട്ടു തുടങ്ങിയിരിക്കുന്നു. ശരീഅത്ത് നിയമങ്ങളുടെ നേരെ വിരൽ ചൂ ണ്ടാൻ പോലും ചില മുസ്ലിം നാമധാരികൾ വളർന്നു കഴിഞ്ഞുവെന്നത് ഒരു പരമാർത്ഥമാണ്. കുടിയും കലയും, വ്യഭിചാരവും, മോഷണവും, നി ശാ ക്ലബ്ബും ഒക്കെ നടത്തുന്നതിലും രൂപീകരിക്കുന്നതിലും മറ്റുമൊക്കെ മുസ്ലിം ചെറുപ്പക്കാരെ മുൻപന്തിയിൽ തന്നെ കാണാമല്ലോ. മതവിദ്യാ ഭ്യാസത്തിന്റെ ബാലപാഠം പോലും ലഭിക്കാത്ത അവർക്ക് എന്ത് ഇസ് ലാം? എന്ത് ഈമാൻ?

പത്തു വയസിനപ്പുറം സന്താനങ്ങൾ നമസ്ക്കാരവിഷയത്തിൽ അലസത കാണിക്കുന്നുവെങ്കിൽ അവരെ അടിച്ച് നമസ്ക്കാരത്തിലേക്കു ശ്രദ്ധ തിരിപ്പിക്കാൻ രക്ഷിതാക്കളോട് ഇസ്ലാം അനുശാസിക്കുന്നു. പ ക്ഷെ രക്ഷിതാക്കൾ ആകട്ടെ നമസ്കാര സമയങ്ങളിൽ പോലും ഭാര്യമാ

രോടും സന്താനങ്ങളോടുമൊപ്പം സിനിമാശാലയിലേക്ക് കുതിക്കുന്നു. ഇ സ്‌ലാം കഠിനമായും നിഷിദ്ധമാക്കിയ ദുരാചാരങ്ങളും സന്താനങ്ങളുടെ മുമ്പിൽ നിന്ന് മടി കൂടാതെ രക്ഷിതാക്കൾ അനുഷ്ഠിച്ചു വരുന്നതിനാൽ അത്തരം ദുരാചാരങ്ങളിലേക്ക് സന്താനങ്ങളും ആകർഷിക്കപ്പെട്ടു പോകു ന്നു. സന്താനങ്ങളിൽ നല്ലൊരു ഭാവിക്ക് രൂപം കൊടുക്കുന്ന ഒട്ടേറെ മദ്ര സ്സകളും ദർസ്സുകളും രക്ഷിതാക്കളുടെ സഹകരണമില്ലായ്മയാൽ അപ്ര ത്യക്ഷമായില്ലെ.

രക്ഷിതാക്കളോട്

സ്നേഹം നിറഞ്ഞ രക്ഷിതാക്കളെ! നിങ്ങളുടെ സന്താനങ്ങൾ ഇ താ അധഃപതനത്തിന്റെ അഗാധതയിലേക്കു ആപതിക്കുന്നു. നിങ്ങൾ സ് നേഹനിധികളാണെങ്കിൽ, ദീനുൽ ഇസ്‌ലാമിനോട് കൂറുള്ളവരാണെങ്കിൽ, വൈകാതെ അവരെ കൈപിടിച്ച് കരകയറ്റുക! സന്താനങ്ങളിൽ പടർന്നു പിടിച്ച ദുരാചാരങ്ങളുടെ മുൾപ്പടർപ്പുകൾ നശിപ്പിച്ച് അവരെ സുന്ദരമാ യൊരു പാതയിലേക്ക് നയിക്കാനുള്ള നിങ്ങളുടെ യത്നം വൈകാതെ, പ തറാതെ ആരംഭിച്ചു തളരാതെ തുടരൂ. എങ്കിൽ നിങ്ങളും നിങ്ങളുടെ സ ന്താനങ്ങളും വിജയിക്കുകയും ദീനുൽ ഇസ്‌ലാമിന് സംഭവിച്ച കോട്ടങ്ങൾ അപ്രത്യക്ഷമാകുകയും ചെയ്യും, അങ്ങിനെ സമുദായത്തിന് വേണ്ടി ഒ ന്നുണർന്നു പ്രവർത്തിക്കാനുള്ള ആവേശം നിങ്ങളിൽ തഴച്ചു വളരുമാറാ കട്ടെ. ആമീൻ.

●●

പുരോഗതി എങ്ങനെ കൈവരുത്താം

എം. മാവിലാട്ട്

സുന്നി ടൈംസ്, ലക്കം 51
11-Jul-1969

ആദ്യപിതാവായ ആദമിൽ നിന്നാരംഭിച്ച് അന്ത്യപ്രവാചക പ്രഭുവിൽ അവസാനിച്ച പരസഹസ്രം പ്രവാചക ശ്രേഷ്ഠന്മാരുടെ പരിലാളനയേറ്റു പ്രശോഭിച്ച പരിശുദ്ധ ദീനുൽഇസ്‌ലാം ഇന്ന് ദരിദ്രയാണ്. യുഗയുഗാന്തരങ്ങളോളം ഒരേ ലക്ഷ്യവും ഒരേ മുദ്രാവാക്യവുമായി ദിഗ്വിജയം നടത്തിയ പരിശുദ്ധമതം ഇന്ന് അഗതിയാണ്. അതുല്യരും അനുകരണീയരുമായ നിരവധി ഭരണസാരഥികളുടെയും പ്രഗത്ഭരും പ്രശസ്തരുമായ നിസ്വാർത്ഥികളും ധീരകേസരികളുമായ ത്യാഗവര്യന്മാരുടെയും നിരന്തര സേവനം മൂലം ധന്യമായ മഹത്തായ മതം ഇന്ന് മന്ദഗതിയിലാണ്.

വിജ്ഞാന ഭാണ്ഡകാരങ്ങളിലേക്കും ചരിത്രശേഖരങ്ങളിലേക്കും ശാസ്ത്രീയ മണ്ഡലങ്ങളിലേക്കും സാംസ്കാരിക കോവിലുകളിലേക്കും കാണപ്പെട്ട നിരവധി സംഭാവനകളർപ്പിച്ച ഒരു സമുദായം അതിന്റെ സുവർണ്ണദശയെ എങ്ങിനെ ത്യജിക്കേണ്ടി വന്നുവെന്ന ചിന്ത ആരെയും അസ്വസ്ഥരാക്കും. മറ്റു സമുദായങ്ങളുടെ ഇന്നത്തെ നിലയും ഒരു കാലത്ത് സർവോന്നതമായിരുന്ന നമ്മുടെ പ്രിയപ്പെട്ട സമുദായത്തിന്റെ ഇന്നത്തെ ശോചനീയാവസ്ഥയും ഒരു താരതമ്യപഠനത്തിന് വിധേയമാക്കിയാൽ നമുക്കുണ്ടായ അധഃപതനത്തിന്റെ അഗാധത അവിടെ കാണാം. അത്രമാത്രം നീണ്ട വൈരുദ്ധ്യങ്ങളും വൈകല്യങ്ങളും ഇന്ന് നമ്മുടെ സംസ്ക്കാരത്തെ മർദ്ദിക്കുകയാണ്. നമ്മുടെ സംസ്കാരത്തിന് ബാധിച്ച നിരവധി തെറ്റുകളുടെയും കുറ്റങ്ങളുടെയും പൂപ്പലുകൾ ചുരണ്ടിനീക്കി കർത്തവ്യത്തിന്റെ മണ്ഡലത്തിലേക്ക് ഏകാഗ്രമായ ശ്രദ്ധയോടും സമഗ്രമായ പരിപാടി

കളോടും അചഞ്ചലമായ ആത്മസ്ഥൈര്യത്തോടും നീങ്ങാൻ നാമൊരുങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്.

ഇസ്‌ലാമിന് സംഭവിച്ച ഈ ദയനീതക്ക് ഒരു പ്രത്യേക വിഭാഗത്തെ കുറ്റം പറയാൻ നിവൃത്തിയില്ല. വിശാലമായി ചിന്തിച്ചാൽ ഇന്ന് ജീവിക്കുന്ന ജനസഹ്രസങ്ങളിൽ അധികപേരും ശിക്ഷാർഹമായ ഈ കുറ്റം സ്വയം ഏറ്റെടുക്കേണ്ടി വരും. ഇസ്‌ലാമിനെ അതിന്റെ ശരിയായ അർത്ഥത്തിൽ മനസിലാക്കി സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നവർ ഇന്ന് അംഗുലീപരിമിതമാണ്. കാലത്തിന്റെ തിരശീലക്കു പിന്നിൽ മറഞ്ഞു കഴിഞ്ഞ പൗരാണികരുടെ കാൽപ്പാടുകളെ ആത്മാർഥമായി പിന്തുടരുന്ന ചുരുക്കം പേരാകട്ടെ ഇന്ന് ഭൂരിപക്ഷത്തിന്റെ ദൃഷ്ടിയിൽ അവഹേളിതരുമാണ്. ബാലചാപല്യത്തിന്റെ പ്രതിനിധികൾ തൊട്ട് വാർദ്ധക്യത്തിലേക്ക് കാലൂന്നിയ പക്വമതികൾ വരെ ഒറ്റയായും സംഘടിതമായും തങ്ങൾ ഉൾകൊള്ളുന്ന മതത്തെ ഒളിഞ്ഞും തെളിഞ്ഞും അലങ്കോലപ്പെടുത്തുന്നു എന്ന് വരുമ്പോൾ ഇസ്‌ലാമിന് അനുഭവിക്കേണ്ടി വരുന്ന തീവ്രമായ പരീക്ഷണഘട്ടത്തെ അപഗ്രഥിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മതത്തിന്റെയും സമുദായത്തിന്റെയും ചൈതന്യം കുടികൊള്ളുന്നത് യുവഹൃദയങ്ങളിലും മത പണ്ഡിതരിലുമാണ്. നിർഭാഗ്യവശാൽ നമ്മുടെ പ്രഗത്ഭരായ പണ്ഡിതന്മാരുടെയും ഊർജ്ജസ്വലരായ യുവഹൃദയങ്ങളുടെയും പ്രത്യുൽപന്നമതിത്വം ഇന്ന് മന്ദീഭവിച്ചിരിക്കുകയാണ്. ഭൗതികാനുഭൂതിയെ മാത്രം സ്വപ്നം കണ്ട് ആദ്ധ്യാത്മിക വിചാരങ്ങളെ വിസ്മരിച്ച് നിദ്രകൊള്ളുന്ന ഒരു വിഭാഗം യുവ മേധാവിത്വത്തിന്റെ നിഷ്ഠൂരകരങ്ങളിലമർന്ന് നമ്മുടെ സമുദായം ഇന്ന് ശ്വാസംമുട്ടുന്നു. മത നിഗമനങ്ങൾക്ക് കടകവിരുദ്ധമായ സ്വാഭിപ്രായങ്ങളുടെയും തെറ്റായ നിഗമനങ്ങളുടെയും വിഷവൃക്ഷത്തിന്റെ തണലിൽ അവരിന്ന് ആശ്വാസം കണ്ടെത്തുന്നു. ഇസ്‌ലാമിന്റെ പുരോഗമന ദശയിൽ തങ്ങളുടെ സമപ്രായക്കാർ അന്ന് അർപ്പിച്ച ത്യാഗങ്ങളുടെയും നേടിയെടുത്ത നേട്ടങ്ങളുടെയും വികാരോജ്വലങ്ങളായ ചരിത്രശകലങ്ങൾ അന്വേഷിച്ച് അനുകരിക്കുന്നതിലുപരി കലാവല്ലഭന്മാരുടെയും രാഷ്ട്രീയ സാർവഭൗമൻമാരുടെയും വീരചരിതങ്ങൾ മനഃപാഠമാക്കുന്നത് അഭികാമ്യമായി അവരിന്ന് കരുതുന്നു. എല്ലാറ്റിനുമുപരി ദുഷിച്ചുനാറുന്ന ചലച്ചിത്ര ലോകത്തിലെ മാദകറാണികളെയും മദനകോമളന്മാരെയും ഭക്തിസമന്വിതം പൂവിട്ടു പൂജിക്കാൻ പോലും അവരിന്നു വ്യഗ്രത കാട്ടുന്നു.

പരിഷ്ക്കാരത്തിന്റെ കാവലാളുകളായ ചില മുസ്‌ലിം നാമധാരി

കളുടെ മനസ്സിന്റെ അന്തപുരങ്ങൾ തുറന്നാൽ വിചിത്രങ്ങളായ യുക്തിവാദങ്ങളും വികാരവിചാരങ്ങളും ദുർഗന്ധം വമിക്കുന്നത് നമുക്കവിടെ കാണാൻ കഴിയും. മതത്തിന്റെ അമൂല്യങ്ങളായ തത്വസംഹിതകൾ നഗ്നമായ, അതിർവരമ്പില്ലാത്ത അവരുടെ അപഥസഞ്ചാരത്തെ നഖശിഖാന്തം എതിർക്കുന്നു. ആ ഒറ്റക്കാരണം കൊണ്ടുതന്നെ ജീവിതസുഖാനുഭൂതിയെ നിലനിർത്താനായി മതനിയമങ്ങൾക്ക് ഭേദഗതി വരുത്താൻ വാദിക്കുകയും സ്വച്ഛന്ദമായ ഒരു വിഹാരവീഥി സൃഷ്ടിക്കാൻ പാടുപെടുകയും ചെയ്യുന്ന യുവഹൃദയങ്ങൾ മതത്തെ ആപാദചൂഡം വെറുക്കുന്നു. അഥവാ അവരുടെ സ്വതന്ത്രമായ നീക്കത്തിൽ മതനിയമങ്ങൾ അവർ ബോധപൂർവം വിസ്മരിക്കുന്നു. ഐഹികമായ പ്രവർത്തനങ്ങളിൽ മാത്രം ഭാഗഭാക്കുകളാകാനും ഒരു അനുയാത്ര വൃന്ദത്തെ തേടിപ്പിടിച്ച് നേതാവായി ചമയാനുമെ ഇന്ന് യുവാക്കൾക്ക് നേരമുള്ളൂ. പരിമിതമായ അവരുടെ സമയം അനാവശ്യമായ കാര്യങ്ങൾക്കായി പാഴാക്കി അവർ സംതൃപ്തരാകുകയാണ്.

യഥാർത്ഥത്തിൽ നമുക്കിന്ന് പണ്ഡിതന്മാരുടെ അഭാവമില്ല. പക്ഷെ അവരുടെ പ്രവർത്തനക്ഷമത ഇന്ന് മന്ദീഭവിച്ചിരിക്കുകയാണ്. തങ്ങളുടെ കഴിവിന്റെ പരമാവധി മതപുരോഗതിക്കും അതിന്റെ ശ്രേയസ്സിനും വേണ്ടി തിരിച്ചു വിടേണ്ടവരാണവർ. നിർഭാഗ്യവശാൽ അനിവാര്യമായ ആ കാര്യം മാറ്റിവെച്ച് സ്വാർത്ഥത്തിന്റെ വിഴുപ്പു ഭാണ്ഡവും പേറി അവരിൽ പലരും സമ്പത്തും സ്ഥാനവും അന്വേഷിച്ചോടുന്നു. മറ്റൊരു വിഭാഗമാകട്ടെ പല പുതിയ അഭിപ്രായങ്ങൾ കണ്ടുപിടിച്ച് പഴയതൊക്കെ ത്യജിച്ച് മതത്തിന്റെ മൗലികതയെ ഛേദിക്കുകയാണ്. ത്യാഗത്തിന്റെയും സഹനത്തിന്റെയും അഗ്നിപരീക്ഷകളെ തരണം ചെയ്തു വളർന്ന, പരിപുഷ്ടമായ പരിശുദ്ധമതത്തിന്റെ വിശാലമായ തത്വസംഹിതകൾ പിന്തുടർന്ന സ്വ സഹോദര മാന്യരായ ചിലർ അത്തരം നിലപാടിൽ നിന്ന് അതീതരാണെന്ന കാര്യം മാത്രമേ നമുക്ക് സമാധാനം നൽകുന്നുള്ളൂ.

അസംതൃപ്തിയും അസമാധാനവും നമ്മുടെ സമുദായത്തെ ഇന്നലട്ടുന്നു. പരസ്പരവിദ്വേഷവും നിസ്സഹകരണവും അതിന്റെ സംഹാരതാണ്ഡവം നടത്തുകയാണ്. പരസ്പരം ദർശിക്കുമ്പോൾ സമാധാനത്തെ അഭിവാദനം ചെയ്യുന്ന അതേ മുസൽമാൻ തന്നെ നൊടിയിടകൊണ്ടു സ്വ സഹോദരനെതിരിൽ കുരിശു യുദ്ധം പ്രഖ്യാപിക്കുന്നു. കുപ്രസിദ്ധമായ ഈ വിരോധാഭാസം മഹത്തായ ഒരു പ്രാർഥനയേയും വിശിഷ്ടമായ ഒരു സംസ്കാരത്തെയും പരസ്യമായി വ്യഭിചരിക്കുന്ന ജുഗുപ്സാവഹമായ ഒ

രു പ്രവണതയാണെന്നതിൽ സന്ദേഹമില്ല. ആധുനിക പരിഷ്ക്കാരത്തിന്റെ മഞ്ഞപ്പിത്തം ബാധിച്ച കണ്ണുകൾ സമുദായമദ്ധ്യേ നാം കാണുന്നു. ന മ്മെ മണ്ണിട്ടുമൂടാൻ ഏകാഗ്രതയോടെ കാത്തിരിക്കുന്ന ഈ മഞ്ഞക്കണ്ണു കൾ അപകടകരം ആണെന്ന നഗ്നമായ പരമാർത്ഥം നാമിനിയെങ്കിലും ഓർക്കുക.

നമ്മുടെ ചുറ്റുപാടുകൾ നമുക്കെതിരാണ്. നമ്മുടെ സംസ്കാര ത്തെ തുരങ്കം വെക്കാനും മതേതരത്വത്തിന്റെ ഈറ്റില്ലം എന്ന് വിശേഷി പ്പിക്കുന്ന ഭാരതത്തിന്റെ മണ്ണിൽ നിന്നും തുടച്ചുനീക്കാനുമുള്ള പ്രവണത കൾ അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ്. ഒരു പിടി വർഗ്ഗീയകോമ രങ്ങളുടെ വിഷം ചീറ്റുന്ന ഹൃദയഭിത്തിക്കുള്ളിൽ രൂപം കൊണ്ട ആ പു തിയ സ്വപ്നങ്ങൾ ഒരിക്കലും സഫലീകൃതമായില്ലെങ്കിലും നമ്മുടെ സുര ക്ഷിതത്വത്തിനു ബലമേറിയ സജ്ജീകരണങ്ങൾ സമ്പാദിക്കേണ്ടതായിട്ടു ണ്ട്. നിശയുടെ നിശബ്ദതയിൽ ആരുമറിയാതെ നടത്തുന്ന കായികാഭ്യാ സങ്ങളെയും വടിപ്പയറ്റുകളെയും അങ്ങനെ തന്നെ അനുകരിക്കണമെന്ന ല്ല ഞാനുദ്ദേശിക്കുന്നത്. മുസ്ലിം സമുദായത്തിന് നേരെ ഏതു ഭാഗത്തു നിന്നായാലും ഉയർന്നുവരുന്ന കുറുവടികൾക്ക് മറുപടി കൊടുക്കാനുള്ള പരിശീലനങ്ങൾ നാം നേടേണ്ടിയിരിക്കുന്നു. ഭാരതം ഒരുപിടി മതഭ്രാന്തൻ മാരുടെ തറവാട്ടുസ്വത്തല്ലെന്നും നമ്മുടെ രാഷ്ട്രത്തിന്റെ വിശാലഭൂമിയിൽ ജീവിക്കാനും മരിക്കാനുമുള്ള മുസൽമാന്റെ അവകാശം അനിഷേദ്ധ്യമാ ണെന്നും രാഷ്ട്രീയവും സാമ്പത്തികവും മറ്റുമായ സ്ഥിരതയ്ക്ക് വിവിധ മ തങ്ങൾ തമ്മിലുള്ള സൗഹൃദ മനോഭാവം അനിവാര്യമാണെന്നും നമുക്ക വരെ മനസിലാക്കിക്കേണ്ടതായിട്ടുണ്ട്.

അഭൂതപൂർവവും ആശാവഹവുമായ ഒരു മേഖല അധ്വാനിച്ചുണ്ടാ ക്കുകയും അധോഗതിയുടെ അവസ്ഥാ വിശേഷം ഇല്ലാതാക്കുകയും ചെ യ്യുകയാണ് ഇന്നത്തെ മുഖ്യമായ മാറ്റാനുള്ള ഒരു ഉപാധി. സമുദായത്തി ന്റെ പുരോഗതിക്ക് കീറാമുട്ടികളായി കാണുന്ന എന്തും തന്നെ തന്ത്രപര മായ രീതിയിൽ നീക്കം ചെയ്യുകയും മുന്നോട്ടു സുഗമമായി ഗമിക്കാനു ള്ള അനുകൂലമായ ഒരു കാലാവസ്ഥയ്ക്ക് രൂപം കൊടുക്കുകയും ചെയ് താൽ അത് ഏറെക്കുറെ ആശാവഹമായിരിക്കും. യുവാക്കളുടെയും പ ണ്ഡിതന്മാരുടെയും അനാസ്ഥ അടുത്ത തലമുറകളെക്കൂടി നശിപ്പിക്കുമെ ന്ന് പരിപൂർണ്ണമായി വിശ്വസിച്ച് എല്ലാം മറന്നുറങ്ങുന്ന ആ ചൈതന്യങ്ങ ളുടെ മേനിയിൽ പ്രവർത്തനശേഷിയുടെ ശുദ്ധജലം തളിച്ച് കർമോൽബു ദ്ധരാക്കുകയാണ് നമുക്കഭികാമ്യം. കഴിഞ്ഞു പോയ 'ഇന്നലെ'കളെ പര

തി നടന്നതുകൊണ്ടോ അസ്തമയത്തിലേക്കു കാലൂന്നിയ 'ഇന്നു'കളെ വീണ്ടും സൃഷ്ടിക്കാൻ വൃഥാ പാടുപെട്ടതുകൊണ്ടോ നമുക്കിനി നേട്ടമില്ല. ഉദയം കൊള്ളേണ്ട 'നാളെ'യെ അക്ഷമരായി കാത്തിരുന്ന് നമ്മുടെ കർത്തവ്യം നൂറുശതമാനവും വിജയീഭവിപ്പിക്കുകയാണ് നമ്മെ സംബന്ധിച്ചിടത്തോളം ഇനി ലാഭകരം. മഹത്തും ബൃഹത്തുമായ ഒരു ജീവിത വ്യവസ്ഥിതിയുൾക്കൊള്ളുന്ന മാതൃകാപരമായ ഒരു സമുദായത്തെ നെയ്തെടുത്ത് ഇസ്ലാമിന്റെ സുന്ദരഗാത്രത്തെ അലങ്കരിക്കുന്ന അഭിമാനാർഹിയായ നെയ്ത്തുകാരനായിരിക്കണം നാമോരോരുത്തരും. ഇഴപൊട്ടുന്ന നിറംമങ്ങുന്ന നിർമാണരീതിയിൽ നിന്നും അതീതരാകാൻ മതനിയമങ്ങളെ അക്ഷരംപ്രതി അനുഷ്ഠിച്ച് ക്ഷമാശീലരായി പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. സർവർക്കും അനുകരണീയവും മാതൃകാപരവുമായ രീതിയിൽ നമ്മുടെ പ്രിയപ്പെട്ട മതം അന്ന് പരിലസിച്ചു. നിർഭാഗ്യവശാൽ ആധുനിക പരിഷ്ക്കാരത്തിന്റെ ഭ്രാന്തുപിടിച്ച ഒരു തലമുറ ആ പഴയ പ്രൗഢിയെ നാമാവശേഷമാക്കുകയാണ്. നശിച്ചുപോയ നമ്മുടെ പ്രഭാവത്തെ വീണ്ടെടുക്കാൻ പ്രതിജ്ഞാബദ്ധരായി ഉണരുകയും നമ്മുടെ കഴിവുകൾ ആ മഹത്തായ കാര്യസാഫല്യത്തിന് വേണ്ടി വിനിയോഗിക്കുകയും ചെയ്താൽ സുനിശ്ചയം വിജയം നമുക്ക് കരഗതമാകും.

●●

റംസാൻ അവസാനിച്ചാലും

സുന്നി ടൈംസ്
Date unknown.

പരമകാരുണികനും കരുണാവാരിധിയുമായ പ്രപഞ്ചനാഥൻ തന്റെ സൃഷ്ടികളിൽ അതുല്യമായ മനുഷ്യവംശത്തിന്ന് സംഭാവന ചെയ്ത മഹത്തായ ഒരാരാധനാക്രമമാണ് വ്രതാനുഷ്ഠാനം. ഇസ്‌ലാമിന്റെ അടിസ്ഥാനപ്രമാണമായ കലിമത്ത് തൗഹീദിൽ അടിയുറച്ചു വിശ്വസിക്കുന്ന ഒരു സത്യാവലംബിക്ക് പ്രഥമവും പ്രധാനവുമായ നമസ്കാരത്തിന് ശേഷം വ്രതാനുഷ്ഠാനമാണ് നിർബന്ധമാക്കപ്പെട്ടിട്ടുള്ളത്. റംസാൻ മാസത്തിന്റെ സമാഗമത്തെ സഹർഷം സ്വാഗതം ചെയ്തുകൊണ്ട് പശ്ചിമാംബരത്തിൽ ചന്ദ്രൻ പ്രത്യക്ഷമാവുന്നതോടെ പരിശുദ്ധവും പ്രധാനവുമായ വ്രതാനുഷ്ഠാനത്തിന്റെ ഉദ്ഘാടനം കുറിക്കുന്നു. അതോടൊപ്പം തന്നെ മുസ്‌ലിംകളുടെ ഹൃദയാന്തരീക്ഷത്തിൽ സാരമായ ഒരു പരിവർത്തനത്തിന്റെ നവോദയം പ്രകടമാകുകയും ചെയ്യുന്നു.

റംസാൻ മുബാറക്ക് മനുഷ്യഹൃദയങ്ങളിൽ രൂപം കൊടുക്കുന്ന പരിവർത്തനങ്ങൾ നിരവധിയാണ്. നീണ്ട പതിനൊന്നു മാസങ്ങളിൽ ലൗകികാനുഭൂതിയെ പരതി നടന്ന മനുഷ്യൻ തന്റെ സർവസ്വവും മാറ്റി വെച്ച് ലോകാധിപന്റെ ആജ്ഞക്കടിമയായി സൽക്കർമങ്ങൾ അന്വേഷിച്ചോടുന്നതായി നാം കാണുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ ആഹാരപാനീയങ്ങൾ ഉപേക്ഷിച്ചും സുഖഭോഗങ്ങളിൽ നിന്നും വികാരവിചാരങ്ങളിൽ നിന്നും അകന്നും അല്ലാഹുവിന്റെ സ്നേഹത്തെ സമ്പാദിക്കാനും അവന്റെ അളവറ്റ പ്രതിഫലം കരഗതമാക്കാനും മനുഷ്യൻ വ്യഗ്രത കാട്ടുന്നു. നീണ്ട നീണ്ട ആരാധനകളിൽ മുഴുകി രാപ്പകൽ ഭേദമന്യേ അല്ലാഹുവുമായി സമ്പർക്കം പുലർത്താനുള്ള ഉൽക്കടമായ ഒരഭിനിവേശം സർവ

സ്ഥലത്തും സംജാതമാകുന്നു. അന്നുവരെ ജനസമ്പർക്കത്തിന്റെ അഭാവത്തിൽ മനംനൊന്തിരുന്ന പള്ളികൾ ഭക്തന്മാരുടെ തിരിച്ചുവരവോടെ ഒരു നവജീവൻ പൂണ്ട് സന്തോഷിക്കുന്നു. ഖുർആൻ സൂക്തങ്ങളുടെയും തക്ബീറുകളുടെയും ദിക്റുകളുടെയും ബാങ്കുവിളികളുടെയും മധുരധ്വനികൾ ഭക്തിനിർഭരമായ ഒരു അന്തരീക്ഷത്തെ ചിത്രീകരിക്കുന്നു. അണിയായി നിരന്നു നിന്നുള്ള നമസ്കാരങ്ങളുടെ വർണ്ണപ്പൊലിമയിൽ മുസ്ലിം ലോകമാകെ രോമാഞ്ചംകൊള്ളുന്നു. പണ്ഡിതൻമാരുടെയും മറ്റും പ്രസംഗങ്ങളുടെയും ഉപദേശങ്ങളുടെയും ചുറ്റുപാടുകൾ മഹത്തായ ഒരു വിജ്ഞാന സദസ്സിന്റെ പ്രതീതിയുളവാക്കുന്നു. ഭക്തിരസ പ്രധാനങ്ങളായ സ്വലാത്തുകളുടെയും ഹൃദയം തുറന്ന പ്രാർത്ഥനയുടെയും അവിരാമമായ അലയൊലികൾ പരിസരത്തെ ആത്മീയതയുടെ അഭൗമമായ ഒരു സാമ്രാജ്യമാക്കി ഉയർത്തുന്നു. അസ്തമയസൂര്യന്റെ അവസാന ഭാഗവും അപ്രത്യക്ഷമാകുമ്പോൾ ആനന്ദതുന്തിലിതവും ഭക്തിനിർഭരവുമായ ഒരു ഹൃദയത്തോടെ അന്നത്തെ വ്രതത്തിന്റെ സമാപനം കുറിക്കുന്നു. എങ്ങും നിറഞ്ഞു നിൽക്കുന്ന സംതൃപ്തി; പരന്നൊഴുകുന്ന പരമാനന്ദം- അൽഹംദുലില്ലാഹ്. പരിശുദ്ധവും പരിപാവനവുമായ ഒരു മാസത്തേയും മഹത്തായ ഒരു അനുഷ്ഠാനകർമത്തെയും ലോകമുസ്ലിംകൾക്ക് സംഭാവന ചെയ്ത ലോകനാഥാ; സർവസ്തുതിയും നിനക്ക് മാത്രം.

വ്രതത്തിന്റെ പ്രാധാന്യം

വ്രതാനുഷ്ഠാനത്തിന്റെ പ്രാധാന്യവും മാഹാത്മ്യവും അവർണ്ണനീയമാണ്. നശിച്ചു മണ്ണടിഞ്ഞിരുന്ന ഒരു ജനസഞ്ചയത്തിന് മഹത്തായ നവോത്ഥാനത്തിന്റെ മാർഗ്ഗം ചൂണ്ടിക്കാട്ടിയ, ലോകം കണ്ടതിൽ വച്ച് മഹാനായ തിരുനബിക്ക്, അമാനുഷികതയുടെ അപാരമായ ശക്തി നിറഞ്ഞുതുളുമ്പുന്ന അല്ലാഹുവിന്റെ സന്ദേശസൂക്തങ്ങളുടെ ക്രോഡീകരണമായ വിശുദ്ധ ഖുർആൻ ശരീഫ് അവതരിക്കപ്പെട്ടത് റംസാൻ മാസത്തിലായിരുന്നുവെന്ന ചരിത്രസത്യം വലിയൊരു പ്രാധാന്യത്തെയാണ് നമുക്ക് അറിവ് നൽകുന്നത്. തന്നിമിത്തം റംസാൻ ദിനങ്ങളിൽ വ്രതമെടുക്കാൻ ഖുർആനിൽ തന്നെ അല്ലാഹു നമ്മെ ഉൽബോധിപ്പിക്കുന്നു. ''ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമളാൻ. അതു കൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ

ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്. ''(വി. ഖുർആൻ)

ദോഷബാധയെ തടുക്കുന്നതിനും അതുവഴി ലോകനാഥനുമായി കൂടുതൽ അടുക്കുന്നതിനും റംസാൻ വ്രതം വലിയൊരു പങ്കു വഹിക്കുന്നു. സുഖേച്ഛകളെ വർജ്ജിച്ച് അല്ലാഹുവിനു വേണ്ടി അവൻ വ്രതമെടുക്കുമ്പോൾ ദുഷ്ചെയ്തികളിൽ നിന്നും അതീതനായി ഹൃദയപരിശുദ്ധിയോടു കൂടി നീങ്ങുവാൻ നാനാവിധേനയും മനുഷ്യൻ ശ്രമിക്കുന്നു. ഇസ്ലാം നിരോധിച്ച ചെറുതും വലുതുമായ സർവകാര്യങ്ങളും തിരസ്ക്കരിച്ച് നിർദേശിച്ച എല്ലാ ഉപദേശങ്ങളും സ്വീകരിച്ച് അവൻ വളരെ ശ്രദ്ധാപൂർവം നീങ്ങുന്നു. ഭക്തിതുന്ദിലമായ ഹൃദയം ആധ്യാത്മിക വിചാര വികാര വീചികളുടെ വിളനിലമാകുന്നത് കൊണ്ട് ശപിക്കപ്പെട്ട പിശാച് ഭയചകിതനായി ഓടിമറയുന്നു.

വിധി വൈപരീത്യം

നിർഭാഗ്യവശാൽ പുരോഗമനാശയത്തിന്റെ മദം പൊട്ടിയ യുവ ഹൃദയങ്ങൾ ഇന്ന് സമുദായത്തിൽ നിറഞ്ഞിരിക്കുന്നു. പരിഷ്കാരത്തിന്റെയും സംസ്കാരത്തിന്റെയും ഉത്തുംഗശൃംഗത്തെ പ്രാപിച്ചെന്ന് ഊറ്റം കൊള്ളുന്ന ഇരുപതാം നൂറ്റാണ്ട് ബീഭത്സകങ്ങളായ നിരവധി ചിന്താഗതികൾക്കും പ്രസ്ഥാനങ്ങൾക്കും ജന്മം കൊടുക്കേണ്ടി വന്നിട്ടുണ്ട്. പഠനാർഹങ്ങളായ അമൂല്യ തത്വസംഹിതകൾ മാനവസമുദായത്തിന്റെ മുമ്പിൽ വിതരണം ചെയ്ത മഹത്തായ ഇസ്ലാമിനെ മുസ്ലിം നാമധാരികൾ തന്നെ നഖശിഖാന്തം എതിർക്കുന്ന ഒരു കാലഘട്ടമാണിത്.

പരലോക ജീവിതസുഖത്തിന്റെ പ്രധാനോപാധികളായ നമസ്കാരാദി കർമങ്ങൾ അവരുടെ ഭാഷയിൽ പഴഞ്ചനാണ്. അത് അനുഷ്ഠിക്കുന്നവർ ബുദ്ധിശൂന്യരാണ്. ഇസ്ലാമികാന്തരീക്ഷത്തിൽ വളരുകയും എന്നാൽ ഇസ്ലാമിക ശിക്ഷണത്തിൽ നിന്ന് പുറത്തു ചാടുകയും ചെയ്ത ഒരു വിഭാഗം ആളുകളത്രെ ഇസ്ലാമിക അധോഗതിയുടെ ചുക്കാൻ പിടിക്കുന്നത്. അന്യമതസ്ഥരുടെ മുമ്പാകെ വ്രതാനുഷ്ഠാനത്തെ അപഹസിക്കാനും പരസ്യമായി ചായക്കടകളിലും മറ്റും അഭയം തേടി ഇസ്ലാമിന്റെ സുന്ദരാദർശത്തെ ഇടിച്ചുതാഴ്ത്താനും ഇക്കൂട്ടർക്ക് മടിയില്ല. ഇസ്ലാമിനെ നാനാവിധേനയും എതിരിടുന്നതിലാണ് ഇവരുടെ സുഖം കുടികൊള്ളുന്നത്. ഇസ്ലാമികാദർശങ്ങളുടെ ഘാതകന്മാരായ ഇക്കൂട്ടരെ കയറൂരി വിടുകയാണെങ്കിൽ അത് ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം ഒരു അപകടകരമായ സ്ഥിതിവിശേഷമായിരിക്കും ഉണ്ടാക്കുക.

ഒരു നോമ്പുകാരന് ലഭിക്കുന്ന സുഖാനുഭവത്തെ അൽപ്പമെങ്കിലും അറിയാനാഗ്രഹം പ്രകടിപ്പിച്ചിരുന്നെങ്കിൽ വൃത്തികെട്ട ഇത്തരം ചിന്തകൾ ഏറെക്കുറെ മാഞ്ഞു പോകുമായിരുന്നു. ''നോമ്പുകാരൻ നോമ്പ് തുറക്കുമ്പോൾ സന്തോഷിക്കുന്നു. അവൻ റബ്ബിനെ ദർശിക്കുമ്പോൾ സന്തോഷിക്കുന്നു. ഇങ്ങനെ അവന്ന് അനുഭവമാകുന്ന രണ്ടു സന്തോഷമുണ്ട്" (ബു. മു.). പ്രസ്തുത നബിവചനം വസ്തുനിഷ്ഠമായി പരിചിന്തനം ചെയ്യുന്ന ആർക്കും നോമ്പ് അനുഷ്ഠിക്കാത്ത ഒരു ഗതികേട് ഭാവനയിൽ കാണാൻ പോലും അസാധ്യമാണ്.

റംസാന് ശേഷം

നാനാപ്രകാരേണവും അതിമഹത്തും ബൃഹത്തുമായ റംസാൻ മാസം നമ്മിൽ നിന്നകലുകയാണ്. നീണ്ട പതിനൊന്നു മാസങ്ങൾക്കു ശേഷം മാത്രമേ അടുത്ത റംസാൻ ആസ്വദിക്കാൻ കഴിയുകയുള്ളു. റംസാനിന് ശേഷം നമ്മുടെ ഭാവി എന്ത്? എന്ന മർമപ്രധാനമായ ചോദ്യം ഇന്ന് നമ്മിലവശേഷിക്കുന്നു. ഒരു മാസത്തെ കഠിനമായ ത്യാഗത്തിന്റെയും മറ്റും അനന്തരഫലമായി നാം കെട്ടിപ്പടുത്ത സൽപ്രവർത്തനങ്ങളുടെ മണിമാളികകൾക്ക് നേരെ കല്ലുകളെറിയാൻ നാം തന്നെ തയ്യാറായാൽ അത് ഏറ്റവും വേദനാജനകമായിരിക്കും. റംസാൻ ആഗതമാകുമ്പോൾ മാത്രം നമസ്കരിക്കുകയും സൽക്കർമങ്ങൾ ചെയ്യുകയും ചെയ്ത് അതിനു ശേഷം നേരെ വിപരീതമായി പ്രവർത്തിക്കുന്നത് മുസൽമാന് ഭൂഷണമല്ല. ഭക്തന്മാരുടെ സാമീപ്യം മൂലം പുളകം കൊണ്ട പള്ളികളെ റംസാന് ശേഷം അടച്ചിടുന്നത് നാം നഖശിഖാന്തം എതിർക്കേണ്ടതാണ്. റംസാനാന്തരം ഖുർആൻ പാരായണം മുതലായ കാര്യങ്ങൾ ആവർത്തിക്കുന്നവർ വളരെ ദുർലഭമായിത്തീരുകയും മനുഷ്യൻ ഊട്ടിയെടുത്ത സഹനവും സാധുജനസംരക്ഷണവും നാമാവശേഷമായി തീരുകയും ചെയ്യുന്നു. റംസാനാന്തരം ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രതിഫലം സിദ്ധിക്കുകയില്ലെന്ന തെറ്റിദ്ധാരണയാണ് ഇതിന്റെ കാരണമെങ്കിൽ അത് നമ്മുടെ അജ്ഞതയെയാണ് കുറിക്കുന്നത്. റംസാനിനു മാത്രമുള്ള നമ്മുടെ ആരംഭശൂരത്വത്തിന്റെ തെളിവാണതെങ്കിൽ നമ്മുടെ ആരാധനകളുടെ ആത്മാർഥത എത്രമാത്രം തുച്ഛമായിരിക്കും.

പെട്ടെന്നൊരു പെരുന്നാളാഘോഷം

മാനസിക പരിവർത്തനത്തിനു വിധേയരായ പലരും സൽക്കർമ

ങ്ങളുടെ മഹത്തായ തുടക്കം കുറിച്ചത് പള്ളിയിലെത്തി നമസ്കാരാദി കർമങ്ങളിൽ പങ്കെടുത്തു കൊണ്ടായിരുന്നുവെങ്കിൽ അവരിൽ ചിലർ ദുഷ്പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടത്തുന്നത് പരിശുദ്ധ ഈദുൽ ഫിത്ർ ദിനം സിനിമ തീയേറ്ററിൽ പോയിട്ടാണ്. അതോടു കൂടി അവന്റെ നമസ്കാരം നിൽക്കുന്നു. മറ്റു സൽപ്രവർത്തനങ്ങൾ സ്തംഭിക്കുന്നു. അടുത്ത റംസാനിൽ ചെയ്ത തെറ്റുകൾക്ക് പ്രായശ്ചിത്തം ചെയ്തുകൊണ്ട് പുതിയൊരു ജീവിതം നയിക്കാമെന്നാണ് ഈ വിഡ്ഢികളുടെ സ്വപ്നമെങ്കിൽ വിവരക്കേടിന്റെ മറ്റൊരുദാഹരണമാണത്. മനുഷ്യജീവിതം നശ്വരമാണെന്നും മിനിറ്റുകൾക്കുള്ളിൽ ഹൃദയത്തിന്റെ ചലനം നിലച്ചുപോകുന്നുവെന്നുമുള്ള പരമാർത്ഥം ആർക്കാണ് വിസ്മരിക്കാൻ കഴിയുക?

പ്രിയപ്പെട്ട മുസ്ലിം നാമധാരികളെ, നിങ്ങൾ ഒന്നുണരൂ. നിങ്ങളുടെ ഹൃദയാന്തരീക്ഷത്തിൽ പടർന്നു പിടിച്ച മതവിരോധത്തിന്റെ മാറാലയെ തട്ടിനീക്കി ഇസ്ലാം അനുശാസിച്ച പന്ഥാവിലൂടെ മാത്രം നിങ്ങൾ നീങ്ങു. ഇസ്ലാമിനെ പറ്റിയുള്ള ധാരാളം അമുസ്ലിം ചിന്തകന്മാരുടെയും പ്രതിഭാശാലികളുടെയും അഭിപ്രായശകലങ്ങൾ ചരിത്രത്തിന്റെ ഏടുകളിൽ മായാതെ കിടപ്പുണ്ട്. ഏതെങ്കിലും ഒന്ന് മനസിലാക്കാനുള്ള സന്മനസ്സു നിങ്ങൾ പ്രകടിപ്പിക്കുമെന്നു വിശ്വസിക്കട്ടെയോ? വ്രതത്തെ പറ്റി ഒരു മഹാന്റെ അഭിപ്രായം ചുവടെ എഴുതുന്നത് സന്ദർഭോചിതമാകുമല്ലോ.... ''നിർബന്ധമായ വ്രതാനുഷ്ഠാനമാണ് ഇസ്ലാമിന്റെ മറ്റൊരു നേട്ടം. ഇസ്ലാം ശാരീരിക സുഖത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്നു പറയുന്നവർ വിശപ്പുകൊണ്ട് ക്ഷീണിക്കുന്ന റംസാൻ മാസത്തെ ഒന്നനുഭവിച്ചറിയട്ടെ'' എന്നാണ് ഡേവിഡ് എ. കേയ് ഉപദേശിക്കുന്നത്.

നമ്മെ ഇസ്ലാമികപാതയിൽ ജനിപ്പിച്ചുവെന്നതും, ഇസ്ലാമികാദർശങ്ങളിലൂടെ വളർന്ന അനുഷ്ഠാന കർമാദികളെ കൈക്കൊണ്ടു ജീവിക്കാൻ നമുക്ക് ഭാഗ്യമുണ്ടാവുക എന്നതും അഖിലലോക നാഥൻ നമുക്ക് തന്ന മഹത്തായ ഒരനുഗ്രഹമാണ്. ആ കാര്യം ഒന്ന് കൊണ്ട് മാത്രം നാമവനോട് നന്ദി പ്രദർശിപ്പിച്ച് അവന്റെ സ്നേഹം സമ്പാദിക്കാനുള്ള മാർഗം അവലംബിക്കുകയാണ് ചെയ്യേണ്ടത്. ഈ റംസാനിൽ നമ്മിൽ പലരും അവന്റെ കൽപനകളെ മാനിച്ച് ജീവിച്ചു. റംസാന് ശേഷവും അത് നഷ്ടപ്പെടുത്താതെ മുന്നേറാനുള്ള ചുറ്റുപാടുകൾ സൃഷ്ടിക്കുവാൻ നാം അക്ഷീണം പരിശ്രമിക്കുക. ഈ പ്രക്രിയ തുടർന്ന് പോയാൽ സുശോഭനമായ ഒരു ഭാവിയിൽ നാം എത്തിച്ചേരുകയും തദ്വാരാ പരലോകസുഖത്തിന്റെ അനശ്വരമായ മാധുര്യം അനുഭവിക്കാനുള്ള സൗഭാഗ്യം നമുക്കുണ്ടാകുകയും ചെയ്യും.

●●

മുസ്‌ലിംകൾ ആരെയാണ് പിൻപറ്റേണ്ടത്?

എം. മാവിലാട്ട്

സുന്നി ടൈംസ്, ലക്കം 38
28-Dec-1973

ശഹാദത്തിന്റെ രണ്ടാഴ്ച മുമ്പ് പ്രസിദ്ധീകരിച്ച മാവിലാട്ടിന്റെ അവസാനത്തെ ലേഖനം. മുൻ ലേഖനങ്ങളിൽ നിന്ന് വ്യത്യസ്തമായി വിട്ടുവീഴ്ചകളില്ലാത്ത, അതിരുകളില്ലാത്ത ഈമാനിക ആവേശവും ആദർശപ്രഖ്യാപനവും ഈ ലേഖനത്തിൽ കാണാം. അവസാന ഖണ്ഡികയിൽ ഈ സമുദായത്തോട് മാവിലാട്ട് എന്തോ പ്രതീക്ഷിച്ചിട്ടെന്നപോലെ നടത്തിയ ആഹ്വാനവും കാണാം. -എഡിറ്റർ

"**കു**രങ്ങിന്റെ കൈകളിൽ പൂമാല കൊടുക്കരുത്", മലയാള ഭാഷയിൽ അങ്ങനെ ഒരു ചൊല്ലുണ്ട്. സൗന്ദര്യവും സൗരഭ്യവും സമഞ്ജസമായി സമ്മേളിക്കുന്ന ഒരു പൂമാലയെ അതർഹിക്കുന്നവിധത്തിൽ ആസ്വദിക്കാനും, സംരക്ഷിക്കാനുമുള്ള പക്വതയും വിവേകവുമൊന്നും കുരങ്ങിനില്ല. അതിനാൽ തന്റെ കൈകളിൽ അത്തരമൊരു സാധനം വന്നുപെട്ടാൽ തിരിച്ചും മറിച്ചും ഒന്നാവർത്തിച്ചു നോക്കി സ്വാഭാവികമായും കുരങ്ങൻ കശക്കിയെറിയുന്നു. ഇതാർക്കുമറിയാവുന്ന ഒരു വസ്തുതയാണ്.

പരിശുദ്ധ ഇസ്‌ലാം മതം ഒരു പൂമാലയോടുപമിക്കുക. പ്രപഞ്ചനാഥന്റെ നിർദ്ദേശാനുസരണം ഒന്നേകാൽ ലക്ഷത്തോളം പ്രവാചക പുംഗവന്മാർ വളരെ സൂക്ഷ്മതയോടു കൂടി ഒരു രത്നചരടിൽ നിരവധി സുന്ദര തത്വസംഹിതകളാകുന്ന കുസുമങ്ങളാൽ കോർത്തിണക്കിയ അമൂല്യമായ പൂമാല. ഓരോ മുസൽമാനും ആവേശത്തോടെ മുകർന്ന് ആദരവോടെ കാത്തു സൂക്ഷിക്കേണ്ടതാണ് ഈ പൂമാല പക്ഷെ, ഇന്ന് ആധുനിക

മർക്കടവീരന്മാരുടെ പരുപരുത്ത കൈകളാൽ കശക്കിയെറിയപ്പെടുകയാണ്. പരിശുദ്ധ ശരീഅത്തിനെതിരെ ചിലർ കുരച്ചുചാടുന്നതും വിശുദ്ധ ഖുർആനിന്റെ അമാനുഷികതയിലും അവതരണത്തിലുമൊക്കെ മായം കലർത്തിയതും എന്തോ തകരാറുകൊണ്ട് അധഃപതനത്തിന്റെ അഗാധതയിൽ എത്തിച്ചേർന്ന ഷെയ്ക്ക് അബ്ദുള്ള പോലുള്ളവരുടെ ഗിരിപ്രഭാഷണങ്ങളുമൊക്കെ ഇക്കാര്യത്തിന് ഉപോൽബലകങ്ങളായ തെളിവുകളാണ്. (മുസ്‌ലിം എഡ്യൂക്കേഷണൽ കോൺഫെറെൻസിന്റെ ആഭിമുഖ്യത്തിൽ പാറ്റ്നയിൽ വച്ച് ചേർന്ന ഒരു പൊതുയോഗത്തിൽ ആരുടെയോ പ്രീതി സമ്പാദിക്കാൻ വേണ്ടി ചരിത്രസത്യങ്ങൾ ബോധപൂർവം വിസ്മരിച്ചുകൊണ്ട് ഈയ്യിടെ കോലംകെട്ടിയിറങ്ങുന്ന മി. ഷെയ്ഖ് അബ്ദുല്ല ചെയ്ത പ്രസംഗം 23-11-73 ന്റെ "ഗംഗാർ" വാരികയെ ഉദ്ധരിച്ചുകൊണ്ട് 2-12-73-ാം തിയ്യതിയിലെ ചന്ദ്രിക പത്രം റിപ്പോർട്ട് ചെയ്യുകയുണ്ടായി. രാമകൃഷ്ണന്മാരുടെയും ഗുരു നാനാക്കിന്റെയും രാജ്യത്ത് താമസിക്കുന്നിടത്തോളം കാലം മുസ്‌ലിംകൾ അവരുടെ കാൽപ്പാടുകൾ പിൻപറ്റേണ്ടതാണെന്നും അവരുടെ മാതൃകകളിൽ നിന്നും പാഠം പഠിക്കേണ്ടതാണെന്നും ഷെയ്ക്കുപദേശിച്ചുപോൽ! മുഹമ്മദ് നബി (സ) യെയും ശ്രീകൃഷ്ണനെയും താരതമ്യപ്പെടുത്തിക്കൊണ്ടുള്ള ഒരു പഠനവും ഷെയ്ഖ് നടത്തിക്കളഞ്ഞുവത്രേ. തന്റെ ആഗ്രഹത്തിനനുസരിച്ച് പെൺകുട്ടികളെ സ്റ്റേജിൽ വരുത്തി അവർ ഭൂമാതാവിനെ വന്ദിച്ചു കൊണ്ടു വന്ദേമാതര ഗാനം നീട്ടി ആലപിച്ചപ്പോൾ ആ ഗാനമാധുരിയിലലിഞ്ഞ് അദ്ദേഹം അതീവ സന്തുഷ്ടനായെന്നും പത്രം ചൂണ്ടിക്കാട്ടുകയുണ്ടായി.

കുറച്ചു കാലങ്ങൾക്കു മുൻപ് കയ്പ്പും ദുഃസ്വാദുമുള്ള ഔഷധങ്ങൾ അതിന്റെ സ്വതസിദ്ധമായ രുചി സഹിച്ചു കൊണ്ട് തന്നെ സേവിക്കേണ്ടുന്ന ഒരു വിഷമസ്ഥിതി രോഗികൾക്കുണ്ടായിരുന്നു. അത് കൊണ്ട് തന്നെ ഔഷധസേവ നടത്താൻ വിമുഖത കാട്ടിയവരുമുണ്ടായിരുന്നു. ഇന്ന് ആധുനികശാസ്ത്രത്തിന്റെ പുരോഗതിക്കനുസരിച്ച് മാറ്റങ്ങൾ വന്നിരിക്കുകയാണ്. എത്ര തന്നെ അരുചിയും കയ്പു രസവുമുള്ള ഔഷധങ്ങൾ ക്യാപ്സ്യൂൾ (Capsule) രൂപത്തിലും മധുരം പൊതിഞ്ഞ ഗുളികയായും രുചിപ്രദമായ എസ്സെൻസുകൾ ചേർത്ത ദ്രാവകങ്ങളായും ഇന്ന് ലഭിക്കുന്നത് കൊണ്ട് അനായാസേന കഴിക്കാൻ കഴിയുന്നു. അതുകൊണ്ടു തന്നെ ഇന്ന് രോഗികൾ മരുന്ന് ഇഷ്ടപ്പെടുകയും ചെയ്യുന്നു. ആധുനിക മത സേവകന്മാരും(?) ഇത്തരത്തിലാണ് തങ്ങളുടെ വാദങ്ങൾ ബഹുജനസമക്ഷം സമർപ്പിക്കുന്നത്. ഇസ്‌ലാം ആന്റ് മോഡേൺ ഏജ് സൊസൈറ്റി

പോലുള്ള, കേൾക്കുമ്പോൾ തന്നെ ഓമനത്വം തോന്നുന്ന ഇത്തരം ലേബലുകളിൽ പൊതിഞ്ഞാണ് ഒരു മുസ്‌ലിം ഓർക്കാൻ പോലും അനുവദനീയമല്ലാത്ത, ഒരുപക്ഷെ ഇസ്‌ലാമികവൃത്തത്തിൽ നിന്ന് പുറത്തുപോകുന്ന തരത്തിലുള്ള അപകടകരമായ വാദങ്ങൾ അവർ കമ്പോളത്തിലിറക്കുന്നത്, മിന്നുന്നതെല്ലാം പൊന്നാണെന്ന് ഒറ്റ നോട്ടത്തിൽ ധരിച്ചു പോയ പാവം മനുഷ്യൻ ഇതൊക്കെ ഉത്തമ സേവനങ്ങളാണെന്ന് മനസിലാക്കി 'തറവാട് കുളം തോണ്ടുന്ന' ഈ വിരുതന്മാർക്ക് സിന്ദാബാദ് മുഴക്കാൻ ഓടുകയാണ്. പ്രഥമദൃഷ്ട്യാ ആസ്വാദ്യത കാണുന്ന ജനങ്ങളെ വഞ്ചിക്കാൻ വേണ്ടി പുറമെ മാത്രം പൊതിഞ്ഞ ഈ ആകർഷീയ മറകൾ കാലാന്തരത്തിൽ തങ്ങളുടെ കപടോദ്ദേശ്യവുമായി പരസ്യമായി രംഗത്തിറങ്ങാനുള്ള റിഹേഴ്സലുകളാണ് ഈയിടെയായി ഒളിഞ്ഞും തെളിഞ്ഞും നടത്തുന്ന പ്രവർത്തനങ്ങളും, പ്രസംഗങ്ങളുമൊക്കെ. പഞ്ചസാരയിൽ പൊതിഞ്ഞ ഈ കാളകൂട വിഷം സേവിക്കാൻ തിടുക്കം കൂട്ടുന്ന മനുഷ്യൻ അറിയുന്നില്ല, നമ്മുടെ സംസ്കാരത്തെയും സ്ഥായിയായ നിലനിൽപിനെയും കാർന്നുതിന്നുന്ന അർബുദാണുക്കളെയാണ് തങ്ങൾ ഉൾകൊള്ളുന്നതെന്ന പരമാർത്ഥം.

മിസ്റ്റർ ഷെയ്ക്കിനോട് ഒന്ന് മാത്രം പറയട്ടെ, ഞങ്ങൾ-എന്ന് പറഞ്ഞാൽ മുസ്‌ലിംകൾ- ജീവിക്കുന്നത് അവർക്കു ജന്മംനൽകിയ രാജ്യത്താണ്. സർവലോക രക്ഷിതാവ് അവർക്കു നൽകിയ ഭൂമിയിലാണ്. അവർക്ക് പിൻപറ്റാനും മാതൃകയായി സ്വീകരിക്കാനും അന്യമതക്കാരുടെ കാൽപ്പാടുകൾ പരതി നടക്കേണ്ട ആവശ്യമില്ല. ഇസ്‌ലാമിക ചരിത്രത്തിൽ പ്രഭാപൂരം പൊഴിക്കുന്ന തുല്യതയില്ലാത്ത ഒരു പരിവർത്തനം ലോകത്താകമാനം സംഭാവന നൽകിയ പ്രവാചക പുംഗവന്മാരുടെയും അനുകരണീയവും ഉദ്വേഗജനകങ്ങളുമായ നിരവധി അധ്യായങ്ങൾ മെനഞ്ഞെടുത്ത ധീര സഹാബിവര്യരുടെയും മറ്റു മഹാത്മാക്കളുടെയും ചര്യകൾ, മാർഗ്ഗങ്ങൾ, പാരാവാരം പോലെ ഞങ്ങളുടെ മുമ്പിൽ നീണ്ടുകിടക്കുകയാണ്, മറ്റാർക്കും അവകാശപ്പെടാൻ സാധ്യമല്ലാത്ത പ്രപഞ്ചനാഥന്റെതായ ഉന്നത സംസ്കാരവും സർവാദരണീയമായ കർമ പരിപാടികളും, സമുജ്ജ്വലങ്ങളായ സിദ്ധാന്തങ്ങളും സ്വന്തമായുള്ള മുസ്‌ലിംകൾക്ക് മറ്റിതര സംസ്കാരങ്ങളെ, മാതൃകകളെ ഗവേഷണം നടത്തി സ്വായത്തമാക്കേണ്ടുന്ന ഒരാവശ്യവും ഇല്ല. മിസ്റ്റർ ഷെയ്ഖ്, ഞങ്ങൾ മുസ്‌ലിംകളാണ്. കറകളഞ്ഞ മുസ്‌ലിംകൾ. ലോകത്തെമ്പാടും ഏകദൈവവിശ്വാസത്തിന്റെ പ്രകാശദീപ്തികൾ വാരിവിതറി നിരവധി കൊല കൊമ്പന്മാരെയും സന്നിഗ്ദ്ധഘട്ട

ങ്ങളെയും തളരാത്ത ആത്മവീര്യത്തോടെ നേരിട്ട് പരിശുദ്ധ ഇസ്‌ലാം പൂർത്തീകരിച്ചവതരിപ്പിച്ച മഹാനായ അന്ത്യനബിയുടെ അനുയായികളാണ് ഞങ്ങൾ. മുഹമ്മദ് നബിയുടെ ചരിത്രം ഞങ്ങൾക്ക് വ്യക്തമായറിയാം. കൂട്ടത്തിൽ ശ്രീകൃഷ്ണന്റെയും. ആ രണ്ടു ജീവിതചരിത്രത്തെയും അപഗ്രഥിച്ച് ഒരു താരതമ്യപഠനം നടത്തി താങ്കൾക്ക് മറുപടി നൽകുന്നത് ഇതരമത സഹോദരന്മാരുടെ വികാരത്തെ മാനിക്കുന്നത് കൊണ്ട് ഭൂഷണമാണെന്നു തോന്നുന്നില്ല. ഒരു കാര്യം തറപ്പിച്ചും ഉറപ്പിച്ചും പറയട്ടെ, താങ്കളുടെ ഉപദേശം അംഗീകരിക്കാനും വന്ദേമാതരത്തിന്റെ ഈരടികൾ ആലപിച്ച് അതിൽ ലയിക്കാനും ഞങ്ങൾക്ക് മനസില്ല. താങ്കൾ ഇതൊക്കെ ചെയ്യുന്നതിൽ ഞങ്ങൾ പരാതിപ്പെടുന്നില്ല. പക്ഷെ ഇസ്‌ലാമിനെപ്പറ്റി ഒരു ചുക്കും പഠിക്കാതെ ഇസ്‌ലാമിക വൃത്തത്തിൽ നിന്നുകൊണ്ടുള്ള ഈ ഓരിയിടൽ താങ്കൾ നിർത്തുകതന്നെ വേണം. കാശ്മീരിലെ സിംഹമായ താങ്കൾ വാർദ്ധക്യകാലത്ത് കുറ്റിക്കാടുകളിൽ അർധരാത്രി ഓരിയിടുന്ന കുറുനരിയായി അധഃപതിക്കരുത്. നിരവധി 'അബൂ ജഹലുകൾ' ഈ സമുദായത്തെ നശിപ്പിക്കാൻ പരിശ്രമിച്ച് പരാജയമടഞ്ഞപ്പോൾ ഈ സമുദായത്തിൽ നിന്ന് തന്നെ അത്തരത്തിലുള്ള പുതിയ പതിപ്പുകൾ ഇറക്കി പരീക്ഷിക്കാൻ രംഗത്തിറങ്ങിയവരുടെ പ്രേരണയിൽ, വാഗ്ദാനങ്ങളിൽ ആവേശം പൂണ്ട് എന്തു വേഷവും കെട്ടുന്നത് താങ്കൾക്ക് ഭൂഷണമല്ല. ഞങ്ങൾക്കതു സ്വീകാര്യവുമല്ല. താങ്കൾ മധോക്കല്ല, വാജ്പേയിയല്ല, താങ്കൾ ഷെയ്ക്ക് അബ്ദുള്ളയാണ്. അതുകൊണ്ടു തന്നെ വിനയപൂർവം വേദനയോടെ അവസാനം ഒന്ന് മാത്രം പറയട്ടെ- മരണത്തിലേക്ക് കാലും നീട്ടിയിരിക്കുന്ന ഈ വാർധക്യകാലത്ത് പാവപ്പെട്ട ഈ സമുദായത്തെ വേദനിപ്പിക്കാൻ വരരുതേ.

കള്ളനെ പിടിക്കാൻ ഓടുന്നവരുടെ മുമ്പിൽ നിന്ന്കൊണ്ട് തന്നെ അതാ പോകുന്നു കള്ളൻ എന്ന് ആർത്തുവിളിച്ച് കള്ളനെ രക്ഷപ്പെടുത്തുന്ന ചിലരെ കാണാം. അപ്രകാരം സമുദായം അപകടത്തിൽ എന്ന് പറഞ്ഞ് സമുദായത്തെ ദ്രോഹിക്കുന്നവരും ഉണ്ടാകാം. വിദ്യാഭ്യാസപ്രചരണവും സമുദായോദ്ധാരണവും നല്ലത് തന്നെ. നാടിന്റെ നാനാഭാഗങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളും ആതുരാലയങ്ങളും അനാഥമന്ദിരങ്ങളും ഉയർന്നു വരുന്നത് ആശാവഹമാണ്. അത്തരം സ്ഥാപനങ്ങൾ ഇസ്‌ലാമിന്റെ തനത് സംസ്കാരം പ്രതിഫലിപ്പിക്കുന്നു എന്നത് ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. പക്ഷേ ഒരു പിടി കപടവാദങ്ങളുടെയും പൊള്ളയായ ആദർശങ്ങളുടെയും തിരുപ്പുറപ്പാടിന് ചൂട്ടുപിടിക്കുകയാണ് അത്തരം പ്രവർ

ത്തനങ്ങൾ കൊണ്ടുദ്ദേശിക്കുന്നതെങ്കിൽ സമുദായത്തിന് അപകടമേ പ്രതീക്ഷിക്കാൻ നിർവാഹമുള്ളൂ. ഇസ്‌ലാമിന്റെ ശരീഅത്ത് നിയമങ്ങളുടെയും സനാതന സംസ്കാരത്തിന്റെയും നേരെ ഇളിച്ചു കാട്ടുന്ന തിരുത്തൽവാദത്തിന്റെ പിശാചുക്കൾക്ക് കയറിയൊളിക്കാനുള്ള സങ്കേതമായി അത്തരം സ്ഥാപനങ്ങൾ അധഃപതിച്ചാൽ സമുദായത്തിനേൽക്കേണ്ടി വരുന്ന പോറലുകൾ ഗുരുതരമായിരിക്കും. കുളിപ്പിച്ച് കുളിപ്പിച്ച് കുട്ടിയെ കൊല്ലുമെന്ന് പറഞ്ഞതുപോലെ സേവിച്ച് സേവിച്ച് സമുദായത്തെ ഒന്നടങ്കം വിഴുങ്ങി സേവിക്കാനുള്ള പ്രവണത എന്തൊക്കെ കാര്യങ്ങളുടെയും നേട്ടങ്ങളുടെയും പട്ടികയുണ്ടാക്കി ഉയർത്തിപ്പിടിച്ചാലും അംഗീകരിച്ചുകൊടുക്കാൻ നിർവാഹമില്ല തന്നെ.

എല്ലാ നവീനാശയങ്ങളുടെയും മുമ്പിലോ പിമ്പിലോ മതപണ്ഡിതന്മാരുണ്ട്. മതനിയമങ്ങളെ ആധാരമാക്കി അപഗ്രഥിക്കാനും വിധിയെഴുതാനുള്ള അധികാരവും കഴിവും ഇവർ അവകാശപ്പെടുന്നു. ഇസ്‌ലാമിന്റെ തനതായ രൂപവും ഭാവവും അതിന്റെ അമാനുഷികത്വവും വിസ്തരിച്ച് ഗിരിപ്രഭാഷണം നടത്തുന്ന അതേ അവസരം തന്നെ ആധുനിക വാദത്തിന്റെ സത്വങ്ങൾക്ക് ദാസ്യവേല ചെയ്യാനും അവരുടെ വിഴുപ്പലക്കാനുമുള്ള തൊലിക്കട്ടി ഇവർ പ്രദർശിപ്പിക്കാറുണ്ട്. ഒരു പൊതു സ്റ്റേജിൽ വെച്ച് ഒരു ധിക്കാരി വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ വചനമെന്നതിനെ ചോദ്യം ചെയ്തപ്പോൾ തലയാട്ടി അത് അംഗീകരിക്കാൻ ഒരു മുസ്‌ലിം നാമധാരിയുമുണ്ടായിരുന്നുവെന്ന വസ്തുത അതാണ് തെളിയിക്കുന്നത്. ഖുർആൻ സൂക്തങ്ങളിലും ഹദീസുകളിലും മായം കലർത്തി പുതിയ ആവശ്യങ്ങൾക്കനുസരിച്ച് അവയെ പാകപ്പെടുത്തുകയെന്ന ഹിമാലയൻ സേവനമാണ് ഇവർ ചെയ്തുകൊടുക്കുന്നത്. അവർ അറിവുള്ളവരാണ്, അവർ വിശ്വാസികളാണ്, അതുകൊണ്ട് അവരുടെ നിഗമനങ്ങളും മറ്റും ശരിയായിരിക്കില്ലേ എന്ന ചോദ്യം ആവർത്തിക്കുന്നവർ ചരിത്രത്തിനു നേരെ കണ്ണടക്കുകയാണ്. ഒരു കാലത്ത് അല്ലാഹുവിന്റെ വിനീത ദാസനും വിജ്ഞാനിയുമായിരുന്ന ഇബ്‌ലീസ് (ല. അ), അവന്റെ കുതന്ത്രത്തിൽ കുടുങ്ങി 200 വർഷത്തെ ആരാധനകളഖിലവും കളഞ്ഞ് കുളിച്ച് മദ്യപാനവും, വ്യഭിചാരവും, കൊലപാതകവും ചെയ്ത് അവസാനം ഒരു കൊലക്കയറിൽ തന്റെ ജീവിതം അവസാനിപ്പിക്കേണ്ടി വന്ന ബർസീസ എല്ലാം അറിഞ്ഞു കൊണ്ട് തന്നെ പരീക്ഷണാർത്ഥം ലോകത്തിറങ്ങി വഴിതെറ്റിപ്പോയി. ഇന്നും കഠിന ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുന്ന 'ഹാറൂത്തും' 'മാറൂത്തു' മൊക്കെ അത്തരം ചോദ്യങ്ങൾക്ക് തെളിഞ്ഞ ഉത്തരങ്ങളാണ്.

മതപണ്ഡിതന്മാരായാലും നവീന വിദ്യാഭ്യാസത്തിന്റെ എവറസ്റ്റ് കീഴടക്കിയ അതിമാനുഷരായിരുന്നാലും ഈ വിചിത്ര സമുദായ സേവകർ നശീകരണപ്രവർത്തകന്മാരാണ്. സമുദായത്തിന്റെ ജീവരക്തം ഈമ്പിക്കുടിക്കുന്ന രക്തരക്ഷസ്സുകളാണ്. ഈ പുകയുന്ന കൊള്ളികളിൽ നിന്ന് വമിക്കുന്ന വിഷവാതകം സമുദായമഖിലം പരന്നു കഴിഞ്ഞു. ഇനി അറച്ചിരുന്നിട്ട് കാര്യമില്ല. നമ്മുടെ എല്ലാമെല്ലാമായ പരിശുദ്ധ ദീനുൽ ഇസ്ലാമിനെ ഇവരുടെ കൈകളിൽ നിന്ന് സംരക്ഷിക്കാൻ നമുക്ക് ശ്രമിക്കാം. ഈ ശത്രുക്കൾക്കെതിരെ സാഹിത്യകാരന്റെ തൂലിക പടവാളായി മാറട്ടെ. പ്രഭാഷകന്റെ വാഗ്ധോരണി പടയമ്പുകളായും പ്രവർത്തകന്റെ കർമധീരത പടച്ചട്ടകളായും പരിണമിക്കട്ടെ.

●●

അനുബന്ധം

• മറ്റ് ലേഖനങ്ങൾ • നിയമസഭാ രേഖകൾ

വീരമൃത്യു വരിച്ച മാവിലാട്ട് മഹമൂദ്

എൻ. എ. മമ്മു ഹാജി

ചന്ദ്രിക
18-Jan-1974

പെരിങ്ങളം നിയോജക മണ്ഡലത്തിലെ മുസ്‌ലിം ലീഗിനെ സംബന്ധിച്ചിടത്തോളം ഏറ്റവും വിലപ്പെട്ട ഒരു ജീവനാണ് മാവിലാട്ട് മഹമൂദിന്റെ ദാരുണവും നിഷ്ഠൂരവുമായ അന്ത്യത്തോടു കൂടി നഷ്ടപ്പെട്ടത്. ഊർജ്ജസ്വലനായ ഒരു ചെറുപ്പക്കാരനായിരുന്നു മഹമൂദ്. കഴിഞ്ഞ 12 വർഷമായി മഹമൂദിനെ ഞാൻ നേരിട്ടറിയും. നിഷ്കാമമായി പൊതുരംഗത്തു പ്രവർത്തിക്കാനും ഉത്തരവാദിത്വങ്ങൾ വീഴ്ചയോ അലസതയോ കൂടാതെയും നേതാക്കന്മാരെ അലോസരപ്പെടുത്താതെയും നിർവഹിക്കാനും സദാ ഉത്സുകനായ ഒരു യുവാവായിരുന്നു അദ്ദേഹം.

1962-ൽ നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ അന്ന് സ്വതന്ത്രനായി മത്സരിച്ച എസ്. കെ . പൊറ്റക്കാടിന് മുസ്‌ലിം ലീഗ് സഹായം പ്രഖ്യാപിച്ചപ്പോൾ പാനൂരിലെ മുസ്‌ലിം ലീഗ് പ്രവർത്തകന്മാർ മുമ്പെങ്ങും പ്രദർശിപ്പിക്കാത്ത തരത്തിൽ അത്രയും ഉത്സാഹം കാണിച്ചിരുന്നു. ആ കൂട്ടത്തിൽ അന്ന് വളരെ ചെറുപ്പമായിരുന്ന മഹമൂദും ഉണ്ടായിരുന്നു. പാനൂരിൽ നിന്ന് പൊയിലൂർ, വിളക്കോട്ടൂർ വരെ ഞങ്ങളോടൊപ്പം കാൽനടയായി അദ്ദേഹം സഞ്ചരിച്ച സംഭവം ഞാനിപ്പോഴും ഓർക്കുന്നു. പിന്നീട് കുറെ കഴിഞ്ഞപ്പോൾ പലരും അവിടെ പ്രവർത്തനത്തിൽ നിന്ന് ഒഴിഞ്ഞുമാറി. ആ കൂട്ടത്തിൽ മഹമൂദും സജീവരംഗത്തുണ്ടായില്ല. കൊല്ലങ്ങൾ അധികം കഴിയുന്നതിനു മുമ്പ് മഹമൂദ് വീണ്ടും സജീവരംഗത്ത് വന്നു. പതിന്മടങ്ങ് കർമശേഷിയോടെ പ്രവർത്തിച്ചു തുടങ്ങി. കഴിഞ്ഞ 11 നു ക്രൂരനായ 'പ്രതിയോഗി' യുടെ കഠാര ആ പ്രിയപ്പെട്ട പ്രവർത്തകന്റെ നെഞ്ചിൽ തറക്കുന്നതു വരെ അവിരാമം തന്റെ പ്രവർത്തനം തുടർന്നുപോന്നു.

പെരിങ്ങളം മണ്ഡലത്തിലും പുറത്തും അറിയപ്പെടുന്ന ഒരു മാന്യ വ്യക്തിയായിരുന്നു മഹമൂദിന്റെ പിതാവ് സി.കെ. ഹസ്സൻസാഹിബ്. അദ്ദേഹം ശ്രീ. പി. ആർ. കുറുപ്പിന്റെ ചെയ്തികളെ ആദ്യമൊക്കെ എതിർത്തിരുന്നുവെങ്കിലും പിന്നീട് സംഗതിവശാൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചു പോന്നു. മഹമൂദിൽ വളർന്നു വന്ന അക്രമവിരോധം പിതാവിന്റെ മരണത്തോടുകൂടി വിപുലമാവുകയും മുസ്‌ലിം ലീഗിന്റെ രംഗത്ത് കൂടുതൽ അർപ്പണ ബോധത്തോടെ പ്രവർത്തിക്കാൻ അത് അദ്ദേഹത്തിന് പ്രചോദനം നൽകുകയും ചെയ്തു.

മഹമൂദ് വിവാഹം ചെയ്തിട്ടുള്ളത് ബോംബെയിലെ വർത്തക പ്രമുഖനും ഒരു സമുദായസ്നേഹിയും മതഭക്തനുമായ ജ. എം. അബുഹാജിയുടെ പുത്രി മറിയുവെയാണ്, അതിൽ രണ്ടു സന്താനങ്ങളുണ്ട്. മുനീറും (4) സാജിദ (2) യും മൂന്നാമത്തെ കുട്ടി വയറ്റിലിരിക്കുകയുമാണ് (പിന്നീട് ജനിച്ച സമീറ -എഡിറ്റർ). വൃദ്ധയായ മാതാവും ഒരു സഹോദരനും (ഉസ്മാൻ) ഒരു സഹോദരി (നബീസ) യുമാണ് പരേതനുള്ളത്. സഹോദരിയെ വിവാഹം ചെയ്തിട്ടുള്ളത് മുൻ ഡി. സി. സി. സെക്രട്ടറി മി: കെ. ടി. കുഞ്ഞഹമ്മദാണ്. മഹമൂദിന് പറയത്തക്ക ജീവിതസൗകര്യങ്ങളില്ല. ഒരു കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് കുറച്ചുകാലം നടത്തിയിരുന്നു. അതിപ്പോളില്ല. അനുജൻ ഉസ്മാൻ എസ്. എസ്. എൽ. സി പാസ്സായി വീട്ടിലിരിക്കുകയാണ്.

11 നു കൊലപാതകിയുടെ വെട്ടേറ്റ് ആസ്പത്രിയിൽ കൊണ്ടുപോകുന്ന വഴിക്കുവച്ചു തന്നെ താനിനി ജീവിക്കുകയില്ലെന്നു മഹമൂദ് തന്റെ സുഹൃത്തുക്കളോടു പറഞ്ഞിരുന്നു. പിറ്റേന്ന് കാലത്ത് ആസ്പത്രിയിൽ ചെന്നപ്പോഴും ഇതാവർത്തിച്ചിരുന്നു. രോഗം മൂർച്ഛിച്ചു കോഴിക്കോട്ടേക്ക് കൊണ്ട് പോകുന്ന വഴിക്കു അദ്ദേഹം ഒടുവിലായി സംസാരിച്ച വാക്യം "എന്റെ പുതപ്പു മാറ്റ്, ഞാൻ സ്വൈര്യമായി കിടക്കട്ടെ. ലാ ഇലാഹ ഇല്ലല്ലാഹ്..." എന്നായിരുന്നു. ആ ശബ്ദം പിന്നെ എന്നെന്നേക്കുമായി നിലച്ചു. ഇന്നാലില്ലാഹി...

രാജോചിതമായ ഒരു വരവേൽപ്പാണ് മഹമൂദിന്റെ മയ്യത്തിന് ലഭിച്ചത്. നേതാക്കന്മാരുടെയും പ്രവർത്തകന്മാരുടെയും പോലീസിന്റെയും അനേകം വാഹനങ്ങൾ കോഴിക്കോട്ടു നിന്ന് പാനൂർ വരെ ജനാസയെ അനുഗമിച്ചു. പാനൂരിൽ എത്തിയപ്പോൾ വികാരനിർഭരരായ ഒരു വമ്പിച്ച ജനാവലി പൊരിവെയിലത്തു മണിക്കൂറുകളോളം 'മയ്യത്ത്'കാത്തുനിൽക്കുന്ന കാഴ്ചയാണ് കണ്ടത്. പാനൂർ ഇന്ന് വരെ കണ്ടിട്ടില്ലാത്ത ഏറ്റവും വലിയ

ഒരു മയ്യത്ത് സംസ്കാരമാണ് അവിടെ നടന്നത്. മനഃസാന്നിധ്യത്തോടെ ഈമാൻ ഉറപ്പിച്ചു കൊണ്ടു അന്ത്യശ്വാസം വിട്ട ആ ശഹീദി (രക്തസാക്ഷി) ന്റെ ഭൗതിക ജഡം ഒരു നോക്ക് കാണാൻ നാഴികകൾക്കപ്പുറത്തു നിന്നു അനേകർ ജാതി-മത വ്യത്യാസമന്യേ വന്നു ചേർന്ന് മണിക്കൂറുകളോളം ക്യൂവിൽ നിന്നിരുന്നു. കണ്ണുനീരണിഞ്ഞ കണ്ണുകളോടെ ഈ കാഴ്ച കണ്ടു. കണ്ണുനീർത്തുള്ളികൾ വാർന്നു പോയി. ആ ജനസമൂഹം വിട്ടു പോയില്ല. അവിടെ നടന്ന എല്ലാ കർമങ്ങളിലും അവർ പങ്കെടുത്തു.

ജനങ്ങൾ ഒരു ഉറച്ച തീരുമാനത്തോടെയാണ് അവിടെ നിന്നു പിരിഞ്ഞത്. ജ: മഹമൂദ് മരിച്ചത് ഈ സമൂഹത്തിന്റെ തീരാദുഖം പരിഹരിക്കുന്നതിനുള്ള പരിശ്രമത്തിലായിരുന്നു. അത് ഞങ്ങൾ തുടരുക തന്നെ ചെയ്യും. ഇ. അ. ഞങ്ങൾ അതിൽ വിജയിക്കും. മഹമൂദിന്റെ 'ശഹാദത്ത്' നമുക്കെല്ലാം മാതൃകയാകട്ടെ.

●●

മർഹൂം മാവിലാട്ട് മഹമൂദ്: ഒരനുസ്മരണം

എൻ. കെ. സി ഉമ്മർ

1984 ൽ പാനൂർ പള്ളി പുനർ നിർമാണത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച 'നഹ്ളത്ത്' എന്ന പുസ്തകത്തിൽ നിന്നും ശേഖരിച്ചത്.

മാവിലാട്ട് മഹമൂദ്! പാനൂരിന്റെ ചരിത്രതാളുകളിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ട ഒരു നാമധേയമാണത്. നവോത്ഥാനത്തിന്റെ നാന്ദി കുറിച്ചുകൊണ്ട് ജ്വലിച്ചുയർന്ന ആ ജ്യോതിസ്സ് ഉഷസ്സിനു മുമ്പ് തന്നെ അണഞ്ഞു പോയി, എങ്കിലും ആയിരമായിരം കൈത്തിരികൾ ആ കിരണങ്ങളിൽ നിന്നും കൊളുത്തപ്പെട്ടു. ആ പ്രകാശധാര ഒരു നവയുഗത്തിലേക്കുള്ള പ്രയാണത്തിന് മാർഗദർശനം നൽകി.

ആ പ്രഭയിൽ അനാവരണം ചെയ്യപ്പെട്ട പുരോഗതിയുടെ പരിവർത്തനത്തിന്റെ പടവുകൾ ചാടിക്കയറി, ഉന്നത സോപാനങ്ങളിൽ പാദസ്പർശനമേൽപിക്കുന്ന ഈ ശുഭമുഹൂർത്തത്തിൽ ആ ധീര രക്തസാക്ഷിയുടെ നാമധേയം പാനൂർ മുസ്ലിംകൾ ബാഷ്പ കണങ്ങളോടെ സ്മരിക്കട്ടെ.

പാനൂർ ജുമാഅത്ത് പള്ളി പഴയ സ്ഥാനത്തു തന്നെ പുനർനിർമാണം ചെയ്യുക എന്നത് മാവിലാട്ട് മഹമൂദിന്റെ ജീവിതലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. പള്ളി പടിഞ്ഞാറെ മൈതാനത്തിൽ മാറ്റി സ്ഥാപിക്കാനുള്ള ശ്രമങ്ങളാരംഭിച്ചപ്പോൾ ശക്തമായ ബഹുജനപ്രക്ഷോഭങ്ങൾക്കു നേതൃത്വം നൽകിക്കൊണ്ട് അദ്ദേഹം എതിർപ്പുകൾ സംഘടിപ്പിച്ചു. നിയമപരമായി തടയുവാൻ നീതിപീഠങ്ങളെ സമീപിച്ചു. അന്നത്തെ സാഹചര്യത്തിൽ പാനൂരിനെ സംബന്ധിച്ചിടത്തോളം അചിന്ത്യമായിരുന്നു ധീരമായ ആ രംഗപ്രവേശം.

അപകർഷബോധത്തിന്റെയും നിസ്സഹായതയുടെയും നീർചുഴി

യിൽപ്പെട്ടുഴലുന്ന ഒരു ജനസമൂഹത്തിൽ ആത്മധൈര്യത്തിന്റെയും വിമോചനത്തിന്റെയും ബീജാവാപം നൽകിയ ആ മനുഷ്യസ്നേഹിക്ക് ആ സമരത്തിൽ തന്റെ ജീവൻ തന്നെ ബലിയർപ്പിക്കേണ്ടി വന്നു. ജീവിതത്തിൽ സാദ്ധ്യമാക്കാതിരുന്ന കാര്യങ്ങൾ അദ്ദേഹത്തിന്റെ ജീവാർപ്പണത്തിലൂടെ നേടിയെടുക്കാൻ സാധിച്ചു. ഉറങ്ങിക്കിടന്നിരുന്ന ഒരു ജനത സടകുടഞ്ഞെഴുന്നേറ്റു. മഹമൂദിന്റെ ജീവിതലക്ഷ്യം സാക്ഷാൽക്കരിക്കാൻ അദ്ദേഹത്തിന്റെ ആത്മ മിത്രങ്ങളുടെ നേതൃത്വത്തിൽ ഒരു സംഘടിതശക്തി തന്നെ വളർന്നു വന്നു.

രാഷ്ട്രീയ സാമൂഹിക വേദിയാകെ ഇളകി മറിഞ്ഞു. ഈ മാറ്റം സാർവത്രികമായിരുന്നു. ഒരു കൊടുങ്കാറ്റിന്റെ വേഗതയിൽ മാറ്റങ്ങൾ പലതും ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ജ: കെ. എം. സൂപ്പി സാഹിബിന്റെ രാഷ്ട്രീയമാറ്റം ഇതിൽ പ്രാധാന്യമർഹിക്കുന്നു. മഹമൂദിന്റെ വിയോഗത്തിന് മുമ്പ് മറുചേരിയിലായിരുന്ന സൂപ്പി സാഹിബ് തന്റെ മാറ്റത്തിന് ശേഷം കഴിഞ്ഞ 5 വർഷത്തെ അവിശ്രമപരിശ്രമത്തിലൂടെ മഹമൂദിനോടും സമുദായത്തിനോടുമുള്ള കടപ്പാട് പൂർണ്ണമായും നിർവഹിച്ചിരിക്കുന്നു. മഹമൂദിന്റെയും സഹപ്രവർത്തകരുടെയും ജീവിതലക്ഷ്യം പൂർത്തീകരിക്കുന്നതിന് ജ: സൂപ്പി സാഹിബിന്റെ നേതൃത്വം നിസ്തുലമായി പങ്കുവഹിച്ചു. ഈ ഘട്ടത്തിൽ മഹമൂദിന്റെ അസാന്നിദ്ധ്യത്താലുള്ള വിടവ് നികത്തുവാൻ ജ: സൂപ്പി സാഹിബിന്റെ സേവനങ്ങൾക്ക് ഏറെക്കുറെ കഴിഞ്ഞിട്ടുണ്ടെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

പാനൂർ മുസ്ലിം യങ്ങ്മെൻസ് അസോസിയേഷനും പാനൂർ മഹല്ല് ജമാഅത്തിന്റെ മൈതാനിക്ക് ചുറ്റുമുള്ള കൽമതിലുകളും ഷോപ്പിംഗ് കോംപ്ലെക്സും സയ്യിദുബിൻ ഖുലൈബ് അബ്ദുല്ല അൽഹാമിലി ബിൽഡിങ്ങും നജാത്തുൽ ഇസ്ലാം മദ്രസയും തിരുവാൾ യു. പി.സ്കൂളും മറ്റും ആ നവോത്ഥാനത്തിന്റെ രാജപാതയിലെ നാഴികകല്ലുകളാണ്.

●●

രക്തസാക്ഷിയുടെ മാതാവ്

മുനീർ നിബാസ്

"രക്തസാക്ഷികൾ....
അവരെ നിങ്ങൾ മരിച്ചവരെന്ന് വിശേഷിപ്പിക്കരുത്. അവർ എന്റെയടുത്ത് ജീവിക്കുന്നവരാണ്. അവർക്ക് ഉപജീവനം നൽകപ്പെടുന്നുമുണ്ട് ''
-ഖുർആൻ ശരീഫ്.
ശഹാദത്തിന്റെ പുണ്യജന്മത്തിന് ഭാഗ്യം ലഭിച്ച ഗർഭപാത്രത്തിന്റെ ഉടമ
മാവിലാട്ട് അയിശുമ്മ .....
വേർപാടിന്റെ...
വേദനയുടെ...
നെഞ്ചുപിളർക്കുന്ന ഓർമകളുമായി പതിറ്റാണ്ടുകൾ നമുക്കിടയിൽ
ജീവിച്ച കണ്ണുനീർത്തുള്ളി....!
ചാലിൽ ഹസ്സൻ സാഹിബെന്ന പാനൂരിന്റെ ആധികാരികതയുടെ
ഭാഗമാകാൻ കഴിഞ്ഞ കൗമാരവും ജീവിതവും....
നന്മയും നർമവും ചേർന്ന ജീവിതത്തിന്റെ നല്ലനാളുകൾ.....!
ആ കൈകൾ കൊണ്ട് വെച്ച് വിളമ്പിയ ഭക്ഷണത്തിന്റെ
രുചിയറിയാത്തവർ സമ്പന്നരും സാധാരണക്കാരും
അന്ന് പാനൂരിൽ നന്നെ ചുരുക്കം...!
മാവിലാട്ടിന്റെ ചങ്കിലെ ചോരകൊണ്ട് പാനപാത്രം നിറച്ച ആളുകൾ
ഉൾപ്പടെ....
വിമോചന പോരാട്ടവീഥിയിൽ... ഇരുപത്തഞ്ചിന്റെ തിളക്കത്തിൽ....
തന്റെ കണ്മണി വീണുപോയപ്പോൾ....
തന്റെ പ്രതീക്ഷകളും സ്വപ്നങ്ങളും ഒരു തെരുവുഗുണ്ടയുടെ
കൊലക്കത്തിക്ക് മുന്നിൽ തകർന്നുപോകുമ്പോൾ....!

കരയുകയായിരുന്നില്ല....!
ആ ഉമ്മ ഉയരുകയായിരുന്നു...
ആയിരം മാവിലാട്ടുമാരുടെ മാതാവായി....
നാടിന്റെ മുഴുവൻ
യൗവനങ്ങളുടെ മാതൃത്വമായി...
നാടുവാഴിയുടെ പേടിസ്വപ്നമായി...
ആജ്ഞാശക്തിയുടെ പ്രതീകമായി...
ഹരിതരാഷ്ട്രീയ ചരിത്രത്തിന്റെ ഭാഗമായി....!

പ്രിയപ്പെട്ട ഉമ്മാ.....!
ഇല്ല ഞങ്ങൾക്ക് മറക്കാൻ കഴിയില്ല...
പാനൂരിന്റെ മണ്ണിനും മനസ്സിനും കഴിയില്ല....
ആ മാതൃഹൃദയത്തിന്റെ വേദനകൾ...!

ഉമ്മാ....!
അല്ലാഹുവിന്റെ സ്വർഗ്ഗീയ സൗഭാഗ്യങ്ങളുടെ അക്ഷയഖനിയിലല്ലാതെ
അതിനുള്ള പ്രതിഫലങ്ങൾ മതിയാകില്ല...!

ധീരശഹാദത്തിനോടൊപ്പം
ഉമ്മയെയും നമ്മെയും സർവശക്തൻ
അവന്റെ ജന്നാത്ത് നൽകി അനുഗ്രഹിക്കട്ടെ..

ആമീൻ.....!

●●

നിയമസഭാ രേഖകൾ

Collected from http://www.niyamasabha.org

രാഷ്ട്രീയ കൊലപാതകങ്ങൾ

4th Feb. 1974

(പേജ് 36)

*7. [36] ശ്രീ. പിണറായി വിജയൻ, ശ്രീ. സി. ബി. സി. വാര്യർ, ശ്രീ. എ. വി. കുഞ്ഞമ്പു, ശ്രീ. എസ്. ദാമോദരൻ, ശ്രീ. കെ. കൃഷ്ണൻ, ശ്രീ. കെ. ഐ. രാജൻ, ശ്രീ. എം. സത്യനേശൻ, ശ്രീ. എ. പി. കുര്യൻ, ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്), ശ്രീ. വി.കെ. ഗോപിനാഥൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1973 ഒക്ടോബർ, നവംബർ, ഡിസംബർ, 1974 ജനുവരി എന്നീ മാസങ്ങളിൽ സംസ്ഥാനത്തു എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു:

(ബി) അതിൽ മരണമടഞ്ഞവർ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവർ; എത്ര പേർ വീതം;

(സി) എത്ര കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്യുകയും കേസ് തെളിയിക്കപ്പെടുകയും ചെയ്തിട്ടുണ്ട്?

ആഭ്യന്തര മന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) പത്ത്.

(ബി) മാർക്സിസ്റ്റു പാർട്ടി അഞ്ച് (5).
കോൺഗ്രസ് പാർട്ടി നാല് (4).
മുസ്ലിം ലീഗ് ഒന്ന് (1).

(സി) വിശദവിവരം മേശപ്പുറത്ത് വെച്ചിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: മേശപ്പുറത്ത് വച്ചിട്ടുണ്ടെന്ന് പറഞ്ഞത് ചോദ്യം ചോദിച്ചവർക്ക് ആർക്കും തന്നെ കിട്ടിയിട്ടില്ല. അതുകൊണ്ട് അതൊന്ന് വായിച്ചാൽ കൊള്ളാം.

ശ്രീ. കെ. കരുണാകരൻ: ആലപ്പുഴ ഡിസ്ട്രിക്ടിൽ, ചാക്കോ തോമസ് എന്ന കോൺഗ്രസ് പ്രവർത്തകനെ കൊലപ്പെടുത്തിയിട്ടുണ്ട്. അതിലെ പ്രതികൾ മാർക്സിസ്റ്റ് പാർട്ടി അനുഭാവികളാണ്. പിന്നെ ശ്രീധരൻ എന്ന ഒരു യൂത്ത് കോൺഗ്രസ് പ്രവർത്തകനെയും കൊലപ്പെടുത്തിയിട്ടുണ്ട്. അ

തിലെ പ്രതികളും മാർക്സിസ്റ്റു പാർട്ടി അനുഭാവികളാണ്. മറ്റൊന്ന് വാസുദേവൻപിള്ള എന്ന മാർക്സിസ്റ്റു പ്രവർത്തകനെ കൊലപ്പെടുത്തിയതാണ്. അതിലെ പ്രതികൾ യൂത്ത് കോൺഗ്രസ് പ്രവർത്തകരാണ്. അത് നടന്നത് ആലപ്പുഴ ഡിസ്ട്രിക്ടിൽ കായംകുളത്താണ്.

പാലക്കാട് ഡിസ്ട്രിക്ടിൽ, വടക്കഞ്ചേരി പോലീസ് സ്റ്റേഷനതിർത്തിയിൽ എം. കെ. അപ്പുക്കുട്ടൻ എന്ന മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകനെ കൊലപ്പെടുത്തിയിട്ടുണ്ട്. ഈ കേസിലെ അക്യൂസ്ഡ് നാരായണൻ, കുട്ടപ്പൻ, സുലൈമാൻ, രാമണ്ടി എന്നിവരാണ്. ഇവർ കോൺഗ്രസ് അനുഭാവികളാണ്.

കോഴിക്കോട് ഡിസ്ട്രിക്ടിൽ, നാദാപുരം പോലീസ് സ്റ്റേഷനതിർത്തിയിൽ മാർക്സിസ്റ്റ് പ്രവർത്തകനായ ചാലാപ്പറമ്പത്ത് കുഞ്ഞിരാമനെ കൊലപ്പെടുത്തുകയുണ്ടായി. ഈ കേസിലെ അക്യൂസ്ഡ് മുസ്ലിം ലീഗ് അനുഭാവികളാണ്. പിന്നെ വടകര പോലീസ് സ്റ്റേഷനതിർത്തിയിൽ കാരമ്പത്ത് ദാമോദരൻ കുറുപ്പ് എന്ന മാർക്സിസ്റ്റ് അനുഭാവിയെ കൊലപ്പെടുത്തുകയുണ്ടായി. അതിൽ ഏഴു സി.പി.ഐ. അനുഭാവികൾ പ്രതികളായുള്ള ഒരു കേസ് ചാർജ് ചെയ്തിട്ടുണ്ട്.

കണ്ണൂർ ഡിസ്ട്രിക്ടിൽ, കോയാക്കി ചെറുകണ്ടൻ എന്ന മാർക്സിസ്റ്റ് പ്രവർത്തകനെ പയ്യന്നൂർ പോലീസ് സ്റ്റേഷനതിർത്തിയിൽ വച്ച് കൊലപ്പെടുത്തുകയുണ്ടായി. അതിലെ പ്രതികൾ കോൺഗസ് അനുഭാവികളാണ്. പിന്നെ പാനൂരിൽ മുസ്ലിം ലീഗ് അനുഭാവിയായ മുഹമ്മദിനെ കൊലപ്പെടുത്തുകയുണ്ടായി. അതിലെ പ്രതികൾ കോൺഗ്രസ് അനുഭാവികളാണ്.

ഇങ്ങനെ പത്തു കേസുകളാണുള്ളത്.

(പേജ് 38)

ശ്രീ. പിണറായി വിജയൻ: ഇത്തരം രാഷ്ട്രീയ കൊലപാതകങ്ങൾക്ക് ഭരണ കോൺഗ്രസ്സിലുള്ളവർക്ക് സംരക്ഷണം കൊടുക്കുന്നതിന്റെ ഭാഗമായിട്ടല്ലേ പാനൂരിൽ മുഹമ്മദിനെ കൊന്ന വേലൻ രവിയെന്ന ഭരണ കോൺഗ്രസ്സിലെ ഗുണ്ട കത്തിയും ഉയർത്തിപ്പിടിച്ചുകൊണ്ട് റോഡിൽ കൂടി നടന്നിട്ടും അറസ്റ്റ് ചെയ്യാതിരുന്നത്. ഇത് രാഷ്ട്രീയ കൊലപാതകത്തെ സഹായിക്കുകയല്ലേ ചെയ്യുന്നത്?

ശ്രീ. കെ. കരുണാകരൻ: ഇത്തരം കൊലപാതകങ്ങൾക്ക് സംരക്ഷണം

നല്കുകയെന്നുള്ള നയം ഒരിക്കലും ഗവണ്മെന്റ് സ്വീകരിച്ചിട്ടില്ല, ഇപ്പോഴുമില്ല, ഇനിയുമില്ല. ഒരിക്കലും ഈ നയം സ്വീകരിച്ചിട്ടുമില്ല. ഈ ഗവണ്മെന്റിന്റെ നയം എന്താണെന്നുള്ളത് ഈ രാജ്യത്തെ ജനങ്ങൾക്കറിയാം.

(പേജ് 41)

ശ്രീ. വി.കെ. ഗോപിനാഥൻ: പാനൂരിൽ നടന്നിട്ടുള്ള സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് എത്ര ദിവസം എടുത്തു? ഇത്രയും ദിവസം പ്രതികളെ അറസ്റ്റ് ചെയ്യാതിരിക്കാൻ കാരണമെന്താണ്? ഈ പ്രതികൾ പി. ആർ. കുറുപ്പിന്റെ സംരക്ഷണയിലായിരുന്നു എന്നു പറയുന്നത് ശരിയാണോ?

ശ്രീ. കെ. കരുണാകരൻ: അത് ശരിയല്ല, ഉടൻ തന്നെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(പേജ് 42)

ശ്രീ. കെ.എ. ശിവരാമ ഭാരതി: ശ്രീ. വി. കെ. ഗോപിനാഥൻ ചോദിച്ച ചോദ്യത്തിന് മന്ത്രി മറുപടി പറഞ്ഞത് അങ്ങനെയല്ല സംഭവമെന്നാണ്. അവിടെ നടന്ന കൊലപാതകത്തെ സംബന്ധിച്ചിടത്തോളം വളരെ ദിവസം കഴിഞ്ഞതിനു ശേഷം മാത്രമാണ് ബന്ധപ്പെട്ട കക്ഷികളെ അറസ്റ്റ് ചെയ്തത്, അതുതന്നെ അവിടത്തെ മജിസ്ട്രേട്ടിന്റെ നിർബന്ധപൂർവമായ പ്രേരണ കൊണ്ടാണ് അറസ്റ്റ് ചെയ്തത് എന്നുള്ളത് വ്യക്തമായിരിക്കേ, എന്ന് അറസ്റ്റ് ചെയ്തു എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ ഒരു മറുപടി പറയാതെ അത് ശരിയല്ലെന്ന് പറഞ്ഞ് മന്ത്രി ഒഴിഞ്ഞുമാറുന്നത് ശരിയാണോ?

ശ്രീ. കെ. കരുണാകരൻ: അറസ്റ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടായില്ലെന്ന് പറഞ്ഞത് ശരിയാണ്.

ശ്രീ, കെ.എ. ശിവരാമ ഭാരതി: കൊലപാതകം കഴിഞ്ഞ ഉടൻ തന്നെ അറസ്റ്റ് ചെയ്തോ എന്നുള്ളതാണ് ചോദ്യം. ഈ ആളിനെ കൊലപ്പെടുത്തിയത് പട്ടാപ്പകൽ പോലീസിന്റെ സാന്നിദ്ധ്യത്തിലാണ്. ഉടൻ തന്നെ അറസ്റ്റ് ചെയ്യാൻ സൗകര്യമുണ്ടായിരുന്നു. പക്ഷേ അറസ്റ്റ് ചെയ്തില്ല. വളരെ ദിവസം കഴിഞ്ഞതിനു ശേഷമാണ് അറസ്റ്റ് ചെയ്തത്. ഇത് എന്തു കാരണത്താലാണെന്ന് പറയാമോ?

ശ്രീ. കെ. കരുണാകരൻ: (ഉത്തരമില്ല.)

പാനൂർ പ്രദേശത്തെ സംഘർഷാവസ്ഥ

14 Feb. 1974

(പേജ് 942)

**329. (337) ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരമന്ത്രി സദയം മറുപടി നൽകുമോ:*

(എ) കണ്ണൂർജില്ലയിൽ പാനൂർ പ്രദേശത്ത് ഒരു സംഘർഷാവസ്ഥ ഉണ്ടായിട്ടുണ്ടോ;

(ബി) ഇതിൽ എത്ര പേർ മരിച്ചു; എത്രപേർക്ക് പരിക്കേൽക്കുകയുണ്ടായി;

(സി) ഇത് സംബന്ധിച്ച്, ആഭ്യന്തരവകുപ്പിന്റെ പക്ഷപാതപരമായ നിലപാടിനെക്കുറിച്ച് മുസ്ലിം ലീഗ് നേതാക്കന്മാരുടെ പ്രസ്താവനകൾ 1974 ജനുവരി 14-ലെയും 22-ലെയും പത്രങ്ങളിൽ വന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പാനൂരിൽ സംഘർഷാവസ്ഥയ്ക്ക് കാരണമെന്ത്?

ആഭ്യന്തര മന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 11-1-1974-ൽ പാനൂർ ബസാറിൽ ഒരു സംഘട്ടനം ഉണ്ടായതിനെ തുടർന്ന് ചെറിയ സംഘർഷാവസ്ഥ ഉണ്ടായിരുന്നു.

(ബി) ഈ സംഘട്ടനത്തിൽ കുത്തേറ്റ ഒരാൾ 12-1-1974 -ന് മരണപ്പെടുകയുണ്ടായി.

(സി) ഉണ്ട്.

(ഡി) 'എ' യുടെ ഉത്തരം നോക്കുക.

ശ്രീ. ടി.എസ്. ജോൺ: ആ പ്രദേശത്ത് ഇപ്പോഴും സംഘർഷാവസ്ഥ നിലനിൽക്കുന്നതായിട്ട് ഭരണകക്ഷിയിൽപ്പെട്ടിട്ടുള്ളവർ പോലും പറഞ്ഞിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഭരണകക്ഷിയിൽപ്പെട്ട രണ്ടാൾക്കാരെ ഇപ്പോഴും നിയന്ത്രിക്കാൻ മന്ത്രിമാർ ഇടപെട്ടില്ല എന്നതുകൊണ്ടാണ് സംഘർഷാവസ്ഥ നിലനിൽക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ആ ആക്ഷേപം ശരിയല്ല എന്ന് മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. നിയമവ്യവസ്ഥകൾ അനുസരിച്ച് ഏതാനും ആളുകളുടെ മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കോൺഗ്രസ് പാർട്ടിയിൽപ്പെട്ട പ്രതികളും ഉണ്ട്.

പാനൂർ മാവിലോട്ട് മുഹമ്മദ് കൊലക്കേസ്

21 October 1974
(പേജ് 270)

185 (140) ശ്രീ. എ.വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരമന്ത്രി സദയം മറുപടി നൽകുമോ:
(എ) പാനൂർ മാവിലോട്ട് മുഹമ്മദ് കൊലക്കേസ് പോലീസ് നിരുത്തരവാദിത്വപരമായ രീതിയിൽ കൈകാര്യം ചെയ്തതു കൊണ്ടാണ് പ്രോസിക്യൂഷൻ ഭാഗം – തെളിയാതെ പോയതെന്ന്, വളരെ ശക്തിയായ ഭാഷയിൽ പ്രസ്തുത കൊലക്കേസിന്റെ വിധിന്യായത്തിൽ പ്രതിപാദിച്ചത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
(ബി) പൊലീസിന് ഫലപ്രദമായി പ്രവർത്തിക്കാൻ സാധിക്കാത്തതിന് കാരണം, ചില പൊതുപ്രവർത്തകന്മാരുടെ സ്വാധീനം മൂലമാണെന്നുള്ള ആരോപണം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം:
(എ) ഉണ്ട്.
(ബി) ഇല്ല.

“വിസ്മരിക്കപ്പെടാവുന്ന സേവനത്തിന്റെ പാഴ്ഭൂമിയിൽ
എക്കാലവും കാണാവുന്ന സ്മാരകങ്ങളാണ് രക്തസാക്ഷികൾ.
കാലത്തിന്റെ കറക്കത്തിൽ കാലിടറി വീഴുന്ന സ്തംഭങ്ങളല്ല
അതിനുള്ളത്. വരും തലമുറക്ക് ആവേശത്തിന്റെ
ആർജ്ജവകേന്ദ്രങ്ങളാണത്. വിട്ടേച്ചു പോയ
ഉന്നതമൂല്യങ്ങളാണ് ആ ചുടുനിണം പൊഴിഞ്ഞ
രണഭൂമിയിൽനിന്നും ഒപ്പിയെടുക്കേണ്ടത്. ”

-സെയ്ത് മുഹമ്മദ് നിസാമി

“ഭീരുക്കളുള്ള സമൂഹത്തിൽ അനീതി കൊടികുത്തിവാഴും.
ആക്രമികൾ അട്ടഹസിച്ച് നൃത്തം ചവിട്ടും.
ഭാവിയെക്കുറിച്ചുള്ള ആശങ്കയും ത്യാഗം സഹിക്കുവാനുള്ള
വൈമനസ്യവും മനുഷ്യന്റെ ആന്തരികമായ കഴിവിനെ
തകർക്കും. സമൂഹത്തിൽ ഈ പ്രവണത
അതിന്റെ ചലനാത്മകത നശിപ്പിക്കും.
പല ഘട്ടങ്ങളിലും ചരിത്രത്തിൽ നിഷ്ക്രിയമായ മനുഷ്യ
മനസ്സിനെ പിടിച്ചു കുലുക്കിയത് അപൂർവ പ്രതിഭാശാലികളുടെ
ആത്മസമർപ്പണമാണ്. ത്യാഗത്തിന്റെ തപസ്യയിലൂടെ
ഇതിഹാസം രചിച്ച പലരും അങ്ങിനെയാണ് ജനമനസ്സുകളിൽ
കൽപാന്തകാലത്തോളം ജീവിക്കുന്നത്. ”

-എം. പി. വീരേന്ദ്ര കുമാർ

1974-ൽ പാനൂരിൽ വെച്ച് ഒരു രാഷ്ട്രീയ അക്രമത്തിൽ
കൊല്ലപ്പെട്ട മാവിലാട്ട് മഹമൂദ് എന്ന ധീര രക്തസാക്ഷിയെ
ക്കുറിച്ചാണ് ഈ പുസ്തകം. അന്നത്തെ സാമൂഹ്യ രാഷ്ട്രീയ
സാഹചര്യങ്ങളും അനാവരണം ചെയ്യുന്നതോടൊപ്പം
മാവിലാട്ട് മഹമൂദ് പലപ്പോഴായി എഴുതിയ ലേഖനങ്ങളും
ഇതിൽ ഉൾപെടുത്തിയിട്ടുണ്ട്.

₹150.00